# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരുമ്പാവൂർ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
പെരുമ്പാവൂർ-പി.ഒ

ഇ-മെയിൽ: mlpbvr.ksad@kerala.gov.in

ഫോൺ : 0484-2522230

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-പി.ബി.എം (എ2) 50/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
പെരുമ്പാവൂർ-പി.ഒ
തീയ്യതി: 28/03/2025
ഇ-മെയിൽ:
mlpbvr.ksad@kerala.gov.in
ഫോൺ: 0484-2522230

ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
പെരുമ്പാവൂർ മുനിസിപ്പാലിറ്റി

സർ,

**വിഷയം : പെരുമ്പാവൂർ മുനിസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുമ്പാവൂർ മുനിസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. ഡയറക്ടർ, എൽ.എസ്.ജി.ഡി (അർബൻ),തിരുവനന്തപുരം.

4. ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, എറണാകുളം
5. ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ-പി.ബി.എം (എ2) 50/2025 തീയ്യതി: 28/03/2025

## എറണാകുളം ജില്ലയിലെ പെരുമ്പാവൂർ മുനിസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പെരുമ്പാവൂർ മുനിസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 84 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 54 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 12-02-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാലി ജോസഫ് | ഡെപ്യൂട്ടി ഡയറക്ടർ | 02-09-2024 | 18-02-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 02-09-2024 | 18-02-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

മോഹനൻ പി വി,ഓഡിറ്റ് ഓഫീസർ
സ്റ്റാർ പി ജോൺ, അസി. ഓഡിറ്റ് ഓഫീസർ

പ്രവീൺ വി.എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
അതിര ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിജു ജോൺ ജേക്കബ് | ചെയർമാൻ | 01-04-2023 | 31-03-2024 |
| കവിത എസ് കുമാർ | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.ഷാനി.എം.എം | മെഡിക്കൽ ഓഫീസർ , അലോപ്പതി | 01-04-2023 | 19-05-2023 |
| ഡോ. റോസ് തോമസ് | മെഡിക്കൽ ഓഫീസർ , അലോപ്പതി | 20-05-2023 | 31-05-2023 |
| ഡോ.ഷാനി.എം.എം | മെഡിക്കൽ ഓഫീസർ , അലോപ്പതി | 01-06-2023 | 16-06-2023 |
| ഡോ. വിൻസന്റ് എ. ബി | മെഡിക്കൽ ഓഫീസർ , അലോപ്പതി | 17-06-2023 | 25-06-2023 |
| ഡോ.ഷാനി.എം.എം | മെഡിക്കൽ ഓഫീസർ , അലോപ്പതി | 26-06-2023 | 24-07-2023 |
| ഡോ. റോസമ്മ .പി.എസ് | മെഡിക്കൽ ഓഫീസർ , അലോപ്പതി | 25-07-2023 | 31-03-2024 |
| ഡോ. സിന്ധു.കെ.ആർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2023 | 09-08-2023 |
| ഡോ. സിന്ധു ആന്റണി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 10-08-2023 | 31-03-2024 |
| ഡോ. സ് മിത മോഹൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2023 | 31-03-2024 |
| ഡോ.നൈന.ടി.എ | മെഡിക്കൽ ഓഫീസർ, മൃഗസംരക്ഷണം | 01-04-2023 | 31-03-2024 |
| ഗ്രേസി ജോസഫ് | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ജയ. പി. എസ് | അസി.എഞ്ചിനീയർ | 01-04-2023 | 21-07-2023 |

| | | | |
|---|---|---|---|
| രതീഷ് രവീന്ദ്രൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 22-07-2023 | 20-08-2023 |
| എൽദോസ് പോൾ | അസിസ്റ്റന്റ് എഞ്ചിനീയർ | 21-08-2023 | 16-09-2023 |
| രതീഷ് രവീന്ദ്രൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 17-09-2023 | 31-03-2024 |
| ബിൻസ.വി.കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| സെൽമ ആന്റണി | കൃഷി ഫീൽഡ് ഓഫീസർ | 01-04-2023 | 31-03-2024 |
| മൈമുനത്ത് .കെ.ഇ | പ്രോജക്ട് ഓഫീസർ,നഗരദാരിദ്ര നിർമ്മാർജ്ജന സെൽ | 01-04-2023 | 05-07-2023 |
| വിജി കുര്യാക്കോസ് | പ്രോജക്ട് ഓഫീസർ,നഗരദാരിദ്ര നിർമ്മാർജ്ജന സെൽ | 06-07-2023 | 31-03-2024 |
| ജിബിൻ ജോയി | ഇൻഡസ്ട്രീസ് എക് സ്റ്റെൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ഷീല എ.എസ് | ഹെഡ് മിസ്ട്രസ്സ് , ഗവ. ബോയ്സ് ഹൈസ്കൂൾ | 01-04-2023 | 04-06-2023 |
| ഫസലു റഹ്മാൻ | ഹെഡ് മാസ്റ്റർ, ഗവ. ബോയ്സ് ഹൈസ്കൂൾ | 05-06-2023 | 05-10-2023 |
| സംഗീത ദാമോദരൻ | ഹെഡ് മിസ്ട്രസ്സ് , ഗവ. ബോയ്സ് ഹൈസ്കൂൾ | 06-10-2023 | 06-11-2023 |
| അനിത.ജി | ഹെഡ് മിസ്ട്രസ്സ് , ഗവ. ബോയ്സ് ഹൈസ്കൂൾ | 07-11-2023 | 31-03-2024 |
| മുഹമ്മദ് ഫൈസൽ .വൈ | ഹെൽത്ത് സൂപ്പർവൈസർ | 01-04-2023 | 03-07-2023 |
| ബിജുറാം | ഹെൽത്ത് സൂപ്പർവൈസർ (ഇൻചാർജ് ) | 04-07-2023 | 10-07-2023 |
| ഹബീബ് എം | ഹെൽത്ത് സൂപ്പർവൈസർ | 11-07-2023 | 31-03-2024 |

**ഉള്ളടക്കം**



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | സാംഖ്യ-കെ-സ്മാർട്ട് അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ ഇന്റഗ്രേഷൻ - അപാകതകൾ | 1-1-1 |
| 3 | ധനകാര്യപത്രികയിലെ തുകകൾ സാംഖ്യ- കെ-സ്മാർട്ട് വരവു-ചെലവുകളുടെ ആകെ തുകയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | സാംഖ്യ-കെ-സ്മാർട്ട് സോഫ്റ്റ് വെയർ ഇന്റഗ്രേഷൻ -അഡ്ജസ്റ്റ്മന്റ് എൻട്രികൾ മുഖേന സാംഖ്യയിൽ മാറ്റം വരുത്തി | 1-1-3 |
| 5 | ധനകാര്യപത്രിക സ്റ്റേറ്റ്മെന്റുകൾ സാംഖ്യ-കെ-സ്മാർട്ട് സ്റ്റേറ്റുമെന്റുകളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | സാംഖ്യ-കെ-സ്മാർട്ട് ഇന്റഗ്രേഷൻ -ഹെഡ് ഓഫ് അക്കൗണ്ടുകൾ പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | കെ-സ്മാർട്ട് ആപ്ളിക്കേഷനിൽ ചെക്ക് രജിസ്റ്ററുകളിൽ നിന്നും പൂർണ്ണ വിവരങ്ങൾ ലഭ്യമല്ല | 1-1-6 |
| 8 | ബുക്ക്- ഓഫ്-അക്കൗണ്ട്സ് വിവരം കെ-സ്മാർട്ട് ആപ്ളിക്കേഷനുശേഷം ലഭ്യമല്ല | 1-1-7 |
| 9 | സുഗമ പോർട്ടൽ - റോഡ് കട്ടിംഗ് സംബന്ധിച്ച ആധികാരിക വിവരം കെ-സ്മാർട്ട് ആപ്ളിക്കേഷനിൽ ലഭ്യമല്ല. | 1-1-8 |
| 10 | കെ-സ്മാർട്ട്-വസ്തുനികുതി മൊഡ്യൂൾ അപാകതകൾ | 1-1-9 |
| 11 | തൊഴിൽ നികുതി മൊഡ്യൂൾ - കെ-സ്മാർട്ട് ആപ്ലിക്കഷനിൽ പൂർണ്ണ വിവരങ്ങൾ ലഭ്യമല്ല. | 1-1-10 |
| 12 | കെ-സ്മാർട്ട്-പേയ്മെന്റ് സെർച്ച് മൊഡ്യൂൾ അപാകതകൾ | 1-1-11 |
| 13 | റെസീപ്റ്റ് ആന്റ് പെയ്മെന്റ് RP-40(B)-Bank ഷെഡ്യൂൾ - അപാകതകൾ | 1-1-12 |
| 14 | വിവിധ ഫണ്ടുകളുടെ ചെലവും എ.സി.ആർ പ്രകാരമുള്ള ചെലവും തമ്മിൽ വ്യത്യാസം | 1-1-13 |
| 15 | B7-Deposits Received ഷെഡ്യൂൾ - അപാകതകൾ | 1-1-14 |
| 16 | B9-Other Liabilities (Sundry Creditors)ഷെഡ്യൂൾ - രജിസ്റ്ററുകൾ/അനുബന്ധ രേഖകൾ കാലികമല്ല | 1-1-15 |
| 17 | B-5 Secured Loans ഷെഡ്യൂൾ - രജിസ്റ്ററുകൾ/രേഖകൾ ലഭ്യമല്ല | 1-1-16 |
| 18 | B18-Loans, Advances And Deposits ഷെഡ്യൂൾ - വിവരങ്ങൾ ലഭ്യമല്ല | 1-1-17 |
| 19 | B-11 Fixed Assets ഷെഡ്യൂൾ - അപാകതകൾ | 1-1-18 |

| | | |
|---|---|---|
| 20 | വസ്തു നികുതി ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല | 1-1-19 |
| 21 | പെൻഷൻ ഫണ്ട്-സാധൂകരിക്കുന്ന അനുബന്ധ രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-1-20 |
| 22 | ബഡ്ജറ്റ് | 1-2 |
| 23 | സാമ്പത്തിക വിശകലനം | 1-3 |
| 24 | ഫണ്ട് വിനിയോഗം | 1-4 |
| 25 | പദ്ധതി അവലോകനം | 1-5 |
| 26 | അയ്യങ്കാളി തൊഴിലുറപ്പു പദ്ധതി | 1-6 |
| 27 | ക്ഷേമ പദ്ധതികൾ | 1-7 |
| 28 | ക്യാഷ് പരിശോധന | 1-8 |
| 29 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 30 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 31 | ടാക്സ് ഓഡിറ്റ് വിവരശേഖരണം | 1-11 |
| 32 | വരവിനങ്ങളുടെ കുടിശ്ശിക തുകകളിൽ അവ്യക്തത - കണക്കുകൾ വ്യക്തമാക്കേണ്ടതാണ്. | 1-12 |
| 33 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ₹1078938.00 ഈടാക്കിയിട്ടില്ല | 1-13 |
| 34 | അനധികൃത കെട്ടിടങ്ങളുടെ(Unauthorized Building)ക്രമവത്കരണം | 1-14 |
| 35 | നിയമാനുസൃതമായ ഫീസ് ഈടാക്കാതെ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചു.IBPMS അപേക്ഷകൾ പൂർണ്ണമായും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-14-1 |
| 36 | കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല | 1-15 |
| 37 | IFTE&OS-ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു,ട്രേഡ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല. | 1-16 |
| 38 | തൊഴിൽ നികുതി ഡിമാന്റ് ചെയ്തിരിക്കുന്ന നിരവധി സ്ഥാപനങ്ങൾ IFTE&OS ലൈസൻസ് എടുത്തിട്ടില്ല | 1-17 |
| 39 | മൊബൈൽ ടവറുകൾ-ചട്ട പ്രകാരമുള്ള ലൈസൻസ് എടുക്കുന്നില്ല | 1-18 |
| 40 | നഗരസഭാ ഷോപ്പിംഗ് കോംപ്ലക്സിലെ വിവിധ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. | 1-19 |
| 41 | പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ വാണിജ്യ വ്യവസായ പ്രവർത്തനങ്ങൾക്കുള്ള ലൈസൻസ് അനുവദിച്ചു. | 1-20 |
| 42 | പ്രൈവറ്റ് ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ലേലഇനത്തിൽ ₹39908.00നഷ്ടം | 1-21 |
| 43 | മത്സ്യചന്ത വാഹന ഫീസ് ഇനത്തിൽ ₹20827.00നഷ്ടം | 1-22 |
| 44 | ലേലം പൊതു അപാകതകൾ | 1-23 |

| | | |
|---|---|---|
| 45 | ₹10 കോടി ബാധ്യതയുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് -രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല. | 1-24 |
| 46 | കെട്ടിട വാടക - കരാർ വ്യവസ്ഥകൾ പാലിക്കുന്നില്ല; മറ്റ് അപാകതകൾ | 1-24-1 |
| 47 | വിനോദ നികുതി അപാകതകൾ | 1-25 |
| 48 | പെൻഷൻ ഫണ്ട് | 1-26 |
| 49 | മുൻകൂർ അനുവദിച്ചത്-പൊതു അപാകതകൾ- | 1-27 |
| 50 | സെക്രട്ടറിയുടെ ശമ്പളവും അലവൻസുകളും സർക്കാർ ഫണ്ടിലേക്ക് അടവാക്കിയിട്ടില്ല | 1-28 |
| 51 | ഉത്സവബത്തക്ക് പകരം ബോണസ്സ് അനുവദിച്ചു | 1-29 |
| 52 | ശമ്പളരഹിത അവധികാലയളവിലേക്കും ശമ്പളം അനുവദിച്ചു | 1-30 |
| 53 | കണ്ടിജന്റ് വിഭാഗം ജീവനക്കാരന് അധികം ശമ്പളം അനുവദിച്ചു | 1-31 |
| 54 | വാർഷിക വേതന വർദ്ധനവ്-പൊതു അപാകതകൾ | 1-32 |
| 55 | സേവനപുസ്തക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-33 |
| 56 | ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക അനുവദിച്ചു | 1-34 |
| 57 | എ.സി. ഓഡിറ്റോറിയത്തിന്റെ വൈദ്യുതി ബിൽ രണ്ടു തവണ അടവാക്കി | 1-35 |
| 58 | ക്വർട്ടേഴ്സ് ഉപയോഗിച്ച ജീവനക്കാർക്ക് വീട്ടുവാടകബത്ത നൽകി | 1-36 |
| 59 | വാഹന പരിപാലനം പൊതുഅപാകതകൾ | 1-37 |
| 60 | പെൻഷൻ ലിസ്റ്റിൽ നിന്നും അനർഹരെ ഒഴിവാക്കിയില്ല | 1-38 |
| 61 | പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക | 1-39 |
| 62 | വെട്ടിയിട്ട മരം ലേലം ചെയ്യൽ- ലേലനടപടികളിൽ അപാകത | 1-40 |
| 63 | വെജിറ്റബിൾ മാർക്കറ്റ് കംഫർട്ട് സ്റ്റേഷൻ,വർക്കിംഗ് വുമൺസ് ഹോസ്റ്റൽ എന്നിവയുടെ വൈദ്യൂതി ചാർജ് | 1-41 |
| 64 | പൊതു അവലോകനം-ഹരിത കർമ്മ സേന പ്രവർത്തനം | 1-42 |
| 65 | ഡയാലിസീസ് യൂണിറ്റ് ശാക്തീകരണം | 1-43 |
| 66 | കരാർ സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങി | 1-44 |
| 67 | സർക്കാർ മാർഗ്ഗരേഖയിലെ അർഹതാമാനദണ്ഡങ്ങൾ പരിഗണിച്ചിട്ടില്ല | 1-45 |
| 68 | അർഹതാ മാനദണ്ഡങ്ങൾ,ഗുണഭോക്തൃവിഹിതം എന്നിവ ക്രമപ്രകാരമല്ല | 1-46 |
| 69 | കമ്പ്യൂട്ടറുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ | 1-47 |
| 70 | ഗുണഭോക്തൃവിഹിതമിനത്തിൽ അധിക തുക ഈടാക്കി | 1-48 |

| | | |
|---|---|---|
| 71 | യഥാർത്ഥ ബില്ലുകൾ ഫയലിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല | 1-49 |
| 72 | ഐ.എസ്.ഒ സർട്ടിഫിക്കേഷൻ | 1-50 |
| 73 | ഒരേ ആവശ്യത്തിന് വിവിധ പേരുകളിൽ പദ്ധതി നടപ്പിലാക്കി | 1-51 |
| 74 | വെൽനെസ് സെന്റർ | 1-52 |
| 75 | തെരുവുവിളക്കുകൾക്കായി എൽ.ഇ.ഡി. ലൈറ്റ് വാങ്ങൽ | 1-53 |
| 76 | പഠനമുറി നിർമ്മാണം പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല | 1-54 |
| 77 | തുക കൈപ്പറ്റി പ്രവർത്തി പൂർത്തീകരിച്ചില്ല | 1-55 |
| 78 | ലൈഫ് ഭവനപദ്ധതി പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല | 1-56 |
| 79 | ശുചിത്വ പെരുമ്പാവൂർ മാലിന്യ സംസ്കരണ പദ്ധതി നടപ്പാക്കിയില്ല,സി.എസ്.ആർ ഫണ്ട് ₹15.31 ലക്ഷം പാഴാക്കി | 1-57 |
| 80 | വളർത്തുനായ്ക്കൾക്കു ബെൽറ്റ് വാങ്ങൽ | 1-58 |
| 81 | അധിക ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി | 1-59 |
| 82 | ഗുണഭോക്താവിന്റെ ആവശ്യകത ഉറപ്പാക്കിയില്ല | 1-60 |
| 83 | ഒഴിവുകുറി തയ്യാറാക്കിയെങ്കിലും സ്ഥലം പോക്ക് -വരവ് നടത്തിയില്ല | 1-61 |
| 84 | മാലിന്യസംസ്ക്കരണ ബോധവൽക്കരണ പ്രവർത്തനങ്ങൾ-ലക്ഷ്യം കൈവരിച്ചില്ല | 1-62 |
| 85 | ഹെൽത്ത് സ്കാഡിനു വാഹനം വാങ്ങൽ -നടപടി ക്രമത്തിൽ അപാകതകൾ | 1-63 |
| 86 | ഇരുചക്രവാഹനത്തിലും മാലിന്യം നീക്കംചെയ്തുത് - ചെലവ് തുക അംഗീകരിക്കുന്നില്ല | 1-64 |
| 87 | യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തതിന് ഫൈൻ ഈടാക്കിയില്ല | 1-65 |
| 88 | മരാമത്ത് പ്രവൃത്തികൾക്ക് കുറഞ്ഞ നിരക്കിൽ ജി.എസ്.ടി ഈടാക്കി | 1-66 |
| 89 | ചെയ്ത പ്രവൃത്തിയിലും അധികരിച്ച് തുക കൈമാറി | 1-67 |
| 90 | നഗരസഭ ഓഫീസ് കോമ്പൗണ്ടിൽ കുഴൽ കിണർ നിർമ്മാണം -പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-68 |
| 91 | റോഡ് മദ്ധ്യത്തിലെ കാന നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ചു | 1-69 |
| 92 | മരാമത്ത് പ്രവൃത്തി അഴിമതി സംബന്ധിച്ച പരാതിക്ക് മറുപടി ലഭ്യമാക്കിയില്ല | 1-70 |
| 93 | കെ.എസ്.ആർ.ടി.സി ഔട്ട് വേ റോഡ് നവീകരണം | 1-71 |
| 94 | വിവിധ അങ്കണവാടികളുടെ അറ്റകുറ്റപണികൾ | 1-72 |
| 95 | അളവുകൾ ചെക്ക് മെഷർ ചെയ്യാതെ കരാറുകാരന് തുക അനുവദിച്ചു | 1-73 |
| 96 | തൊഴിൽ ലഭ്യത ഉറപ്പാക്കിയില്ല | 1-74 |

| | | |
|---|---|---|
| 97 | സ്ഥായിയായതും ഉൽപാദനക്ഷമവുമായ ആസ്തികളുടെ നിർമ്മാണം ഉറപ്പാക്കിയില്ല | 1-75 |
| 98 | തൊഴിൽ കൂലിയിനത്തിൽ വർദ്ധിപ്പിച്ച തുക മുൻകാലപ്രാബല്യത്തോടെ അനുവദിച്ചില്ല | 1-76 |
| 99 | തൊഴിൽ കൂലിയിനത്തിൽ വർദ്ധിപ്പിച്ച തുക ഉത്തരവിനു ശേഷവും അനുവദിച്ചില്ല | 1-77 |
| 100 | നഗരസഭയുടെ ആസ്തിയല്ലാത്ത സ്ഥലത്ത് പദ്ധതി നടപ്പിലാക്കി | 1-78 |
| 101 | തൊഴിലുറപ്പ് പദ്ധതിയുടെ നിജസ്ഥിതി | 1-79 |
| 102 | അമൃത് 2.0 കുടിവെള്ള പദ്ധതി - നഗരസഭ പ്രവൃത്തി മേൽനോട്ടം വഹിക്കുന്നില്ല | 1-80 |
| 103 | ദുരിതാശ്വാസനിധി | 1-81 |
| 104 | ₹421662.00 യുടെ മരുന്നുകൾ വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയില്ല | 1-82 |
| 105 | നഗരസഞ്ചയ പദ്ധതി വിഹിതം ₹1.2 കോടി പാഴാക്കി | 1-83 |
| 106 | കെ-സ്മാർട്ട് ആപ്ലിക്കേഷൻ അപാകതകൾ | 1-84 |
| **ഭാഗം 2** | | |
| 1 | പ്രൈവറ്റ് ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ലേലഇനത്തിൽ ₹39908.00നഷ്ടം | 2-1 |
| 2 | മത്സ്യചന്ത വാഹന ഫീസ് ഇനത്തിൽ ₹20827.00നഷ്ടം | 2-2 |
| **ഭാഗം 3** | | |
| 1 | ഉത്സവബത്തക്ക് പകരം ബോണസ്സ് അനുവദിച്ചു | 3-1 |
| 2 | ശമ്പളരഹിത അവധികാലയളവിലേക്കും ശമ്പളം അനുവദിച്ചു | 3-2 |
| 3 | കണ്ടിജന്റ് വിഭാഗം ജീവനക്കാരന് അധികം ശമ്പളം അനുവദിച്ചു | 3-3 |
| 4 | ക്വർട്ടേഴ്സ് ഉപയോഗിച്ച ജീവനക്കാർക്ക് വീട്ടുവാടകബത്ത അനുവദിച്ചു- നഷ്ടം ₹100711/- | 3-4 |
| 5 | ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക അനുവദിച്ചു | 3-5 |
| 6 | എ.സി.ഓഡിറ്റോറിയത്തിന്റെ വൈദ്യുതി ബിൽ രണ്ടു തവണ അടവാക്കി | 3-6 |
| 7 | വെജിറ്റബിൾ മാർക്കറ്റ് കംഫർട്ട് സ്റ്റേഷൻ,വർക്കിംഗ് വുമൺസ് ഹോസ്റ്റൽ എന്നിവയുടെ വൈദ്യുതി ചാർജ് | 3-7 |
| 8 | ഇരുചക്രവാഹനത്തിലും മാലിന്യം നീക്കം ചെയ്തു -ചെലവ് തുക അംഗീകരിക്കുന്നില്ല | 3-8 |
| 9 | മരാമത്ത് പ്രവൃത്തികൾക്ക് കുറഞ്ഞ നിരക്കിൽ ജി.എസ്.ടി ഈടാക്കി | 3-9 |

| | | |
|---|---|---|
| 10 | യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തതിന് ഫൈൻ ഈടാക്കിയില്ല | 3-10 |
| 11 | ചെയ്ത പ്രവൃത്തിയിലും അധികരിച്ച് തുക കൈമാറി | 3-11 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പാ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | INCOME & EXPENDITURE STATEMENT | |
| 4 | RECEIPT & PAYMENT STATEMENT | |
| 5 | BALANCE SHEET | |

# ഭാഗം -1
## പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നഗരസഭയുടെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണ സമിതിയുടെ 29.07.2023 -ലെ 27-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 31.07.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുള്ളത് അപാകത പരിഹരിച്ച് 02.09.2024 -ന പുനസമർപ്പണം ചെയ്തിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295 (4) പ്രകാരവും, 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ) കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽഫണ്ട് ഓഡിറ്റ് റൂൾ 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്യൽ അദ്ധ്യായം 4.2.1 & 11.3, എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര / സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റ് പരിശോധന വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

(ബി)സി&എജിഓഫ്ഇന്ത്യ, പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗ നിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു. പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

(സി)എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പെരുമ്പാവൂർ നഗരസഭയുടെ 2023-24 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024-ലെ സാമ്പത്തിക നിലയുടേയും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.**

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

സ്ഥലം : പെരുമ്പാവൂർ
തീയതി: 28/03/2025

### 1-1-1 സാംഖ്യ-കെ-സ്മാർട്ട് അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ ഇന്റഗ്രേഷൻ - അപാകതകൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഇ-ഗവേണൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിലേയ്ക്കായി തയ്യാറാക്കിയിട്ടുള്ള കെ-സ്മാർട്ട് ആപ്ളിക്കേഷൻ 01-01-2024 പ്രാബല്യത്തിൽ നഗരസഭകളിൽ വിന്യസിച്ച് സർക്കാർ ഉത്തരവായിരുന്നു. എന്നാൽ 2023-24 സാംപത്തിക വർഷത്തിന്റെ അവസാനപാദത്തിലെ ധനഇടപാടുകൾ കെ-സ്മാർട്ട് ആപ്ളിക്കേഷനിൽ നിന്നും 31-12-2024 വരെ നിലവിലുണ്ടായിരുന്ന സാംഖ്യ

സോഫ്റ്റ് വെയറിലേയ്ക്ക് പോർട്ട് ചെയ്താണ് 2023-24 വർഷത്തെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കപ്പെട്ടിട്ടുള്ളത്. സാംഖ്യ- കെ-സ്മാർട്ട് സോഫ്റ്റ് വെയർ ഇന്റഗ്രേഷനോടനുബന്ധിച്ച്, നഗരസഭയുടെ ഇടപാടുകളെയും വാർഷിക ധനകാര്യ പത്രികയുടെ വിശ്വാസ്യതയെയും തുടർച്ചയെയും ബാധിക്കുന്നതായി കണ്ടെത്തിയ അപാകതകൾ /ന്യൂനതകൾ ഈ റിപ്പോർട്ടിന്റെ 1-1-1 (എ) മുതൽ 1-1-11 വരെയുള്ള ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-1-1 (എ) കെ-സ്മാർട്ട് സോഫ്റ്റ് വെയർ സംവിധാനത്തിൽ ചട്ടപ്രകാരമുള്ള ഫോമുകളുടെ മാതൃകയിൽ വ്യത്യാസം

നഗരസഭയുടെ നിലവിലുള്ള ചട്ടപ്രകാരമുള്ള ഫോമുകളിൽ കെ-സ്മാർട്ട് സോഫ്റ്റ് വെയർ സംവിധാന പ്രകാരം വ്യത്യാസം കാണുന്നുണ്ട്. ഉദാ: 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരമുള്ള ഫോം-2 (കെട്ടിട ഉടമ സമർപ്പിക്കുന്ന വസ്തുനികുതി നിർണ്ണയ റിട്ടേൺ) -ൽ ചട്ടം 11 (2) പ്രകാരം എന്നും , ഫോം-6 (വസ്തുനികുതി നിർണ്ണയ വിവര ശേഖരണം)-ൽ ചട്ടം 12, ഉപ ചട്ടങ്ങൾ (4), (6) പ്രകാരം എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കെ-സ്മാർട്ടിൽ നിന്നും ലഭിക്കുന്ന ഫോമുകളിൽ പ്രസ്തുത ചട്ടങ്ങൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല, കൂടാതെ വിവരങ്ങൾ രേഖപ്പെടുത്തുന്ന ക്രമ നമ്പറുകളുടെ എണ്ണത്തിലും വ്യത്യാസം വന്നിട്ടുണ്ട് .

**<u>1-1-2 ധനകാര്യപത്രികയിലെ തുകകൾ സാംഖ്യ- കെ-സ്മാർട്ട് വരവ്-ചെലവുകളുടെ ആകെ തുകയുമായി പൊരുത്തപ്പെടുന്നില്ല.</u>**

2023-24 സാമ്പത്തിക വർഷത്തിൽ 01-04-2023 മുതൽ 31-12-2023 വരെ സാംഖ്യ സോഫ്റ്റ് വെയറിലും 01-01-2024 മുതൽ 31-03-2024 വരെ കെ-സ്മാർട്ടിലുമാണ് ധനമിടപാടുകൾ അക്കൗണ്ട് ചെയ്തിട്ടുള്ളത്. എന്നാൽ 31.03.2024 -ൽ സാംഖ്യയിലേയും കെ-സ്മാർട്ടിന്റെയും വരവ് ചെലവ് തുകകൾ തമ്മിൽ കൂട്ടുമ്പോൾ ലഭിക്കേണ്ട ആകെ തുകക്ക് വ്യത്യാസമായ തുകയാണ് വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | സാംഖ്യ തുക (01-04-23 To 31-12-23) | കെ-സ്മാർട്ട് തുക (01-01-24 To 31-03-24) | 31-03-2024-ലെ സാംഖ്യ, കെ-സ്മാർട്ട് എന്നിവയുടെ ആകെ തുക | 31-03-2024-ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം തുക |
|---|---|---|---|---|---|
| 1 | 110160100- Entertainment Tax | 27,84,260 | 10,54,834 | 38,39,094 | 42,05,965 |
| 2 | 110100100 – Profession Tax - Employees | 42,68,864 | 47,40,108 | 90,08,972 | 91,35,392 |
| 3 | 140120100 – Fees For Construction Of Buildings | 17,28,825 | 1,19,910 | 18,48,735 | 20,05,749 |
| 4 | 140150100 – Regularisation Fees | 10,10,781 | 78,740 | 10,89,521 | 11,99,604 |
| 5 | 220120200 – Postage Expenses | 27,024 | 0 (No Data Available) | 27,024 | 30,405 |
| 6 | 22010100 – Printing And S... | 3,67,665 | 0 (No Data Available) | 3,67,665 | 79,639 |

| | | | | | |
|---|---|---|---|---|---|
| | Stationery | | | | |
| 7 | 230530100 – Repairs & Maintenance - Vehicle | 1,91,160 | 0 (No Data Available) | 1,91,160 | 1,29,652 |

## 1-1-3 സാംഖ്യ-കെ-സ്മാർട്ട് സോഫ്റ്റ് വെയർ ഇന്റഗ്രേഷൻ -അഡ്ജസ്റ്റ്മെന്റ് എൻട്രികൾ മുഖേന സാംഖ്യയിൽ മാറ്റം വരുത്തി

കെ-സ്മാർട്ടിലെ ഇടപാടുകൾ സാംഖ്യയിലേക്ക് പോർട്ട് ചെയ്ത ശേഷം 01.01.2024 മുതൽ 31.03.2024 വരെയുള്ള കാലയളവിൽ അഡ്ജസ്റ്റ് മെന്റ് എൻട്രികൾ മുഖേന ചില ഇനങ്ങൾക്ക് സാംഖ്യയിൽ മാറ്റം വരുത്തിയിട്ടുണ്ട്. ഉദാ: 01.04.2023-ൽ സാംഖ്യയിലെ 110010100 Property Tax (General) ഹെഡ്ഡിൽ തൻവർഷ വസ്തുനികുതി ഡിമാന്റ് തുകയായി ₹5,86,30,945/- കാണിച്ചിരുന്നു. എന്നാൽ 30.03.2024 -ൽ പ്രസ്തുത ഹെഡ്ഡിൽ റിവേഴ്സ് എൻട്രി നൽകി (Journal No.42300815) ₹2,03,60,945/- യുടെ ഡിമാന്റ് തുക കുറച്ച് കാണിച്ചിട്ടുണ്ട്. ശരിയായ ഡിമാന്റ് തുക രേഖപ്പെടുത്താത്തതാണ് ഇത്തരത്തിൽ ഡിമാന്റ് തുകയിൽ മാറ്റം വരുത്തുന്നതിന് കാരണമാകുന്നത്.

## 1-1-4 ധനകാര്യപത്രിക സ്റ്റേറ്റ്മെന്റുകൾ സാംഖ്യ-കെ-സ്മാർട്ട് സ്റ്റേറ്റുമെന്റുകളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല

സാംഖ്യ പ്രകാരം തയ്യാറാക്കിയിട്ടുള്ള 2023-24 -ലെ വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡീച്ചർ, റെസീപ്റ്റ് ആന്റ് പെയ്മെന്റ്, ബാലൻസ് ഷീറ്റ്, ട്രയൽ ബാലൻസ്, എന്നിവയുടെ സ്റ്റേറ്റ്മെന്റുകൾ പ്രകാരമുള്ള തുകയുമായി കെ-സ്മാർട്ടിലെ പ്രസ്തുത സ്റ്റേറ്റുമെന്റുകളിലെ തുക പൊരുത്തപ്പെടുന്നില്ല. കൂടാതെ കെ-സ്മാർട്ട് സോഫ്റ്റ് വെയർ പ്രകാരം ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് റിപ്പോർട്ടുകൾ ലഭ്യമല്ല.

## 1-1-5 സാംഖ്യ-കെ-സ്മാർട്ട് ഇന്റഗ്രേഷൻ -ഹെഡ് ഓഫ് അക്കൗണ്ടുകൾ പൊരുത്തപ്പെടുന്നില്ല

പല ഇനങ്ങളുടെയും സാംഖ്യ ഹെഡ് ഓഫ് അക്കൗണ്ടും കെ-സ്മാർട്ട് ഹെഡ് ഓഫ് അക്കൗണ്ടും പൊരുത്തപ്പെടുന്നില്ല.

## 1-1-6 കെ-സ്മാർട്ട് ആപ്ളിക്കേഷനിൽ ചെക്ക് രജിസ്റ്ററുകളിൽ നിന്നും പൂർണ്ണ വിവരങ്ങൾ ലഭ്യമല്ല

കെ-സ്മാർട്ടിലെ Cheque Issue Register -ലും Cheque Received Register -ലും Date Of Clearance കോളത്തിൽ ചെക്ക് എൻക്യാഷ് ചെയ്യപ്പെടുന്ന തീയതി സംബന്ധിച്ച വിവരം ലഭ്യമല്ല.

## 1-1-7 ബുക്ക്- ഓഫ്-അക്കൗണ്ട്സ് വിവരം കെ-സ്മാർട്ട് ആപ്ളിക്കേഷനുശേഷം ലഭ്യമല്ല

കെ-സ്മാർട്ട് നിലവിൽ വന്നതിന് ശേഷം പല ഇനങ്ങളുടെയും ബുക്ക്-ഓഫ്-അക്കൗണ്ട്സ് മാനുവലായും സോഫ്റ്റ് വെയർ മുഖേനയും ലഭിക്കുന്നില്ല. ഉദാ: അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്റർ, സപ്ലിമെന്ററി അസെസ്സ്മെന്റ് രജിസ്റ്റർ.

## 1-1-8 സുഗമ പോർട്ടൽ - റോഡ് കട്ടിംഗ് സംബന്ധിച്ച ആധികാരിക വിവരം കെ-സ്മാർട്ട് ആപ്ളിക്കേഷനിൽ ലഭ്യമല്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ റോഡ് കട്ട് ചെയ്യുന്നതിന് ഓൺലൈനായി കൈകാര്യം ചെയ്യുന്ന സുഗമ പോർട്ടലിൽ ഓഡിറ്റ് ലോഗിൻ സൗകര്യം ലഭ്യമാക്കിയിട്ടില്ല. റോഡ് കട്ടിംഗ് ചാർജ്ജ് തുകകളുടെ ആധികാരികത വ്യക്തമാകുന്നതിന് സംവിധാനമില്ല.

## 1-1-9 കെ-സ്മാർട്ട്-വസ്തുനികുതി മൊഡ്യൂൾ അപാകതകൾ

ഒരു സാമ്പത്തിക വർഷത്തിൽ പുതിയതായി വസ്തുനികുതി നിർണ്ണയം നടത്തി നമ്പർ അനുവദിച്ചിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിക്കുന്നതിനായി സപ്ലിമെന്ററി അസെസ്സ്മെന്റ് രജിസ്റ്റർ കെ-സ്മാർട്ടിലെ Property Tax മൊഡ്യൂളിൽ ലഭ്യമാക്കിയിട്ടില്ല. കൂടാതെ വാർഡ് തിരിച്ചുള്ള ഡി.സി.ബി വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഓരോ ആവശ്യത്തിനായിട്ടുള്ള റിപ്പോർട്ടുകൾ എടുക്കുമ്പോൾ ഒരു നിശ്ചിത കാലയളവിലെ വിവരങ്ങൾ ലഭിക്കണമെങ്കിൽ ആ കാലയളവ് (From – To) തെരഞ്ഞെടുക്കുന്നതിനായി സൗകര്യം ഉണ്ടാകേണ്ടതാണ്. എന്നാൽ പ്രസ്തുത കാലയളവ് രേഖപ്പെടുത്താനുള്ള സൗകര്യം പ്രസ്തുത റിപ്പോർട്ട് മൊഡ്യൂളിൽ ലഭ്യമാക്കിയിട്ടില്ല. അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ ലഭ്യമല്ല.

## 1-1-10 തൊഴിൽ നികുതി മൊഡ്യൂൾ - കെ-സ്മാർട്ട് ആപ്ലിക്കേഷനിൽ പൂർണ്ണ വിവരങ്ങൾ ലഭ്യമല്ല.

2023-24 രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി കെ-സ്മാർട്ട് മുഖേനയാണ് നഗരസഭ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഡീറ്റെയിൽഡ് ഹെഡ് വൈസ് റിപ്പോർട്ടിൽ സ്ഥാപനത്തിന്റെ പേര്, കെട്ടിട നമ്പർ എന്നിവ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈ റിപ്പോർട്ട് മുഖേന തൊഴിൽ നികുതി സംബന്ധിച്ച കൃത്യമായ പരിശോധന നടത്താൻ സാധിക്കുന്നില്ല.

## 1-1-11 കെ-സ്മാർട്ട്-പേയ്മെന്റ് സെർച്ച് മൊഡ്യൂൾ അപാകതകൾ

കെ-സ്മാർട്ടിലെ പേയ്മെന്റ് സെർച്ച് മൊഡ്യൂളിൽ ഒരു നിശ്ചിത കാലയളവിലെ ഫയലുകൾ പരിശോധിക്കുന്നതിനായി സെർച്ച് ഓപ്ഷൻ കൊടുത്ത് ഒരു ഫയൽ തെരെഞ്ഞെടുത്ത് പരിശോധന കഴിഞ്ഞ് അടുത്ത ഫയലിൽ പ്രവേശിക്കുന്നതിനായി ബാക്ക് ഓപ്ഷൻ കൊടുക്കുമ്പോൾ മെയിൻ പേയ്മെന്റ് സെർച്ച് മൊഡ്യൂളിലേക്കാണ് പോകുന്നത്. ഇത്തരത്തിൽ മെയിൻ മൊഡ്യൂളിലേക്ക് പോകുന്നത് തുടർച്ചയായിട്ടുള്ള പരിശോധന ആവശ്യമാകുന്ന സന്ദർഭങ്ങളിൽ ബുദ്ധിമുട്ട് ഉണ്ടാക്കുന്നതാണ്.

## 1-1-12 റെസീപ്റ്റ് ആന്റ് പെയ്മെന്റ് RP-40(B)-Bank ഷെഡ്യൂൾ - അപാകതകൾ

(A) *450210100-SBT Own Fund* ബാങ്ക് അക്കൗണ്ടിന്റെ (തനത് ഫണ്ട് അക്കൗണ്ട്) 31.03.2024-ലെ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

(1) ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് ബുക്ക് ബാലൻസും പാസ്സ് ബുക്ക് ബാലൻസും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ₹19,15,547/- യുടെ വ്യത്യാസം ഉണ്ട്.

(2) റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ 'Cheque Issued But Not Presented Into Bank' ഹെഡ്ഡിൽ ₹42,11,063.10/- യുടെ ചെക്കുകൾ ബാങ്കിൽ നിന്നും പണമാകാതെ അവശേഷിക്കുന്നു. മൂന്ന് മാസം വരെയാണ് ചെക്കുകൾക്ക് കാലാവധിയുള്ളു എന്നിരിക്കെ 18.02.2022 മുതൽ നൽകിയിട്ടുള്ള ചെക്കുകൾ ഇപ്പോഴും റീകൺസിലിയേഷൻ വിൻഡോയിൽ തുടരുന്നു. ഇതിൽ പ്രൊജക്ട് നമ്പർ 86/23, 87/23 എന്നിവക്ക് 07.10.2022 -ൽ നൽകിയ ₹15,00,000/- യുടെ ചെക്കുകൾ പാസ്സാകാതെ അവശേഷിക്കുന്നുണ്ട്.

(3) റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ Cheque Deposited But Not Collected-ൽ ₹23,57,015.10/- യുടെ ചെക്കുകൾ ബാങ്കിൽ പണമായി മാറി ലഭിക്കാതെ അവശേഷിക്കുന്നു. ഇതിൽ നഗരസഭയ്ക്ക് 04.01.2013 മുതൽ 31.03.2021 വരെയുള്ള തീയതികളിൽ ലഭിച്ച ചെക്കുകൾ വരെ ഉൾപ്പെട്ടിട്ടുണ്ട്. പണമായി മാറി ലഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

(B) റെസീപ്റ്റ് ആന്റ് പെയ്മെന്റ് ഷെഡ്യൂളിലെ 450410900-ICICI Bank SBM-ബാങ്ക് അക്കൗണ്ടിന്റെ 31.03.2024 -ലെ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ബാലൻസ് തുക സംബന്ധിച്ച വ്യത്യാസം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഹെഡ്ഡ് | ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ 31.03.2024-ലെ പാസ്സ് ബുക്ക് ബാലൻസ് ₹ | 31.03.2024 -ലെ പാസ്സ് ബുക്ക് (ബാങ്ക് സ്റ്റേറ്റ്മെന്റ്) ബാലൻസ് ₹ | വ്യത്യാസം ₹ |
|---|---|---|---|---|
| 1 | 450410900-ICICI Bank SBM | 38,00,177.00 | 0 | 38,00,177.00 |

സാംഖ്യയിൽ ബാങ്ക് റീകൺസിലിയേഷൻ ടാലിയാക്കാത്തതിനാലാണ് ഇത്തരത്തിൽ ബാലൻസിൽ വ്യത്യാസം വന്നിട്ടുള്ളത്.

(C) റെസീപ്റ്റ് ആന്റ് പെയ്മെന്റ് ഷെഡ്യൂളിലെ താഴെ കൊടുത്തിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്, പാസ്സ്ബുക്ക്, എന്നിവ ഓഡിറ്റിന് ഹാജരാക്കിട്ടില്ല. വിവരം ചുവടെ-

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | | ബാലൻസ് തുക ₹ |
|---|---|---|---|
| 1 | 450210110 | Covid 19-HDFC | 1,64,582.00 |
| 2 | 450210400 | Bank Of India | 19,588.76 |
| | | | |

| | | | |
|---|---|---|---|
| 3 | 450420200 | ICICI Bank (Swatch Bharath) | 32,083.00 |
| 4 | 450450100 | Treasury | 8,997.00 |
| 5 | 450410900 | ICICI Bank SBM New | 38,00,177.00 |
| 6 | 450610500 | UBI PMAY -337902010040724 | 24,21,448.00 |

(D) ഷെഡ്യൂളിൽ 31.03.2024 -ൽ നീക്കിബാക്കി തുക പൂജ്യമായിട്ടുള്ള ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്, പാസ്സ് ബുക്ക് എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പ്രസ്തുത അക്കൗണ്ടുകൾ നിലവിൽ ഉപയോഗിക്കുന്നതാണോ ക്ലോസ് ചെയ്തിട്ടുള്ളതാണോ എന്നത് സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

(E) RP-40(B)Bank ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള ബാങ്കുകളുടെ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എല്ലാ മാസവും തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

(F) അമൃത് പദ്ധതിയുമായി ബന്ധപ്പെട്ട് ഇന്ത്യൻ ബാങ്ക്, പെരുമ്പാവൂർ ശാഖയിൽ മൂന്ന് അക്കൗണ്ടുകൾ നിലവിലുണ്ട്. എന്നാൽ പ്രസ്തുത മൂന്ന് ബാങ്ക് അക്കൗണ്ടുകളും 2023-24 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ റെസീപ്റ്റ് ആന്റ് പെയ്മെന്റിൽ RP-40(B)-Bank ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അക്കൗണ്ട് നമ്പർ | അക്കൗണ്ട് ആരംഭിച്ച തീയതി |
|---|---|---|
| 1 | 7120135599 -Secretary Perumbavoor Municipality Amrut 2.0 | 23.11.2021 |
| 2 | 7280188682- Secretary Perumbavoor Municipality Amrut 2.0-50% | 29.08.2022 |
| 3 | 7285388847- Secretary Perumbavoor Municipality Amrut 2.0-50% Holdin | 05.09.2023 |

**<u>1-1-13 വിവിധ ഫണ്ടുകളുടെ ചെലവും എ.സി.ആർ പ്രകാരമുള്ള ചെലവും തമ്മിൽ വ്യത്യാസം</u>**

31.03.2024-ലെ താഴെപ്പറയുന്ന വിവിധ ഫണ്ടുകളുടെ വാർഷിക ധനകാര്യപത്രിക (AFS) പ്രകാരമുള്ള ആകെ ചെലവ് തുകയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ (ACR) പ്രകാരമുള്ള ചെലവ് തുകയും തമ്മിൽ വ്യത്യാസമുണ്ട്. വിശദ വിവരം ചുവടെ-

(A)160100402-Maintenance Fund-Non Road

| ഹെഡ് | AFS പ്രകാരം ചെലവ് ₹ | ACR പ്രകാരം ചെലവ് ₹ | വ്യത്യാസം ₹ |
|---|---|---|---|
| 160100402-Maintenance Fund-Non Road | 97,25,329.00 | 1,04,84,998.00 | 7,59,669.00 |

(B) 320200104 -Development Fund-Central Finance Commission Grant.

ACR പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ് )-ബാങ്ക്, ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) -ബാങ്ക് എന്നിവ പ്രകാരം ₹1,78,99,130/- വരവ് വന്നിട്ടുണ്ട്. എന്നാൽ Federal Bank (CFC Grant) ബാങ്ക് അക്കൗണ്ടിലും റെസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റിന്റെ RP-24 -ൽ 320200104 –Development Fund-Central Finance Commission Grant-Capital -ൽ ₹1,78,75,000/- ആണ് വരവ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇവ തമ്മിൽ ₹24,130/- ടെ വ്യത്യാസം ഉണ്ട്.

ACR പ്രകാരം പ്രസ്തുത ഗ്രാന്റിൽ നിന്നും ആകെ ₹1,07,24,133/- (Tied Bank-67,24,117, Untied Bank-40,00,016) ചെലവഴിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ AFS പ്രകാരം ₹2,09,35,755/- ആണ് ചെലവ് (Capital Contribution – ₹21,85,354, Development Fund CFC Grant ₹1,87,50,401) രേഖപ്പെടുത്തിയിട്ടുള്ളത്. ഇവ തമ്മിൽ ₹1,02,11,622/- യുടെ വ്യത്യാസം ഉണ്ട്.

വാർഷിക ധനകാര്യ പത്രികയിലെ 450620300-Federal Bank (CFC Grant) ബാങ്ക് അക്കൗണ്ടിന്റെ ബാങ്ക് ബുക്കിന്റെ 31.03.2024-ലെ ടയൽ ബാലൻസ് പ്രകാരം ₹1,12,51,887/- യുടെ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഗ്രാന്റിന് ACR പ്രകാരം ₹1,07,24,133/- യുടെ ചെലവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതുപ്രകാരം ഇവ തമ്മിൽ ₹5,27,754/- (1,12,51,887-1,07,24,133) യുടെ വ്യത്യാസമുണ്ട്. വ്യത്യാസം വന്ന തുക സംബന്ധിച്ച വിവരം ചുവടെ-

| ബാങ്ക് ബുക്കിൽ ചെലവ് തുക രേഖപ്പെടുത്തിയിട്ടുള്ളതും ACR-ൽ തുക രേഖപ്പെടുത്താത്തതും സംബന്ധിച്ച വിവരം | | |
|---|---|---|
| ക്രമ നം. | തീയതി | തുക ₹ |
| 1 | 04.03.2023 | 2,79,390.00 |
| 2 | 05.04.2023 | 1,06,582.00 (1,02,774 +3,808) |
| 3 | 10.07.2023 | 13,809.00 |
| 4 | 01.02.2024 | 3,537.00 |
| 5 | 18.03.2024 | 57,775.00 |
| 6 | 19.03.2024 | 1,09,322.00 |
| 7 | 22.03.2024 | 2,61,580.00 (2,56,348 + 5,232) |
| 8 | 24.03.2024 | 3,28,344.00 (3,25,061 + 3,283) |
| ആകെ | | 11,60,339.00 |

| ACR-ൽ ചെലവ് തുക രേഖപ്പെടുത്തിയിട്ടുള്ളതും ബാങ്ക് ബുക്കിൽ തുക രേഖപ്പെടുത്താത്തതും സംബന്ധിച്ച വിവരം | | |
|---|---|---|
| ക്രമ നം. | തീയതി | തുക (₹) |
| 1 | 07.11.2023 | 28,153.00 |
| 2 | 30.03.2024 | 2,70,000.00 |
| 3 | 16.03.2024 | 23,017.00 |
| 4 | 16.03.2024 | 34,758.00 |

| | | |
|---|---|---|
| 5 | 26.03.2024 | 65,510.00 |
| 6 | 27.03.2024 | 2,11,147.00 |
| ആകെ | | 6,32,585.00 |

മുകളിൽ സൂചിപ്പിച്ചിട്ടുള്ളതു പ്രകാരം ചെലവ് തുകയിൽ ₹5,27,754/- യുടെ (11,60,339-6,32,585) വ്യത്യാസം വന്നിട്ടുള്ളത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

റെസീപ്റ്റ് ആന്റ് പെയ്മെന്റിൽ RP-40 (B) Bank ഷെഡ്യൂളിൽ 450620300 -Federal Bank (CFC Grant) ബാങ്ക് അക്കൗണ്ടിന്റെ 31.03.2024 -ലെ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്ക് ബുക്ക് ബാലൻസ് തുക ₹1,31,63,670/- യാണ്. എന്നാൽ ബാങ്ക് പാസ്സ് ബുക്ക് (ബാങ്ക് സ്റ്റേറ്റ്മെന്റ്) ബാലൻസ് തുക ₹1,32,02,352/- ആണ്. ഇവ തമ്മിൽ ₹38,682/- യുടെ വ്യത്യാസം ഉണ്ട്. ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Debited By Bank -ഹെഡ്ഡിൽ ₹15,38,682/- കുറച്ച് കാണിച്ചിട്ടുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

(C) ACR -ൽ ഹെൽത്ത് ഗ്രാന്റ് ബാലൻസ് തുക നെഗറ്റീവ് ആയിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഹെൽത്ത് ഗ്രാന്റ് കണക്കുകളിൽ കൃത്യതയില്ല, ഈ ഇനത്തിൽ ലഭിച്ചിട്ടുള്ള ₹51,62,027/- ചെലവഴിക്കുന്നതിനായി പ്രോജക്ടുകൾ തയ്യാറാക്കിയിട്ടില്ല.

(D) Development Fund -SCP -ക്ക് സർക്കാർ ഉത്തരവുകൾ പ്രകാരം മൂന്ന് ഗഡുക്കളായി അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ട്. എന്നാൽ 19.04.2023 -ൽ ലഭിച്ച ആദ്യ ഗഡു ₹32,30,700/- മാത്രമാണ് ACR -ൽ രേഖപ്പെടുത്തിയിട്ടുള്ളത്. മറ്റ് രണ്ട് ഗഡുക്കളുടെ തുകയായ ₹64,61,300/- രേഖപ്പെടുത്തിയിട്ടില്ല. വിശദ വിവരം ചുവടെ.

| ക്രമ നം. | അലോട്ട്മെന്റ് ഉത്തരവ് | ലഭിച്ച തുക (₹) |
|---|---|---|
| 1 | 1-ാം ഗഡു - സ.ഉ. (സാധാ) നം.3113/2023/ ധന,തീയതി 19.04.2023 | 32,30,700/- |
| 2 | 2-ാം ഗഡു - സ.ഉ. (സാധാ) നം.5637/2023/ ധന,തീയതി 29.07.2023 | 32,30,700/- |
| 3 | 3-ാം ഗഡു - സ.ഉ. (സാധാ) നം.2858/2024/ ധന,തീയതി 22.03.2024 | 32,30,600/- |
| ആകെ | | 96,92,000/- |

## 1-1-14 B7-Deposits Received ഷെഡ്യൂൾ - അപാകതകൾ

ബാലൻസ് ഷീറ്റിലെ B7-Deposits Received എന്ന ഷെഡ്യൂളിൽ വിവിധ ഇനങ്ങളിൽ നഗരസഭയ്ക്ക് ലഭിച്ചിട്ടുള്ള ₹10,02,63,927/- യുടെ ഡെപ്പോസിറ്റുകൾ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകകളെ സാധൂകരിക്കുന്ന രജിസ്റ്ററുകൾ/അനുബന്ധ രേഖകൾ കാലികമാക്കി (Upto Date) സൂക്ഷിക്കുന്നില്ല. കേരള ഫിനാൻഷ്യൽ കോഡ് (വാല്യം 1) ആർട്ടിക്കിൾ 282 (1) പ്രകാരം 3 വർഷ കാലാവധി പൂർത്തിയാക്കിയ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്കു മുതൽക്കൂട്ടേണ്ടതാണ്. എന്നാൽ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ കണ്ടെത്തി നഗരസഭ തനത് ഫണ്ടിലേക്കു മുതൽകൂട്ടിയിട്ടില്ല. പത്ത് കോടിയിലധികം തുക ഡെപ്പോസിറ്റ് വരവ് ബാധ്യതായി നിലനിൽക്കുമ്പോൾ നഗരസഭയുടെ 31.03.2024 -ലെ തനത് ഫണ്ട് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക ₹1,66,71,583/- മാത്രമാണ്. 2007 -ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിൽ അദ്ധ്യായം –4 -ൽ ചട്ടം 32 പ്രകാരം ഡെപ്പോസിറ്റ് തുകകൾ സൂക്ഷിക്കുന്നതിനായി ഒരു പ്രത്യേക ബാങ്ക് അക്കൗണ്ട് സൂക്ഷിക്കണമെന്നുണ്ട്. ഡെപ്പോസിറ്റ് വരവ് തുകകൾ സൂക്ഷിക്കുന്നതിനായി നഗരസഭക്ക് പ്രത്യേക ബാങ്ക് അക്കൗണ്ട് ഇല്ലാത്തതിനും തനത് ഫണ്ട് നീക്കിയിരപ്പ് തുകയിലും അധികമായി ഡെപ്പോസിറ്റ് വരവ് തുക ബാധ്യതയായി നിൽക്കുന്നതും സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി 05.10.2024 -ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.16 -ന് ഡെപ്പോസിറ്റ് ഇനത്തിനായി പ്രത്യേകം ബാങ്ക് അക്കൗണ്ട് ഇല്ലാത്തതുകൊണ്ട് ഈ തുക തനതു ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതെന്നും, നഗരസഭക്ക് തനത് വരുമാനം കുറവായതുകൊണ്ട് ഈ തുക മറ്റ് ചെലവുകൾക്ക് ഉപയോഗിച്ച് വരുന്നതെന്നും, ഡെപ്പോസിറ്റ് തുകകൾ കക്ഷികൾ തിരികെ ആവശ്യപ്പെടുന്ന മുറക്ക് തിരിച്ച് നൽകുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. മുകളിൽ സൂചിപ്പിച്ചിട്ടുള്ള ചട്ടങ്ങൾ പ്രകാരം 3 -വർഷ കാലാവധി പൂർത്തിയാക്കിയ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്കു മുതൽക്കൂട്ടുന്നതിനും, ഡെപ്പോസിറ്റ് വരവ് തുകകൾ സൂക്ഷിക്കുന്നതിനായി നഗരസഭ പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-1-15 B9-Other Liabilities (Sundry Creditors)ഷെഡ്യൂൾ - രജിസ്റ്ററുകൾ/അനുബന്ധ രേഖകൾ കാലികമല്ല

ബാലൻസ് ഷീറ്റിലെ B9-Other Liabilities (Sundry Creditors) എന്ന ഷെഡ്യൂളിൽ വിവിധ ഇനങ്ങളിൽ (റിക്കവറി, ടാക്സ്, സെസ്സ്) നഗരസഭ ഈടാക്കിയിട്ടുള്ള ₹6,22,13,424.50/- ബാധ്യത തുകയായി നിലനിൽക്കുന്നുണ്ട്. എന്നാൽ പ്രസ്തുത തുകകളെ സാധൂകരിക്കുന്ന രജിസ്റ്ററുകൾ/അനുബന്ധ രേഖകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല. 350300100 -Library Cess Payable ഹെഡ്ഡിൽ ₹96,56,956/- അടവാക്കാനായി അവശേഷിക്കുന്നുണ്ട്. Library Cess -ഇനത്തിൽ തൻവർഷം ₹15,97,140/- വരവായി ലഭിച്ചിട്ടുണ്ടെങ്കിലും ഈ ഇനത്തിൽ തുക ഒന്നും അടവാക്കിയിട്ടില്ല. പ്രസ്തുത ബാധ്യത തുകകൾ അടവാക്കുന്നതിനും ക്രമീകരണങ്ങൾ നടത്തുന്നതിനും യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല.

## 1-1-16 B-5 Secured Loans ഷെഡ്യൂൾ - രജിസ്റ്ററുകൾ/രേഖകൾ ലഭ്യമല്ല

ബാലൻസ് ഷീറ്റിലെ B-5 Secured Loans ഷെഡ്യൂളിലെ 330500202 Loans From HUDCO (തുക-₹70,40,000), 330200300 Loans Under National Slum Development Project (തുക-₹11,32,000) എന്നീ ഹെഡ്ഡുകളിലെ ലോണിന്റെ ബാലൻസ് തുകയെ സാധൂകരിക്കുന്ന രജിസ്റ്ററുകൾ/രേഖകൾ ലഭ്യമല്ല.

## 1-1-17 B18-Loans, Advances And Deposits ഷെഡ്യൂൾ - വിവരങ്ങൾ ലഭ്യമല്ല

ബാലൻസ് ഷീറ്റിലെ B18-Loans, Advances And Deposits ഷെഡ്യൂളിൽ അഡ്വാൻസ് തുക നൽകിയിട്ടുള്ളത് ക്രമീകരിക്കാതെ വർഷങ്ങളായി ഒരേ നീക്കിബാക്കി തുക തന്നെയായി തുടരുന്നു. അഡ്വാൻസുകൾ, ലോൺ, എന്നീ ഇനങ്ങളിൽ നഗരസഭ നൽകിയിട്ടുള്ള ₹20,16,993/- സാധൂകരിക്കുന്ന വിവരങ്ങൾ പരിശോധിക്കുന്നതിനായി രജിസ്റ്ററുകൾ ലഭ്യമാക്കിയിട്ടില്ല.

## 1-1-18 B-11 Fixed Assets ഷെഡ്യൂൾ - അപാകതകൾ

(A)ഹെൽത്ത് ഓഫീസർ നടപ്പിലാക്കിയ പ്രോജക്ട് നം.163/2024-നഗരസഭ ഹെൽത്ത് സ്ക്വാഡിന് വാഹനം വാങ്ങൽ പദ്ധതി (വികസന ഫണ്ട്-സി.എഫ്.സി) പ്രകാരം ₹11,43,913/- (സാംഖ്യ വൗച്ചർ നം.42300111,12.07.2023) നൽകി ഇസൂസു കമ്പനിയുടെ വാഹനം വാങ്ങിയിട്ടുണ്ട്. എന്നാൽ വാഹനം വാങ്ങിയതിന് ചെലവഴിച്ചിട്ടുള്ള പ്രസ്തുത തുക 410500100-Vehicles-Municipality എന്ന ഹെഡ്ഡിൽ ചെലവ് രേഖപ്പെടുത്തുന്നതിന് പകരം തെറ്റായി 252320101-Purchase Of Vehicles-General എന്ന ഹെഡ്ഡിലാണ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇക്കാരണത്താൽ ബാലൻസ് ഷീറ്റിൽ B-11 Fixed Assets ഷെഡ്യൂളിൽ 410500100-Vehicles-Municipality ആസ്തി ഹെഡ്ഡിൽ പ്രസ്തുത വാഹനം വാങ്ങിയതിന്റെ തുക ഉൾപ്പെടാതെ പോയിട്ടുണ്ട്.

(B)ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ആസ്തികളുടെയും ആസ്തി രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല. മൂവബിൾ അസറ്റ്സ് രജിസ്റ്ററിൽ തൻവർഷം നഗരസഭ വാങ്ങിയിട്ടുള്ള 2 വാഹനങ്ങൾ (പ്രോജക്ട്നം.171/24-മാലിന്യ സംസ്കരണത്തിന് കവചിത വാഹനം വാങ്ങൽ, പ്രോജക്ട് നം.163/2024- നഗരസഭ ഹെൽത്ത് സ്ക്വാഡിന് വാഹനം വാങ്ങൽ) എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. ഉദാഹരണത്തിനായി മൂവബിൾ അസറ്റ്സ് രജിസ്റ്റർ (Asset Register-Report Form-10-Extract Of Digital Register) പരിശോധിച്ചതിൽ പ്രസ്തുത ആസ്തി രജിസ്റ്ററിൽ അവസാനമായി എൻട്രി വരുത്തിയിട്ടുള്ളത് 27.10.2015 -ലാണ്. 27.10.2015 -ന് ശേഷം നഗരസഭ വാങ്ങിയിട്ടുള്ള വാഹനങ്ങളുടെ വിവരങ്ങൾ പ്രസ്തുത രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. സചിത്ര സോഫ്റ്റ് വെയറിൽ നിലവിൽ ഉൾപ്പെടുത്തിയിട്ടുള്ള ആസ്തികളിൽ അവയുടെ കോസ്റ്റ്, ബുക്ക് വാല്യു, ഡിപ്രീസിയേഷൻ എന്നീ വിവരങ്ങൾ ബന്ധപ്പെട്ട കോളങ്ങളിൽ രേഖപ്പെടുത്തുന്നില്ല. നഗരസഭയിലെ ആസ്തിയായ എല്ലാ സ്ഥലങ്ങളുടെയും, എല്ലാ കെട്ടിടങ്ങളുടെയും, മറ്റുള്ളവയുടെയും അബ്സ്ട്രാക്ട് തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

(C)Capital Work In Progress ഹെഡ്ഡുകളിൽ നിലവിൽ രേഖപ്പെടുത്തിയിരിക്കുന്ന നിർമ്മാണത്തിലിരിക്കുന്ന ആസ്തി രൂപീകരണ പാർട്ട് ബിൽ ചെലവുകൾ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനുസരിച്ച് ബന്ധപ്പെട്ട ആസ്തി ഹെഡ്ഡുകളിലേക്ക് മാറ്റുന്നില്ല. ഇതുസംബന്ധിച്ച വിവരം ചുവടെ-

| ക്രമ നം. | ഹെഡ്ഡ് | 31.03.2024- ലെ നീക്കീബാക്കി തുക ₹ | അവസാനമായി ആസ്തി ഹെഡ്ഡിലേക്ക് മാറ്റിയിട്ടുള്ള തീയതി |
|---|---|---|---|
| 1 | 412100100-Capital Work In Progress- | 4,78,14,579.00 | 07.09.2015 |

| | | | |
|---|---|---|---|
| | Development Fund | | |
| 2 | 412010100-Capital Work In Progress-Municipal Fund | 2,96,08,287.00 | 31.03.2017 |
| 3 | 412100500-Capital Work In Progress-Funds For Transferred Institutions | 22,29,647.00 | 31.03.2012 |
| 4 | 412109900-Capital Work In Progress-Other Specific Grants | 21,83,034.00 | 31.03.2011 |
| 5 | 412200100-Capital Work In Progress- | 12,97,259.00 | 31.03.2012 |

പ്രവൃത്തി പൂർത്തീകരണ പദ്ധതികൾ കണ്ടെത്തി ബന്ധപ്പെട്ട ചെലവുകൾ ആസ്തി ഹെഡ്ഡുകളിലേക്ക് മാറ്റുന്നതിന് യാതൊരു നടപടികളും സ്വീകരിക്കുന്നില്ല.

(D)നിർമ്മാണത്തിലിരിക്കുന്ന ആസ്തി രൂപീകരണ പ്രവൃത്തികളുടെ പാർട്ട് ബിൽ ചെലവുകളാണ് 412100100-Capital Work In Progress ഹെഡ്ഡുകളിൽ ഉൾപ്പെടുത്തേണ്ടത്. എന്നാൽ ഐ.സി.ഡി.എസ് ഓഫീസർ നടപ്പിലാക്കിയ പ്രോജക്ട് നം.11/23-24പ്രകാരം അംഗൻവാടികളുടെ വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ്ജ്, മറ്റ് ചെലവുകൾ എന്നിവക്ക് വേണ്ടി ചെലവഴിച്ച താഴെപ്പറയുന്ന തുകകൾ Capital Work In Progress ഹെഡ്ഡിലാണ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നം. | വൗച്ചർ നമ്പർ, തീയതി | ചെലവഴിച്ച തുക ₹ |
|---|---|---|
| 1 | 22300928, 14.07.2023 | 20,979.00 |
| 2 | 22300937, 21.07.2023 | 11,990.00 |
| 3 | 22300968, 29.09.2023 | 21,573.00 |
| 4 | 22300993, 23.11.2023 | 17,541.00 |
| 5 | 22301028, 22.01.2024 | 18,337.00 |
| 6 | 22301060, 15.03.2024 | 19,104.00 |
| - | ആകെ | 1,09,524.00 |

## 1-1-19 വസ്തു നികുതി ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡിമാന്റ് തുക തൻവർഷ ഇൻകം & എക്സ്പെൻഡിച്ചർ ഷെഡ്യൂൾ (I-1)- തുകയുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-20 പെൻഷൻ ഫണ്ട്-സാധൂകരിക്കുന്ന അനുബന്ധ രേഖകൾ ലഭ്യമാക്കിയിട്ടില്ല

തനത് ഫണ്ടിൽ നിന്നും പെൻഷൻ ഇനത്തിൽ നൽകിയിരിക്കുന്ന തുകകളിൽ തിരികെ ലഭിക്കാൻ അവശേഷിക്കുന്ന തുകകൾ (വർഷം തിരിച്ച്) (431409901 -Other Receivable (Current), 431409902 -Other Receivable (Arrears), സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭക്ക് ലഭിക്കുവാനുള്ള തുക,

നഗരസഭ പെൻഷൻ ഫണ്ടിൽ അടവാക്കാനുമുള്ള തുക എന്നിവയെ സാധൂകരിക്കുന്ന അനുബന്ധ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-2 ബഡ്ജറ്റ്

നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കു വിധേയമായും പ്രാദേശിക സർക്കാർ തങ്ങളുടെ പ്രദേശത്തെ ജനങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി വരുന്ന വരവു ചെലവുകളുടെ എസ്റ്റിമേറ്റാണ് ബഡ്ജറ്റ്. നഗരസഭയുടെ 2023-24 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് 22.03.2023 -ൽ ചേർന്ന കൗൺസിൽ യോഗത്തിന്റെ 1-ാം നമ്പർ തീരുമാന പ്രകാരവും 2023-24 -ലെ പുതുക്കിയ ബഡ്ജറ്റ് 09.02.2024 -ൽ ചേർന്ന കൗൺസിൽ യോഗത്തിന്റെ 1-ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 286 പ്രകാരം സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റുകളും നിർദ്ദേശങ്ങളും പരിഗണിച്ചു കൊണ്ട് ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മിറ്റികൾ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് ബഡ്ജറ്റ് നിർദ്ദേശങ്ങൾ ലഭ്യമാക്കണമെന്നും പ്രസ്തുത നിർദ്ദേശങ്ങളെയും ഈ ആക്റ്റിലെ എല്ലാ ആവശ്യങ്ങളെയും പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി മുനിസിപ്പാലിറ്റിയുടെ വരവു ചെലവുകളുടെ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ എല്ലാ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെ പങ്കാളിത്തം ബഡ്ജറ്റ് രൂപീകരണത്തിൽ ഉണ്ടായിരുന്നില്ല. മുൻവർഷങ്ങളിലെ പോലെ തൻവർഷവും ബഡ്ജറ്റ് പ്രകാരമുള്ള വരവു ചെലവുകൾ വാർഷിക കണക്കു പ്രകാരമുള്ള വരവു ചെലവുകളുമായി വളരെയേറെ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശം ചുവടെ-

| ഇനം | വാർഷിക കണക്കുകൾ പ്രകാരം | ബഡ്ജറ്റ് | ബഡ്ജറ്റ് പരിഷ്കരിച്ചത് |
|---|---|---|---|
| മുന്നിരുപ്പ് | ₹4,09,29,473.26 | ₹10,16,823.00 | ₹0.00 |
| വരവ് | ₹19,98,59,566.00 | ₹53,58,18,400.00 | ₹36,86,49,830.00 |
| ആകെ | ₹24,07,89,039.26 | ₹53,68,35,223.00 | ₹36,86,49,830.00 |
| ചെലവ് | ₹19,25,62,739.00 | ₹53,09,34,287.00 | ₹34,83,30,670.00 |
| നീക്കിയിരുപ്പ് | ₹4,82,26,300.26 | ₹59,00,936.00 | ₹2,03,19,160.00 |

എല്ലാ സ്റ്റാന്റിങ്ങ് കമ്മിറ്റികളും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളും ഓഫീസ് സെക്ഷനുകളും ബഡ്ജറ്റ് രൂപീകരണ പ്രക്രിയയിൽ പങ്കാളികളായി യഥാർത്ഥ കണക്കുകൾ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്കു നൽകേണ്ടതും ഈ കണക്കുകളുടെ അടിസ്ഥാനത്തിൽ ബഡ്ജറ്റ് രൂപീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം

| 2023-24 (റസീപ്റ്റ് & പേയ് മെന്റ് പ്രകാരം) | |
|---|---|
| മുന്നിരിപ്പ് | ₹4,09,29,473.26 |
| വരവ് | ₹19,98,59,566.00 |
| ആകെ | ₹24,07,89,039.26 |
| ചെലവ് | ₹19,25,62,739.00 |
| നീക്കിയിരിപ്പ് | ₹4,82,26,300.26 |

വാർഷിക ധനകാര്യപത്രികയിലെ വരവ് ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് ആധാരമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കണക്കിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗ്രാന്റുകളുടെയും മറ്റും വരവു ചെലവുകൾ തുടർ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം

<table>
<tr><th>ഫണ്ടിനം</th><th>മുൻബാക്കി</th><th>അലോട്ട്മെന്റ് പ്രകാരം വരവ് ₹</th><th>ആകെ ₹</th><th>ചെലവ് ₹</th><th>നീക്കിയിരിപ്പ് ₹</th></tr>
<tr><td>വികസനഫണ്ട് പൊതുവിഭാഗം</td><td>0</td><td>1,66,77,260</td><td>1,66,77,260</td><td>1,09,64,691</td><td>0</td></tr>
<tr><td>വികസനഫണ്ട് എസ്.സി.പി.</td><td>0</td><td>32,30,700 *</td><td>32,30,700</td><td>42,60,723</td><td>0</td></tr>
<tr><td>വികസനഫണ്ട് ടി.എസ്.പി</td><td>0</td><td>-</td><td>-</td><td>-</td><td>0</td></tr>
<tr><td>സംരക്ഷണഗ്രാന്റ് റോഡ്</td><td>0</td><td>1,14,42,000</td><td>1,14,42,000</td><td>35,39,428</td><td>0</td></tr>
<tr><td>സംരക്ഷണഗ്രാന്റ് നോൺറോഡ്</td><td>0</td><td>2,84,75,400</td><td>2,84,75,400</td><td>1,04,84,998</td><td>0</td></tr>
<tr><td>ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) -ജനറൽ</td><td rowspan="4">75,06,925</td><td>-</td><td rowspan="4">2,58,87,803</td><td>-</td><td rowspan="4">1,46,35,916**</td></tr>
<tr><td>ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) -ബാങ്ക്</td><td>1,07,24,900 +5,05,878 (Bank Interest) = 1,12,30,778</td><td>67,24,117</td></tr>
<tr><td>ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) -ജനറൽ</td><td>-</td><td>-</td></tr>
<tr><td>ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) -ബാങ്ക്</td><td>71,50,100</td><td>40,00,016</td></tr>
</table>

* അപാകത സംബന്ധിച്ച വിവരം 1-1-13 (D) -ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**പദ്ധതി വിവരങ്ങളുടെ ചെലവ് കണക്കുകൾ തയ്യാറാക്കുന്ന സുലേഖ സോഫ്റ്റ്‌വെയർ പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിലുള്ള ആകെ ചെലവ് ₹1,07,24,133/- ആണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിലുള്ള ആകെ ചെലവ് ₹1,12,51,887/- ആണ്. ഇവ തമ്മിൽ ₹5,27,754/- യുടെ (1,12,51,887.00-1,07,24,133.00) വ്യത്യാസം വന്നിട്ടുണ്ട്. അപാകതകൾ സംബന്ധിച്ച വിവരം ഖണ്ഡിക 1-1-13(B) -ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബാങ്ക് അക്കൗണ്ടുമായി പൊരുത്തപ്പെടുത്തി കണക്കുകൾ കൃത്യമാക്കേണ്ടതാണ്.

കുറിപ്പ്- മറ്റ് ഗ്രാന്റ് വരവുകൾ രേഖപ്പെടുത്തിയിരിക്കുന്നത് പൊതുവായ ശീർഷകങ്ങളിലാണ്. അതായത് ഒന്നിലധികം പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഒരു ബാധ്യത ശീർഷകത്തിൽ ബാധ്യത വരവായി ബുക്ക് ചെയ്തിട്ടുണ്ട്. ആയതിനാൽ ഓരോ പ്രത്യേകോദ്ദേശ്യ ഗ്രാന്റും ഏതിനത്തിൽ ലഭിച്ചു, അവ നിക്ഷേപിച്ച ബാങ്ക് അക്കൗണ്ട് എന്നിവയും അവയുടെ ചെലവും രേഖപ്പെടുത്തി അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മറ്റ് ഗ്രാന്റുകളുടെ ഓരോന്നിന്റെയും വിനിയോഗ വിവരങ്ങൾ രേഖപ്പെടുത്താൻ സാധിച്ചിട്ടില്ല.

## 1-5 പദ്ധതി അവലോകനം

(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം % |
|---|---|---|---|---|---|---|
| 218 | 237798908.00 | 100 | 44229535.00 | - | 118 | 45.88 |

(ബി) നഗരസഭ 4.8 കോടി രൂപയുടെ ഫണ്ട് പാഴാക്കി.
സുലേഖ പത്രിക പ്രകാരം നിർവഹണോദ്യോഗസ്ഥരുടെ ആകെ ചെലവു വിവരം ചുവടെ-

| ക്രമനം | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2023-24 വർഷത്തിൽ നടപ്പാക്കേണ്ട പ്രോജക്ടുകളുടെ വിവരം | | നടപ്പാക്കിയത്(എണ്ണം) 2023-24 വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം % |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ തുക ₹ | എണ്ണം | ചെലവ് തുക ₹ | |
| 1 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 4 | 2837595.00 | 4 | 2837595.00 | 100 |
| 2 | മെഡിക്കൽഓഫീസർ (ഹോമിയോ) | 2 | 750000.00 | 2 | 721344.00 | 96.18 |
| 3 | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 266666.00 | 0 | 0 | 0 |
| 4 | കൃഷി ഫീൽഡ് ഓഫീസർ | 4 | 2006505.00 | 4 | 1264706.00 | 63.03 |
| 5 | സെക്രട്ടറി, മുനിസിപ്പാലിറ്റി | 37 | 19372923.00 | 21 | 8355371.00 | 43.13 |
| 6 | വെറ്റിനറി സർജൻ | 6 | 782020.00 | 6 | 483850.00 | 61.87 |
| 7 | പ്രോജക്ട് ഓഫീസർ നഗര ദാരിദ്ര്യ ലഘൂകരണ സെൽ | 14 | 13494360.00 | 12 | 7356119.00 | 54.51 |
| 8 | ഹെൽത്ത് ഓഫീസർ | 32 | 21106918.00 | 10 | 4534392.00 | 21.48 |
| 9 | മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ | 9 | 12090875.00 | 8 | 5632793.00 | 46.59 |
| 10 | ഹെഡ് മാസ്റ്റർ, ഗവൺമെന്റ് ഹൈസ്കൂൾ | 6 | 5155000.00 | 1 | 337060.00 | 6.54 |
| 11 | മുനിസിപ്പൽ എഞ്ചിനീയർ | 3 | 10734247.00 | 0 | 0 | 0 |
| 12 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 11 | 5626600.00 | 7 | 4137959.00 | 73.54 |
| 13 | അസിസ്റ്റന്റ് എഞ്ചിനീയർ | 88 | 143575199.00 | 25 | 8571350.00 | 5.97 |
| | ആകെ | 218 | 237798908.00 | 100 | 44229535.00 | 18.6 |

തൻവർഷം 218 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും, ആകെ പൂർത്തീകരിക്കാൻ സാധിച്ചത് 100 എണ്ണം മാത്രമാണ്. അതായത് 45.88%. പൂർത്തീകരിക്കാത്ത പദ്ധതികൾ 118 എണ്ണമാണ്, അതായത് 54.12%. ഇതിൽ ഭൂരിഭാഗം പദ്ധതികളും തന്നെ മരാമത്ത് വേലകൾ ആണെന്നത് ശ്രദ്ധേയമാണ്. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ ശതമാന കണക്കിൽ വിലയിരുത്തിയാൽ ആകെ 13 നിർവ്വഹണ ഉദ്യോഗസ്ഥരിൽ 6 പേർ മാത്രമാണ് വകയിരുത്തിയ തുകയുടെ 50% ന മുകളിൽ പദ്ധതി തുക ചെലവഴിച്ചിരിക്കുന്നത്. നഗരസഭയ്ക്ക് ലഭിച്ച വിവിധ ഗ്രാന്റ് തുകയിൽ 4.8 കോടിയോളം രൂപ നഗരസഭ പാഴാക്കിയിട്ടുണ്ട്. ഏറ്റെടുക്കുന്ന പദ്ധതികൾ അതാതു വർഷം തന്നെ നടപ്പിലാക്കുന്നതിന് വേണ്ട

തുടർനടപടികൾ സ്വീകരിക്കേണ്ടതും, ഏറ്റെടുത്ത പദ്ധതികൾ പൂർണ്ണമായി നടപ്പിലാക്കിയെന്ന് ഉറപ്പാക്കാനുള്ള ബാധ്യത ഭരണസമിതിയിലും നിക്ഷിപ്തമാണ്.

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1,749.51 | 91,52,500.00 Interest-48/- | 91,54,297.51 | 6,00,285.00 | |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | | | 66,32,524.00 | |
| ആകെ | 1,749.51 | 91,52,548.00 | 91,54,297.51 | 72,32,809.00 | 19,21,488.51 (ബാങ്ക് -1,797.51 ട്രഷറി-19,19,691.00) |

പദ്ധതി നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ-

| | | |
|---|---|---|
| തൊഴിൽ കാർഡ് നൽകപ്പെട്ടവർ | പട്ടിക ജാതി വിഭാഗം | 2 |
| | പട്ടിക വർഗ്ഗത്തിൽ പെട്ടവർ | 0 |
| | മറ്റുള്ളവർ | 20 |
| | ആകെ | 22 |
| തൊഴിൽ ആവശ്യപ്പെട്ടവരുടെ എണ്ണം | | 224 |
| തൊഴിൽ നൽകപ്പെട്ടവരുടെ എണ്ണം | | 224 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | പട്ടിക ജാതി | 5038.5 |
| | പട്ടിക വർഗ്ഗം | 0 |
| | മറ്റുള്ളവർ | 13779 |
| | ആകെ | 18817.5 |
| 100-ദിവസം തൊഴിൽ ലഭിച്ചവർ | | 126 |
| സാങ്കേതികാനുമതി ലഭിച്ച ആകെ പ്രവൃത്തികൾ | | 119 |
| പൂർത്തീകരിച്ച പ്രവൃത്തികൾ | | 112 |
| സാമ്പത്തിക വർഷത്തെ ആകെ വരവ് | | ₹91,54,297.51 |
| സാമ്പത്തിക വർഷത്തെ ആകെ ചെലവ് | | ₹72,32,809.00 |
| നീക്കിയിരിപ്പ് | | ₹19,21,488.51 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ-

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | - | - |
| കർഷക തൊഴിലാളി പെൻഷൻ | 9,40,200/- | 81 |
| വിധവാ പെൻഷൻ | 98,66,500/- | 879 |
| വാർദ്ധക്യകാല പെൻഷൻ | 2,16,60,900/- | 1999 |
| വികലാംഗ പെൻഷൻ | 28,08,500/- | 245 |
| 50-വയസിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3,59,800/- | 28 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധന സഹായം | - | 0 |

## 1-8 ക്യാഷ് പരിശോധന

1994 -ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന എല്ലാ മാസവും നഗരസഭയിൽ നടത്തുന്നുണ്ട്. 29.10.2024 -ന് നടത്തിയ പരിശോധനയിൽ നീക്കിയിരിപ്പായ ₹71,206/- കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.06.2016 മുതൽ 02.07.2016 വരെ | 2014-15 & 2015-16 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.02.2020 | 2017-18 & 2018-19 | 20.05.2020 |

## 1-10 ആഭ്യന്തര നിയന്ത്രണം

മികവുറ്റതും ഫലപ്രദവുമായ ആഭ്യന്തര നിയന്ത്രണ സംവിധാനം ഏതൊരു തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെയും അഭിവൃദ്ധിയിൽ നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്. ആയതിനാൽ നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം ചുവടെ ചേർക്കുന്ന മേഖലകളിൽ കാര്യക്ഷമമാക്കേണ്ടതാണ്.

1.ബജറ്റ് എസ്റ്റിമേറ്റ്

നഗരസഭ ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ എല്ലാ സ്റ്റാന്റിങ്ങ് കമ്മിറ്റികളും ഓഫീസ് സെക്ഷനുകളും വേണ്ടത്ര ഇടപെടൽ നടത്തുന്നില്ല. യഥാർത്ഥ കണക്കുകളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കാത്തതിനാൽ വാർഷിക കണക്കിലെ വരവു ചെലവുമായി അന്തരം നില നിൽക്കുന്നു.

2.വാർഷിക ധനകാര്യ പത്രികയുടെ കൃത്യത

മുൻവർഷത്തെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയതിൽ ധാരാളം നെഗറ്റീവ് തുകകളായി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ മുന്നിരിപ്പ് തുകകൾ തൻവർഷത്തെ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. കൃത്യമായ രേഖകൾ അടിസ്ഥാനമാക്കി വാർഷിക ധനകാര്യ പത്രിക കൃത്യവും സൂക്ഷ്മവുമായി തയ്യാറാക്കുന്നതിലേക്ക് കാര്യക്ഷമമായ നിലപാടു കൈക്കൊള്ളേണ്ടതാണ്.

3.നഗരസഭയുടെ അക്കൗണ്ടിങ്ങ് സോഫ്റ്റ് വെയർ സംവിധാനത്തിന്റെ നിർവ്വഹണം

നഗരസഭയുടെ അക്കൗണ്ടിങ്ങ് സോഫ്റ്റ് വെയർ സംവിധാനത്തിന്റെ പ്രവർത്തനങ്ങൾ അപൂർണ്ണമായാണ് നിർവ്വഹിക്കപ്പെട്ടിട്ടുള്ളത്. ബഡ്ജറ്റ് പ്രൊവിഷൻ സാംഖ്യ സോഫ്റ്റ് വെയർ/K-Smart -മുഖേന രേഖപ്പെടുത്താത്ത സാഹചര്യത്തിൽ ബഡ്ജറ്റ് പരിധി പിന്നിടുന്ന ചെലവിനെ തിരിച്ചറിഞ്ഞ് നിയന്ത്രിക്കുന്നതിന് സോഫ്റ്റ് വെയർ സഹായകമാകുന്നില്ല. ഈ സാഹചര്യത്തിൽ ആവർത്തന ചെലവുകളടക്കം തനതു ഫണ്ടിൽ നിന്നുള്ള ചെലവുകളുടെ കണ്ടിജന്റ് ബില്ലുകളിൽ ബഡ്ജറ്റ് പ്രൊവിഷനും അതുവരെ ആ ഇനത്തിലുള്ള ചെലവും രേഖപ്പെടുത്തി നിയന്ത്രിക്കുന്നതിന് സ്ഥാപനം ശ്രദ്ധ ചെലുത്തുന്നില്ല.

4)ഡെപ്പോസിറ്റു തുകകൾക്ക് കൃത്യമായ രേഖകളില്ല

തൻവർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം 10 കോടിയിലധികം രൂപ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അവ സംബന്ധിച്ച് കൃത്യമായ രജിസ്റ്ററുകൾ/രേഖകൾ നഗരസഭ സൂക്ഷിക്കുന്നില്ല. ഡെപ്പോസിറ്റ് സംബന്ധിച്ച കൃത്യമായ രേഖകൾ സൂക്ഷിക്കേണ്ടതാണ്.

5)നികുതി പിരിവ് കാര്യക്ഷമമല്ല.

നികുതി പിരിവിനത്തിൽ 3 കോടിയിലധികം തുക കുടിശ്ശികയായി അവശേഷിക്കുന്നത് നഗരസഭയുടെ തനതു വരുമാനത്തെ കാര്യക്ഷമമായി ബാധിക്കുന്നുണ്ട്. മാത്രമല്ല അനധികൃത കെട്ടിടങ്ങളുടെ നികുതി ഈടാക്കലുകൾ സംബന്ധിച്ച വിവരങ്ങൾ ഡി.സി.ബി. യിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈയിനത്തിൽ 2

കോടിയോളം രൂപ പിരിക്കുവാൻ അവശേഷിക്കുന്നു. നികുതി പിരിവുകൾ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

6)തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്രോതസ്സുകൾ കണ്ടെത്തുന്നില്ല.

തനതു വരുമാനം തുലോം കുറവുള്ള നഗരസഭയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിച്ചു കാണുന്നില്ല. ഇക്കാര്യത്തിൽ നൂതനമായ നടപടികൾ നടപ്പാക്കാവുന്നതാണ്. കൂടാതെ നിലവിലുള്ള തനത് വരുമാനം കുടിശ്ശിക ഇല്ലാതെ പിരിച്ചെടുക്കുന്നതിനും പ്രധാന വരുമാന മാർഗ്ഗമായ ഷോപ്പിംഗ് കോംപ്ലക്സുകൾ, ടൗൺ ഹാൾ എന്നിവ സംരക്ഷിക്കുന്നതിനും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

7)ഫണ്ട് വിനിയോഗം കാര്യക്ഷമമല്ല.

നഗരസഭയ്ക്ക് ലഭിച്ച വിവിധ ഗ്രാന്റുകൾ ₹85713163.00 -യും ചെലവ് ₹39973973.00 യുമാണ്. അംഗീകാരം ലഭിച്ച പദ്ധതികൾ ആകെ 218 -എണ്ണവും നടപ്പാക്കിയത് 100 എണ്ണവുമാണ്. ഫണ്ട് വിനിയോഗം ജനോപകാരമാക്കി പദ്ധതികൾ/പ്രോജക്ടുകൾ നടപ്പാക്കുന്നതിന് കാര്യക്ഷമമായ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണ്.

8)അമൃത് പദ്ധതിയിൽ പുരോഗതി കൈവരിച്ചിട്ടില്ല.

3കോടിയിലധികം രൂപ ചെലവഴിച്ചിട്ടും അമൃത് കുടിവെള്ള പദ്ധതിയിൽ പൈപ്പ് വാങ്ങൽ നടപ്പടിയല്ലാതെ പദ്ധതി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. പദ്ധതികൾ യഥാസമയം കാര്യക്ഷമമായി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

9)ഖരമാലിന്യ സംസ്കരണ പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ചു

ഖരമാലിന്യ സംസ്കരണ പദ്ധതികൾ വലിയ അടങ്കൽ വച്ച് പദ്ധതി അംഗീകാരം നേടുന്നുണ്ടെങ്കിലും പദ്ധതി നടപ്പാക്കുന്നില്ല. ലഭിച്ച സി.എസ്.ആർ. ഫണ്ട് പൂർണ്ണമായും തിരികെ അടച്ച നടപടിയാണ് കാണുന്നത്. ഖരമാലിന്യ സംസ്കരണം ജനോപകാരപ്രദമായി നടപ്പാക്കേണ്ടതാണ്.

10)മരാമത്ത് പ്രവൃത്തികൾ സ്പിൽ ഓവറായി തുടരുന്നു.

മരാമത്ത് പ്രവൃത്തികൾ പ്രോജക്ടിൽ വിഭാവനം ചെയ്തതു പോലെ യഥാസമയം നടപ്പാക്കുന്നതിന് നടപടികൾ നിർദ്ദേശിക്കാവുന്നതാണ്.

11)ലൈസൻസില്ലാതെ ധാരാളം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

നഗരസഭ അതിർത്തിക്കുള്ളിൽ ലൈസൻസില്ലാതെ ധാരാളം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കർശനമായ നടപടികൾ കൈക്കൊള്ളാവുന്നതാണ്.

12)കൗൺസിൽ തീരുമാനങ്ങൾ പ്രാവർത്തികമാക്കുന്നതിനു സ്വീകരിച്ച തുടർ നടപടികൾ നിരീക്ഷണ വിധേയമാക്കുന്നില്ല.

കൗൺസിൽ തീരുമാനങ്ങൾ പ്രാവർത്തികമാക്കുന്നതിനു സ്വീകരിച്ച തുടർ നടപടികൾ നിരീക്ഷണ വിധേയമാക്കുന്നില്ല. ആയതിനാൽ പല തീരുമാനങ്ങളും നടപടിയാകാതെ അവശേഷിക്കുന്നു.

13)ഓഡിറ്റ് എൻക്വയറികൾക്ക് യഥാസമയം മറുപടി ലഭ്യമാക്കുന്നില്ല.

ഓഡിറ്റ് എൻക്വയറികൾക്ക് യഥാസമയം മറുപടി നൽകുന്നതിൽ നഗരസഭ ശ്രദ്ധ കാണിക്കുന്നില്ല. 2023-24 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി നൽകിയ 84 -അന്വേഷണകുറിപ്പുകൾ നൽകിയതിൽ 54 എണ്ണത്തിനു മാത്രമാണ് നഗരസഭ മറുപടി നൽകിയത്.

14)ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ സമയ ബന്ധിതമായി തുടർ നടപടികൾ സ്വീകരിക്കുന്നില്ല.

നഗരസഭയുടെ 1997-98 മുതൽ 2022-23 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ ഉചിതമായ പരിഹാര നടപടികൾ സ്വീകരിക്കാത്തതിനാൽ തീർപ്പാകാതെ അവശേഷിക്കുന്നുണ്ട്. നിയമം/ചട്ടം അനുശാസിക്കുന്ന വിധം യഥാസമയം പ്രഥമ മറുപടി സമർപ്പിക്കുകയും മുൻവർഷങ്ങളിലെ തീർപ്പാക്കാനുള്ള പരാമർശങ്ങൾ തീർപ്പാക്കുകയും ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

പോരായ്മകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 ടാക്സ് ഓഡിറ്റ് വിവരശേഖരണം

കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന വിഹിതങ്ങളും ധനസഹായങ്ങളും നികുതി നികുതിയേതര തനതു സ്രോതസ്സുകളുമാണ് നഗരസഭകളുടെ വരുമാന മാർഗ്ഗങ്ങൾ. സംസ്ഥാന നിയമനിർമ്മാണ സഭകൾ നിയമം വഴി നിർദ്ദേശിക്കുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളും ചുമത്തുന്നതിനും വസൂലാക്കുന്നതിനും വിനിയോഗിക്കുന്നതിനും ഭരണഘടനയുടെ ആർട്ടിക്കിൾ 243(X) പ്രകാരം നഗരസഭകൾക്ക് അധികാരമുണ്ട്. അതു പ്രകാരം വസൂലാക്കപ്പെടുന്ന നികുതികളും, തീരുവകളും, ചുങ്കങ്ങളും, ഫീസുകളുമാണ് നഗരസഭകളുടെ പ്രധാന തനതു വരുമാന സ്രോതസ്സുകൾ. മേൽപറഞ്ഞവയിൽ വസ്തുനികുതി, തൊഴിൽനികുതി, വാടക എന്നിവയാണ് നഗരസഭയുടെ പ്രധാന വരുമാന സ്രോതസ്സുകൾ.

<u>വരവിനങ്ങളുടെ പിരിവ്</u>

2023-24 വാർഷിക ബജറ്റും, 2023-24 വാർഷിക ധനകാര്യ പത്രികയും താരതമ്യം ചെയ്യുമ്പോൾ വരവിനങ്ങളുടെ പിരിവിലുണ്ടായ അന്തരം ചുവടെ-

| ഇനം | A<br>ബജറ്റ് പ്രകാരം<br>₹ | B<br>വാർഷിക കണക്ക് പ്രകാരമുള്ള വരവ്<br>₹ | A-B<br>ബജറ്റും വരവും തമ്മിലുള്ള വ്യത്യാസം<br>₹ |
|---|---|---|---|
| വസ്തു നികുതി | 35264000.00 | 31176023.00 | 4087977.00 |
| തൊഴിൽ നികുതി (സ്ഥാപനങ്ങൾ) | 3700000.00 | 3022798.00 | 677202.00 |
| തൊഴിൽ നികുതി (ജീവനക്കാർ) | 10000000.00 | 9135392.00 | 864608.00 |
| വിനോദ നികുതി | 3500000.00 | 4205965.00 | -705965.00 |
| Rental Income | 24263000.00 | 25584119.00 | -1321119.00 |
| Fee & User Charges | 19777700.00 | 18819744.00 | 957956.00 |
| Sale & Hire Charges | 1205000.00 | 1056810.00 | 148190.00 |
| Interest Earned | 550000.00 | 991210.00 | -441210.00 |
| Other Income | 95000.00 | 191760.00 | -96760.00 |
| ആകെ | 98354700.00 | 94183821.00 | - |

<u>1.വസ്തുനികുതി</u>

2023-24 -ലെ വാർഷിക ബജറ്റിലെ പ്രതീക്ഷിത വസ്തു നികുതി വരുമാനത്തിൽ നിന്നും 40 -ലക്ഷത്തോളം രൂപയുടെ കുറവ് ധനകാര്യപത്രിക പ്രകാരം ഉണ്ടായിട്ടുണ്ട്. കുടിശ്ശിക പിരിവിനായി ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ക്യാമ്പ് കളക്ഷൻ നടത്തി വരുന്നതായും വസ്തു നികുതി പിഴപ്പലിശ ഒഴിവാക്കി വരുന്ന സമയത്ത് മൈക്ക് അനൗൺസ്മെന്റ് നടത്തുന്നതായും നഗരസഭ അറിയിച്ചിട്ടുണ്ട്.

<u>വസ്തുനികുതി പരിഷ്കരണ നടപടികളിൽ കാലതാമസം</u>

സ.ഉ.കൈ.നം.77/2023/LSGD, തീ. 22.03.2023, സ.ഉ. അച്ചടി ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 തീയതി പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള നിർദ്ദേശങ്ങളും അവയുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും ഉൾപ്പെടുത്തി സർക്കാർ ഉത്തരവിറക്കിയിരുന്നു. നഗരസഭാ കൗൺസിൽ 25.05.2023 -ലെ യോഗത്തിൽ പ്രസ്തുത ഉത്തരവുകൾ പ്രകാരമുള്ള പുതുക്കിയ നിരക്കുകൾ അംഗീകരിച്ചിരുന്നു. എന്നാൽ 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിച്ചിട്ടുള്ളതായി അന്തിമ വിജ്ഞാപനം (നം. ആർ 2-4376/2023) ഇറക്കിയത് 30.09.2023 -നു മാത്രമാണ്. നിരക്കുകൾ അന്തിമമാക്കി വിജ്ഞാപനം ചെയ്യുന്നതിലുണ്ടായിട്ടുള്ള കാലതാമസം തുടർ നടപടികൾ സമയബന്ധിതമായി കൈക്കൊള്ളുന്നതിനേയും ബാധിച്ചിട്ടുണ്ട്.

<u>പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയിട്ടില്ല.</u>

രണ്ട് നിലകൾ വരെയുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളും, 50 ചതുരശ്രമീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങളും, മതപരമായ കെട്ടിടങ്ങളും, ഗ്രൂപ്പ് ജി 1, ജി 2, ഐ എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങളും ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ നിർബന്ധമായും പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തേണ്ടതാണെന്ന് 2019 -ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21(1) -ൽ വ്യക്തമാക്കിയിട്ടുണ്ട്. പിന്നീട് രണ്ട് വർഷത്തിന് ശേഷം

എപ്പോൾ വേണമെങ്കിലും പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്താമെന്ന് മേൽ ചട്ടത്തിലെ ചട്ടം 21(2) -ലും വ്യക്തമാക്കിയിട്ടുണ്ട്. ചട്ടപ്രകാരം പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയാൽ നികുതി നിർണ്ണയത്തിന് ശേഷം നടന്നിരിക്കാൻ സാധ്യതയുള്ള കൂട്ടിച്ചേർക്കലുകൾ, ഉപയോഗക്രമ മാറ്റം തുടങ്ങിയവയൊക്കെ കണ്ടെത്താൻ സാധിക്കുന്നതും ആയതിനനുസരിച്ച് നികുതി പുനർനിർണ്ണയം നടത്താൻ സാധിക്കുന്നതുമാണ്. എന്നാൽ നഗരസഭയിൽ ഇത്തരത്തിൽ പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തുന്നതായി കാണുന്നില്ല.

2. തൊഴിൽ നികുതി

നഗരസഭയുടെ പ്രധാന വരുമാന മാർഗ്ഗങ്ങളിൽ ഒന്നാണ് തൊഴിൽ നികുതി. ട്രേഡേഴ്സ് ലിസ്റ്റ് കൃത്യമായി സൂക്ഷിക്കാത്തതിനാൽ നഗരസഭാ പരിധിക്കുള്ളിലെ എല്ലാ സ്ഥാപനങ്ങളുടേയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യപ്പെടുന്നില്ല. ഇത് നഗരസഭാ വരുമാനത്തിൽ സാരമായ കുറവ് വരുന്നതിനു കാരണമാകുന്നു. മുൻ വർഷങ്ങളിലെ റിപ്പോർട്ടുകളിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ലാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ ലിസ്റ്റ് ചെയ്തിട്ടുണ്ട്. കൂടാതെ സ്ഥാപന തൊഴിൽ നികുതി അടവാക്കുന്ന നിരവധി സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 254 -പ്രകാരം സ്ഥാപന മേധാവികൾ സമർപ്പിക്കേണ്ട ജീവനക്കാരുടെ വിവരങ്ങൾ അടങ്ങിയ പത്രിക എല്ലാ സ്ഥാപനങ്ങളും സമർപ്പിക്കുന്നില്ല. എന്നാൽ ഇത്തരത്തിലുള്ള സ്ഥാപനങ്ങളുടെമേൽ നഗരസഭ നടപടികൾ സ്വീകരിക്കുന്നില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.നിലവിലുള്ള കെട്ടിടങ്ങളുടെ വിവര ശേഖരണം പൂർത്തീകരിച്ച് ആയതിന് അനുസൃതമായി വസ്തുനികുതി പരിഷ്കരിക്കേണ്ടതാണ്.

2.സർക്കാർ നിർദ്ദേശിച്ചതു പ്രകാരം 01.04.2023 പ്രാബല്യത്തിൽ നികുതി പരിഷ്കരിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതും പുതുക്കിയ നികുതി നിരക്കുകൾ, മേഖലകൾ, റോഡുകൾ എന്നിവ സംബന്ധിച്ച മാറ്റങ്ങൾ അടിയന്തിരമായി സോഫ്റ്റ് വെയറിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.

3.01.04.2023 -ന് ശേഷം നികുതി നിർണ്ണയിച്ച് നൽകിയ കെട്ടിടങ്ങളുടെയെല്ലാം നികുതി പുതുക്കിയ നിരക്കിലും, പുതുക്കിയ ഇളവ്-വർദ്ധനവ് മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തിയും പുനർ നിർണ്ണയിക്കേണ്ടതാണ്.

4.നികുതി ചുമത്തപ്പെട്ടശേഷം കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകൾ, പരിവർത്തനങ്ങൾ, ഉപയോഗക്രമം മാറ്റൽ എന്നിവ നടന്നിട്ടുണ്ടോ എന്നും, നഗരസഭയുടെ അനുമതിയില്ലാതെ കെട്ടിടം നിർമ്മിച്ച് നികുതി അടയ്ക്കാതെ ഒഴിവായി കിടക്കുന്നുണ്ടോ എന്ന് കൃത്യമായി ഫീൽഡ് പരിശോധന നടത്തിയും, പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയും നഗരസഭയിലെ മുഴുവൻ കെട്ടിടങ്ങളെയും നികുതി പരിധിയിൽ കൊണ്ടുവരാനുള്ള ഊർജ്ജിത യജ്ഞം നടത്തേണ്ടതാണ്. നിലവിലുള്ള വസ്തുനികുതി ഡിമാന്റിന്റെ നൂറ് ശതമാനം പിരിവ് ഉറപ്പു വരുത്തുന്നതോടൊപ്പം തന്നെ നിലവിലുള്ള കെട്ടിടങ്ങളിൽ നൂറ് ശതമാനവും ഡിമാന്റിൽ ഉൾപ്പെടുത്തുക എന്നതിനും നഗരസഭ അടിയന്തിര പ്രാധാന്യം നൽകേണ്ടതാണ്.

5.വസ്തുനികുതി പിരിവ് കുറ്റമറ്റതാക്കുന്നതോടൊപ്പം തന്നെ വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ട്രേഡ് ലൈസൻസ് എടുക്കുന്നുണ്ട് എന്നും തൊഴിൽ നികുതി പരിധിയിൽ വരുന്നുണ്ട് എന്ന് നഗരസഭ ഉറപ്പ് വരുത്തേണ്ടതാണ്. ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

6.വാർഡ് അടിസ്ഥാനത്തിലുള്ള ട്രൈഡേഴ്സ് ലിസ്റ്റ് കൃത്യമായി തയ്യാറാക്കി സ്ഥാപന തൊഴിൽ നികുതി യഥാസമയം ഡിമാന്റ് ചെയ്യേണ്ടതും, ജീവനക്കാരുടെ തൊഴിൽ നികുതി സംബന്ധിച്ച തൊഴിലുടമ സമർപ്പിക്കേണ്ട പ്രസ്താവന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായി എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-12 വരവിനങ്ങളുടെ കുടിശ്ശിക തുകകളിൽ അവ്യക്തത - കണക്കുകൾ വ്യക്തമാക്കേണ്ടതാണ്.

A) തൻവർഷത്തെ കുടിശ്ശിക കണക്കുകളുടെ അപാകത

നഗരസഭയ്ക്ക് തൻവർഷം വരവിനങ്ങളിൽ ലഭിക്കേണ്ട തുക, ലഭിച്ച തുക, കുടിശ്ശികയായി അവശേഷിക്കുന്ന തുക എന്നിവയുടെ കണക്കുകളിൽ കൃത്യതയില്ല. ഇൻകം & എക്സ്പെൻറിച്ചർ പ്രകാരമുള്ള ഡിമാന്റും രസീപ്റ്റ് & പേമെന്റ് പ്രകാരം ലഭിച്ച തുകയും തമ്മിലുള്ള വ്യത്യാസമല്ല B-15 ഷെഡ്യൂൾ പ്രകാരം പിരിച്ചെടുക്കുന്നതിനായി അവശേഷിക്കുന്നത്. നഗരസഭയുടെ 2023-24 വർഷത്തെ മാത്രം വരവിനങ്ങളുടെ കുടിശ്ശിക പിരിവായി ചേർത്തിരിക്കുന്ന കണക്കുകളിലെ വ്യത്യാസം ചുവടെ ചേർക്കുന്നു.

| കോഡ് നമ്പർ | ഇനം | 2023-24 I&E പ്രകാരം (₹) | 2023-24 R&P പ്രകാരം കളക്ട് ചെയ്തത് (₹) | പിരിക്കാൻ അവശേഷിക്കുന്നത് (₹) | B-15 ഷെഡ്യൂളിൽ ചേർത്തിരിക്കുന്നത് (₹) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 431100100 | Receivable For Property Taxes (Current) | 80712055 | 24463918 | 56248137 | 13806082 |
| 431100101 | Receivable For Profession Tax Institutions / Proffessionals/Traders (Current) | 8286354 | 2687976 | 5598378 | 1207964 |
| 431300201 | Receivable For License Fees (Current) | 8291025 | 2061210 | 6229815 | 253566 |
| 431400101 | Rent Receivable From Civic Amenities (Current) | 46248908 | 20739334 | 25509574 | 3562598 |

ഇത്തരത്തിൽ നഗരസഭയുടെ നികുതി, വാടക, വരവ് യഥാസമയം ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നും, മുൻ വർഷത്തെ കുടിശ്ശിക തുക കൃത്യമല്ലാത്തതിനാൽ തൻവർഷം ചേർത്തിട്ടുള്ള കുടിശ്ശിക തുകയുടെ കൃത്യത വ്യക്തമാക്കേണ്ടതാണെന്നും അറിയിച്ച് 01.10.2024 -ന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 9.2 -ന്, 10.12.2024 -ന് നൽകിയ മറുപടിയിൽ 2023-24 സാമ്പത്തിക വർഷം ഏപ്രിൽ മുതൽ ജൂൺ വരെ സഞ്ചയ സോഫ്റ്റ് വെയറിൽ അപ്ഡേഷൻ ആയിരുന്നതിനാൽ ടി പോർട്ടൽ ലഭ്യമായിരുന്നില്ലായെന്നും, 2024 ജനവരി 1 -മുതലാണ് നഗരസഭയിൽ കെ-സ്മാർട്ട് നിലവിൽ വന്നതെന്നും, കൂടാതെ ജനവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലാണ് നഗരസഭകളിൽ ഏറ്റവും കൂടുതൽ വരവ് ലഭിച്ചിട്ടുള്ളതെന്നും, കെ-സ്മാർട്ട് നിലവിൽ വന്ന ഈ സമയത്ത് നിരവധി സാങ്കേതിക പ്രശ്നങ്ങൾ നികുതി പിരിവിന് തടസ്സമായി ഉണ്ടായിരുന്നതായും, കൂടാതെ താഴെ ഉൾപ്പെടുത്തിയിരിക്കുന്ന കാരണങ്ങളും നികുതി പിരിവിനെ ബാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

**എ.**രസീത് ബുക്ക് ഉപയോഗിച്ച് ടാക്സ് കളക്ട് ചെയ്യുന്നത് നിർത്തലാക്കിയതിനാൽ നേരിട്ട് ടാക്സ് എടുക്കുവാൻ ബിൽ കളക്ടർമാർക്ക് സാധിച്ചിരുന്നില്ല.

**ബി.**ഇ-പോസ് മെഷീൻ ഉപയോഗിച്ച് കളക്ഷൻ എടുക്കുമ്പോൾ ഡിമാന്റ് നോട്ടീസ്, കളക്ഷൻ ഹിസ്റ്ററി എന്നിവയിൽ 'Error' കാണിക്കുന്നതിനാൽ ടി സമയത്ത് ഫീൽഡിൽ പോയി കളക്ഷൻ എടുക്കുന്നതിന് സാധിക്കുമായിരുന്നില്ല.

**സി.**സഞ്ചയയിൽ നിന്നും കെ-സ്മാർട്ടിലേക്ക് ഡാറ്റ പോർട്ടൽ ചെയ്തപ്പോൾ ഡിമാന്റ് വരാതിരുന്നതിനാലും കെട്ടിടങ്ങളുടെ അസ്സസ്മെന്റ് തെറ്റായിട്ട് വന്നതിനാലും കളക്ഷൻ എടുക്കുവാൻ സാധിച്ചിരുന്നില്ല. മേൽ കാരണങ്ങളാലാണ് കളക്ഷൻ കുറഞ്ഞ് പോയിട്ടുള്ളതെന്നും, നിലവിൽ കുടിശ്ശികയായിട്ടുള്ള കെട്ടിടങ്ങൾക്ക് നോട്ടീസ് നൽകി പോരുന്നതും നിശ്ചിത സമയത്തിനുള്ളിൽ അടയ്ക്കാത്ത കെട്ടിടങ്ങളുടെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് വരുന്നതുമാണെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ 2023-24 ലെ കുടിശിക വിവരങ്ങൾ കെ-സ്മാർട്ടിൽ ലഭ്യമാക്കി തുടങ്ങിയത് 2024 സെപ്റ്റംബർ മാസം മുതലാണെന്നും ആയതിനാലാണ് കുടിശിക തുക കൃത്യമല്ലാതിരുന്നതെന്നും അറിയിച്ചിട്ടുണ്ട്.

(B) മുൻ വർഷത്തെ കുടിശ്ശിക കണക്കുകളിലെ അപാകത

നഗരസഭയുടെ വാർഷിക ധനകാര്യപത്രിക 2022-23, ബാലൻസ്ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം തനത് വരുമാനത്തിന്റെ കുടിശ്ശിക പിരിക്കാനുള്ളതായി ചേർത്തിരിക്കുന്ന തുകകളും വാർഷിക ധനകാര്യപത്രിക 2023-24 വർഷം RP-37 പ്രകാരം കുടിശ്ശിക പിരിച്ചതും തമ്മിൽ വലിയ അന്തരം കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| നം | വരവ് ഇനം | AFS 2022-23 പ്രകാരം വരവ് കുടിശ്ശിക തുകകൾ | | | AFS 2023-24 പ്രകാരം കുടിശ്ശിക പിരിവ് നടത്തിയത് | |
|---|---|---|---|---|---|---|
| | | B-15 (Current) (₹) | B-15 (Arrear) (₹) | Total (₹) | RP-37 (Arrear) (₹) | B-15 (Arrear) (₹) |
| 1 | Receivables For Property Tax | (21351517) | (7031903) | (28383420) അതായത് | 6712105 | 7346530 |

| | | | | | | |
|---|---|---|---|---|---|---|
| | | | | (-)28383420 | | |
| 2 | Receivables For Proffessiontax Institution/Proffessionals/Traders | (2357691) | (406003) | (2763694) | 334822 | 1291898 |
| 3 | Receivables For Advertisement Tax | - | 5000 | 5000 | - | 5000 |
| 4 | Receivables For License Fees | (793955) | (2889) | (796844) | 49710 | 225425 |
| 5 | Receivables For Other Fees | - | (845795) | (845795) | - | 845795 |
| 6 | Rent Receivable From Civic Aminities | (16606583) | (1919464) | (18526047) | 2657594 | 311535 |
| 7 | Rent Receivable From Guest House | (170500) | - | (170500) | 144775 | - |
| 8 | Rent Receivable From Lease On Lands | 88888 | 1406079 | 1494967 | 5142 | 1400937 |
| 9 | Rent Receivable From Buildings | - | (344000) | (344000) | - | - |

2022-23, 2023-24 വർഷങ്ങളിലെ വാർഷിക ധനകാര്യ പത്രികകളിലെ വരവ് ഇനങ്ങളിലെ കുടിശ്ശിക തുകകൾ തമ്മിൽ യാതൊരു വിധത്തിലും പൊരുത്തപ്പെടുന്നില്ല. തുകകളിൽ കാണിച്ചിക്കുന്ന വൻ വ്യതിയാനം, അതായത് കുടിശ്ശിക തുക മൈനസ് ഫണ്ടായി ചേർത്തിരിക്കുന്നതിനാൽ അധിക കുടിശ്ശിക വരവ് ലഭിച്ചിട്ടുള്ളതായി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയതിന്റെ നിജസ്ഥിതി സംബന്ധിച്ച വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 01.10.2024 ന് നൽകിയ എൻക്വയറി 9.1 ന് നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13 മൊബൈൽ ടവറുകളുടെ വസ്തു നികുതി ₹1078938.00 ഈടാക്കിയിട്ടില്ല

സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ 11 മൊബൈൽ ടവറുകളാണ് നഗരസഭ പരിധിക്കുള്ളിൽ പ്രവർത്തിച്ച് വരുന്നത്. എന്നാൽ ഇതിൽ 8 ടവറുകളിൽ നിന്നായി ₹1078938/- വസ്തുനികുതി ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. പ്രസ്തുത നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് നഗരസഭ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അതു സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് 27.09.2024 -ന് നൽകിയ ഓഡിറ്റ് എൻക്വയറിനം.8 ന് 15.11.2024 -ൽ ലഭ്യമാക്കിയ മറുപടിയിൽ, എല്ലാ ടവറുകൾക്കും 31.08.2024 -ൽ നോട്ടീസ് അയച്ചു നൽകിയിട്ടുള്ളതാണെങ്കിലും ATC Telecom, Tata Teleservices, India Telecom, Reliance Infocom Ltd, M/S India Telecom എന്നിവയുടെ നോട്ടീസുകൾ Address Not Found എന്ന് കാണിച്ച് നോട്ടീസ് മടങ്ങിവന്നിട്ടുള്ളതാണെന്നും വ്യക്തമാക്കുന്നു. മറുപടിയുടെ വിശദാംശങ്ങൾ ചുവടെ-

| നം | ഡോർ നം. | ഉടമയുടെ പേര്, വിലാസം | വസ്തു നികുതി അടവാക്കാൻ അവശേഷിക്കുന്ന വർഷങ്ങൾ | അടവാക്കേണ്ട ആകെ തുക (₹) | മറുപടി |
|---|---|---|---|---|---|
| 1 | 21/572 | M/S Reliance Infocom Ltd | 2013-14 മുതൽ 2023-24 വരെ | 135290.00 | 9/8/2024-ന് നോട്ടീസ് നൽകിയിട്ടുള്ളതും ടി കമ്പനി പാപ്പരത്വ നടപടി സ്വീകരിച്ചിട്ടുള്ളതാണെന്നും Reliance Infocom Ltd കമ്പനി 22.12.2012 തീയതി മുതൽ APPSML -ൽ ലയിച്ചിട്ടുള്ളതാണെന്നും ഡിമാന്റ് നോട്ടീസ് 22.12.2022 മുതൽ നൽകണമെന്നും |

| | | | | | |
|---|---|---|---|---|---|
| | | | | | ആവശ്യപ്പെട്ട് ടി-കമ്പനിയിൽ നിന്നും മറുപടി ലഭ്യമായിട്ടുള്ളതാണ്. |
| 2 | 21/630 | The Manager TATA Tele Service Ltd | 2013-14 മുതൽ 2023-24 വരെ | 156516.00 | ആദ്യം നൽകിയ നോട്ടീസ് മടങ്ങി വന്നിട്ടുള്ളതും ടി കമ്പനി ATC Telecom ഏറ്റെടുത്തിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടുള്ളതാണ്. ആയതിനാൽ ATC Telecom-ന് നോട്ടീസ് നൽകിയിട്ടുള്ളതാണ്. |
| 3 | 21/1944 | The Manager IdeaCellular Ltd Suman Tower | 2016-17 മുതൽ 2023-24 വരെ | 138863.00 | ടീ ടവറുകൾ Indus Tower ഏറ്റെടുത്തിട്ടുള്ളതായി തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ നിന്നും അറിയിച്ചിട്ടുള്ളതും ടി ഓഫീസിൽ നിന്നും ലഭ്യമായ ഇൻഡസ് ടവർ ഏറ്റെടുത്ത ടവറുകളുടെ ലിസ്റ്റിൽ പെരുമ്പാവൂർ നഗരസഭ ഉൾപ്പെടാത്തതിനാലും ഇൻഡസ് ടവർ കമ്പനി ജമമാറ്റത്തിന് അപേക്ഷ സമർപ്പിക്കാത്തതിനാലും ടി വിഷയത്തിൽ സ്പഷ്ടീകരണത്തിനായി തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ ഓഫീസിലേക്ക് കത്ത് നൽകിയിട്ടുള്ളതാണ്. |
| 4 | 19/328/A | Bharati Airtel Ltd Vankarathu Tower | 2016-17 മുതൽ 2023-24 വരെ | 290862.00 | ,, |
| 5 | 8/209/A | ATC Telecom Infrast Ructure Pvt. Ltd J Co. Chambers, 2nd Floor | 2017-18 മുതൽ 2023-24 വരെ | 281977.00 | നോട്ടീസ് നൽകിയിട്ടുള്ളതാണ് |
| 6 | 8/613/A | Indus Towers Ltd 6th Floor Vankaratha Tower | ഡിമാന്റ് വിവരങ്ങൾ ലഭ്യമല്ല | | 8/613A UA കെട്ടിടമാണ്. ആയതിന്റെ ഡിമാന്റ് കറക്റ്റ് ചെയ്തിട്ടുള്ളതാണ്. ഇൻഡസ് ടവർ സ്ഥിതി ചെയ്യുന്ന ബിൽഡിംഗ് ആണ് നിലവിൽ ടി-ടവറുമായി ബന്ധപ്പെട്ട് കേസ് നിലവിൽ ഉള്ളതിനാലാണ് ടി-ടവറിന്റെ വസ്തു നികുതി ഒടുക്കാത്തത്. ഇൻഡസ് ടവർ ലി.മി. ന്റെ പേരിലുള്ള മറ്റ് ടവറുകളുടെ നികുതി 2024-25 സാമ്പത്തിക വർഷം വരെ ഒടുക്കിയിട്ടുണ്ട്. |
| 7 | 13/144 | Divisional Engineer Office Of The Divisional Engineer (BSSII), | 2013-14 മുതൽ 2023-24 വരെ | 48332.00 | 13/144 BSNL Tower-ന്റെ വസ്തു നികുതി ഒടുക്കുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളതും വസ്തു നികുതി ഒടുക്കുന്നതിന് അക്കൗണ്ട് നമ്പർ ആവശ്യപ്പെട്ടിട്ടുള്ളതും |

| | | | | | |
|---|---|---|---|---|---|
| | | Impcs, 3rd Floor, Telephone Exchange | | | ആയത് പ്രകാരം നൽകിയിട്ടുള്ളതുമാണ്. |
| 8 | 19/490/B | M/S India Telecom Infea Ltd | 2023-24 | 27098.00 | നോട്ടീസ് നൽകിയിട്ടുള്ളതാണ് |

വസ്തു നികുതിയിനത്തിൽ ലഭിക്കേണ്ട മേൽ തുകകൾ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേ ണ്ടതാണ്.

## 1-14 അനധികൃത കെട്ടിടങ്ങളുടെ(Unauthorized Building)ക്രമവത്കരണം

ഏതെങ്കിലും കെട്ടിടത്തിന്റെ നിർമ്മാണമോ പുനർ നിർമ്മാണമോ അല്ലെങ്കിൽ മാറ്റം വരുത്തലോ കേരള മുനിസിപ്പാലിറ്റി ആക്റ്റിനേയോ അതിൻകീഴിലുണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങളേയോ സർക്കാരോ സെക്രട്ടറിയോ നിയമാനുസൃതം നൽകിയ നിർദ്ദേശത്തേയോ ലംഘിച്ചുകൊണ്ടാണ് നടത്തിയതെങ്കിൽ അത്തരം കെട്ടിടങ്ങളെ അനധികൃത കെട്ടിടങ്ങളായി കണക്കാക്കുന്നു.

10.05.2023 -ലെ നഗരസഭ ഭരണ സമിതി യോഗം 16-ാം നമ്പർ തീരുമാനപ്രകാരം നഗരസഭാ പരിധിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന 180 ഓളം അനധികൃത കെട്ടിടങ്ങൾക്കെതിരെ നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ചുവടെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 08.10.2024 -ൽ നൽകിയ എൻക്വയറി നം. 17 ന് നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. എൻക്വയറി പ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം നഗരസഭയുടെ 27 വാർഡുകളിലായി 62 കെട്ടിടങ്ങൾ മാത്രമാണ് അൺഓതറൈസ്ഡ് ആയി രേഖപ്പെടുത്തി പ്രത്യേകം കെട്ടിട നമ്പർ നൽകി വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത്. മേൽ വിവരിച്ചിരിക്കുന്ന കൗൺസിൽ തീരുമാനത്തിൽ 180 ഓളം അനധികൃത കെട്ടിടങ്ങൾ ഉണ്ടെന്ന് പരാമർശിച്ചിരിക്കുന്നു. സഞ്ചയയിൽ ഉൾക്കൊള്ളിക്കാത്ത അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.
2. സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയ അനധികൃത കെട്ടിടങ്ങൾക്ക് കെട്ടിട നികുതി ഈടാക്കിയോ എന്ന് വ്യക്തമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നം | വാർഡ് നം | കെട്ടിട ഉടമയുടെ പേര് | കെട്ടിടത്തിന്റെ പ്രത്യേക നം | ഉപയോഗ ക്രമം | കാലപ്പഴക്കം (വർഷം) | കെട്ടിടത്തിന് ചുമത്തിയ വസ്തു നികുതി (₹) | ആകെ അടവാക്കേണ്ട വസ്തു നികുതി (₹) |
|---|---|---|---|---|---|---|---|
| 1 | 2 | മുജീബ് പി.എം | UA 8 /A (2012) | പാർപ്പിടാവശ്യം | 5 | 765 | 3825 |
| 2 | 6 | ടി.വി ഗിരീഷ് | UA1/2016 (2015) | അസംബ്ലി കെട്ടിടം | 2 | 52890 | 105780 |
| 3 | 7 | ഇ കെ കെ മുഹമ്മദ് | UA1/2022 (UA)2021) | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | 1 | 183072 | 183072 |
| 4 | 7 | റ്റി.വി ദിവാകരൻ | UA2/2022 UA(2006) | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | 1 | 170268 | 170268 |
| 5 | 7 | കെ കെ സെബാസ്റ്റ്യൻ | UA3/2022 (UA)(2021) | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | 1 | 101907 | 101907 |
| 6 | 7 | പ്രസിഡന്റ്, ബ്രാഹ്മണ സമുദായം | UA97/A (UA)(2016) | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | 3 | 73422 | 220266 |
| 7 | 8 | പോൾ | UA1/2017 (2013) | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | 3 | 79563 | 238689 |
| 8 | 8 | നിബു വർഗ്ഗീസ് | UA219/A (UA)(2019) | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | 1 | 102450 | 102450 |
| 9 | 9 | മേരി പത്രോസ് | UA2/2016 (2011) | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | 1 | 144720 | 144720 |
| 10 | 9 | ബിന്ദു കുര്യാക്കോസ് | UA3/2016 (2016) | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | 1 | 133215 | 133215 |
| 11 | 9 | വി. മത്തായി | UA270/UA/2/2023(2018) | പാർപ്പിടാവശ്യം | 5 | 3237 | 16185 |
| 12 | 9 | വി. മത്തായി | UA270/ UA/1/2023 (2018) | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | 5 | 9990 | 49950 |
| 13 | 11 | പ്രസിഡന്റ്, റോട്ടറി ക്ലബ് | UA1/2016 (2013) | അസംബ്ലി കെട്ടിടം | 1 | 88425 | 88425 |
| 14 | 13 | രാജു ചെമ്മനം | UA214/A(UA) (2021) | ഇതര വ്യവസായം | 1 | 33273 | 33273 |
| 15 | 14 | ലൈജു വർഗ്ഗീസ് | UA114/UA/1/2022(2019) | പാർപ്പിടാവശ്യം | 1 | 4074 | 4074 |

| | | | | | | | |
|---|---|---|---|---|---|---|---|
| 16 | 15 | വി.സി ജോയ് | UA1/UA/ 2016 (2012) | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | 12 | 75969 | 911628 |
| 17 | 16 | മദുസൂതനൻ കർത്ത | UA2/2016 (2015) | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | 1 | 130698 | 130698 |
| 18 | 16 | എം.റ്റി.വർക്കി | UA4/2016 (2015) | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | 1 | 334695 | 334695 |
| 19 | 16 | സുഹറ മക്കാർ, ഡോ. വി.എം. മുസ്തഫ ബൈജു, സെബി ബൈജു, ഡോ. നാദിർഷാ, ലൈജു നാദിർഷാ | UA5/2016 (2013) | ആശുപത്രികൾ | 1 | 104811 | 104811 |
| 20 | 16 | കുഞ്ഞുമുഹമ്മദ് | UA7/2016 (2014) | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | 4 | 64629 | 258516 |
| 21 | 16 | കെ.എസ്. പരീദ് | UA8/2016 (2014) | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | 3 | 130050 | 390150 |
| 22 | 16 | വി.ജെ.ജോഷി | UA9/2016 (2014) | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | 3 | 39624 | 118872 |
| 23 | 16 | ലുക്ക്മാൻ, കരീം | UA10/2016 (2014) | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | 3 | 39624 | 118872 |
| 24 | 16 | എം.കെ.പരീദ് | UA11/2016 (2014) | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | 3 | 49746 | 149238 |
| 25 | 16 | പാസ്റ്റർ ബിജി | UA12/2016 (2014) | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | 3 | 76143 | 228429 |
| 26 | 16 | എം.എം.അബ്ദുൾ മജീദ് | UA13/2016 (2014) | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | 3 | 47022 | 141066 |
| 27 | 17 | കുഞ്ഞുമുഹമ്മദ് | UA1/2016 (2016) | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | 3 | 233472 | 700416 |
| 28 | 17 | കെ.വി.ജോയ് | UA2/2016 (2015) | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | 5 | 137595 | 687975 |
| 29 | 17 | ഇ.എം.അസൈനാർ, മുഹമ്മദ് ഇക്ബാൽ | UA3/2016 -17 (2013 | അസംബ്ലി കെട്ടിടം | 3 | 25725 | 77175 |
| 30 | 17 | പി.എ പരീദ് | UA4/2016 -17 (2015) | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | 3 | 72489 | 217467 |
| 31 | 17 | ഇ.എം.അസൈനാർ, മുഹമ്മദ് ഇക്ബാൽ | UA454/ A(2009) | അസംബ്ലി കെട്ടിടം | 3 | 21423 | 64269 |
| 32 | 17 | മെഡേഴ്സ് റിറ്റ്സ് ഇന്റർനാഷണൽ | UA772/D/ UA (2013) | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | 5 | 54858 | 274290 |
| 33 | 17 | മെഡേഴ്സ് റിറ്റ്സ് ഇന്റർനാഷണൽ | UA772/E/U A (2008) | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | 9 | 55932 | 503388 |
| 34 | 17 | കെ എസ് ബീരാൻ | UA1184/A (2006) | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | 11 | 29538 | 324918 |
| 35 | 17 | കെ എസ് ബീരാൻ | UA1184/B (2006) | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | 11 | 21096 | 232056 |
| 36 | 17 | വാഹിത അലിയാർ | UA1627 (2009) | അസംബ്ലി കെട്ടിടം | 24 | 45855 | 1100520 |
| 37 | 17 | വാഹിത അലിയാർ | UA1627/A (2009) | അസംബ്ലി കെട്ടിടം | 5 | 62178 | 310890 |
| 38 | 17 | വാഹിത അലിയാർ | UA1628 (2009) | അസംബ്ലി കെട്ടിടം | 24 | 115368 | 2768832 |
| 39 | 17 | വാഹിത അലിയാർ | UA1628/A (2004) | അസംബ്ലി കെട്ടിടം | 5 | 22782 | 113910 |
| 40 | 17 | അജിത് ലൂക്ക് | UA1791/A (2006) | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | 7 | 5190 | 36330 |
| 41 | 17 | അജിത് ലൂക്ക് | UA1791/A1 (2006) | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | 7 | 5187 | 36309 |
| 42 | 17 | അജിത് ലൂക്ക് | UA1791/A2 (2006) | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | 7 | 5187 | 36309 |
| 43 | 18 | മാനേജർ, അമൃത വിദ്യാലയം | UA1/2016 (2013) | വിദ്യാഭ്യാസാവശ്യം | 15 | 141585 | 2123775 |
| 44 | 18 | പ്രിൻസ് പോൾ | UA77/UA (2020) | പാർപ്പിടാവശ്യം | 3 | 6654 | 19962 |
| 45 | 18 | സുകുമാരൻ | UA214/A (2004) | പാർപ്പിടാവശ്യം | 13 | 4455 | 57915 |
| 46 | 19 | ജയസിംഗ് എം വി | UA267/UA | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | 1 | 6693 | 6693 |

| | | | | | | | |
|---|---|---|---|---|---|---|---|
| 47 | 19 | ജയസിംഗ് എം വി | UA267/A UA (2022) | പാർപ്പിടാവശ്യം | 1 | 13326 | 13326 |
| 48 | 19 | എം. വർഗ്ഗീസ് | UA319/A (2011) | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | 7 | 70875 | 496125 |
| 49 | 19 | ബീരാസ് | UA440/A (UA) (2019) | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | 1 | 17073 | 17073 |
| 50 | 19 | മുഹമ്മദ് ഇക്ബാൽ | UA499/ E (UA)(2017) | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | 2 | 163962 | 327924 |
| 51 | 20 | മുഹമ്മദ് | UA214/A(UA) (2008) | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | 9 | 11688 | 105192 |
| 52 | 20 | റാണി പോൾ | UA1115/B (UA)(2019) | അസംബ്ലി കെട്ടിടം | 1 | 172827 | 172827 |
| 53 | 21 | ഡയറക്ടർ, സാൻജോ ഹോസ്പിറ്റൽ | UA1778/A (1) (2004) | അസംബ്ലി കെട്ടിടം | 13 | 27213 | 353769 |
| 54 | 21 | ഡയറക്ടർ, സാൻജോ ഹോസ്പിറ്റൽ | UA 1818/ (1) (2004) | അസംബ്ലി കെട്ടിടം | 13 | 28782 | 374166 |
| 55 | 21 | അഡ്മിനിസ്ട്രേറ്റർ, സാൻജോ ഹോസ്പിറ്റൽ | UA 1826/ (1) (2004) | ഓഫീസ് ആവശ്യത്തിനുള്ളത് | 11 | 48045 | 528495 |
| 56 | 21 | ഡയറക്ടർ, സാൻജോ ഹോസ്പിറ്റൽ | UA1829/A (2004) | അസംബ്ലി കെട്ടിടം | 13 | 88326 | 1148238 |
| 57 | 21 | ഡയറക്ടർ, സാൻജോ ഹോസ്പിറ്റൽ | UA1829/ J1 (2004) | അസംബ്ലി കെട്ടിടം | 13 | 126603 | 1645839 |
| 58 | 22 | ബഷീർ ഭാര്യ ഷഹന | UA568/D/1/UA/2023 (2021) | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | 2 | 46980 | 93960 |
| 59 | 24 | ദിവ്യ | UA1/UA/ 2023/1(2015) | പാർപ്പിടാവശ്യം | 1 | 2973 | 2973 |
| 60 | 27 | പി.എസ് ഹാരിസ് | UA120/A (UA) (2018) | ഇതര വ്യവസായ ആവശ്യം | 1 | 244989 | 244989 |
| 61 | 27 | പി.എസ് ഹാരിസ് | UA120/B (UA) (2018) | ഓഫീസ് ആവശ്യത്തിനുള്ളത് | 3 | 6441 | 19323 |
| 62 | 27 | പി.എസ് ഹാരിസ് | UA120/C (UA) (2018) | പാർപ്പിടാവശ്യം | 3 | 16578 | 49734 |
| | | | | | | | 19770426 |

A) മേൽ സൂചിപ്പിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 1.9 കോടിയോളം രൂപ നഗരസഭ ഈടാക്കിയതു സംബന്ധിച്ച രേഖകൾ, ഈ കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് കളക്ഷൻ സംബന്ധിച്ച വിവരങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

B) ഈ കെട്ടിടങ്ങളിൽ ഭൂരിഭാഗവും വാണിജ്യാവശ്യത്തിനുള്ളവയാണ്. നിലവിൽ ഈ കെട്ടിടങ്ങളുടെ സ്ഥിതി എപ്രകാരമാണ്.

C) വാണിജ്യാവശ്യത്തിനുള്ള ഈ കെട്ടിടങ്ങളിൽ ഏതിനെങ്കിലും ലൈസൻസ് അനുവദിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3. അനധികൃതമായി നിർമ്മാണം നടത്തിയ 180 ഓളം കെട്ടിടങ്ങളുടെ മേൽ നഗരസഭ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

4. സൂചിപ്പിച്ചിട്ടുള്ള കെട്ടിടങ്ങൾ സംബന്ധിച്ച് കേസുകൾ ഉണ്ടെങ്കിൽ അവ തീർപ്പാക്കിയതു സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ, അയാൾക്കെതിരെ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ അത് 233 -ാം വകുപ്പ് (2) -ാം ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ, ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ, പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തു നികുതിയായി നല്കുവാൻ അയാൾ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്. ആയതിനാൽ ഈ കെട്ടിടങ്ങളുടെ നിലവിലെ സ്ഥിതി പരിശോധിക്കേണ്ടതും നിയമപ്രകാരമുള്ള വസ്തു നികുതി ബാദ്ധ്യസ്ഥരായവരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14-1 നിയമാനുസൃതമായ ഫീസ് ഈടാക്കാതെ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചു.IBPMS അപേക്ഷകൾ പൂർണ്ണമായും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

31.03.2023 -ലെ സ.ഉ(കൈ)നം.85/2023/LSGD നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഈടാക്കുന്ന കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ്, അപേക്ഷാ ഫീസ്, സ്കൂട്ടിനി ഫീസ് എന്നിവയുടെ നിരക്ക് 10.04.2023 പ്രാബല്യത്തിൽ പരിഷ്കരിച്ചിരുന്നു. പിന്നീട് 30.07.2024 -ലെ സ.ഉ.(കൈ)നം.97/2024/LSGD നമ്പർ ഉത്തരവ് പ്രകാരം ഈ നിരക്കിൽ കുറവ് വരുത്തിയിട്ടുണ്ട്. 2023-24 വർഷത്തെ ബിൽഡിംഗ് ആപ്ലിക്കേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ IBPMS മുഖേന ലഭിച്ച പല പെർമിറ്റ് അപേക്ഷകളിലും ആ സമയത്ത് നിലവിൽ ഉണ്ടായിരുന്ന നിരക്കിലല്ല പെർമിറ്റ് ഫീസ് ഈടാക്കിയിരിക്കുന്നത്. വിശദ വിവരങ്ങൾ ചുവടെ-

| നം | അപേക്ഷകന്റെ പേര് | അപേക്ഷ തീയതി | കൺസ്ട്രക്ഷൻ രീതി | കെട്ടിടത്തിന്റെ വിസ്തീർണ്ണം (M2) | അപേക്ഷാ സമയത്തെ നിയമാനുസൃത പെർമിറ്റ് ഫീസ് (₹) | അടവാക്കിയിരിക്കുന്ന പെർമിറ്റ് ഫീസ് (₹) | കുറവ് (₹) | സ.ഉ.(കൈ) നം. 97/2024/ LSGD ഉത്തരവി പ്രകാരമുള്ള പെർമിറ്റ് ഫീസ് (₹) |
|---|---|---|---|---|---|---|---|---|
| 1 | വിനേഷ് നായർ വട്ടോളിൽ വീട് | 25.05. 2023 | അഡീഷൻ/ എക്സ്റ്റൻഷൻ | Existing Area= 95.35 Proposed Area= 90.17 Total= 185.52 | 10820/- | 6312/- | 4508/- | 5410/- |
| 2. | മുഹമ്മദ് അബ്ദുൾ റഹ്മാൻ, നാനേത്താൻ ഹൗസ്, വല്ലം | 10.07. 2023 | പുതിയത് | 247.05 | 29646/- | 27438/- | 2208/- | 14823/- |

കൂടാതെ ബിൽഡിംഗ് ആപ്ലിക്കേഷൻ രജിസ്റ്ററിലെ വിവരങ്ങൾ പെർമിറ്റ് അപേക്ഷയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. IBPMS മുഖേന ലഭിച്ച അപേക്ഷകൾ പൂർണ്ണമായും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മാന്വൽ ആയി സമർപ്പിച്ച അപേക്ഷകളും പെർമിറ്റ് ആപ്ലിക്കേഷൻ രജിസ്റ്ററിലെ വിവരങ്ങളും പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകതകൾ മാത്രമാണ് മുകളിൽ ചേർത്തിരിക്കുന്നത്. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 84 തീയതി 25.01.2025) നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ പരിഹരിക്കേണ്ടതും 30.07.2024 ലെ സഉ(കൈ) 97/2024/എൽ.എസ്.ജി.ഡി. നം. ഉത്തരവ് പ്രകാരം അധികമായി ഈടാക്കിയ പെർമിറ്റ് ഫീസ് തിരികെ നൽകുമ്പോൾ തുകയുടെ കൃത്യത ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-15 കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല

2005 -ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ, ചട്ടം 3(10) പ്രകാരം കരാറുകാരിൽ നിന്നും ₹1250/- നിരക്കിൽ അർദ്ധവാർഷിക തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2023-24 വർഷം നഗരസഭയുടെ വിവിധ പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. കരാറുകാരുടെ പേരുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1 | കെ.ബി. ബാലസുബ്രഹ്മണ്യൻ |
| 2 | ഷെഫീർ. ഇ.എസ്. |
| 3 | പോൾ വർഗ്ഗീസ് |
| | |

| | |
|---|---|
| 4 | അബ്ദുൾ മജീദ് കെ.പി. |
| 5 | ബിജീഷ് സി.ജി. |
| 6 | സുഗതൻ സി.വി. |
| 7 | അൻസാർ മുണ്ടാട്ട് |
| 8 | അബു.എം.എം. |
| 9 | ഒ.കെ.മോഹനൻ |
| 10 | നിസാർ. കെ.എച്ച്. |
| 11 | കൃഷ്ണജിത്ത് ആർ. |
| 12 | കെ.കെ.ഷെല്ലി |
| 13 | വി.പി.വിജയൻ |
| 14 | കെ.ഐ. പൗലോസ് |
| 15 | കെ.ഒ. ജോർജ്ജ്<br>M/S ജി.കെ. ഇൻഡസ്ട്രീസ് |
| 16 | ഷെഫീക്ക് കെ.ഐ. |
| 17 | അഷ്റഫ് റ്റി. മുഹമ്മദ് |
| 18 | കെ.എം. നാസെർ |
| 19 | കെ.വി. ജോസ് |
| 20 | യൂസഫ് കെ.എ. |
| 21 | സിനു. മുഹമ്മദ് |
| 22 | പി.എം. കബീർ |

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 12.11.2024 -ന് നൽകിയ എൻക്വയറി നം.44 - ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരിൽ നിന്നും നിയമാനുസൃത തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. കരാറുകാരുടെ രജിസ്റ്ററിൽ പേരിനോടൊപ്പം കരാറുകാരന്റെ മേൽവിലാസം, രജിസ്ട്രേഷൻ നമ്പർ എന്നിവ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 IFTE&OS-ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു,ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല.

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 447 -പ്രകാരം മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ യാതൊരു സ്ഥലവും ഓരോ കാര്യത്തിനും സർക്കാർ നിർണ്ണയിക്കാവുന്ന നിരക്കിലോ പ്രസ്തുത നിരക്കിനു വിധേയമായി മുനിസിപ്പാലിറ്റി നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപന പ്രകാരം നിശ്ചയിക്കാവുന്ന അങ്ങനെയുള്ള നിരക്കിലോ ലൈസൻസ് ഫീസ് ഒടുക്കാതെയും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമല്ലാതെയും ഉപയോഗിക്കുവാൻ പാടുള്ളതല്ല എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ സഞ്ചയ–ലൈസൻസ് സോഫ്റ്റ് വെയർ പ്രകാരം 2023-24 വർഷം ലൈസൻസ് പുതുക്കാത്ത 67 -ഓളം സ്ഥാപനങ്ങൾ നഗരസഭയിൽ ഉള്ളതായി കാണുന്നു. ടി-സ്ഥാപനങ്ങളുടെ വിശദവിവരങ്ങൾ ചുവടെ-

| ക്രമ നം | അപേക്ഷകന്റെ പേര് | സ്ഥാപനത്തിന്റെ പേര് | വാർഡ് നം | കെട്ടിട നം |
|---|---|---|---|---|
| 1 | ഷെരീഫ്.പി.ബി | ഗ്രാന്റ് പോളിമേഴ്സ് | 1 | 240/D |
| 2 | റെയ്ഗൻ ജോർജ്ജ് | മെർലിങ്ക് ഇന്റർനാഷണൽ | 1 | 138/A |
| 3 | ജോർജ്ജ് പി.ആർ | ഗാലക്സി ടയേഴ്സ് | 4 | 73A1 |
| 4 | കെ.ജി.ജ്യോതിർഗോഷ് | റിലയൻസ് റീട്ടെയിൽ ലിമിറ്റഡ് | 5 | 175A,175B |
| 5 | ശശിധരൻ സി.പി. | അഗ്രോ ഇൻഡസ് ക്രെഡിറ്റ്സ് ലിമിറ്റഡ് | 7 | 866 |
| 6 | രേഖാ അജയകുമാർ | മാളൂസ് ബുട്ടീക്ക് | 9 | 213/C |
| 7 | രേഖാ അജയകുമാർ | മാളൂസ് ബ്യൂട്ടി പാർലർ | 9 | 213/C1 |
| 8 | ഷിയാസ്.പി.എ | എസ്.കെ.ഫിറ്റ്നസ് | 11 | 307/C, 307/E |

| | | | | |
|---|---|---|---|---|
| 9 | റഫീക് പി.ബി. | എസ്.ആർ. ലോജിസ്റ്റിക്സ് | 11 | 140 |
| 10 | രാജീവ് വി.പി. | വി-ഡിസൈൻ | 15 | 209/A1 |
| 11 | വിഷ്ണു ജയപ്രകാശ് | എം.വി.ജെ. ട്രേഡേഴ്സ് | 15 | 39 |
| 12 | സജി.പി.റ്റി. | ഉദയം ലക്കി സെന്റർ | 15 | 514/D |
| 13 | സുരേഷ് ചെല്ലം | ഹൈഡ്രോ ട്രോപ്പ് | 17 | 350/C2 |
| 14 | അജിംസ് ലത്തീഫ് | അശീർവാദ് അസോസിയേറ്റ്സ് | 19 | 366/L |
| 15 | ഷാഹിൻ ഷഹബസ് പി.എസ് | അഡ്ബിറോൺ | 19 | 366/E2 |
| 16 | അജാഷ് പി.എ. | ഐഡിയൽ കൺസൾട്ടൺസി | 19 | 469 |
| 17 | മുഹമ്മദ് ഷാ | വെഞ്ചർ ബോർഡ്സ് ഇന്ത്യ പ്രൈ. ലിമിറ്റഡ് | 19 | 366/E |
| 18 | മുഹമ്മദ് സലിൽ | കെ.എം.എസ്. ട്രേഡേഴ്സ് | 20 | 631/A |
| 19 | സഫീർ എസ്.പരീത് | സ്പെക്ട്രാ ഡിസൈൻസ് | 20 | 770/B4 |
| 20 | റംല വീരാൻ | സീ വീസ് സ്റ്റീലെക്സ് | 20 | 1317 |
| 21 | റംല വീരാൻ | സീ വീസ് സ്റ്റീലെക്സ് | 20 | 1315 |
| 22 | റംല സലീം | പി.പി.ട്രേഡേഴ്സ് ഓഫീസ് | 20 | 776 |
| 23 | മുരളി റ്റി.വി | ഡ്രൈഫ്രൂട്ട്സ്, സ്പൈസസ് കറിപൗഡർ | 20 | 535 |
| 24 | ശ്യാം കൃഷ്ണപ്രസാദ് | ഡൂഡർ ആഡ്സ് & മാർക്കറ്റിംഗ് | 20 | 6 |
| 25 | മഞ്ജു യു.വി. | എം.ജി. അസോസിയേറ്റ്സ് | 20 | 700 |
| 26 | സെന്തിൽകുമാർ | അറോറാൻ ഫ്ളവേഴ്സ് | 20 | 768,769 |
| 27 | എം.എം. റഹിം, റിസ്വാന നസിം | എൻവിഷൻ ഗ്ലോബൽ പ്ലേസ്മെന്റ് ഇന്ത്യാ പ്രൈ. ലിമിറ്റഡ് | 20 | 1444 |
| 28 | സോമി ഷിജു | സ്പീഡ് അന്റ് സേഫ് | 20 | 1407 |
| 29 | കെ. രവികുമാർ | ഗോൾഡൻ ട്രാവൽസ് | 21 | 1643 |
| 30 | ഫൈസൽ ഷാ സി.എസ്. | റോളക്സ് ഗിഫ്റ്റ്&ക്രോക്കറി | 21 | 1483,1482,1484,1485,1486 |
| 31 | സഗീത വി.എസ്. | വി.ആർ.വി.ട്രേഡേഴ്സ് | 21 | 619/A |
| 32 | മൈനൽ ഹഖ് | സുൽത്താൻ ഹോട്ടൽ | 21 | 1899 |
| 33 | മുഹമ്മദ് സാദിക്.കെ.എഫ് | ഗ്രീൻവേൾഡ് ഇന്റർനാഷണൽ | 21 | 1458 |
| 34 | സിദ്ദിക്ക് പി.എം | ന്യൂ എസ്.എം.എസ്. മോബൈൽസ് | 21 | 1848/A31 |
| 35 | രാജേഷ് മേത്ത | ആസ്റ്റർ ട്രേഡേഴ്സ് പ്രൈ. ലിമി. | 21 | 1161 |
| 36 | കെ.ആർ വാസന്തി | സിമിലിയ ഹോമിയോ ഡിസ്പെൻസറി | 21 | 1307 |
| 37 | ആദിൽ മുഹമ്മദ് പി.എ | വി കെയർ ഹെൽത്ത് ക്ലിനിക്ക് | 21 | 1259 |
| 38 | ജയലക്ഷ്മി.ജി | മഹിളാ മണ്ഡലം വർക്കിംഗ് വിമൻസ് ഹോസ്റ്റൽ | 21 | 705 |
| 39 | മനോജ് പി.ആർ | ക്രിസ്പി ട്രീറ്റ്സ് സ്നാക്സ് ആന്റ് കൂൾബാർ | 21 | 3113 |
| 40 | നിസാമുദ്ദീൻ ഇ.ജെ | പ്രോട്ടീൻ പ്ലസ് | 21 | 1149 |
| 41 | അബൂബക്കർ | സുവർണ പാലസ് | 21 | 3219,3220,3221 |
| 42 | ഷിഹാബുദ്ദീൻ എ.എം | ബോങ് ടെന്റ്സ് | 21 | 2093 |

| | | | | |
|---|---|---|---|---|
| 43 | സിജ്ജമോൻ മാത്യൂ | ഹോം ഡിവൈഡ്സ് പ്രൈ. ലിമിറ്റഡ് | 21 | 2310 |
| 44 | ബബിതാ ചാക്കോ | അലൻസ് ബൂട്ടീക്ക് | 21 | 2558/A3 |
| 45 | റഫീക്ക് വി.എസ്. | ടൂൾസ് ഹൗസ് | 21 | 2105 |
| 46 | നിഷാദ് എം.എ.നിഷാദ് എം.എ | ന്യൂ ഷാർപ്പ് ഇലക്ട്രോണിക്സ് | 21 | 2628 |
| 47 | അബ്ദുൾ റഹ്മാൻ ഏലിയാസ് മുരുകയാ | മെഹ്റിൻ പർദ്ദ ഷോപ്പ് | 21 | 2617 |
| 48 | റമീസ് അലി | ടെലി വോയ്സ് | 21 | 1440 |
| 49 | അബ്ദുൾ ഖദാർ എ.പി. | അൽ - റയാൻ റസ്റ്റോറന്റ് | 21 | 1919 |
| 50 | അബ്ദുൾ നിസാർ കെ.ബി. | ജഗ്നി | 21 | 2603 |
| 51 | ഷേമിലി പേൾ മാത്യു | മാലാഖ ബുട്ടീക്ക് ആന്റ് മേക്കപ്പ് സ്റ്റുഡിയോ | 21 | 2965 |
| 52 | റ്റി.എ.സലാൽ | ഷിബി കുനഫാ ക്ലബ് | 21 | 2969 |
| 53 | ഇജാജുൽ ഹഖ് | ബിസ്മി ബ്യൂട്ടി പാർലർ | 21 | 1851/A |
| 54 | നിർമ്മലാ റ്റി.കെ. | ന്യൂ ബേബി പാലസ് | 21 | 1104,1111 |
| 55 | എ.എൻ ഷണ്മുഖൻ | എ.ബി.എച്ച്. ട്രേഡേഴ്സ് | 21 | 1966 |
| 56 | പ്രവീൺ ജോസഫ് | സി.പി.ലതേഴ്സ് | 21 | 2091 |
| 57 | നൗഷാദ് പി. | തേജസ് ആർ.സി.എം ഷോപ്പ് | 21 | 2442/A |
| 58 | എബിമോൻ ജോർജ്ജ് | ബ്ലോസം ഇന്നേഴ്സ് പ്രൈ. ലിമി. | 21 | 3004 |
| 59 | സാഹിൽ | സാഹിൽ ബ്യൂട്ടി പാർലർ | 21 | 1877 |
| 60 | ഹുസൈൻ കെ.കെ. | സിബിൽ ടൈലേഴ്സ് | 22 | 217 |
| 61 | ലിജോ പി.ഡി | നന്മ ഹൈയർ പർച്ചേസ് | 22 | 318 |
| 62 | സബീനാമോൾ സി.എസ്. സബീനാമോൾ റ്റി.എസ്. | അച്ചൂസ് വേൾഡ് | 22 | 218 |
| 63 | അബ്ബാസ് എം.ബി. | എ.ബി.സി. എന്റർപ്രൈസസ് | 22 | 323/AB |
| 64 | ആർദ്ര ശ്രീധരൻ | എ.എം.എ. ഓട്ടോമോബൈൽസ് | 22 | 499/B2 |
| 65 | ദീപക് ജി. | ഓവായോ ബയോലാബ്സ് പ്രൈ. ലിമി. | 22 | 311 |
| 66 | സുദീർ സി.എം. | സി.എം. ട്രേഡേഴ്സ് | 22 | 37 |
| 67 | ബിനീഫ് എൻ.എം | വോഗോസ് മാർക്കറ്റിംഗ് | 27 | 26 |

പ്രസ്തുത സ്ഥാപനങ്ങളെ സംബന്ധിച്ച് ചുവടെ ചേർത്തിരിക്കുന്ന വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 09.10.2024 -ന് നൽകിയ എൻക്വയറി നം.19 -ന് നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

1.മേൽ സ്ഥാപനങ്ങളിൽ ഏതെങ്കിലും 2023-24 വർഷത്തെ ലൈസൻസ് സഞ്ചയ സോഫ്റ്റ് വെയർ മുഖേന ഓൺലൈൻ ആയോ, അല്ലാത്തപക്ഷം മാന്വൽ ആയി എടുത്തിട്ടുണ്ടെങ്കിൽ അയതിന്റെ വിവരം.

2.പ്രസ്തുത സ്ഥാപനങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് നഗരസഭ പരിശോധന നടത്തുകയോ, തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തതിന്റെ വിവരം.

3.ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ നഗരസഭയിലെ ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളുടെ പൂർണ്ണ വിവരം.

4.ലൈസൻസ് പുതുക്കാത്ത/എടുക്കാത്ത സ്ഥാപനങ്ങളുടെ പൂർണ്ണമായ ലിസ്റ്റ്.

നഗരസഭാ പ്രദേശത്തുള്ള സ്ഥാപനങ്ങൾ നിയമാനുസൃതമായ ലൈസൻസോടുകൂടിയാണോ പ്രവർത്തിക്കുന്നതെന്ന് നഗരസഭാ അധികൃതർ ഉറപ്പുവരുത്തേണ്ടതാണ്. ചട്ട വിരുദ്ധമായി പ്രവർത്തിക്കുന്ന

സ്ഥാപനങ്ങളിൽ നിന്നും 2020 -ലെ കേരള മുനിസിപ്പാലിറ്റി IFTE&OS ലൈസൻസ് ചട്ടം 23 പ്രകാരമുള്ള പിഴ ഈടാക്കേണ്ടതാണ്.

## 1-17 തൊഴിൽ നികുതി ഡിമാന്റ് ചെയ്തിരിക്കുന്ന നിരവധി സ്ഥാപനങ്ങൾ IFTE&OS ലൈസൻസ് എടുത്തിട്ടില്ല

2023-24 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും സഞ്ചയ സോഫ്റ്റ് വെയർ മുഖേനയുള്ള ലൈസൻസ് അപേക്ഷകളും പരിശോധിച്ചതിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിരിക്കുന്ന നിരവധി സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാത്തതായി കാണുന്നു.ഇത് സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന ഫിനാൻസിംഗ് സ്ഥാപനങ്ങൾ

2020-ലെ കേരള മുനിസിപ്പാലിറ്റി (ആപൽകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ പട്ടിക രണ്ടിൽ ക്രമ നമ്പർ 279,357,359,360 എന്നിങ്ങനെയായി സ്വകാര്യ ഫിനാൻസിംഗ് സ്ഥാപനങ്ങൾ, കുറിക്കമ്പനികൾ/ ഗോൾഡ് ലോൺ, ചിട്ടിക്കമ്പനികൾ, സ്വർണ്ണപണയ സ്ഥാപനങ്ങൾ എന്നിവയെ ലൈസൻസ് എടുക്കേണ്ടതായി ലിസ്റ്റ് ചെയ്തിട്ടുണ്ട്. എന്നാൽ നഗരസഭ പരിധിക്കുള്ളിൽ ഇത്തരത്തിലുള്ള നിരവധി സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നതായി കാണുന്നു. ഏതാനും ചില സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ-

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ |
|---|---|---|
| 1 | ഫോറിൻ എക്സ്ചേഞ്ച്,<br>വെസ്റ്റേൺ യൂണിയൻ | 7/153 |
| 2 | ധന്യ ഫിനാൻസ് | 7/190 |
| 3 | യൂണിമണി ഫിനാൻസ് സർവ്വീസ് | 7/410 |
| 4 | കേരള പെർമനന്റ് ബെനഫിറ്റ് ഫണ്ട് | 7/506 |
| 5 | യോഗക്ഷേമ ഗോൾഡ് ലോൺ | 7/515 |
| 6 | വീനസ് ഫിനാൻസ് | 7/560 |
| 7 | കരിസ്മ ഫിനാൻസ് | 7/591 |
| 8 | മുരളി ഫിനാൻസ് | 7/600 |

2) ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന ടാക്സ് പ്രാക്ടീഷണേഴ്സ്

പ്രസ്തുത പട്ടികയിൽ ക്രമ നം. 278 ആയി ടാക്സ് പ്രാക്ടീഷണർ (സെയിൽ ടാക്സ് /ചാർട്ടേർഡ് അക്കൗണ്ടന്റ്, ടാക്സ്) ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നഗരസഭാ പരിധിക്കുള്ളിൽ ചാർട്ടേർഡ് അക്കൗണ്ടുമാരുടെ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു. ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ-

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ |
|---|---|---|
| 1 | ടി.എ. ജോയിച്ചൻ,<br>ചാർട്ടേർഡ് അക്കൗണ്ടന്റ് | 7/441 |
| 2 | രാജു വി.എ., ചാർട്ടേർഡ് അക്കൗണ്ടന്റ് | 7/451 |

3) റേഷൻ കടകൾ ലൈസൻസ് എടുക്കുന്നില്ല

2023-24 -ലെ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ നഗരസഭ പരിധിക്കകത്ത് പ്രവർത്തിക്കുന്ന റേഷൻ കടകളൊന്നും ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല. ഇവ കൂടാതെ നിരവധി സ്ഥാപനങ്ങളാണ് ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നത്. ഇത്തരത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കുമേൽ നഗരസഭ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അതു സംബന്ധിച്ച വിവരങ്ങളും അല്ലാത്ത പക്ഷം പ്രസ്തുത അപാകതയ്ക്കുള്ള വിശദീകരണവും ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 15.11.2024 -ന് നൽകിയ എൻക്വയറി നം.49 -ന് നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-18 മൊബൈൽ ടവറുകൾ-ചട്ട പ്രകാരമുള്ള ലൈസൻസ് എടുക്കുന്നില്ല

2020 -ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും) ലൈസൻസ് നൽകൽ ഭേദഗതി ചട്ടങ്ങളിൽ വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ ഇനങ്ങൾ പട്ടിക 2 -ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ക്രമ നമ്പർ 300 -ആയി മൊബൈൽ ടവറുകളും ക്രമ നമ്പർ 380 -ആയി സിനിമാ തീയറ്ററുകളും

ഉൾപ്പെടുത്തിയിട്ടുണ്ട്. നഗരസഭാ പരിധിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന ചുവടെ ചേർത്തിരിക്കുന്ന മൊബൈൽ ടവറുകൾ 2023-24 വർഷം ലൈസൻസ് എടുത്തതായി കാണുന്നില്ല.

| നം | ഡോർ നം. | ഉടമയുടെ പേര് | ഉടമയുടെ വിലാസം |
|---|---|---|---|
| 1 | 21/572 | M/S Reliance Infocom Ltd. | - |
| 2 | 21/630 | The Manager | TATA Tele Seravice Ltd |
| 3 | 21/713/A | Bharati | Cellular Ltd |
| 4 | 21/1944 | The Manager Idea Cellular Ltd. | Suman Tower |
| 5 | 8/209/A | ATC Telecom Infrastructure Pvt. Ltd. | J Co. Chambers, 2nd Floor |
| 6 | 8/613/A | Indus Towers Ltd. | 6th Floor Vankaratha Tower |
| 7 | 13/144 | Divisional Engineer | Office Of The Divisional Engineer (BSSII), Impcs, 3rd Floor, Telephone Exchange |
| 8 | 19/328/A | Bharati Airtel Ltd. | Vankarathu Tower |
| 9 | 19/490/B | M/S India Telecom | Infea Ltd |
| 10 | 22/193/A | Indus Towers Ltd. | G S M Station |
| 11 | 27/196/A | M/S Indus Tower Ltd. | 8th Floor Vankarath Towers |

പ്രസ്തുത സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ അതു സംബന്ധിച്ച വിവരങ്ങളും ലൈസൻസ് എടുക്കാത്ത പക്ഷം ഇതിന്മേൽ നഗരസഭ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് അറിയിച്ചുകൊണ്ട് 05.11.2024 -ന് നൽകിയ എൻക്വയറി നമ്പർ 41 -ന് നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-19 നഗരസഭാ ഷോപ്പിംഗ് കോംപ്ലക്സിലെ വിവിധ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

നഗരസഭയുടെ 2023-24 വർഷത്തെ വാടക രജിസ്റ്ററും സഞ്ചയ ലൈസൻസ് സോഫ്റ്റ് വെയറിൽ നിന്നും ലഭിച്ച ഡി&ഒ ലൈസൻസ് രജിസ്റ്ററും തമ്മിൽ പരിശോധിച്ചതിൽ നഗരസഭ ഷോപ്പിംഗ് കോംപ്ലക്സുകളിലെ നിരവധി സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നതായി കാണുന്നു. കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ-

| | മുനിസിപ്പൽ മാൾ | |
|---|---|---|
| ക്രമ നം | കെട്ടിട നമ്പർ/മുറി | വാടകക്കാരന്റെ പേര് |
| 1 | 21/1848 A1 | വി.കെ.അലിയാർ, വടക്കേക്കുടി, വല്ലം |
| 2 | 21/1848 A3 | കെ.എം. ബിജു, കൊന്നംകുടി, മുടിക്കൽ |
| 3 | 21/1848 A4 | ജെ.എസ്.ശങ്കരൻ ഇളയത്, തെങ്ങോട് ഇല്ലം, വാഴക്കുള |
| 4 | 21/1848 A5 | വി.പി.അർസാർ, വലിയപറമ്പിൽ, വെങ്ങോല |
| 5 | 21/1848 A9 | സജീവ് ഭാസ്കർ, ചെമ്പകശ്ശേരി, |
| 6 | 21/1848 A15 | അൻസാർ എം.വി., മുണ്ടയ്ക്കൽ |
| 7 | 21/1848 A18 | അബ്ദുൾ സനീഷ് കെ.എ., കരിമ്പനയ്ക്കൽ, ചേലാമറ്റം |
| 8 | 21/1848 A20 | മുഹമ്മദ് ഷെരീഫ്, സിദ്ധിഖ് ഇസ് |
| 9 | 21/1848 A25 | വി.ആർ.രാജേഷ്, വാഴയിൽ, മുടിയ്ക്കൽ |
| 10 | 21/1848 A27 | സി.എ.സുധീർ, ചൂളപറമ്പിൽ, അശോകപുരം |
| 11 | 21/1848 A28 | സി.എ.മെഹബൂസ് , ചൂളപറമ്പിൽ, അശോകപുരം |
| 12 | 21/1848 A55 | സി.ജെ സക്കീർ, ചെന്താര, റയോൺപുരം |
| 13 | 21/1848 A56 | വി.എച്ച്. നിയാസ്, വാരിക്കാടൻ, പള്ളിക്കവല |

| | | |
|---|---|---|
| 14 | 21/1848 A57 | സിദ്ധിഖ്.പി.എം., പട്ടരുമഠം |
| 15 | 21/1848 A29 | കെ.വി.എൽദോസ്, കാഞ്ഞിരത്തിങ്കൽ, ആലോട്ടുചിറ |
| 16 | 21/1848 A30 | വി.എ.ഷിഹാബ്, വടക്കേക്കുടി, റയോൺപുരം |
| 17 | 21/1848 A31 | സക്കീർ വി.എം., വെളളോംവേലി, വല്ലം |
| 18 | 21/1848 A36 | റിജ്ജ സാസ്സ് റ്റി.ഹസ്സൻ, തെക്കേക്കുടി, റയോൺപുരം |
| 19 | 21/1848 A37 | കെ.എ. അബ്ദുൾ സലാം, കരിമ്പനയ്ക്കൽ, ഓക്കൽ |
| 20 | 21/1848 A38 | മായിൻ കുട്ടി, എൻ.എ, നത്തേക്കാട്, പോഞ്ഞശ്ശേരി |
| 21 | 21/1848 A39 | അബ്ദുൾ സലാം കെ.എ., കരിമ്പനയ്ക്കൽ, ചേലാമറ്റം |
| കണ്ടിജന്റ് പെൻഷൻ ഇനത്തിൽ സാമ്പത്തിക വർഷം വന്ന ആകെ ചെലവ് | - | ₹1,04,08,423.00 |
| ലെഡ്ജർ പ്രകാരം ആകെ ചിലവ് (RP-22) | - | ₹80,77,787.00 |
| (+) ലെഡ്ജറിൽ തെറ്റായി രേഖപ്പെടുത്തിയത് | - | - |
| 11/2023ലെ പെൻഷൻ തെറ്റായി RP-29-Other Creditors (കോഡ് -350109900)08. 11.2023 - ൽ ചെലവ് കാണിച്ചത് | ₹7,69,242.00 | - |
| 03/2024-ലെ പെൻഷൻ തെറ്റായി റഗുലർ പെൻഷൻ കണക്കിൽ ചെലവ് കാണിച്ചത് | ₹7,96,525.00 | - |
| 08.02.2024-ൽ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ | ₹2,23,675.00 | - |

| | | |
|---|---|---|
| പെൻഷൻ കുടിശ്ശിക 3-ാം ഗഡു തെറ്റായി റഗുലർ പെൻഷൻ കണക്കിൽ ഡെബിറ്റ് ചെയ്തത്. | | |
| 03/2024-ലെ പെൻഷൻ കുടിശ്ശിക 4-ം ഗഡു തെറ്റായി 210500900-Other Establishment Expense (RP-10)എന്ന ഹെഡിൽ 12.03.2024-ൽ ഡെബിറ്റ് ചെയ്തത് | ₹2,23,694.00 | - |
| മെഡിസെപ്പ് തുക | ₹3,17,500.00 | (+) ₹23,30,636.00 |
| ആകെ ചിലവ് | - | ₹1,04,08,423.00 |

വാർഷിക കണക്കിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ് മെന്റ്, ഷെഡ്യൾ1-10(B) Code-210300202 -Contribution To Pension Fund, Contingent Staff (Deficit) പ്രകാരം ചെലവായി രേഖപ്പെടുത്തിയിട്ടുള്ളത് ₹1,96,74,217/- ആണ്. 2022-23 -ലെ ചെലവ് സംഖ്യ ₹1,15,96,427/- തൻവർഷത്തെ വാർഷിക കണക്കിൽ ഉൾപ്പെടുത്താൻ വിട്ടുപോയത് ഈ വർഷത്തെ ചെലവ് സംഖ്യയൊടൊപ്പം (₹80,77,787/-) ചെലവായി രേഖപ്പെടുത്തിയതിനാലാണ് ഈ സംഖ്യ വന്നിട്ടുള്ളത്. വാർഷികകണക്കിൽ വന്നിട്ടുള്ള മേൽ അപാകതകൾ തിരുത്തി വാർഷികകണക്കിൽ മാറ്റം വരുത്തേണ്ടതാണ്.

## 1-27 മുൻകൂർ അനുവദിച്ചത്-പൊതു അപാകതകൾ-

(എ)അഡ്വാൻസ് അനുവദിച്ചത് ക്രമീകരിച്ചില്ല.

നഗരസഭ വിവിധയിനങ്ങൾക്കായി 2023-24 സാമ്പത്തികവർഷം നൽകിയ മുൻകൂർ തുകകളിൽ നാളിതുവരെ ക്രമീകരിച്ചിട്ടില്ലാത്തതായി അവശേഷിക്കുന്നവ ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗ. നം | മുൻകൂർ സംഖ്യ ₹ | ചെക്ക് നമ്പർ &തീയ്യതി | അഡ്വാൻസ് കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | മുൻകൂർ നൽകിയതിന്റെ വിവരം/ഫയൽ നം. |
|---|---|---|---|---|---|
| 1 | 127/05-23 | 13500 | 741660/ 25.05.23 | ജെസിനിയ.സി.എം, ഓവർസീയർ (ഗ്രേഡ് -III) | മിനി ടൗൺ ഹാൾ ഇലക്ട്രിഫിക്കേഷൻ അറ്റകുറ്റപണികൾ (PW3-5743/23) |
| 2 | 145/05-23 | 10500 | 741660/ 31.05.23 | ജെസിനിയ. സി.എം, ഓവർസീയർ (ഗ്രേഡ് -III) | മിനി ടൗൺ ഹാൾ ഇലക്ട്രിഫിക്കേഷൻ പ്രവർത്തി (PW3-5983/23) |
| 3 | 56/07-23 | 10000 | 757791/ 13.07.23 | സിബി.വി.എം, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ -ഗ്രേഡ് 2 | മത്സ്യമാർക്കറ്റ് ബിൽഡിങ്ങിലെ സെപ്റ്റിക്ക് ടാങ്ക് ക്ലീനിങ് (PH2-4391/23) |
| 4 | 123/07-23 | 5000 | 757819/ 29.07.23 | അഷറഫ്.കെ.പി. ഡ്രൈവർ | KL-40-H -4144 JCB-വാഹനത്തിന്റെ അറ്റകുറ്റപണികൾ (PW4-6584/23) |

| | | | | | |
|---|---|---|---|---|---|
| 5 | 70/08-23 | 8000 | 758088/ 10.08.23 | രതീഷ് രവീന്ദ്രൻ, അസിസ്റ്റന്റ് എഞ്ചിനീയർ | വല്ലം റസ്റ്റ് ഹൗസ് അറ്റകുറ്റപണികൾ (PW3-5495/23) |
| 6 | 61/09-23 | 14622 | 758184/ 18.09.23 | അനീഷ്.വി.എസ്. ഡ്രൈവർ | KL-40-T-9255 വാഹനത്തിന്റെ അറ്റകുറ്റപണികൾ (PH2-7345/22) |
| 7 | 39/10-23 | 3000 | 762205/ 10.10.23 | രതീഷ് രവീന്ദ്രൻ, അസിസ്റ്റന്റ് എഞ്ചിനീയർ | വൈസ് ചെയർപേഴ്സണിന്റെ റൂമിലെ ഇലക്ട്രിക്കൽ അറ്റകുറ്റപണികൾ (PW3-7999/23) |
| 8 | 68/11-23 | 6700 | 762255/ 14.11.23 | ഷാജു.എൻ.വി, ഡ്രൈവർ | KL40-D-449 വാഹനത്തിന്റെ ഫിറ്റ്നെസ് ടെസ്റ്റ് (PW4-8408/09) |
| 9 | 42/12-23 | 11000 | 795323/ 15.12.23 | ബിന്ദു.ഇ.എസ്, ഓവർസീയർ (ഗ്രേഡ്-II) | EMS ടൗൺ ഹാൾ എ.സി. അറ്റകുറ്റപണികൾ (PW3-5743/23) |
| 10 | 3/01-24 | 15000 | 799081/ 03.01.24 | ബിന്ദു.ഇ.എസ്, ഓവർസീയർ (ഗ്രേഡ്-III) | കെ.സ്മാർട്ട് ഫ്രണ്ട് ഓഫീസ് നിർമ്മാണം (P.G1/50029/24) |
| 11 | 55/02-24 | 30000 | 811388/ 17.02.24 | രതീഷ് രവീന്ദ്രൻ, അസിസ്റ്റന്റ് എഞ്ചിനീയർ | പകൽവീട്-അറ്റകുറ്റപണികൾ (PW3(G7)-15311/19) |

മുൻകൂർ അനുവദിച്ചത് ക്രമീകരിക്കാത്തതുമായി ബന്ധപ്പെട്ട് കണ്ട പൊതു അപാകതകൾ ചുവടെ-

1)അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും ഡി.സി.ബി. തയ്യാറാക്കി സാക്ഷ്യപ്പെടുത്തുന്നില്ല.

2)തുകയുടെ 75% തുക മാത്രമേ മുൻകൂറായി അനുവദിക്കാൻ പാടുള്ളു എന്ന നിബന്ധന പാലിക്കപ്പെട്ടിട്ടില്ല.

3)ജി.ഒ.(പി)നം.419/2011/ഫിൻ തീയ്യതി 04.10.2011 പ്രകാരം ഒരു താൽക്കാലിക അഡ്വാൻസ് അനുവദിച്ച് കഴിഞ്ഞാൽ ആയത് മൂന്ന് മാസത്തിനുള്ളിൽ ക്രമീകരിക്കേണ്ടതാണെന്നും, ക്രമീകരിക്കാത്ത പക്ഷം സമയപരിധി തീരുന്ന മുറക്ക് 18% പിഴ പലിശ സഹിതം മുഴുവൻ തുകയും ഈടാക്കേണ്ട താണെന്നും ഉത്തരവുള്ളതാണ്. ആയത് പാലിക്കപ്പെട്ടിട്ടില്ല. സമയപരിധി അവസാനിച്ചിട്ടും ക്രമീകരി ക്കാതെ അവശേഷിക്കുന്ന മുൻകൂറുകൾ മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശമനുസരിച്ച് പലിശ സഹിതം തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

4)സർക്കുലർ നമ്പർ 21384/എ.സി.3/11/ത.സ്വ.ഭ.വ, തീയ്യതി 04.06.2011, ഖണ്ഡിക 3 പ്രകാരം നേരത്തെ കൈപ്പറ്റിയ മുൻകൂർ തുക ക്രമീകരിച്ചതായി സാക്ഷ്യപത്രം വാങ്ങിയ ശേഷമേ അടുത്ത മുൻകൂർ നൽകാവൂ എന്ന നിബന്ധനയുണ്ട്. ആയത് പാലിക്കപ്പെടുന്നില്ല. ഒരേ വ്യക്തികൾക്ക് തന്നെ ആദ്യം വാങ്ങിയ മുൻകൂർ തുക ക്രമീകരിക്കാതെ തുടർന്നും മുൻകൂർ തുകകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. മേൽ അപാകത ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.46 തീയ്യതി 14.11.2024 -ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ കാണിച്ച അഡ്വാൻസുകളിൽ താഴെ പറയുന്ന ക്രമനമ്പറുകളിൽ ഉള്ള അഡ്വാൻസുകൾ ക്രമീകരിച്ചതായി കാണിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ-

| ക്രമ നമ്പർ | അഡ്വാൻസ് ക്രമീകരിച്ച വൗച്ചർ | അഡ്വാൻസ് ക്രമീകരിച്ച തീയ്യതി |
|---|---|---|
| 3 | 89 | 19.12.2024 |
| 4 | 257 | 27.11.2024 |
| 6 | 249 | 27.11.2024 |
| 8 | 247 | 27.11.2024 |
| 11 | 91 | 19.12.2024 |

എന്നാൽ മേൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള കാലാവധി കഴിഞ്ഞാണ് അഡ്വാൻസുകൾ ക്രമീകരിച്ചതായി കാണുന്നത്. ആയതിൻമേൽ പിഴ പലിശ ഈടാക്കിയിട്ടുണ്ടോ എന്ന വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. സമയപരിധി തീർന്നതിന് ശേഷം ക്രമീകരിച്ച ഈ മുൻകൂറുകളിൽ പിഴ പലിശ ഈടാക്കിയ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ബി)<u>അഡ്വാൻസ് രജിസ്റ്റർ കാലികമല്ല</u>

ബാലൻസ് ഷീറ്റിലെ B18 -ലോൺ, അഡ്വാൻസുകൾ, ഡെപ്പോസിറ്റുകൾ എന്ന ഷെഡ്യൂളിൽ അഡ്വാൻസ് ഇനങ്ങളിൽ നഗരസഭ നൽകിയിട്ടുള്ള തുകകളെ സാധൂകരിക്കുന്ന വിവരങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ നിന്നും ലഭ്യമല്ല.ഇത്തരത്തിൽ അഡ്വാൻസ് നൽകിയിട്ടുള്ള പ്രസ്തുത തുകകൾ ക്രമീകരിക്കുന്നതിനോ ഈടാക്കുവാനോ ഇവയെ അഡ്വാൻസ് രജിസ്റ്ററിൽ നിന്നും മാറ്റുന്നതിനാവശ്യമായ തുടർ നടപടികളോ സ്വീകരിച്ചിട്ടില്ല. അഡ്വാൻസായി തുക നല്കിയത് ക്രമീകരിക്കാതെ വർഷങ്ങളായി ഒരേ നീക്കി ബാക്കി തുക തന്നെയായി തുടരുന്നു.വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | കോഡ് | ഇനം | 2022-23-ൽ അവശേഷിച്ച തുക ₹ | 2023-24-ൽ അവശേഷിക്കുന്ന തുക₹ |
|---|---|---|---|---|
| 1 | 460100100 | Housing Loan To Employees | 18985 | 18985 |
| 2 | 460100700 | Miscellaneous Advance | 510084 | 526148 |
| 3 | 460109900 | Other Loans And Advance To Employees | 102500 | 102500 |
| 4 | 460500201 | Advance To Implmenting Agencies -Municipal Fund | 550000 | 550000 |
| 5 | 460500301 | Advance To Projects-Municipal Funds | 1935 | 1935 |
| 6 | 460509901 | Other Advances - Municipal Funds | 5425 | 5425 |
| 7 | 460600300 | Water Deposits | 780000 | 780000 |

മേൽ പ്രകാരമുള്ള അഡ്വാൻസ് ക്രമീകരിച്ച് രേഖകൾ ലഭ്യമാക്കുന്നതിനായി സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## <u>1-28 സെക്രട്ടറിയുടെ ശമ്പളവും അലവൻസുകളും സർക്കാർ ഫണ്ടിലേക്ക് അടവാക്കിയിട്ടില്ല</u>

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 48(3), കേരള സർവ്വീസ് റൂൾ, റൂൾ 146 എന്നിവ പ്രകാരം അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കപ്പെട്ട നഗരസഭ സെക്രട്ടറിയുടെ ശമ്പളവും അലവൻസുകളും സംസ്ഥാനഫണ്ടിൽ നിന്നും പിൻവലിക്കേണ്ടതും ടി- തുകകളും പെൻഷൻ അംശദാനവും നഗരസഭ

തനതുഫണ്ടിൽ നിന്നും മാസം തോറും സർക്കാർ ഫണ്ടിലേക്ക് അടവാക്കേണ്ടതുമാണ്. ഇതുമായി കണ്ടെത്തിയ അപാകതകൾ ചുവടെ-

1)ട്രഷറിയിൽ നിന്ന് നടപ്പ് സാമ്പത്തികവർഷം നഗരസഭാ സെക്രട്ടറിയുടെ ശമ്പളയിനത്തിൽ പിൻവലിച്ച തുക നഗരസഭ, സർക്കാർ ഫണ്ടിലേക്ക് നാളിതുവരെ അടവാക്കിയതായി കാണുന്നില്ല.

2)സർക്കാരിലേക്ക് യഥാസമയം അടവാക്കാത്ത തൻ വർഷത്തെ ബാധ്യത കൂടാതെ, ബാലൻസ് ഷീറ്റ് പ്രകാരം ശമ്പള ഇനത്തിൽ ₹65,53,829/- യും (B-9 ഷെഡ്യൂൾ, Code No.350110100-Grosss Salary Payable), പെൻഷൻ അംശദാനം ഇനത്തിൽ ₹33,55,494/- യും (B-9 ഷെഡ്യൂൾ, Code No.350110700-Contribution To Other Pension Fund Payable) 31.03.2024 -ൽ ബാധ്യതയായി നിലനിൽക്കുന്നു.

3)വാർഷിക കണക്ക് ഷെഡ്യൂൾ 1-10 (B), Code 210100101 പ്രകാരം ശമ്പള ഇനത്തിൽ ചെലവായി കാണിച്ചിട്ടുള്ളത് ₹20,36,126/-. ലെഡ്ജർ പ്രകാരം ഇതിൽ ₹7,22,040/- എഞ്ചിനീയറിംങ് വിഭാഗത്തിന്റെ ശമ്പളചെലവ് തെറ്റായി രേഖപ്പെടുത്തിയതാണ്. ബാക്കി ചെലവിനത്തിൽ കാണിച്ചിട്ടുള്ളത് ₹13,14,086/-. എന്നാൽ സ്പാർക്കിലെ പേ ബിൽ രജിസ്റ്റർ പ്രകാരം ₹12,89,944/- യാണ് നഗരസഭാ സെക്രട്ടറിയുടെ തൻവർഷത്തെ ശമ്പള ഇനത്തിലെ ചെലവ്. വാർഷിക കണക്കിലെ ഈ വ്യത്യാസത്തിന്റെ കാരണം വിശദമാക്കേണ്ടതാണ്.

മേൽ പ്രകാരം ബാധ്യതയായി നിലനിൽക്കുന്ന തുക സർക്കാർ ഫണ്ടിലേക്ക് അടവാക്കാത്തതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 27.09.2024 -ൽ നൽകിയ 5-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക്, സെക്രട്ടറി 131619-2024 നമ്പർ ആയി 26.10.2024 -ൽ ലഭ്യമാക്കിയ മറുപടിയിൽ, 2023-24 കാലഘട്ടത്തിൽ നഗരസഭ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നു പോയിക്കൊണ്ടിരുന്ന അവസ്ഥയിലായിരുന്നെന്നും, മുനിസിപ്പാലിറ്റിയുടെ സാമ്പത്തിക പ്രതിസന്ധി മാറുന്ന മുറയ്ക്ക് ടി- തുക സർക്കാരിലേക്ക് അടവ് വരുത്തുന്നതുമാണെന്ന വിശദീകരണമാണ് ലഭ്യമാക്കിയിട്ടുള്ളത്. കേരള മുനിസിപ്പാലിറ്റി ആക്ട്, കേരള സർവ്വീസ് റൂൾ എന്നിവ അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം സർക്കാർ ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതായ തുകകൾ യഥാസമയം അടവാക്കേണ്ടതും, ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

## 1-29 ഉത്സവബത്തക്ക് പകരം ബോണസ്സ് അനുവദിച്ചു

വൗച്ചർ നം.-145-08/2023- തീയ്യതി 24.08.2023, സംഖ്യ-₹158250/-
കണ്ടിജന്റ് വിഭാഗം ജീവനക്കാരനായ ശ്രീ.വിഷ്ണു.എസ് സാനിട്ടേഷൻ വർക്കർക്ക് 2023-24 വർഷത്തേക്ക് അനുവദിക്കേണ്ട ഉത്സവബത്തക്ക് പകരം ബോണസ്സ് തുക അനുവദിച്ചു. വിശദവിവരം ഭാഗം-3, ഖണ്ഡിക 3.1 -ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-30 ശമ്പളരഹിത അവധികാലയളവിലേക്കും ശമ്പളം അനുവദിച്ചു

കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് ശമ്പളരഹിത അവധികാലയളവിലേക്കും ശമ്പളം തെറ്റായി അനുവദിച്ചു. ഈയിനത്തിൽ നഗരസഭക്ക് വന്ന നഷ്ടം സംബന്ധിച്ച വിശദവിവരം ഭാഗം-3, ഖണ്ഡിക 3.2 -ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-31 കണ്ടിജന്റ് വിഭാഗം ജീവനക്കാരന് അധികം ശമ്പളം അനുവദിച്ചു

കണ്ടിജന്റ് ജീവനക്കാരനായ ശ്രീ.മോഹൻകുമാർ. എൻ.പി -ക്ക് ഹയർഗ്രേഡ് അനുവദിച്ച് നൽകിയപ്പോൾ ശമ്പളം തെറ്റായി അനുവദിച്ചു. ഈയിനത്തിൽ നഗരസഭക്ക് വന്ന നഷ്ടം സംബന്ധിച്ച വിവരം ഭാഗം-3, ഖണ്ഡിക 3.3 -ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-32 വാർഷിക വേതന വർദ്ധനവ്-പൊതു അപാകതകൾ

(എ)ശ്രീമതി. ലീല. കെ.ജി, സാനിട്ടേഷൻ വർക്കറുടെ സേവനപുസ്തകം പരിശോധിച്ചതിൽ ടിയാൾക്ക് 01.06.2022 മുതൽ ₹33800/- യും 01.06.2023 മുതൽ ₹34700/- യും ശമ്പളത്തിനർഹതയുണ്ട്. എന്നാൽ 01.06.2024 -ലാണ് ടിയാരിക്ക് ₹34700/- അനുവദിച്ചതായി കാണുന്നത്. 2023-24, 2024-25 വർഷത്തെ ശമ്പളബിൽ പരിശോധിച്ചതിൽ 03/2023 മുതൽ 05/2024 വരെയും ₹33800/- നിരക്കിലാണ് ശമ്പളം അനുവദിച്ചിട്ടുള്ളത്. 01.06.2023 -ൽ അനുവദിക്കേണ്ട ഇൻക്രിമെന്റ് 01.06.2024 -ൽ അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.
(ബി)താഴെ പറയുന്ന കണ്ടിജന്റ് ജീവനക്കാർക്ക് ഇൻക്രിമെന്റ് അനുവദിച്ചത് സംബന്ധിച്ച വിവരം സേവനപുസ്തകത്തിൽ രേഖപ്പെടുത്താതെയാണ് ശമ്പളം അനുവദിച്ചതായി കാണുന്നത് .

| ക്രമ നം. | ജീവനക്കാരന്റെ പേര്/ തസ്തിക | ഇൻക്രിമെന്റ് സംബന്ധിച്ച വിവരം ₹ |
|---|---|---|

| | | |
|---|---|---|
| 1 | മല്ലിക.എ.പി,<br>സാനിട്ടേഷൻ വർക്കർ | 01.02.2023-27900<br>01.02.2024-28700 |
| 2 | അജിത.പി.എ,<br>സാനിട്ടേഷൻ വർക്കർ | 01.02.2023-26500<br>01.02.2024-27200 |
| 3 | സന്തോഷ്.എസ്.പാൽ,<br>സാനിട്ടേഷൻ വർക്കർ | 01.06.24- 24400 |

സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ട പ്രധാന രേഖപ്പെടുത്തലുകൾ വരുത്താതെ ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നത് ഉചിതമായ രീതിയല്ലെന്ന് വിലയിരുത്തുന്നു. സേവനപുസ്തകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

(സി)ഫയൽ നമ്പർ PH 1 829/22 (Vol-II) 11.02.2022 -ന് സേവനത്തിൽ പ്രവേശിച്ച ശ്രീ അർജുൻ. വി.കെ, സാനിട്ടേഷൻ വർക്കർക്ക്, സേവനപുസ്തകം പേജ് 16 -ലെ രേഖപ്പെടുത്തൽ പ്രകാരം 11.02.2023 -ൽ ഇൻക്രിമെന്റ് അനുവദിച്ച് അടിസ്ഥാനശമ്പളം ₹23700/- നിന്ന് ₹24400/- യായും 11.02.2024 മുതൽ ₹25100/- യായും ഉയർത്തിയിട്ടുണ്ട്. എന്നാൽ ശമ്പള ബിൽ പരിശോധനയിൽ 07/2023 മുതൽ 02/2024 വരെയും ₹24400/- നിരക്കിലാണ് ശമ്പളം അനുവദിച്ചിട്ടുള്ളത്. സേവനത്തിൽ പ്രവേശിച്ച തീയ്യതിയായ 11.02.2022 മുതൽ അടുത്ത ഇൻക്രിമെന്റ് അനുവദിക്കാവുന്ന 11.02.2023 വരെയുള്ള കാലയളവിനെ ബാധിക്കുന്ന താഴെ പറയുന്ന അവധികൾ ഒഴിവാക്കിയാൽ ടിയാന് 11.06.2023 -ന് അടുത്ത ഇൻക്രിമെന്റ് അനുവദനീയമാണ്. എന്നാൽ ശമ്പളബിൽ പരിശോധനയിൽ 01.07.2023 മുതലാണ് ആദ്യത്തെ ഇൻക്രിമെന്റ് അനുവദിച്ചതായി കാണുന്നത്.

| | |
|---|---|
| 01.06.2022 മുതൽ 13.06.2022 | 13 -ദിവസം<br>ശമ്പളരഹിത അവധി |
| 20.06.22 മുതൽ 21.06.2022 | 2 -ദിവസം ശമ്പളരഹിത<br>അവധി |
| 01.02.2023 മുതൽ 18.03.2023 | 46 -ദിവസം<br>ശമ്പളരഹിത അവധി |
| 30.03.2023 മുതൽ 19.05.2023 | 51 -ദിവസം<br>ശമ്പളരഹിത അവധി |
| 01.09.2022, 16.09.2022 മുതൽ<br>20.09.22 വരെ 15.10.2022, 18.1.2023 | 8 -ദിവസം<br>ആർജ്ജിതാവധി |
| ആകെ | 120 ദിവസം<br>(LWA-112,<br>EL-08) |

ഇൻക്രിമെന്റ് തെറ്റായി സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയതിനും അർഹമായ തീയ്യതിയിൽ ഇൻക്രിമെന്റ് അനുവദിക്കാതിരുന്നതിന്റെയും കാരണം വിശദമാക്കേണ്ടതും. അർഹമായ തീയ്യതിയിൽ തന്നെ ഇൻക്രിമെന്റ് അനുവദിച്ച വിവരം സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

## 1-33 സേവനപുസ്തക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

(എ)<u>കണ്ടിജന്റ് ജീവനക്കാരന് ചട്ടവിരുദ്ധമായി പരിവർത്തിതാവധി അനുവദിച്ചു</u>

07.06.2007 -ലെ സ.ഉ. (എം.എസ്)153/07/തസ്വഭവ ഉത്തരവ് പ്രകാരം നഗരസഭ കണ്ടിജന്റ് ജീവനക്കാർക്ക് അർദ്ധവേതനാവധി അനുവദിക്കുന്നത് കെ.എസ്.ആർ -ലെ ബന്ധപ്പെട്ട ചട്ടങ്ങൾക്ക് അനുസൃതമാണെന്ന് പരാമർശിക്കുന്നുണ്ട്. കെ.എസ്.ആർ -ലെ ചട്ടം 84, 86എ എന്നിവ പ്രകാരം 3 വർഷം സേവനം പൂർത്തിയായ ജീവനക്കാർക്കാണ് പരിവർത്തിതാവധി അനുവദിക്കാവുന്നത്. എന്നാൽ 01.06.2023 -ന് ജോലിയിൽ പ്രവേശിച്ച സന്തോഷ്. എസ്.പാൽ, സാനിട്ടേഷൻ വർക്കർക്ക് സേവനപുസ്തകം 123 -ലെ രേഖപ്പെടുത്തൽ പ്രകാരം മൂന്ന് വർഷം സേവനം പൂർത്തിയാകുന്നതിന് മുൻപായി 26.09.2024 വരെ 9 കമ്മ്യൂട്ടഡ് അവധി അനുവദിച്ചുകാണുന്നു. മൂന്ന് വർഷ സേവനം പൂർത്തിയാക്കാത്ത ജീവനക്കാരന് ചട്ടവിരുദ്ധമായി പരിവർത്തിതാവധി അനുവദിച്ചത് ക്രമപ്രകാരമല്ല.

(ബി)<u>ഹയർഗ്രേഡ് ശമ്പള നിർണ്ണയം കുടിശ്ശിക അനുവദിച്ചില്ല</u>

കണ്ടിജന്റ് ജീവനക്കാരിയായ വാസന്തി.വി.കെ, സാനിട്ടേഷൻ വർക്കർക്ക്, 09.06.23 പ്രാബല്യത്തിൽ 24400-55200 ശമ്പളസ്കെയിലിൽ 8 വർഷ ഹയർഗ്രേഡ് ശമ്പളമായി നിലവിലെ അടിസ്ഥാനശമ്പളമായ ₹29500/- നിന്ന് ₹31100/- ആയി ഹയർ ഗ്രേഡ് ശമ്പളം ഫിക്സ് ചെയ്തു. പുതുക്കിയ നിരക്കിലുള്ള ശമ്പളം

08/2023 -ലെ ശമ്പളബിൽ പ്രകാരം മാറിയതായി കാണുന്നുണ്ടെങ്കിലും 09.06.23 മുതൽ 31.07.2023 വരെയുള്ള കാലയളവിലെ അരിയർ അനുവദിച്ചതായി കാണുന്നില്ല. പ്രസ്തുത കാലയളവിലേ കുടിശ്ശിക അനുവദിച്ചിട്ടില്ലെങ്കിൽ ആയത് അനുവദിക്കേണ്ടതാണ്.

(സി) മരണപ്പെട്ട ജീവനക്കാരന്റെ ശമ്പളം അവകാശികൾക്ക് നൽകിയില്ല

18.03.2023-ൽ മരണപ്പെട്ട കണ്ടിജന്റ് ജീവനക്കാരനായിരുന്ന ശ്രീ. എ.കെ. ഓമനക്കുട്ടൻ, സാനിട്ടേഷൻ വർക്കറുടെ 01.03.2023 മുതൽ 18.03.2023 വരെയുള്ള ശമ്പളം 2023-24 സാമ്പത്തിക വർഷം ടിയാന്റെ അവകാശികൾക്ക് അനുവദിച്ചതായി കാണുന്നില്ല (അടിസ്ഥാന ശമ്പളം ₹34700/-). ശമ്പളകുടിശ്ശിക നാളിതുവരെ അനുവദിച്ചിട്ടില്ലെങ്കിൽ ആയത് ജീവനക്കാരന്റെ അവകാശികൾക്ക് വിതരണം ചെയ്യേണ്ടതാണ്.

(ഡി)റഗുലർ വിഭാഗം ജീവനക്കാരന് അവധിവേതനം അനുവദിച്ചില്ല

വൗച്ചർ നം. 42/10-23 തീയ്യതി 10.10.2023, ചെക്ക് നമ്പർ & തീയ്യതി-762206/10.10.2023, തുക - ₹716780/-, കൊച്ചി കോർപ്പറേഷനിൽ നിന്ന് 02.09.2023 -ന് വിടുതൽ ചെയ്ത ശ്രീ. സുരേഷ്. കെ.സി, ക്ലർക്കിന് 09/2023 മാസം ഈ കാര്യാലയത്തിൽ നിന്ന് 28 ദിവസത്തെ ശമ്പളത്തിനർഹതയുണ്ട്. എന്നാൽ 09/2023 -ലെ എസ്റ്റാബ്ലിഷ് മെന്റ് സപ്ലിമെന്ററി സാലറി ബിൽ പ്രകാരം ₹32000/- അടിസ്ഥാന ശമ്പളനിരക്കിൽ 25 ദിവസത്തെ ശമ്പളമാണ് ടിയാന് അനുവദിച്ച് നൽകിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് 56/16.11.2024 -ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി 23.11.2024 -ൽ ലഭ്യമാക്കിയ മറുപടിയിൽ പ്രവേശകാലം കഴിഞ്ഞ് 10.09.2023 -ൽ ഈ കാര്യാലയത്തിൽ ജോലിയിൽ പ്രവേശിക്കേണ്ട ടിയാൻ 3 ദിവസം കഴിഞ്ഞ് 13.09.2023 -നാണ് ജോലിയിൽ പ്രവേശിച്ചിട്ടുള്ളതെന്നും ഇക്കാലയളവ് അവധിയായി ക്രമീകരിച്ചിട്ടുണ്ടെന്നും, അവധി വേതനം നാളിതുവരെ അനുവദിച്ച് നൽകിയിട്ടില്ല എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലഭ്യമാക്കിയ മറുപടിയിൽ ഏത് തരം അവധിയാണ് ടിയാന് അനുവദിച്ചിട്ടുള്ളതെന്ന വിവരം രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതും ടിയാന് അവധി വേതനത്തിന് അർഹതയുള്ള അവധിയാണ് നൽകിയിട്ടുള്ളതെങ്കിൽ അവധി വേതനം അനുവദിച്ച് നൽകേണ്ടതുമാണ്.

## 1-34 ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക അനുവദിച്ചു

2023-24 വർഷത്തിൽ നഗരസഭയിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ചില പെൻഷൻ ഗുണഭോക്തക്കൾ നഗരസഭയുടെ ആക്റ്റീവ് പെൻഷനേഴ്സ് ലിസ്റ്റിൽ (23.09.2024 -ന് ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയ ആക്റ്റീവ് പെൻഷനേഴ്സ് ലിസ്റ്റ് പ്രകാരം) തുടരുന്നതായി കണ്ടെത്തിയിട്ടുണ്ട്. പലർക്കും മരണ ശേഷവും പെൻഷൻ തുക കൈമാറിയിട്ടുള്ളതായും കാണുന്നു. വിശദ വിവരങ്ങൾ ഭാഗം-3,ഖണ്ഡിക 3-5 -ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-35 എ.സി. ഓഡിറ്റോറിയത്തിന്റെ വൈദ്യുതി ബിൽ രണ്ടു തവണ അടവാക്കി

കൺസ്യൂമർ നമ്പർ- 1155833030214 -റിലുള്ള നഗരസഭ എ.സി. ഓഡിറ്റോറിയത്തിന്റെ 05/2023 -ലെ ഇലക്ട്രിസിറ്റി ബിൽ രണ്ടു തവണ അടവാക്കിയതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട നഗരസഭക്ക് ഉണ്ടായ നഷ്ടം സംബന്ധിച്ച വിശദാംശം ഭാഗം-3, ഖണ്ഡിക 3-6 -ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-36 ക്വാർട്ടേഴ്സ് ഉപയോഗിച്ച ജീവനക്കാർക്ക് വീട്ടുവാടകബത്ത നൽകി

നഗരസഭയിൽ ജോലി ചെയ്തു വരുന്ന പി.എ.ടു സെക്രട്ടറി, ഹെൽത്ത് സൂപ്പർവൈസർ, ഹെൽത്ത് ഇൻസ്പെക്ടർ, എൽ.ഡി.സി /ബിൽ കളക്ടർ എന്നിവർക്ക് താമസിക്കുന്നതിന് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ക്വാർട്ടേഴ്സ് അനുവദിക്കണമെന്നും, കൂടാതെ ടി ക്വാർട്ടേഴ്സിൽ ഫർണ്ണീച്ചറുകൾ കുറവായതിനാൽ തൽക്കാല നൈറ്റ് ഷെൽട്ടറിൽ നിന്നും 2 കട്ടിൽ, 2 ടേബിൾ, 7 കസേര എന്നിവ ടി ക്വാർട്ടേഴ്സിലേക്ക് അനുവദിക്കണമെന്നും, ടി ക്വാർട്ടേഴ്സ് എൽ.ഡി.സി/ബിൽ കളക്ടർ ആയ അനന്തുവിന്റെ പേരിൽ അനുവദിക്കണമെന്നും ആവശ്യപ്പെട്ട് ഹെൽത്ത് സൂപ്പർവൈസർ, ശ്രീ. അനന്തു എന്നിവർ സംയുക്തമായി സമർപ്പിച്ച അപേക്ഷയിൻമേൽ കൗൺസിലിന്റെ 29.03.2023 -ലെ 28-ാം നമ്പർ തീരുമാനപ്രകാരം പി.എ. ടു സെക്രട്ടറി, ഹെൽത്ത് സൂപ്പർവൈസർ, ഹെൽത്ത് ഇൻസ്പെക്ടർ, എൽ.ഡി.സി/ബിൽ കളക്ടർ എന്നിവർക്ക് താമസിക്കുന്നതിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ക്വാർട്ടേഴ്സ് നിയമാനസൃത വാടക ഈടാക്കി എൽ.ഡി. ക്ലാർക്ക്/ബിൽ കളക്ടർ ശ്രീ. അനന്തു എം.-ന്റെ പേരിൽ അനുവദിക്കുന്നതിന് തീരുമാനിച്ചു. ഇപ്രകാരം ക്വാർട്ടേഴ്സ് അനുവദിച്ച് കിട്ടിയ ജീവനക്കാർ വീട്ടുവാടക ബത്തക്ക് അർഹതയില്ലാതിരുന്നിട്ടും 2023-24 വർഷം വീട്ടുവാടക ബത്ത വാങ്ങിയതായി കാണുന്നുണ്ട്. ഈ ഇനത്തിൽ നഗരസഭക്ക് ഉണ്ടായ നഷ്ടം സംബന്ധിച്ച വിശദാംശം ഭാഗം 3 -ൽ ഖണ്ഡിക 3-4 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കണ്ട മറ്റ് അപാകതകൾ ചുവടെ-

1)ജീവനക്കാരുടെ അപേക്ഷ പ്രകാരം ക്വാർട്ടേഴ്സിൽ ഫർണ്ണീച്ചറുകൾ കുറവായതിനാൽ തൽക്കാല നൈറ്റ് ഷെൽട്ടറിൽ നിന്നും 2 കട്ടിൽ, 2 ടേബിൾ, 7 കസേര എന്നിവ ടി ക്വാർട്ടേഴ്സിലേക്ക് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഇപ്രകാരം ഫർണ്ണീച്ചർ അനുവദിച്ചതിന്റെ വിവരം, ആയത് സ്റ്റോക്ക് രജിസ്റ്ററിൽ വരവെടുത്തതിന്റെ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2)അസിസ്റ്റന്റ് എഞ്ചിനീയർ മുൻപ് ഉപയോഗിച്ചിരുന്ന ക്വാർട്ടേഴ്സ് ആണ് ഈ ജീവനക്കാർക്ക് അനുവദിച്ച് നൽകിയിട്ടുള്ളത്. എന്നാൽ ക്വാർട്ടേഴ്സ് ഉപയോഗിച്ചിരുന്ന അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഇപ്രകാരം വീട്ടുവാടകബത്ത ഈടാക്കിയിരുന്നോ എന്നത് സംബന്ധിച്ച വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും പ്രസ്തുത വിവരം ലഭ്യമാക്കിയിട്ടില്ല. വീട്ടുവാടകബത്ത ഈടാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

3)ഇതുമായി ബന്ധപ്പെട്ട ഫയൽ (നമ്പർ-R4-216/23) പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല.

## 1-37 വാഹന പരിപാലനം പൊതുഅപാകതകൾ

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകതകൾ ചുവടെ-

1-മലിനീകരണനിയന്ത്രണ ടെസ്റ്റ് നടത്തിയിട്ടില്ല

താഴെ പറയുന്ന വാഹനങ്ങളുടെ മലിനീകരണനിയന്ത്രണ ടെസ്റ്റ് 2023-24 സാമ്പത്തിക വർഷം നടത്തിയതായി കാണുന്നില്ല.

| ക്രമ നം. | വാഹന നമ്പർ | വാഹനം |
|---|---|---|
| 1 | KL-40-L-1167 | മഹീന്ദ്ര താർ ജീപ്പ്-മോഡൽ 2015 |
| 2 | KL-40-F-6120 | ബൈക്ക് |
| 3 | KL-40-K-6876 | ഷാസി ടിപ്പർ |
| 4 | KL-40-H-4144 | JCB |
| 5 | KL-40-L-9461 | മാരുതി ഒമ്നി |

മലിനീകരണ നിയന്ത്രണ ടെസ്റ്റ് നടത്താതിരുന്നതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

2-ലോഗ് ബുക്കിൽ സാക്ഷ്യപ്പെടുത്തൽ പൂർണ്ണമല്ല

2000 -ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ, ചട്ടം7 പ്രകാരം ലോഗ് ബുക്ക്, കസ്റ്റോഡിയൻ ഓഫീസർ വാഹനത്തിന്റെ ഡ്രൈവറെ ഏൽപ്പിക്കേണ്ടതും ഓരോ യാത്രയും ആയത് യാത്ര ചെയ്ത ആളോ, ആളുകളോ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന വാഹനത്തിന്റെ ലോഗ് പരിശോധിച്ചതിൽ യാത്ര ചെയ്ത ഉദ്യോഗസ്ഥന്റെയോ/ ആളുടെയോ സാക്ഷ്യപ്പെടുത്തൽ ഇല്ലാതെയാണ് ലോഗ് ബുക്കിലെ രേഖപ്പെടുത്തൽ വരുത്തിയതായി കാണുന്നത്. വിശദവിവരം ചുവടെ-

| വാഹനത്തിന്റെ വിവരം | യാത്രയുടെ വിവരം |
|---|---|
| KL-40-V-0762 - Izuzu | 02/2024 മാസത്തിൽ 02,08,09,12,15,16,17,20, 21,23,27,29 തീയ്യതികളിൽ<br>03/2024 മാസത്തിൽ 01,05,06,0,7,09,12,13,16,18, 19,20,21,24,25,27,28,30 തീയ്യതികളിൽ |

ലോഗ് ബുക്കുകളിലെ മുഴുവൻ യാത്രവിവരങ്ങളും യാത്ര ചെയ്ത ഉദ്യോഗസ്ഥരെകൊണ്ട് സാക്ഷ്യപ്പെടുത്താതിരുന്നത് ശരിയായ നടപടിയല്ല. യാത്ര ചെയ്ത ജീവനക്കാരെ കൊണ്ട് മുഴുവൻ യാത്രാവിവരങ്ങളും സാക്ഷ്യപ്പെടുത്തേണ്ടതും ആയത് വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്.

3-മൈലേജ് സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

വൗച്ചർ നം. 72/05-2023,ചെക്ക് നമ്പർ 722648/01.03.2023, ബിൽ തുക ₹7735/-

നഗരസഭയിലെ താഴെ പറയുന്ന 7 -വാഹനങ്ങളുടെ ഇന്ധനക്ഷമതാ ടെസ്റ്റ് നടത്തുന്നതിനായി പരിശോധന ഫീസ് ഇനത്തിൽ മേൽ പ്രകാരമുള്ള സംഖ്യ ട്രഷറിയിൽ ചെലാൻ വഴി 07.03.2023 -ന് അടവാക്കി. തുടർന്ന് മൈലേജ് ടെസ്റ്റ് നടത്താൻ ആവശ്യപ്പെട്ടുകൊണ്ട് 09.03.2023 -ൽ നഗരസഭാ സെക്രട്ടറി PW4-6784/09 ആയി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ PWD മെക്കാനിക്കൽ സബ് ഡിവിഷൻ ചാലക്കുടി -ക്ക് കത്ത് നൽകി.

| ക്രമ നം. | വാഹന നം. | വാഹനം |
|---|---|---|
| 1 | KL-40-L-1167 | മഹീന്ദ്ര താർ ജീപ്പ്-2015മോഡൽ |
| 2 | KL-40-K-6876 | ഷാസി ടിപ്പർ |
| 3 | KL-40-H-4144 | JCB |
| 4 | KL-40-G-0052 | മഹീന്ദ്ര ബോലേറോ 2012-മോഡൽ |
| 5 | KL-40-P-6268 | ടൊയോട്ട ഇന്നോവ ക്രിസ്റ്റ 2018-മോഡൽ |
| 6 | KL-40-L-9461 | മാരുതി ഒമ്നി |
| 7 | KL-40-D-449 | 407 മോഡൽ ടിപ്പർ |

എന്നാൽ ട്രഷറി ചെലാൻ തെറ്റി ഒടുക്കിയതിനാൽ ഇ- ട്രഷറി ചെലാൻ വഴി ഒടുക്കാൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എ2/553/2018/EKM ആയി 23.03.2023 -ൽ സെക്രട്ടറിക്ക് കത്ത് നൽകി. ആയതുപ്രകാരം ചെലാൻ അടവാക്കി 29.07.2023 -ൽ സെക്രട്ടറി കത്തു നൽകിയതു പ്രകാരം 4 വാഹനങ്ങളുടെ ഇന്ധനക്ഷമത-പരിശോധന സർട്ടിഫിക്കറ്റാണ് നാളിതുവരെ പരിശോധന പൂർത്തിയാക്കി ലഭ്യമാക്കിയിട്ടുള്ളത്. താഴെ പറയുന്ന മറ്റു വാഹനങ്ങളുടെ ഇന്ധനക്ഷമത-പരിശോധന സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനാവശ്യമായ യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല.

| ക്രമ നം. | വാഹന നം | വാഹനം |
|---|---|---|
| 1 | KL-40-K-6876 | ഷാസി ടിപ്പർ |
| 2 | KL-40-H-4144 | JCB |
| 3 | KL-40-D-449 | 407 മോഡൽ ടിപ്പർ |

2000-ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ, ചട്ടം 8(1)അനുശാസിക്കും പ്രകാരം ഇന്ധനക്ഷമതാ ടെസ്റ്റ് നടത്തി സർട്ടിഫിക്കറ്റ് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

4-<u>ഇന്ധന ഉപയോഗത്തിന്റെ കൃത്യത പരിശോധന പൂർണ്ണമല്ല</u>

2000-ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ ചട്ടം 9 -ൽ ഇന്ധന ഉപയോഗത്തിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിന് താഴെ പറയുന്ന നടപടിക്രമം അനുവർത്തിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു.

1)കസ്റ്റോഡിയൻ ആഫീസറുടെയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ആഫീസറുടെയോ സാന്നിദ്ധ്യത്തിൽ വാഹനത്തിന്റെ ടാങ്കിൽ പൂർണ്ണമായും (ഫുൾകപ്പാസിറ്റി) ഇന്ധനം നിറയ്ക്കേണ്ടതാണ്.

2)ഇന്ധനടാങ്ക് പൂർണ്ണമായും നിറയ്ക്കുമ്പോൾ ഇന്ധനം നിറച്ച തീയ്യതി, ടാങ്കിൽ ആകെയുള്ള ഇന്ധനത്തിന്റെ അളവ്, ആ സമയത്തെ കിലോമീറ്റർ, റീഡിംഗ്, ഇന്ധനം നിറയ്ക്കുമ്പോൾ ഹാജരായിട്ടുള്ള ഉദ്യോഗസ്ഥന്റെ പേരു്, ഒപ്പ് എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

3)വാഹനം പൂർണ്ണമായി നിറച്ചതിന് ശേഷം വാഹനം ഓടിയ ദൂരവും വീണ്ടും പൂർണ്ണമായി നിറയ്ക്കുന്നതിന് ആവശ്യമായി വരുന്ന ഇന്ധനത്തിന്റെ അളവും കണക്കിൽ എടുത്തും ഒരു കിലോമീറ്റർ ദൂരം സഞ്ചരിക്കുന്നതിന് വേണ്ടിവരുന്ന ഇന്ധനത്തിന്റെ അളവ് എത്രയെന്നും കസ്റ്റോഡിയൻ ഓഫീസർ കണക്കാക്കേണ്ടതും മുൻപ് വാഹനത്തിനു രേഖപ്പെടുത്തിയിട്ടുള്ള ഇന്ധന ഉപയോഗത്തിന്റെ തോതിൽ കാര്യമായ വ്യതിയാനം കാണുന്ന പക്ഷം വാഹനത്തിന്റെ കേടുപാട് തീർക്കേണ്ടതുമാണ്. എന്നാൽ ഇന്ധനത്തിന്റെ ഉപയോഗം തുടർച്ചയായി വർദ്ധിക്കുകയാണെങ്കിൽ ഇന്ധന ഉപയോഗ തോത് പുതുക്കി നിശ്ചയിക്കേണ്ടതുമാണ്. എന്നാൽ പരിശോധനക്ക് ഹാജരാക്കിയ താഴെ പറയുന്ന വാഹനങ്ങളുടെ ലോഗ് ബുക്ക് പരിശോധിച്ചതിൽ മേൽ പറഞ്ഞ പ്രകാരമുള്ള യാതൊരു നടപടിക്രമങ്ങളും പാലിച്ചതായി കാണുന്നില്ല.

| ക്രമ നം. | വാഹനം | വാഹന നം |
|---|---|---|
| 1 | മഹീന്ദ്ര താർ ജീപ്പ്-മോഡൽ 2015 | KL-40-L-1167 |
| 2 | ഷാസി ടിപ്പർ | KL-40-K-6876 |
| 3 | JCB | KL-40-H-4144 |
| 4 | 407 മോഡൽ ടിപ്പർ | KL-40-D-449 |

ഇന്ധന ഉപയോഗത്തിന്റെ കൃത്യത സംബന്ധിച്ച വിവരങ്ങളുടെ അഭാവത്തിൽ മേൽ വാഹനങ്ങളുടെ ഇന്ധന ചെലവിനായി ചെലവഴിച്ച തുകകളുടെ ആധികാരികത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

4-ഇന്ധനം നിറച്ച വിവരം ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല- ₹27461/- തടസ്സത്തിൽ വെക്കുന്നു.

വാഹനങ്ങൾക്ക് ഇന്ധനം നിറച്ച വകയിൽ പരിവാരം ടൂറിസ്റ്റ് ട്രാൻസിറ്റ് സെന്റർ, പെരുമ്പാവൂർ എന്ന സ്ഥാപനത്തിന് നൽകിയ സംഖ്യ പ്രകാരമുള്ള ഇന്ധനം വാഹനത്തിൽ നിറച്ചത് സംബന്ധിച്ച വിവരം ലോഗ് ബുക്കിൽ രേഖപ്പെടുത്തി കാണുന്നില്ല.

| ഫയൽ നം | വൗച്ചർ നം | ചെക്ക് നമ്പർ / തീയ്യതി | സംഖ്യ₹ | ഇന്ധനം നിറച്ചതിന്റെ വിശദാംശം |
|---|---|---|---|---|
| PH 2-11122/20 | 34/02-2024 | 802104 | 20459 | KL-40-K-6876 ടിപ്പർ ലോറിക്ക് ഇന്ധനം നിറച്ച വകയിൽ 09/2023ൽ -13421/-, 10/2023-ൽ 7038/ എന്നിങ്ങനെ സംഖ്യ അനുവദിച്ചു. ഇതിൽ സ്ഥാപനത്തിന്റെ രസീത്, ഒറിജിനൽ രസീത് എന്നിവ ഇല്ല. മാത്രമല്ല ലോഗ് ബുക്ക് പ്രകാരം 09/2023 ൽ - 27.09.2023 ന് 6365.36 രൂപയ്ക്ക് 65.86 ലിറ്റർ ഇന്ധനം നിറച്ച വിവരമേ രേഖപ്പെടുത്തിയിട്ടുള്ളൂ. 09/23, 10/23 മാസങ്ങളിലായി 14094/- രൂപയുടെ ഇന്ധനം നിറച്ച വിവരം ഇല്ല. |
| PH 2-7091/12 | 45/05-2023 | 735999/ 10.05.2023 | 17633 | KL-40-G-0052 ബോലേറോ വാഹനത്തിന് ഇന്ധനം നിറച്ച വകയിൽ സ്ഥാപനം ഹാജരാക്കിയ ബിൽ പ്രകാരം അനുവദിച്ച സംഖ്യയിൽ 08.03.2023 ന് ടോക്കൺ നം. 2309 ബിൽ നമ്പർ 60099 പ്രകാരം അടിച്ച |

| | | | | |
|---|---|---|---|---|
| | | | | 49.14 ലിറ്റർ ഇന്ധനവിവരം (4651/ രൂപയുടെ ചേർത്തുകാണുന്നില്ല) |
| PW 4-(PH2)-7091/12 | 77/10-23 | 762224/ 28.10.2023 | 16655 | KL-40-G-0052 ബോലേറോ വാഹനത്തിന് ഇന്ധനം നിറച്ച വകയിൽ സ്ഥാപനം ഹാജരാക്കിയ ബിൽ പ്രകാരം താഴെ കാണിച്ച ടോക്കൺ നമ്പറിലുള്ള ഇന്ധനം നിറച്ചത് സംബന്ധിച്ച വിവരം ചേർത്തുകാണുന്നില്ല 26.07.2023 ടോക്കൺ നം-2587- ബിൽ നം 60114 45.17 ലിറ്റർ ഡീസൽ 4366/ 24.08.2023 ടോക്കൺ നം-2645- ബിൽ നം 60117-45.01 ലിറ്റർ ഡീസൽ 4350/ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.47/14.11.2024) ലഭ്യമാക്കിയ മറുപടിയിൽ, ലോഗ് ബുക്കിൽ രേഖപ്പെടുത്താൻ വിട്ടു പോയവ രേഖപ്പെടുത്തുവാൻ ഡ്രൈവർമാർക്ക് നിർദ്ദേശം നൽകിയതായും, പ്രസ്തുത രേഖപ്പെടുത്തൽ വരുത്തി ലോഗ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതായും അറിയിച്ചിരുന്നു. എന്നാൽ മറുപടിക്കൊപ്പം ഹാജരാക്കിയ ലോഗ് ബുക്കുകളിൽ ക്രമനം. 1 പ്രകാരമുള്ള വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധനയ്ക്കായി ഹാജരാക്കി യിട്ടില്ലാത്തതും KL-40-G-0052 -ബോലേറോ വാഹനത്തിന്റെ ലോഗ് ബുക്കിൽ രേഖപ്പെടുത്തൽ വരുത്തിയിട്ടില്ലാത്തതുമാണ്. ആയതിനാൽ ഈ ഇനത്തിൽ ചെലവായ തുക ₹27,461/- (14,094+4, 651+4,366+4,350) തടസ്സത്തിൽ വെക്കുന്നു.

## <u>1-38 പെൻഷൻ ലിസ്റ്റിൽ നിന്നും അനർഹരെ ഒഴിവാക്കിയില്ല</u>

ധനകാര്യ(എസ്.എഫ്.സി-ബി) വകുപ്പിന്റെ 02.08.2021 -ലെ 63/2021/ധന നമ്പർ സർക്കുലർ ഖണ്ഡിക 2(1) പ്രകാരം പ്രാദേശിക സർക്കാരിൽ അതാതു മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിര താമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിര താമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസം 10 -ാം തീയതിക്കു മുമ്പ് അറിയിക്കേണ്ടതാണ്. തുടർന്ന് വിവരങ്ങൾ പരിശോധിച്ച് മരണപ്പെട്ട/അനർഹരായ ഗുണഭോക്താക്കളെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാനുള്ള നടപടി ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സ്വീകരിക്കേണ്ടതുമാണ്. നഗരസഭയിൽ 2023-24 വർഷം രജിസ്റ്റർ ചെയ്തിട്ടുള്ളതും മറ്റു പ്രാദേശിക സർക്കാരിൽ സ്ഥിര താമസമാക്കിയവരുടെ മരണങ്ങളിൽ ക്ഷേമ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ ഇപ്പോഴും ആക്ടീവ് സ്റ്റാറ്റസിൽ തുടരുന്നതും പെൻഷൻ തുക വിതരണം ചെയ്തുവരുന്നവരുമുണ്ട്. ചുവടെ ചേർത്തിരിക്കുന്ന വ്യക്തികളുടെ മരണങ്ങൾ യഥാസമയം അതാതു പ്രാദേശിക സർക്കാരിൽ അറിയിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം.22/തിയ്യതി 10.10.2024 -പ്രകാരം ആവശ്യപ്പെട്ടിരുന്നു. എന്നാൽ നാളിതുവരെ മറുപടി ലഭ്യമാക്കിയില്ല.

| നം. | പേര്/ആധാർ നം. | സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാർ (പഞ്ചായത്ത്/ നഗരസഭ) | മരണപ്പെട്ട തീയതി | മരണം രജിസ്റ്റർ ചെയ്യപ്പെട്ട തീയതി | അവസാനമായി പെൻഷൻ വിതരണം ചെയ്യപ്പെട്ട മാസം | പെൻഷൻ വിഭാഗം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | മോഹൻബാബു/ 463554 658339 | കൂവപ്പടി-ഗ്രാമപഞ്ചായത്ത്, എറണാകുളം ജില്ല | 30.08.2023 | 25.09.2023 | 05/2024 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ |
| 2 | പാത്തുമ്മ/ 532505 257750 (മരണസർട്ടിഫിക്കറ്റിൽ ഫാത്തിമ) | ഒക്കൽ-ഗ്രാമപഞ്ചായത്ത്, എറണാകുളം ജില്ല | 28.09.2023 | 28.10.2023 | 05/2024 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ |
| 3 | മേരി /276728 063899 | മേലൂർ-ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ ജില്ല | 5.10.2023 | 28.10.2023 | 11/2023 | 50-വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ |
| 4 | ഗോപാലകൃഷ്ണൻ /784813 796644 | രായമംഗലം-ഗ്രാമ പഞ്ചായത്ത്, എറണാകുളം ജില്ല | 27.10.2023 | 02.11.2023 | 05/2024 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ |
| 5 | സരസ്വതി / 558827 267364 | കൂവപ്പടി- ഗ്രാമ പഞ്ചായത്ത്, എറണാകുളം | 19.11.2023 | 04.12.2023 | 05/2024 | “ |

നഗരസഭയിൽ 2023-24 -വർഷം രജിസ്റ്റർ ചെയ്തിട്ടുള്ളതും മറ്റ് പ്രാദേശിക സർക്കാരിൽ സ്ഥിര താമസമാക്കിയവരുടെ മരണങ്ങളിൽ ക്ഷേമ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ ഇപ്പോഴും ആക്ടീവ് സ്റ്റാറ്റസിൽ തുടരുന്നതുമായ മേൽ വ്യക്തികളെ സംബന്ധിച്ച വിവരം അതാത് പ്രാദേശിക സെക്രട്ടറിമാരെ യഥാസമയം അറിയിക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-39 പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക

ഫയൽ നം – PW 3-7119/97, ഫയൽ നം – PW 3-12290/21

2018 എപ്രിൽ മാസം മുതൽ നഗരസഭ 187 ടാപ്പിന്റെ വെള്ളക്കരമാണ് വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നത്. 03/2024 മാസം വരെയും ഇത്രയും ടാപ്പുകളുടെ സംഖ്യ തന്നെയാണ് വെള്ളക്കരം ഇനത്തിൽ വാട്ടർ അതോറിറ്റി ബില്ലായി നൽകിയിട്ടുള്ളത്. നഗരസഭ കൗൺസിലിന്റെ 25.05.2023 -ലെ 12 -ാം നമ്പർ തീരുമാന പ്രകാരം വെള്ളക്കരം 02/2023 മുതൽ ഭീമമായി വർദ്ധിച്ച സാഹചര്യത്തിൽ (02/2023 മുതൽ ₹135450/-യിൽ നിന്ന് ₹340324/- യായി ഉയർന്നു.) നഗരസഭക്ക് വലിയ സാമ്പത്തിക ബാദ്ധ്യത വരുത്തിവെക്കുന്നതിനാലും, ഭൂരിഭാഗം പൊതുടാപ്പുകളും ദുരുപയോഗം ചെയ്യപ്പെടുന്ന സാഹചര്യമുള്ളതിനാലും കേരളവാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്താനും ആയതിന് കേരള വാട്ടർ അതോറിറ്റിക്ക് കത്ത് നൽകുന്നതിനും തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 23.08.2023 -ന് PW 3-12290/21 നമ്പർ പ്രകാരം നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി പി.എച്ച് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ, പെരുമ്പാവൂരിന് കത്ത് നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ, കേരള വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടെയും നഗരസഭ എഞ്ചിനീയറിംങ് വിഭാഗം ഉദ്യോഗസ്ഥരുടെയും സംയുക്ത സ്ഥലപരിശോധനയിൽ 118 പൊതുടാപ്പുകളാണ് പ്രവർത്തനക്ഷമമായി കണ്ടെത്തിയതെന്ന് നഗരസഭ എഞ്ചിനീയറിംങ് വിഭാഗം ഓവർസിയർ 23.11.2023 -ൽ കൗൺസിലിന് റിപ്പോർട്ട് സമർപ്പിച്ചു. കൗൺസിലിന്റെ 17.01.2024 -ലെ 41-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നഗരസഭ സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ, കേരള ജല അതോറിറ്റി, പി.എച്ച്. സെക്ഷൻ, പെരുമ്പാവൂരിന് 25.01.2024 & 05.03.2024 തീയ്യതികളിൽ നൽകിയ PW3-12290/21 നമ്പർ കത്തുകളിൽ കേരള വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടെയും നഗരസഭ എഞ്ചിനീയറിംങ് വിഭാഗം ഉദ്യോഗസ്ഥരുടെയും സംയുക്ത സ്ഥല പരിശോധനയിൽ 118 പൊതുടാപ്പുകളാണ് പ്രവർത്തനക്ഷമമായി കണ്ടെത്തിയിട്ടുള്ളതെന്നും, ഇതിന് മുൻപ്

2022 ആഗസ്റ്റ് മാസത്തിൽ നടന്ന സംയുക്ത പരിശോധനയിൽ 146 ടാപ്പുകളാണ് പ്രവർത്തന ക്ഷമമായി കണ്ടെത്തിയിരുന്നതെന്നും, ബഹു. നഗരസഭ കൗൺസലിന്റെ 11.10.2022 -ലെ 13 ാം നമ്പർ തീരുമാനപ്രകാരം പ്രവർത്തനക്ഷമമായവക്ക് മാത്രം ബിൽ തുക നൽകുന്നതിനും ബാക്കിയുള്ളവ ഒഴിവാക്കുന്നതിനും തീരുമാനമെടുത്തിരുന്നെന്നും, എന്നാൽ തുടർന്നും 2023 നവംബർ മാസം വരെയും 187 ടാപ്പുകൾക്കാണ് വാട്ടർ അതോറിറ്റിയിൽ നിന്നും ബിൽ തുക ചാർജ് ചെയ്തിരുന്നതെന്നും ഇപ്രകാരമുള്ള സംഖ്യയാണ് നഗരസഭയിൽ നിന്ന് ഒടുക്കി വന്നിരുന്നതെന്നും, ആയതിനാൽ 2023 ഡിസംബർ മാസം മുതൽ പ്രവർത്തനക്ഷമമായ 118 പൊതുടാപ്പുകൾക്കായി ബിൽതുക നിജപ്പെടുത്തി നൽകണമെന്നും, 2022 ആഗസ്റ്റ് മുതൽ കൂടുതലായി ഈടാക്കി വന്നിരുന്ന 41 ടാപ്പുകളുടെ ചാർജ്, നിലവിലെ കുടിശ്ശിക തുകയിൽ നിന്നും അഡ് ജസ്റ്റ് ചെയ്ത് നൽകുന്നതിനും കുടിശ്ശിക സംബന്ധിച്ച കാലയളവ്, കുറവ് ചെയ്ത കണക്ഷനുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ നൽകാനും ആവശ്യപ്പെട്ടു.

ഇതു പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ പി.എച്ച്. സബ് ഡിവിഷൻ പെരുമ്പാവൂർ 13.03.2024 -ന് DBGL/6/2018 നമ്പർ കത്ത് പ്രകാരം എക്സിക്യൂട്ടിവ് എഞ്ചിനീയർ പി.എച്ച്.ഡിവിഷൻ, ആലുവക്ക് 118-പൊതുടാപ്പുകളാണ് പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിൽ പ്രവർത്തന ക്ഷമമായിട്ടുള്ള തെന്നതിനാൽ ബിൽ തുക 118 ടാപ്പുകൾക്കായി നിജപ്പെടുത്തി നൽകാൻ കത്ത് നൽകിയതായി കാണുന്നു. എന്നാൽ 03/2024 മാസം വരെയും 187 ടാപ്പുകളുടെ സംഖ്യയാണ് വെള്ളക്കരം ഇനത്തിൽ വാട്ടർ അതോറിറ്റി ബില്ലായി നൽകിയിട്ടുള്ളത് .

<u>വെള്ളക്കരം അടവാക്കുന്നതുമായി ബന്ധപ്പെട്ട് ഫയൽ പരിശോധനയിൽ കണ്ട മറ്റ് അപാകതകൾ ചുവടെ-</u>

1)2022 ആഗസ്റ്റ് മാസത്തിൽ കേരള വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടെയും നഗരസഭ എഞ്ചിനീയറിംങ് വിഭാഗം ഉദ്യോഗസ്ഥരുടെയും സംയുക്ത പരിശോധനയിൽ 146 ടാപ്പുകളാണ് പ്രവർത്തന ക്ഷമമായി കണ്ടെത്തിയത്. ബഹു. നഗരസഭ കൗൺസലിന്റെ 11.10.2022 -ലെ 13 -ാം നമ്പർ തീരുമാനപ്രകാരം പ്രവർത്തനക്ഷമമായവക്ക് മാത്രം ബിൽ തുക നൽകുന്നതിന് തീരുമാനിച്ചിരുന്നെങ്കിലും ഈ വിഷയം സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റിക്ക് യഥാസമയം കത്ത് നൽകിയതായി ഫയലിൽ കാണുന്നില്ല. 23.08.2023 -ന് PW 3-12290/21 നമ്പർ കത്ത് പ്രകാരം നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി പി.എച്ച് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ, പെരുമ്പാവൂരിന് നൽകിയ കത്തിലാണ് മേൽ തീരുമാനപ്രകാരം 146 ടാപ്പുകൾക്കായി വാട്ടർ ബിൽ പരിമിതപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത്. പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകളുടെ വിവരം കേരളവാട്ടർ അതോറിറ്റിയെ യഥാസമയം നഗരസഭ അറിയിച്ചതായി കാണുന്നില്ല.

2)02/2023 മുതൽ വെള്ളക്കരം ഭീമമായി വർദ്ധിച്ചിട്ടും (₹135450/- നിന്ന് ₹340324/-) വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന എത്രയും വേഗം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. കൗൺസിലിൽ ഈ വിഷയത്തിൽ തീരുമാനമെടുക്കുന്നത് 25.05.2023 -നാണ്. ഇത് സംബന്ധിച്ച എഞ്ചിനീയറിംഗ് വിഭാഗം റിപ്പോർട്ട് സമർപ്പിക്കുന്നത് 23.11.2023 ലും. വെള്ളക്കരം ഏതാണ്ട് 2.5 മടങ്ങായി വർദ്ധിച്ചിട്ടും പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകളെ സംബന്ധിക്കുന്ന സംയുക്ത പരിശോധന നടത്തുന്നതിൽ അസാധാരണ കാലതാമസം സംഭവിച്ചതായി കാണുന്നു.

3)2024 മാർച്ചിലെ ബിൽ പ്രകാരം വെള്ളക്കരം കുടിശ്ശിക ₹1,17,27,314/- യും 2% നിരക്കിലുള്ള പിഴപലിശ തുകയായ ₹2,23,490/-യും ഉൾപ്പെടെ ആകെ ₹1,19,50,804/- യാണ്. എന്നാൽ ഈ തുക കൊടുക്കുവാൻ അവശേഷിക്കുന്ന ചെലവിന്റെ ശീർഷകത്തിലും ബാലൻസ് ഷീറ്റിൽ ബാധ്യത ശീർഷകത്തിലും രേഖപ്പെടുത്തിയിട്ടില്ല.

4)2020 എപ്രിൽ മുതലാണ് വെള്ളക്കരം കുടിശ്ശിക വന്നതായി കാണുന്നത്. നാളിതുവരെയുള്ള കുടിശ്ശിക സംബന്ധിച്ച വിവരം (ഓരോ മാസത്തെയും ബിൽ തുക, അടവാക്കിയ തുക, പിഴ പലിശ) ഫയലിൽ പൂർണ്ണമല്ല. വാട്ടർ അതോറിറ്റി നൽകുന്ന ബില്ലിന്റെ കൃത്യത പരിശോധിക്കുന്നതിനായി കുടിശ്ശിക സംബന്ധിച്ച പൂർണ്ണവിവരം ഫയലിൽ ലഭ്യമാക്കിയിട്ടില്ല.
മേൽ അപാകതകൾക്ക് കാരണം വിശദമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം-66/2024 തീയ്യതി 19.11.2024 -ന് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല.

15.02.2025 -ന് ലഭ്യമാക്കിയ മറുപടിയിൽ ഓഡിറ്റ് എൻക്വയറി പ്രകാരമുള്ള വിഷയം പരിശോധിച്ചതിൽ 187 ടാപ്പുകൾക്ക് വാട്ടർ അതോറിറ്റിയിൽ നിന്നും ബിൽ ലഭിച്ചുവന്നിരുന്നെങ്കിലും 118 ടാപ്പുകൾക്കാണ് നഗരസഭയിൽ നിന്നും ബിൽ തുക നൽകി വന്നിട്ടുള്ളതെന്നും, ടി 118 എണ്ണത്തിൽ 71 എണ്ണം കട്ട് ചെയ്യുന്നതിന് വാട്ടർ അതോറിറ്റിയിലേക്ക് തുക നിലവിൽ ഒടുക്കിയിട്ടുള്ളതാണെന്നും നിലവിൽ 47 ടാപ്പുകൾക്കാണ് പ്രതിമാസ ബിൽ ഒടുക്കി വരുന്നതെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ നഗരസഭ സെക്രട്ടറി, 25.01.2024 & 05.03.2024 തീയ്യതികളിൽ അസിസ്റ്റന്റ് എഞ്ചിനീയർ, കേരള ജല അതോറിറ്റി, പി.എച്ച്. സെക്ഷൻ, പെരുമ്പാവൂരിന് നൽകിയ PW3-12290/21 നമ്പർ കത്തുകളിൽ 2023 നവംബർ മാസം വരെയും 187 ടാപ്പുകൾക്കാണ് വാട്ടർ അതോറിറ്റിയിൽ നിന്നും ബിൽ തുക ചാർജ് ചെയ്തിരുന്നതെന്നും ഇപ്രകാരമുള്ള സംഖ്യയാണ് നഗരസഭയിൽ നിന്ന് ഒടുക്കി വന്നിരുന്നതെന്നുമുള്ള മറുപടിയാണ് നൽകി കാണുന്നത് .

കൂടാതെ വാട്ടർ അതോറിറ്റിക്ക് നൽകേണ്ട കുടിശ്ശിക സംബന്ധിച്ച് നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും ആവശ്യപ്പെട്ട പ്രകാരം 09/2024 വരെയുള്ള കുടിശ്ശിക ₹69,78,310/- ആണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും, (ആദ്യ ഇൻസ്‌പെക്ഷൻ നടത്തിയ 08/2022 മുതൽ 146 ടാപ്പുകളുടെയും രണ്ടാമത്തെ ഇൻസ്‌പെക്ഷൻ നടത്തിയ 11/2023 ന് ശേഷം 118 ടാപ്പുകളുടെയും 07/2024 മുതൽ (71 എണ്ണം ഡിസ്കണക്ട് ചെയ്തതിനു ശേഷം ₹85540/- വീതവും) ആയതു പ്രകാരം കുടിശ്ശിക കുറക്ക് ചെയ്ത് ബിൽ തരുന്നതിന് ആലുവ വാട്ടർ അതോറിറ്റിയിലേക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രകാരമുള്ള കുടിശ്ശിക സംബന്ധിച്ച പൂർണ്ണവിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ പരാമർശം നിലനിർത്തുന്നു.

## 1-40 വെട്ടിയിട്ട മരം ലേലം ചെയ്യൽ- ലേലനടപടികളിൽ അപാകത

നഗരസഭയുടെ 22 -ാം വാർഡിൽ പാറപ്പുറം ജംഗ്ഷനിൽ പ്രവർത്തിച്ചുവരുന്ന ആയുർവേദ ആശുപത്രി കോംപൗണ്ടിലുള്ള അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങൾ വെട്ടി നീക്കുന്നതിന് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ-

| ക്രമ നം | വൗച്ചർ നം. | ഫയൽ നം. | ചെലവഴിച്ച തുക₹ | പണി പൂർത്തീകരിച്ച ആൾ |
|---|---|---|---|---|
| 1 | 45-04/2023-17.04.2023<br>Cheque No.735941 | PH2-3449/22 | 95000.00 | ശ്രീ മുഹമ്മദ് കുഞ്ഞ്, കുറ്റിയാനി വീട്, കടുവാൾ പെരുമ്പാവൂർ |

മരങ്ങൾ വെട്ടുന്നത് ഹെൽത്ത് വിഭാഗത്തിന്റെയും ലേലനടപടി റവന്യൂ വിഭാഗത്തിന്റെയും ചുമതലയിലാണ് നടപ്പാക്കുന്നത്. വനം വകുപ്പിൽ നിന്ന് വിലനിർണ്ണയം നടത്തി മരം വെട്ടിയതിനുശേഷം ഫയൽ ലേലനടപടികൾക്കായി ഹെൽത്ത് വിഭാഗത്തിൽ നിന്നും റവന്യൂ വിഭാഗത്തിലേക്ക് നൽകുന്നു. ഇപ്രകാരം ലേലനടപടികൾ സ്വീകരിച്ച പി.എച്ച് 2-3449/22 -എന്ന ഫയൽ പരിശോധിച്ചപ്പോൾ ലേലനടപടികൾക്ക് വളരെയധികം കാലതാമസവും ലേലനടപടികളിൽ അപാകതകളും ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടു. 27.03.2023 -നാണ് മരങ്ങൾ മുറിച്ച് മാറ്റിയതായി പണി കരാർ ഏറ്റെടുത്തയാൾ റിപ്പോർട്ട് ചെയ്തത്. ആയതു പ്രകാരം മുറിച്ച മരങ്ങളുടെ വില നിശ്ചയിക്കാൻ സോഷ്യൽ ഫോറസ്റ്റി റേഞ്ച് ഓഫീസർക്ക് 20.03.2023 -ൽ കത്ത് നൽകുകയും, 28/04/2023 -ൽ റിപ്പോർട്ട് ലഭിക്കുകയും ചെയ്തു. റിപ്പോർട്ട് പ്രകാരം ₹1,24,344/- വാല്യൂവേഷൻ നിശ്ചയിച്ചു. ഇതനുസരിച്ച് 29.05.2023 -ന് ലേലം/ ക്വട്ടേഷൻ നോട്ടീസ് നൽകിയിരുന്നെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ 2 തവണകൂടി പുനർ ലേലം നടത്തിയെങ്കിലും (13.06.23&26.06.23 തീയ്യതി) വാല്യൂവേഷൻ പ്രകാരമുള്ള തുകയ്ക്ക് ഏറ്റെടുക്കുവാൻ ആരും തയ്യാറാവാത്തതിനാൽ ഈ തടികൾ ഓഫർ മുഖേന മാറ്റുന്നതിന് 18.09.2023 -ന് ഓഫർ നോട്ടീസ് നൽകി. സമർപ്പിക്കപ്പെട്ട ഓഫറുകളിൽ ഏറ്റവും നിരക്ക് കുറവ് നിരക്ക് ₹50,000/- + GST + FDT ഓഫർ ചെയ്ത, ശ്രീ അബ്ദുൾ റഹ്മാൻ, പറമ്പംകാട്ട് ഹൗസ്, തണ്ടേക്കാട് വെങ്ങോല എന്നവർക്ക് വർക്ക് ഓർഡർ നൽകി. ആദ്യ ലേലത്തിന് വിലകൂടുതലെന്ന കാരണത്താലാണ് ലേലത്തിന് ആരും പങ്കെടുത്താത് എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ലേലം കൊള്ളുവാൻ ആരും തയ്യാറായില്ലെങ്കിൽ ലേല തുക കുറയ്ക്കുന്നതിനും പുനർ ലേലം ചെയ്യുന്നതിനും നഗരസഭക്ക് അധികാരമുണ്ട്. എന്നാൽ തുടർന്ന് നടന്ന രണ്ട് പുനർ ലേല നോട്ടീസിലും ഇതേ തുക തന്നെ രേഖപ്പെടുത്തിയാണ് ലേലനടപടികൾ നടത്തിയിട്ടുള്ളത്. രണ്ടു പുനർ ലേലങ്ങളും നടത്തി കഴിഞ്ഞതിന് ശേഷമാണ് നിരക്ക് കുറച്ച് മരം ലേലം ചെയ്യാൻ നഗരസഭ തീരുമാനമെടുത്തത്. (22.08.2023 -ലെ 5-ം നമ്പർ തീരുമാനം). മാത്രമല്ല, ഇത്രയും വലിയ തുകക്കുള്ള ലേലം സംബന്ധിച്ച് ആദ്യലേലത്തിന് മുൻപ് പത്രപരസ്യം നൽകിയതായും കാണുന്നില്ല. പുനർലേല സമയത്താണ് പത്രപരസ്യം ചെയ്യേണ്ടതുണ്ടോ എന്ന് സാധ്യത പോലും പരിശോധിച്ചിട്ടുള്ളത്. ലേലം സംബന്ധിച്ച് പത്രപരസ്യം നൽകാതിരുന്നതിനാലും പുനർ ലേല സമയത്ത് ലേലതുക കുറയ്ക്കാതിരുന്നതുമൂലവും ഈയിനത്തിൽ നഗരസഭക്ക് നഷ്ടം സംഭവിച്ചതായി കാണുന്നു. ലേലനടപടികളിലെ ഈ അപാകങ്ങൾ നഗരസഭ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-41 വെജിറ്റബിൾ മാർക്കറ്റ് കംഫർട്ട് സ്റ്റേഷൻ,വർക്കിംഗ് വുമൺസ് ഹോസ്റ്റൽ എന്നിവയുടെ വൈദ്യുതി ചാർജ്

(എ)വെജിറ്റബിൾ മാർക്കറ്റ് കംഫർട്ട് സ്റ്റേഷൻ

നഗരസഭ കൗൺസിലിന്റെ 25.02.2023 -ലെ 1-ം നമ്പർ തീരുമാനപ്രകാരം നഗരസഭ വെജിറ്റബിൾ മാർക്കറ്റ് കംഫർട്ട് സ്റ്റേഷന്റെ 2023-24 വർഷത്തേക്കുള്ള നടത്തിപ്പ് കരാർ ശ്രീ. അതീഖ് എം.എ, മൂക്കട വീട്, റയോൺപുരം എന്നവർക്ക് ഏൽപ്പിച്ചു കൊടുത്തു. കരാർ വ്യവസ്ഥകളിലെ ക്രമനമ്പർ 11 പ്രകാരം വൈദ്യുതി

വിളക്കുകൾ, വാട്ടർ കണക്ഷൻ എന്നിവ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളുടെ കാര്യത്തിൽ അതാതു മാസത്തെ കറണ്ട് ചാർജ്ജ്, വാട്ടർചാർജ്ജ് മുതലായവ നിശ്ചിത സമയത്തിനകം ബന്ധപ്പെട്ട കുത്തകകാരൻ അടവാക്കി ആയതിന്റെ രസീത് ഓഫീസിൽ ഹാജരാക്കി ബോദ്ധ്യപ്പെടുത്തേണ്ടതും വീഴ്ച വരുത്തുന്ന പക്ഷം കുത്തകകാരിൽ നിന്നും ടി- സംഖ്യ ഈടാക്കുന്നതും ആവശ്യമെങ്കിൽ മുനിസിപ്പൽ കരം പിരിവ് നിയമം അനുസരിച്ചുള്ള നടപടി ക്രമങ്ങൾ വഴി ടി സംഖ്യ ഈടാക്കുന്നതിന് സെക്രട്ടറിക്ക് അധികാരം ഉണ്ടായിരിക്കുന്നതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ താഴെ പറയും പ്രകാരമുള്ള സംഖ്യ നഗരസഭ തനതു ഫണ്ടിൽ നിന്നും ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ ഈ കെട്ടിടത്തിനായി (കൺസ്യൂമർ നമ്പർ -1155830024349) 2023-24 വർഷം അടവാക്കിയതായി കാണുന്നു.

| വൗച്ചർ നം, തീയ്യതി &സംഖ്യ | ചെക്ക് നമ്പർ/ തീയ്യതി | ബിൽനമ്പർ | ബിൽ പീരിഡ് | ബിൽ തുക ₹ |
|---|---|---|---|---|
| 59/05-2023/ 12.05.2023 &28911/- | 741620/- 12.05.2023 | 5583230416366 Dated 02.05.2023 | 04/2023 | 11868 |
| 127/06-2023- 30.06.2023 &22586/- | 757766/ 30.06.2023 | 5583230623747/ 23.06.2023 | 06/2023 | 3385 |
| 43/10- 2023/11.10.2023 | 762207/ 11.10.2023 | 5583230815805/ 23.08.2023 | 08/2023 | 3400 |
| 30/12- 2023/13.12.2023 &7330/- | 795314/ 13.12.2023 | 5583231016211/ 25.10.2023 | 10/2023 | 3319 |
| 41/01-2024/ 13311 | 801027/ 24.01.2023 | 5583231215381/ 22.12.2023 | 12/2023 | 1719 |
| 61/03-2024/ 16.03.2024 25259/- | 53358/ 16.03.2024 | | 02/2023 | 1601 |
| ആകെ | | | | 25292 |

കുത്തകകാരനിൽ നിന്ന് മേൽ പ്രകാരമുള്ള തുക ഈടാക്കേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് (75/2024 തീയ്യതി 19.12.2024), നഗരസഭ 15.02.2025 -ന് ലഭ്യമാക്കിയ മറുപടിയിൽ ഷോപ്പിംങ് കോംപ്ലക്സിലെ വാട്ടർടാങ്കിലേക്ക് ഈ വൈദ്യുതികണക്ഷനിൽ നിന്നാണ് വെള്ളം അടിച്ചിരുന്നതെന്നും, കോംപ്ലക്സിന്റെ പൊതു ആവശ്യത്തിന് വെള്ളം പമ്പ് ചെയ്യുന്നതിന് വൈദ്യുതി ഉപയോഗിക്കുന്നതിനാൽ വൈദ്യുതി ചാർജ് അടവാക്കാൻ കുത്തകകാരന് നിർവ്വാഹമില്ലായെന്നും മറുപടി ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിലാണ് നഗരസഭ വൈദ്യുതി അടവാക്കിയതെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ കുത്തകകാരൻ കുത്തക എടുത്ത ഈ സ്ഥലത്തിന് പൂർണ്ണമായും വൈദ്യുതി ചാർജ്ജ് ഒഴിവാക്കി നഗരസഭ ബിൽ അടവാക്കിയത് അംഗീകരിക്കാവുന്നതല്ല. മറുപടി തൃപ്തികരമല്ലാത്തതിനാൽ പരാമർശം അതേപടി നിലനിർത്തുന്നു. ഷോപ്പിംങ് കോംപ്ലക്സിലെ പൊതു ആവശ്യത്തിന് വെള്ളം പമ്പ് ചെയ്യുന്നതിന് പ്രത്യേക വൈദ്യുത മീറ്റർ സ്ഥാപിച്ച് ഉപയോഗിക്കുന്ന വൈദ്യുതിക്ക് നഗരസഭ പണം നൽകുന്ന രീതി നടപ്പാക്കേണ്ടതുമാണ്.

<u>(ബി)നഗരസഭ വർക്കിംഗ് വുമൺസ് ഹോസ്റ്റലിന്റെ വൈദ്യുതി ചാർജ്ജ് അടവാക്കിയത്</u>

(ഫയൽ നം.PW3-1753/2023), (ഫയൽ നം.R4/4005/95)

നഗരസഭ വക വർക്കിംഗ് വുമൻ ഹോസ്റ്റലിന്റെ 05/2020 മുതൽ11/2023 വരെയുള്ള വൈദ്യുതി ബിൽ കുടിശ്ശികയായ ₹84700/- (കൺസ്യൂമർ നമ്പർ 1155830029085) വൗച്ചർ നം. 97/12-2023, ചെക്ക് നമ്പർ 799077 തീയ്യതി 29.12.2023 പ്രകാരം കെ.എസ്. ഇ. ബി -യിൽ അടവാക്കിയതിന്റെ വിശദാംശം ചുവടെ-

| | | |
|---|---|---|
| 01.05.2020 മുതൽ 30.11.2023 വരെ കറന്റ് ചാർജ്ജ് ₹ | 70637 | - |
| സർചാർജ്ജ് ₹ | 21447 | 92084 |
| ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി 2023 പ്രകാരം 05.2020 മുതൽ 07/2020 വരെ കറന്റ് ചാർജ്ജ് ₹ | 23426 | - |
| പലിശ @18% ₹ | 10948 | - |
| ആകെ ₹ | 34374 | - |
| ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി ബെനഫിറ്റ് (-) ₹ | 7365 | 27009 (23426+3585 |
| 08/2021 മുതൽ 30.11.2023 കറണ്ട് ചാർജ്ജ് ₹ | 47211 | |
| പലിശ -18% ₹ | 10480 | 57691 |
| ആകെ അടവാക്കിയ സംഖ്യ ₹ | - | 84700 |

വൈദ്യുതി കുടിശ്ശിക അടവാക്കിയതുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ -

1)അസിസ്റ്റന്റ് എഞ്ചിനീയർ, കേരള ഇലക്ട്രിസിറ്റി ബോർഡ്, ഇലക്ട്രിക്കൽ സെക്ഷൻ, പെരുമ്പാവൂർ, RB/OTS-2023-29085/23-24 നമ്പറായി നഗരസഭക്ക് നൽകിയ കത്ത് പ്രകാരമാണ് മേൽപ്രകാരമുള്ള സംഖ്യ അടവാക്കിയതായി കാണുന്നത്. ഇതിൽ ₹14065/- പിഴ പലിശയായാണ് ഈടാക്കിയിട്ടുള്ളത്. വൈദ്യുതി ചാർജ്ജ് യഥാസമയം അടവാക്കാൻ വീഴ്ച വന്നതിനാൽ അടവാക്കേണ്ടി വന്ന പിഴപലിശ ₹14065/- ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് (77/2024 തീയ്യതി 19.12.2024), നഗരസഭ 15.02.2025ന് ലഭ്യമാക്കിയ മറുപടിയിൽ, 21.09.2023 -ലെ കൗൺസിൽ തീരുമാനപ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വിഭാഗത്തിൽ നിന്നും ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിലാണ് കുടിശ്ശിക സംഖ്യ അടവാക്കിയതെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. കണക്ഷൻ വിഛേദിക്കുന്നതിന് മുന്നോടിയായി കുടിശ്ശിക തുക ഒടുക്കുന്നതിൽ അപാകതയില്ലായെന്ന് ഓഡിറ്റ് മറുപടി നൽകിയിരുന്നെങ്കിലും, കുടിശ്ശികക്ക് കാരണമായതിന് പിഴപലിശ ഒഴിവാക്കാവുന്നതാണെന്ന മറുപടി നൽകിയിട്ടില്ലാത്തതാണ്. മറുപടി തൃപ്തികരമല്ലാത്തതിനാൽ പരാമർശം നിലനിർത്തുന്നു.

2)ഫയൽ നം.R4/4005/95 പ്രകാരം 10.12.2019 -ൽ കണക്ഷൻ താൽക്കാലികമായി വിച്ഛേദിക്കുന്നതിന് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, സെക്ഷൻ പെരുമ്പാവൂരിനുള്ള കത്ത് ഒപ്പവെച്ചതായി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കത്ത് നൽകിയതായി ഫയലിൽ കാണുന്നില്ല. തുടർന്ന് കേരളസ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്ന് M8/1/4 KR 04.03.2023 പ്രകാരമുള്ള വൈദ്യുതി വിച്ഛേദന നോട്ടീസ് ലഭിച്ചപ്പോളാണ് 09.06.2023 -ന് കണക്ഷൻ താൽക്കാലികമായി വിച്ഛേദിക്കുന്നതിനും 13.07.2023 -ൽ സ്ഥിരമായി വിച്ഛേദിക്കുന്നതിനും കെ.എസ്.ഇ.ബി -ക്ക് കത്ത് നൽകി കാണുന്നത് (കത്ത് നമ്പർ ആർ.4-4005/95). എന്നാൽ കുടിശ്ശിക തുക പൂർണ്ണമായും അടവാക്കിയാൽ മാത്രമേ കണക്ഷൻ സ്ഥിരമായി വിച്ഛേദിക്കു എന്നതിന്റെ അടിസ്ഥാനത്തിൽ മേൽ പ്രകാരമുള്ള കുടിശ്ശിക സംഖ്യ അടവാക്കി 11/2023 -ൽ കണക്ഷൻ വിച്ഛേദിച്ചതായി കാണുന്നത്. കണക്ഷൻ താൽക്കാലികമായി വിച്ഛേദിക്കുക യാണെങ്കിൽ മിനിമം ചാർജ്ജ് ആണ് സാധാരണയായി ഓരോ മാസവും കെ.എസ്.ഇ.ബി. -യിലേക്ക് അടവാക്കേണ്ടത്. എന്നാൽ 10.12.2019 -ൽ കണക്ഷൻ വിച്ഛേദിക്കുന്നതിന് തീരുമാനമെടുത്തെങ്കിലും ആയത് കെ.എസ്.ഇ.ബി യെ അറിയിച്ചതായോ, തുടർന്ന് അടക്കേണ്ട മിനിമം ചാർജ്ജ് എത്രയെന്നത് സംബന്ധിച്ച് കെ.എസ്.ഇ.ബി യിൽ നിന്നുള്ള ബിൽ വിവരമോ ഫയലിൽ ലഭ്യമല്ല. മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 77/2024 -തീയ്യതി 19.12.2024 -ന് മറുപടി ലഭ്യമാക്കിയില്ല. മേൽ രണ്ട് പരാമർശങ്ങളുടേയും നഷ്ടം സംബന്ധിച്ച് ഖണ്ഡിക ഭാഗം 3, ഖണ്ഡിക 3-7 -ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

<u>(സി)തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്</u>

ഫയൽ നമ്പർ. PW3-8872/07

തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് (കൺസ്യൂമർ നമ്പർ -1155834024861) 2022 മാർച്ച് മാസം വരെ കുടിശ്ശികയില്ലാതെ അടവാക്കിയിട്ടുണ്ട്. നഗരസഭയുടെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ പ്രതിമാസം വൈദ്യുതി ചാർജ്ജ് അടവാക്കുന്ന രീതി തുടരാനാവാതെ വന്നു. ആയതിന്റെ ഭാഗമായി 04/2022 മുതൽ 08/2023 വരെയുള്ള കാലയളവിലെ വൈദ്യുതിബിൽ ₹8394578/- വൈദ്യുതി ബോർഡിലേക്ക് അടവാക്കാൻ കുടിശ്ശിക വന്നു. ഈ സംഖ്യ 12 -തവണകളായി അടച്ചുതീർക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, പെരുമ്പാവൂർ അനുമതി നൽകി (കത്ത് നമ്പർ BB/ES-PBR/SL-Arrears/23-24/228/16.09.2023). ആയതു പ്രകാരം 2023-24 സാമ്പത്തികവർഷം ₹4156659/- അടവാക്കിയതായി കാണുന്നു. ലഭ്യമായ കണക്കുകളനുസരിച്ച് 31.03.2024 -ൽ ബോർഡിനു നൽകാനുള്ള കുടിശ്ശിക ₹4237919/- ആണ്. ഈ തുക കൊടുക്കാൻ അവശേഷിക്കുന്ന ചെലവിന്റെ ശീർഷകത്തിലും ബാലൻസ് ഷീറ്റിന്റെ ബാധ്യതാ ശീർഷകത്തിലും രേഖപ്പെടുത്തിയിട്ടില്ല.

(ഡി) തെരുവു വിളക്കുകളുടെ എണ്ണം, തരം എന്നിവ സൂചിപ്പിക്കുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

തെരുവു വിളക്കുകളുടെ എണ്ണത്തിനെയും ബാധകമായ താരിഫിനെയും അടിസ്ഥാനപ്പെടുത്തിയാണ് ഇലക്ട്രിസിറ്റി ബോർഡ് വൈദ്യുതി ചാർജ് ഈടാക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്. തെരുവു വിളക്കുകളുടെ എണ്ണം, തരം എന്നിവ സൂചിപ്പിക്കുന്ന രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഓഡിറ്റിന് ഇത് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് (76/2024 തീയ്യതി 19.12.2024), നഗരസഭ 15.02.2025 -ന് ലഭ്യമാക്കിയ മറുപടിയിൽ ബഹു. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എല്ലാ സ്ട്രീറ്റ് ലൈറ്റുകളും എൽ.ഇ.ഡി ആക്കുന്നതിന്റെ ഭാഗമായി വാർഡ് അടിസ്ഥാനത്തിലുള്ള തെരുവു വിളക്കുകളുടെ എണ്ണം, തരം എന്നിവ എടുത്തിട്ടുള്ളതും ആയത് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കുന്നതുമാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിവരം ഓഡിറ്റ് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

(ഇ)തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടവാക്കുന്നില്ല

സ്ട്രീറ്റ് ലൈറ്റ് വൈദ്യുതി ചാർജ്ജ് അടവാക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ/രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന കൺസ്യൂമർ നമ്പറിലുള്ള വൈദ്യുതിബിൽ ഈ സാമ്പത്തികവർഷം അടവാക്കി കാണുന്നില്ല.

1) കൺസ്യൂമർ നമ്പർ - 1030929-പ്രൈവറ്റ് ബസ്സ് സ്റ്റാൻഡ് ക്യാമറ ബോക്സ്-

2) കൺസ്യൂമർ നമ്പർ -4030869-ഔഷധി ജംങ്ഷൻ ക്യാമറ-

3) കൺസ്യൂമർ നമ്പർ -6030870-മുൻസിപ്പൽ സിഗ് നൽ ജംങ്ഷൻ ക്യാമറ-

ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് (76/2024 തീയ്യതി 19.12.2024), നഗരസഭ 15.02.2025 -ന് ലഭ്യമാക്കിയ മറുപടിയിൽ, മേൽ കൺസ്യൂമർ നമ്പറുകളിൽ ക്രമനം.2 പ്രകാരമുള്ള ക്യാമറ നീക്കം ചെയ്തിട്ടുള്ളതുതാണെന്നും മറ്റ് ക്യാമറകൾ പ്രവർത്തനക്ഷമമാണോ എന്ന് റിപ്പോർട്ട് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ കണക്ഷൻ പ്രവർത്തനക്ഷമമല്ലാത്തതും ഉപയോഗിക്കാത്തതാണെങ്കിൽ ആയത് വിച്ഛേദിക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം പൂർത്തിയാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-42 പൊതു അവലോകനം-ഹരിത കർമ്മ സേന പ്രവർത്തനം

സംസ്ഥാനത്തിന്റെ രൂക്ഷമായ മാലിന്യപ്രശ്നത്തിന് വികേന്ദ്രീയമായ രീതിയിൽ പരിഹാരം കാണുന്നതിനായി കേരള ഹരിത മിഷന്റെ, ശുചിത്വ-മാലിന്യ സംസ്കരണ ഉപമിഷന്റെ ഭാഗമായി രൂപീകരിച്ചതാണ് ഹരിതകർമ്മസേന എന്ന സംവിധാനം. ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ – കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ എന്നതുമായി ബന്ധപ്പെട്ട് നഗരസഭ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന ഹരിതകർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ച വിവരം ചുവടെ-

1.അടിസ്ഥാനവിവരങ്ങൾ-വാർഡുകളുടെ എണ്ണം-27-ആകെ ജനസംഖ്യ-28110-

| വാർഡ് നം. | ആൾ താമസമുള്ള വീടുകളുടെ എണ്ണം (Residential) | പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം (Non-Residential) | ആകെ | ഓരോ വാർഡിലേയും ഹരിതകർമ്മസേന അംഗങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | 373 | 48 | 421 | 1 |
| 2 | 279 | 73 | 352 | 1 |

| | | | | |
|---|---|---|---|---|
| 3 | 408 | 32 | 440 | 1 |
| 4 | 391 | 16 | 407 | 1 |
| 5 | 268 | 35 | 303 | 1 |
| 6 | 360 | 7 | 367 | 1 |
| 7 | 174 | 407 | 581 | 1 |
| 8 | 268 | 276 | 544 | 1 |
| 9 | 304 | 25 | 329 | 1 |
| 10 | 284 | 17 | 301 | 1 |
| 11 | 303 | 48 | 351 | 1 |
| 12 | 406 | 3 | 409 | 1 |
| 13 | 451 | 101 | 552 | 1 |
| 14 | 282 | 61 | 343 | 1 |
| 15 | 330 | 43 | 373 | 1 |
| 16 | 269 | 4 | 273 | 1 |
| 17 | 350 | 62 | 412 | 1 |
| 18 | 315 | 48 | 363 | 1 |
| 19 | 284 | 166 | 450 | 1 |
| 20 | 167 | 907 | 1074 | 1 |
| 21 | 218 | 1303 | 1521 | 1 |
| 22 | 269 | 181 | 450 | 1 |
| 23 | 288 | 52 | 340 | 1 |
| 24 | 442 | 53 | 495 | 1 |
| 25 | 279 | 14 | 293 | 1 |
| 26 | 361 | 17 | 378 | 1 |
| 27 | 326 | 15 | 341 | 1 |

2.മാലിന്യശേഖരണ കാര്യക്ഷമത

മാലിന്യ ശേഖരണത്തിനായി നഗരസഭ കലണ്ടർ മുൻകൂട്ടി തയ്യാറാക്കുന്നുണ്ട്. (റിപ്പോർട്ട് പ്രത്യേകം സമർപ്പിക്കുന്നു) ഷെഡ്യൂൾ പ്രകാരം മാലിന്യശേഖരണം നടക്കുന്നുണ്ട്. ഹരിതമിത്രം ആപ്പ് മുഖേന ഹരിതമിത്രം QR -കോഡ് നഗരസഭയിലെ ഭൂരിഭാഗം വീടുകളിലും സ്ഥാപനങ്ങളിലും പതിപ്പിച്ച് QR -കോഡ് സ്കാൻ ചെയ്ത് യൂസർ ഫീ ഈടാക്കി എല്ലാ മാസങ്ങളിലും ഹരിതകർമ്മസേനാംഗങ്ങൾ സർവ്വീസ് നടത്തുന്നുണ്ട്. ഭവനസന്ദർശനം, നോട്ടീസ് വിതരണം, നവമാധ്യമങ്ങൾ വഴി ബോധവൽ ക്കരണ പരിപാടികൾ എന്നിവയും നടത്തിവരുന്നുണ്ട്.

3.മാലിന്യം വേർതിരിച്ച് പരിപാലിക്കൽ

ശേഖരിക്കുന്ന മാലിന്യങ്ങൾ പരമാവധി ഉറവിടത്തിൽ തന്നെ വേർതിരിച്ച് ശേഖരിക്കുന്നു. 90% ഉറവിടത്തിൽ തന്നെ വേർതിരിക്കുന്നു.

4.റീസൈക്ലിംഗ്

നഗരസഭ പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കൽ പ്രോത്സാഹിപ്പിക്കുന്നു. പുനരുപയോഗിക്കാവുന്ന വസ്തുക്കൾ ഉപയോഗിക്കുന്നതിന് കട ഉടമകളെ ബോധവൽക്കരി ക്കുന്നതിനായി അനൗൺസ്മെന്റ് നവമാധ്യമങ്ങൾ വഴി അറിയിപ്പ് കൂടാതെ നഗരസഭയിലും സർക്കാർ പരിപാടികളിലും പുനരുപയോഗിക്കാവുന്ന ഗ്ലാസ്സ്, പ്ലേറ്റ് എന്നിവ മാത്രം ഉപയോഗിക്കുന്നു. കൂടാതെ ഓഡിറ്റോറിയങ്ങൾ, കല്യാണമണ്ഡപങ്ങൾ എന്നിവിടങ്ങളിൽ പരമാവധി പുനരുപയോഗപ്രദമായ വസ്തുക്കൾ മാത്രം ഉപയോഗിക്കുവാൻ പാടുള്ളു എന്നറിയിച്ച് പ്രസ്തുത പരിപാടിയുടെ നടത്തിപ്പുക്കാർക്ക് കത്ത് നൽകുന്നു. പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിന് വാച്ച്മാൻമാരെ നിയോഗിച്ചിട്ടുള്ളതും, കൂടാതെ നഗരസഭ ഹെൽത്ത് സ്ക്വാഡ് പരിശോധന നടത്തുകയും മാലിന്യം തള്ളുന്നത് കണ്ടാൽ കേസ്

രജിസ്റ്റർ ചെയ്ത് ഫൈൻ ഈടാക്കുകയും ചെയ്യുന്നു.

5.കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

മാലിന്യസംസ്കരണ രീതികളെകുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി നഗരസഭയും ഹരിതകർമ്മസേനയും ചേർന്ന് വിവിധ പരിപാടികൾ, ബോധവൽക്കരണ സെമിനാർ, ക്ലീനിംഗ് ഡ്രൈവ്, ഹരിതകർമ്മസേന എംപവർമെന്റ് തുടങ്ങിയ പരിപാടികൾ നഗരസഭ സംഘടിപ്പിക്കുന്നുണ്ട്. ഭവന സന്ദർശനം, നോട്ടീസ് വിതരണം, സോഷ്യൽ മീഡിയ ക്യാംപയിൻ എന്നിവ നടത്തിയി വരുന്നുണ്ട്.

6.തൊഴിൽ സൃഷ്ടിക്കൽ

ഹരിതകർമ്മസേന അംഗങ്ങൾക്ക് ഞായർ, ഓണം, വിഷു, ക്രിസ്തുമസ്സ് തുടങ്ങിയ വളരെ വിശേഷപ്പെട്ട ദിവസങ്ങളിൽ ഒഴികെ എല്ലാ ദിവസവും ജോലിക്ക് ഹാജരാകുന്നതിന്റെ ദിവസത്തിനനുസരിച്ച് ടി മാസത്തെ മൊത്തം കളക്ഷനിൽ നിന്നും തുക തുല്യമായി വീതം നൽകുന്നു. 'കോവിഡ് 19' രൂക്ഷമായ സമയത്ത് മാത്രം VGF ഉപയോഗിക്കേണ്ടിവന്നിട്ടുള്ളതാണ്. വരുമാന വർദ്ധനവിനായി ഉപയോഗപ്രദമായ പ്ലാസ്റ്റിക് വിറ്റ് കിട്ടുന്ന വരുമാനം ഹരിതകർമ്മസേനക്ക് നൽകുന്നു. സ്വാപ്പ് ഷോപ്പുകൾ, റിപ്പയറിംഗ് ഷോപ്പുകൾ എന്നിവയുടെ പ്രവർത്തനം നാളിതുവരെ ആരംഭിച്ചിട്ടില്ല.

7.അടിസ്ഥാന സൗകര്യം

മാലിന്യശേഖരണത്തിന് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നഗരസഭ വാഹനവും, ഒരു ഡ്രൈവറേയും ഹരിതകർമ്മസേനക്ക് നൽകിയിട്ടുള്ളതാണ്. കൂടാതെ Mini MCF-4, MCF-1, RRF-1 എന്നിവ നഗരസഭ ഹരിതകർമ്മസേനക്കായി നൽകിയിട്ടുണ്ട്.ഹരിതകർമ്മസേനാംഗങ്ങൾക്ക് യൂണിഫോം സ്പോൺസർഷിപ്പ് വഴിയും, കൂടാതെ സോപ്പ്, ചെരുപ്പ്, ഗ്ലൗസ്, മാസ്ക്, സാനിറ്റൈസർ, എന്നിവ പ്രോജക്റ്റ് വഴിയും നൽകിയിട്ടുണ്ട്. കൂടാതെ ഓണത്തിന് ഹരിതകർമ്മസേന അംഗങ്ങൾക്ക് ഉൽസവ ബത്തയും നഗരസഭയിൽ നിന്നും നൽകി വരുന്നുണ്ട്. ഡ്രൈവിംഗ് പരിശീലനത്തിനായി പദ്ധതി പ്രോജക്റ്റിൽ ഉൾപ്പെടുത്തി അംഗീകരിച്ചിട്ടുണ്ട്.

8.പാരിസ്ഥിതിക ആഘാതം

പൊതുസ്ഥലത്ത് മാലിന്യം തള്ളുന്നതും നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉപയോഗം തടയലും തുടങ്ങിയവയിൽ നഗരസഭ കേസുകൾ രജിസ്റ്റർ ചെയ്യുകയും നാളിതുവരെ ₹197250/- പിഴ ഈടാക്കുകയും ചെയ്തിട്ടുള്ളതാണ്.

9.പരിശീലനവും വികസനവും

ഹരിതകർമ്മസേന അംഗങ്ങൾക്ക് മാലിന്യ സംസ്കരണത്തിലും ശേഖരണത്തിലും യഥാസമയത്ത് പരിശീലനം നൽകിയിട്ടുണ്ട്. 3 ദിവസത്തെ പരിശീലനം, KSWMP-ശിൽപ്പശാല, ഹരിത കർമ്മസേന ആപ്പ്, ഓറിയന്റേഷൻ ട്രെയിനിംഗ് എന്നിവ നടത്തിയിട്ടുള്ളതാണ്.

10.നിയമങ്ങൾ പാലിക്കൽ

നഗരസഭ നിർദ്ദേശിക്കുന്ന പ്രകാരം ഫീസ് ഈടാക്കിയും ഷെഡ്യൂൾ പ്രകാരം അനുവദനീയവുമായ രീതിയിൽ മാത്രമാണ് ഹരിതകർമ്മസേന പ്രവർത്തിക്കുന്നത്.

11.ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം

ഇവരുടെ പ്രവർത്തനം വിലയിരുത്തുന്നതിന് ഹെൽത്ത് ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ലഭിക്കുന്ന പരാതികൾ പരിശോധിച്ച് പരിഹാരം കണ്ടെത്തുന്നുണ്ട്.

പരിമിതികൾ

ഹരിതകർമ്മസേനയിൽ പലരും പ്രായാധിക്യമുള്ളവരും ശാരീരിക വിഷമതകൾ അനുഭവിക്കുന്നവരുമാണ്. കൂടാതെ മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനുള്ള അജ്ഞത, ഈ തൊഴിലിന് വരുവാനുള്ള ആളുകളുടെ താൽപ്പര്യക്കുറവ്, തന്മൂലം ഒരു വാർഡിൽ 2 -ഹരിതകർമ്മ സേനാംഗങ്ങളെ നിയോഗിക്കുന്നതിന് സാധിക്കുന്നില്ല. കൂടാതെ പുതുതായി വരുന്ന പലരും കുറച്ച് ദിവസങ്ങൾക്ക് ശേഷം ജോലി ഉപേക്ഷിച്ചുപോകുന്ന അവസ്ഥയുമുണ്ട്. പ്രവർത്തനം മെച്ചപ്പെടുത്തു ന്നതിനായി നഗരസഭ, സർവ്വേകളും, ചർച്ചകളും നഗരസഭാതലത്തിൽ നടത്തിയിട്ടുണ്ട്.

പരിമിതികൾ മറികടക്കുന്നതിനുള്ള നിർദ്ദേശങ്ങൾ-

(1)പുതുതായി ആളുകളെ എടുക്കുമ്പോൾ 45 -വയസ്സിൽ താഴെ ഉള്ളവരെ മാത്രം എടുക്കുക (2) ഒരു വാർഡിൽ 2 -പേരെ വച്ച് ജോലിക്ക് നിയോഗിക്കുവാൻ തക്കവണ്ണം ഹരിതകർമ്മസേനയിലേക്ക് ആളെ നിയമിക്കുക.

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF) /റിസോഴ്സ് റിക്കവറി ഫെസിലിറ്റി ( RRF)

1.അടിസ്ഥാനവിവരങ്ങൾ

നിലവിൽ നഗരസഭയിൽ Mini MCF-4, MCF-1, RRF-1 എന്നിങ്ങനെ എല്ലാ അടിസ്ഥാന സൗകര്യങ്ങളോടെ പ്രവർത്തിക്കുന്നു. മറ്റ് പ്രശ്നങ്ങൾ നിലവിലില്ല.

2.മാലിന്യ കൈമാറ്റ കാര്യക്ഷമത

വീടുകളിൽ നിന്നും ശേഖരിക്കുന്ന പാഴ് വസ്തുകൾ അതാത് ദിവസം തന്നെ നഗരസഭ വാഹനം ഉപയോഗിച്ച് കൃത്യമായി MCF / RRF കളിൽ എത്തിക്കുന്നുണ്ട്.

3.മാലിന്യ സംഭരണശേഷി (MCF)/( RRF)

| | |
|---|---|
| MCF-153.4 M2 | RRF-133.9 M2 |
| Tipping Area-22 % | - |

| | |
|---|---|
| Sorting Area-30 % | Machine Area-17 % |
| Storage Area- 34 % | Storage Area-35% |

4.മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

മാലിന്യം കൈകാര്യം ചെയ്യുന്നവർക്ക് ഗ്ലൗസ്, മറ്റ് സുരക്ഷ ഉപകരണങ്ങൾ എന്നിവ നൽകിയിട്ടുണ്ട്. MCF/RRF -ൽ ഫയർ ഓഡിറ്റ് പ്രകാരം നിർദ്ദേശിച്ച സംവിധാനങ്ങൾ നൽകിയിട്ടുണ്ട്.

5.ശുചിത്വ മാനദണ്ഡങ്ങൾ

ജൈവ മാലിന്യം ശേഖരിക്കുന്നില്ലാത്തതിനാൽ MCF/RRF പരിസരത്ത് ദുർഗന്ധവും കീടങ്ങളുടെ ശല്യവും വളരെ കുറവാണ്.

6.യഥാസമയം മാലിന്യം ക്ലീൻ കേരളക്ക് കൈമാറുന്നത്

കാര്യക്ഷമമായ മാലിന്യ സംസ്കരണം ഉറപ്പാക്കികൊണ്ട്, മാലിന്യം കൃത്യമായ ഇടവേളകളിൽ ക്ലീൻ കേരള അംഗീകൃത കമ്പനിയായ തിരുവോണം ഏജൻസിക്ക് (ഹരിതകർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ച് വിവരശേഖരണത്തിന്റെ ഭാഗമായി നൽകിയ ഓഡിറ്റ് എൻക്വയറി നം. 07/24 തീയ്യതി 27.09.2024 -ന് നഗരസഭ 28.09.2024 -ന് ലഭ്യമാക്കിയ മറുപടി പ്രകാരം) പുനരുപയോഗിക്കാവുന്ന പ്ലാസ്റ്റിക്ക്, റിജക്റ്റ് വേസ്റ്റ് എന്നിവ കൈമാറുന്നു. നഗരസഭ പരിധിക്കുള്ളിലെ ശുചിത്വ പരിപാലനം ഉറപ്പുവരുത്തുന്നതിൽ ഹരിതകർമ്മസേന നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. അതൊടൊപ്പം ഹരിതകർമ്മസേനയുടെ പ്രവർത്തനശേഷി നിരന്തരം ഉയർത്തുന്നതിനുള്ള പിന്തുണയും പ്രോത്സാഹനവും നൽകി ഹരിതകർമ്മ സേനാംഗങ്ങളുടെ തൊഴിൽ മാന്യത വർദ്ധിപ്പിക്കാനും ആത്മവിശ്വാസം നിലനിർത്താനും വിവിധ വികസനമിഷനുകൾ വഴി നഗരസഭ പദ്ധതികൾ നടപ്പാക്കേണ്ടതാണ്. കൂടാതെ സേനയുടെ പ്രവർത്തന നൈപുണ്യം വർദ്ധിപ്പിക്കുന്നതിനായി ഘട്ടം-ഘട്ടമായുള്ള പരിശീലനപരിപാടി സംഘടിപ്പിക്കേണ്ടതും സേനയുടെ സാമ്പത്തികവളർച്ചക്ക് ഉതകുന്ന സംരഭക സാധ്യതകൾ കണ്ടെത്തേണ്ടതും നഗരസഭയുടെ ഉത്തരവാദിത്വമാണ്. ഇതുവഴി ഹരിതകർമ്മ സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും നഗരസഭ പരിധിക്കുള്ളിൽ ശുചിത്വ പരിപാലനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ കൊണ്ടുപോകുന്നതിനും സഹായകരകമാകും.

## 1-43 ഡയാലിസീസ് യൂണിറ്റ് ശാക്തീകരണം

| | |
|---|---|
| പ്രോജക്ടിന്റെ പേര് | താലൂക്കാശുപത്രിയിൽ ഡയാലിസീസ് യൂണിറ്റ് ശാക്തീകരണം,മരുന്ന് വാങ്ങൽ(ജനറൽ)(പുതിയത്) |
| പ്രോജക്ട് നം | 53/24 |
| അടങ്കൽ തുക | ₹2000000.00 (റോഡിതരം) |
| ചെലവ്/ബിൽ നം,തീ | ₹1103353.00(169/02.02.24,174/14.02.24, 48/14.07.23,145/20.12.23,83/26.09.23,197/28.02.24) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,അലോപ്പതി |

ഡയാലിസീസ് യൂണിറ്റ് ശാക്തീകരണത്തിന്റെ ഭാഗമായി മരുന്ന് വാങ്ങുന്നതിനൊപ്പം ഡയാലിസീസ് യൂണിറ്റിലേക്ക് യു.പി.എസ് വാങ്ങിയതിന്റെ ഇനത്തിൽ (വൗ.നം.32/23-24, Purchase Of 5kv Online UPS-M/S Hykon India Ltd, Thrissur, Invoice No.OLG-C/23-24-1446 -Bill Dt-09.12.23) ₹41654/- ചെലവ് നടത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ വന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1.Hykon India Ltd, Thrissur -എന്ന സ്ഥാപനം ക്വട്ടേഷൻ നടപടികൾ ഒഴിവാക്കി നേരിട്ട് ഇത്തരം ഇനങ്ങൾ വാങ്ങാവുന്ന സ്ഥാപനത്തിന്റെ ഗണത്തിൽ ഉൾപ്പെട്ടതല്ല. ആയതിന് സർക്കാർ ഉത്തരവുകൾ നിലവിലില്ല.

2.പൊതുമാർക്കറ്റിൽ ഇതേയിനങ്ങൾ വിതരണം ചെയ്യുന്ന മറ്റ് സ്ഥാപനങ്ങളെ അപേക്ഷിച്ച് വിലയിൽ താരതമ്യപഠനം നടത്തിയിട്ടില്ല.

3.സ്ഥാപനവുമായി ഇനത്തിന്റെ വിലയിൽ ഏതെങ്കിലും തരത്തിലുള്ള നെഗോസിയേഷൻ നടത്തിയിട്ടല്ല. സ്ഥാപനം മാർക്കറ്റ് വിലയിൽ കുറഞ്ഞ നിരക്കിലാണ് ഇനം ലഭ്യമാക്കിയിരിക്കുന്നത് എന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

4.മേൽ ഇനത്തിന് ആവശ്യകത (Intent) ഉറപ്പാക്കിയിരുന്നില്ല. പർച്ചേസ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് മറുപടിയും വിശദീകരണവും ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് എൻക്വയറി നം. 34/30.10.24 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭിച്ചിട്ടില്ല. അടിയന്തിര ഘട്ടത്തിലാണ് ക്വട്ടേഷൻ നടപടികൾ ഒഴിവാക്കി നേരിട്ട് ഇത്തരം ഇനങ്ങൾ വാങ്ങിയത് എന്ന് പരിശോധനയിൽ വ്യക്തമല്ലാത്തതിനാൽ ടി-വിഷയത്തിൽ സർക്കാർ സാധൂകരണം നേടേണ്ടതും ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതുമാണ്. അപാകതകൾ നിലനില്ക്കുന്നതിനാൽ ടി-യിനത്തിൽ ചെലവഴിച്ച ₹41654/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-44 കരാർ സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | താലൂക്കാശുപത്രിയിൽ മരുന്ന്, ഉപകരണങ്ങൾ, ഫർണിച്ചർ എന്നിവ വാങ്ങൽ (ജനറൽ)(പുതിയത്) |
| പ്രോജക്ട് നം | 55/24 |
| അടങ്കൽ തുക | ₹5588875.00(റോഡിതരം) |
| ചെലവ്/ബിൽ നം,തീ | ₹1495529.00(77/05.09.23,183/17.02.24, 195/28.02.24, 254/24.03.24,299/ 25.03.24,170/02.02.24,213/16.03.24) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,അലോപ്പതി |

താലൂക്കാശുപത്രി കണ്ണ് ഓപറേഷൻ തീയേറ്ററിലെ ഒഫ്ത്താൽമിക്ക് ഓപറേഷൻ മൈക്രോസ്കോപ്പ്, സ്ലിറ്റ് ലാമ്പ് വിത്തൗട്ട് അപ്ലനേഷൻ ടോണോമീറ്റർ എന്നിവ കോടായതിനാൽ പകരം പുതിയവ വാങ്ങിക്കുന്നതിനായി സർക്കാർ സ്ഥാപനമായ കേരള മെഡിക്കൽ സർവ്വീസ് കോർപറേഷൻ ലിമിറ്റഡിൽ നിന്ന് ടി- ഇനം വാങ്ങാൻ തീരുമാനിക്കുകയും, KMSCL -മുഖാന്തിരം ടി- ഉപകരണം വാങ്ങിയാൽ സർവ്വീസ് ചാർജ്ജ് ഉൾപ്പെടെ ആകെ- ₹1112405.00 ആകുമെന്നും, KMSCL -മായി കരാർ ഉള്ള M/S Appasamy Associates, Chennai എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങിയാൽ എല്ലാ ചെലവും ഉൾപ്പെടെ ആകെ- ₹929600.00 മാത്രമേ ചെലവുവരുകയുള്ളൂ എന്ന നിഗമനത്തിൽ, ടി- സ്ഥാപനത്തിൽ നിന്നും നേരിട്ടാണ് ഇനങ്ങൾ വാങ്ങിയിരിക്കുന്നത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.നിലവിൽ ഉപയോഗിച്ചുകൊണ്ടിരുന്ന ഉപകരണം പ്രവർത്തനരഹിതമാകുകയും, ഗ്യാരണ്ടി പീരിയഡ് പൂർത്തീയാക്കിയവ ആണെന്ന് ഫയലിൽ നിന്നും ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. AMC -ഉറപ്പാക്കാത്തതിനാൽ തുടർ മെയിന്റെനൻസ് ക്രമപ്രകാരം നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

2.പുതിയ ഉപകരണം ലഭ്യമാക്കുന്ന M/S Appasamy Associates, Chennai എന്ന സ്ഥാപനം KMSCL -ന്റെ ഏജൻസി മാത്രമാണ്. ഈ സ്ഥാപനത്തിന് സർക്കാർ വകുപ്പുകൾക്ക്/സ്ഥാപനത്തിന് നേരിട്ട് ഉല്പന്നങ്ങൾ വില്ക്കാനോ, വിതരണം ചെയ്യാനോ സർക്കാർ അനുമതി ലഭിച്ചിട്ടില്ലാത്ത സ്ഥാപനമാണ്.

3.ഓപ്പൺ ടെണ്ടർ/GEM -എന്നിവ മുഖേന മേൽ ഇനം വാങ്ങുന്നതിന്റ സാധ്യത നിർവ്വഹണ ഉദ്യോഗസ്ഥർ ഉറപ്പാക്കിയിട്ടില്ല.

4.നേരിട്ട് ഇത്രയും മൂല്യമുള്ള ഉപകരണം വാങ്ങിയതിന് മാർക്കറ്റിലെ ഏറ്റവും കുറഞ്ഞനിരക്കാണ് ടി- സ്ഥാപനം ഈടാക്കിയിരിക്കുന്നതെന്ന് ഉറപ്പാക്കിയിട്ടില്ല.

5.ഉപകരണം ലഭ്യമാക്കിയ സ്ഥാപനവുമായി നിലവിൽ കരാറിൽ ഏർപ്പെടുകയോ, വാങ്ങിയിരിക്കുന്ന ഉപകരണം ഗ്യാരണ്ടി/AMC -എന്നിവ ഉൾപ്പെടുത്തിയാണ് വാങ്ങിയിരിക്കുന്നത് എന്ന് ഉറപ്പാക്കിയിട്ടില്ല.

മേൽ അപാകതകൾ വ്യക്തമാക്കി ഓഡിറ്റ് എൻക്വയറി നം.35/30.10.24 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയത്തിലെ അടിയന്തിര സാഹചര്യം ഫയൽ പരിശോധനയിൽ കണ്ടെത്താൻ സാധിച്ചിട്ടില്ല,ആയതിനാൽ ടി- പ്രോജക്ടിലെ ചെലവ് സംബന്ധിച്ച് സർക്കാർ സാധൂകരണം ഉറപ്പാക്കേണ്ടതാണ്. അപാകതകൾ നിലനില്ക്കുന്നതിനാൽ ഈയിനത്തിൽ ചെലവഴിച്ച ₹1495529/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-45 സർക്കാർ മാർഗ്ഗരേഖയിലെ അർഹതാമാനദണ്ഡങ്ങൾ പരിഗണിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പച്ചക്കറിതൈവിതരണം, ചട്ടി- (പൊതു വിഭാഗം)(പുതിയത്) |

| | |
|---|---|
| പ്രോജക്ട്.നം | 116/24 |
| അടങ്കൽ തുക | ₹460000.00 (പ്ലാൻ ഫണ്ട്-₹345000.00, ഗുണ.ഭോ.വി-₹115000.00) 1500-യൂണിറ്റ്. |
| ചെലവ്/ബിൽ നം,തീ | ₹345000.00-155/17.01.24,168/27.01.24,286/25.03.24,288/25.03.24, 270/25.03.24 (പ്ലാൻ ഫണ്ട്), |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ ലി: അത്താണി, ആലുവ എന്ന സ്ഥാപനത്തിൽ നിന്നുമാണ് HDPE 12” POT, Potting Mixture With Vegitable Seedlings എന്നിവ നേരിട്ട് വാങ്ങിയിരിക്കുന്നത്. നടപ്പിലാക്കിയ പദ്ധതിയിൽ പ്ലാൻ ഫണ്ട് 75% വും ഗുണഭോക്തൃവിഹിതമായി 25% വും വകയിരുത്തിയാണ് പദ്ധതിക്ക് അംഗീകാരം നല്കിയിരിക്കുന്നത്. ത.സ്വ.ഭ. വകുപ്പിന്റെ 02.09.2022 -ലെ ജി.ഒ(ആർ.ടി)2164/2022 ഉത്തരവിൽ ഫലവൃക്ഷതൈകൾ ഉൾപ്പെടെയുള്ള നടീൽ വസ്തുക്കൾ KAICO -ൽ നിന്നും ഗുണമേന്മ ഉറപ്പാക്കി നേരിട്ട് വാങ്ങി യഥാർത്ഥ വിലനല്ക്കാൻ വ്യവസ്ഥയുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.പ്രോജക്ട് രൂപീകരണ ഫോറത്തിൽ പച്ചക്കറി കൃഷിക്ക് മൺചട്ടി/ഗ്രോബാഗ് എന്ന് പദ്ധതിയുടെ സൂക്ഷമമേഖലയിൽ ഉൾപ്പെടുത്തിയാണ് അംഗീകാരം വാങ്ങിയിരിക്കുന്നത് (സബ്സിഡി മാർഗ്ഗരേഖ 6.1.15 -ൽ വ്യക്തമാക്കുന്നത് ഗ്രോബാഗ്/മൺചട്ടി (10ഇഞ്ച് വലിപ്പം), എന്നാൽ HDPE 12” POT ആണ് വാങ്ങിയിരിക്കുന്നത്. ടെണ്ടർ നടപടികളിലൂടെയാണ് HDPE ചെടിച്ചട്ടികൾ വാങ്ങിക്കേണ്ടത്. വളർച്ചമാധ്യമത്തിന് 60/- രൂപ അധികമായി നല്കാവുന്നതാണ്.

2.ചെടിചട്ടികളിൽ നിറയ്ക്കേണ്ട വളർച്ചമാധ്യമത്തിന് 60/- രൂപ അധികമായി നല്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിരിക്കേ Potting Mixture With Vegitable Seedlings -ന് 80/- രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. ഈയിനത്തിൽ 1800 -എണ്ണം പദ്ധതിപ്രകാരം വാങ്ങിയിട്ടുണ്ട്. ഈയിനത്തിൽ 1800x20=36000/- രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്.

3.KAICO- അത്താണി എന്ന സ്ഥാപനം HDPE 12” POT ഉല്പാദിപ്പിക്കുന്ന സ്ഥാപനമാണെന്ന് ഉറപ്പാക്കിയിട്ടില്ല. HDPE ചെടിചട്ടികൾക്ക് 5 -വർഷം ഗ്യാരണ്ടി ഉണ്ടാവണം, ടി വ്യവസ്ഥകൾ പദ്ധതിയിൽ പാലിച്ചിട്ടില്ല.

4.HDPE 12” POT വാങ്ങിയ ഇനത്തിൽ ജി.എസി.ടി&സി.ജി.എസ്.ടി ഇനത്തിൽ ആകെ 42101.27 രൂപ KAICO -ക്ക് നല്കിയിട്ടുണ്ട്.

5.ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള അർഹതാ മാനദണ്ഡത്തിൽ കർഷകന് ചുരുങ്ങിയത് 05 -സെന്റിൽ കുറയാത്ത കൃഷി ഉള്ളവർ ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായി ഗുണഭോക്താക്കളെ ഈ പദ്ധതിക്കായി പരിഗണിച്ചിട്ടുണ്ട്.

6.താഴെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് റിമാർക്സ് കോളത്തിൽ ഉൾപ്പെടുത്തിയിരിയ്ക്കുന്ന അപാകതകൾ നിലനില്ക്കെ തന്നെ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്, വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്/വിലാസം | ഗുണഭോക്തൃവിഹിതം/ ഗുണഭോക്തൃ ലിസ്റ്റ് നം | റിമാർക്സ് |
|---|---|---|---|
| 1 | പാത്തുകുഞ്ഞീൻകുട്ടി, ചെന്താരവീട്, മില്ലുംപടി, പെരുമ്പാവൂർ | 84- | കരംഅടച്ച രേഖകൾ ഉൾപ്പെടെ അനുബന്ധരേഖകൾ ഹാജരാക്കിയിട്ടില്ല. |
| 2 | എം.ബി. സുരേന്ദ്രൻ, അച്യുതംമാളിയേക്കൽ-വീട്, ഇരിങ്ങോൾ | 129- | ക്രമനം.6-ലെ ഗുണഭോക്താവ് ഓരേ കുടുബത്തിലെ വ്യക്തിക്കൾ |
| 3 | രാജി സുരേന്ദ്രൻ, അച്യുതംമാളിയേക്കൽ-വീട്, ഇരിങ്ങോൾ | 130- | ക്രമനം.5-ലെ ഗുണഭോക്താവ് ഓരേ കുടുബത്തിലെ വ്യക്തിക്കൾ |
| 4 | പ്രീത ബാബു, ഐശ്വര്യ- വീട്, പട്ടാൽ | 132- | കരംഅടച്ച രേഖകൾ ഉൾപ്പെടെ അനുബന്ധരേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. |
| 5 | മിനി.എം.ജി, കളരിയ്ക്കൽ വീട്, കെ.എസ്.ആർ. ടി.സി റോഡ്,പെരുമ്പാവൂർ | 139- | കൈവശം-1ആർ 62sq.Ft സ്ഥലം മാത്രമേ ഉള്ളു. |
| 6 | റോസ്ലി ജോസ്, കാരിപ്ര-വീട്, കാഞ്ഞിരക്കാട് | 160- | കരംഅടച്ച രേഖകൾ ഉൾപ്പെടെ അനുബന്ധരേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| 7 | സണ്ണി പോൾ.കെ, കൊച്ചുപുരയ്ക്കൽ വീട്, പെരുമ്പാവൂർ | 161- | കരംഅടച്ച രേഖകൾ ഉൾപ്പെടെ അനുബന്ധരേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. |
| 8 | ഗീത സത്യൻ, കുടുക്കായം വീട്, കാരോട്ടുപള്ളിക്കര | 163- | കൈവശം-1ആർ,60സ്ക്വ.ഫീ.സ്ഥലം മാത്രമേ ഉള്ളൂ. |
| 9 | ഉദയകുമാർ, നാട്ടുകാണി, പെരുമ്പാവൂർ | 167- | കരംഅടച്ച രേഖകൾ ഉൾപ്പെടെ അനുബന്ധരേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. |
| 10 | വത്സ മത്തായി, തോമ്പ്ര വീട്, പെരുമ്പാവൂർ | 173- | കരംഅടച്ച രേഖകൾ ഉൾപ്പെടെ അനുബന്ധരേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. |
| 11 | ശ്രീധരൻ, കല്ല്യാണി മന്ദിരം, റയോൺപുരം, കാഞ്ഞിരക്കാട് | 174- | കരംഅടച്ച രേഖകൾ ഉൾപ്പെടെ അനുബന്ധരേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. |
| 12 | ലില്ലി വിത്സൻ, കാരിപ്ര-വീട്, കാഞ്ഞിരക്കാട് | 175- | കരംഅടച്ച രേഖകൾ ഉൾപ്പെടെ അനുബന്ധരേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. |
| 13 | എ.എ.നിഷാദ്, അമ്പാടൻ-വീട്, റയോൺപുരം, വല്ലം | 177- | കരംഅടച്ച രേഖകൾ ഉൾപ്പെടെ അനുബന്ധരേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. |
| 14 | എൽദോ വർഗ്ഗീസ്, ഈച്ചരംപടി-വീട്, പെരുമ്പാവൂർ | 178- | കൈവശം-1ആർ,35സ്ക്വ.മീ.സ്ഥലം മാത്രമേ ഉള്ളൂ. |
| 15 | ജയകൃഷ്ണൻ.എം, തേവർമഠത്തിൽ, പെരുമ്പാവൂർ | 182- | കരംഅടച്ച രേഖകൾ ഉൾപ്പെടെ അനുബന്ധരേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. |
| 16 | റഹിമബീവി.എൻ, കൊറ്റമ്പിള്ളി-വീട്, പെരുമ്പാവൂർ | 184- | കരംഅടച്ച രേഖകൾ ഉൾപ്പെടെ അനുബന്ധരേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. |
| 17 | അയ്യൂബ്.എൻ.എ, നാനേത്താൻ-വീട്, റയോൺപുരം | 188- | കരംഅടച്ച രേഖകൾ ഉൾപ്പെടെ അനുബന്ധരേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. |
| 18 | സജീന, ചെറുവള്ളിക്കുടി-വീട്, കാഞ്ഞിരക്കാട്, റയോൺപുരം | 198- | കരംഅടച്ച രേഖകൾ ഉൾപ്പെടെ അനുബന്ധരേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. |
| 19 | രജീഷ്.സി.എൻ, ചേർപ്പിൽ-വീട്, പട്ടാൽ, ഇരിങ്ങോൾ | 200- | കരംഅടച്ച രേഖകൾ ഉൾപ്പെടെ അനുബന്ധരേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. |
| 20 | എം.ജെ.ജോസഫ്, മനേക്കുടി-വീട്, ഫ്രണ്ട്സ് ലെയിൻ, എ.എം.റോഡ്. | 204- | കരംഅടച്ച രേഖകൾ ഉൾപ്പെടെ അനുബന്ധരേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. |
| 21 | വിത്സൻ മത്തായി, പള്ളിപ്പാടൻ, പെരുമ്പാവൂർ | 207- | കരംഅടച്ച രേഖകൾ ഉൾപ്പെടെ അനുബന്ധരേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. |
| 22 | കെ.കെ.ഉഷ, താഴേത്തുകുടി, റയോൺപുരം, കാഞ്ഞിരക്കാട് | 210- | കരംഅടച്ച രേഖകൾ ഉൾപ്പെടെ അനുബന്ധരേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. |
| 23 | അബ്ദുൾ ഗഫൂർ, കാരോത്തുകുടി, പാറപ്പുറം | 211- | കരംഅടച്ച രേഖകൾ ഉൾപ്പെടെ അനുബന്ധരേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. |
| 24 | സ്മിതഉണ്ണികൃഷ്ണൻ, പുളിനാട്-വീട്, തുരുത്തിപ്പറമ്പ്, കാഞ്ഞിരക്കാട് | 212- | കരംഅടച്ച രേഖകൾ ഉൾപ്പെടെ അനുബന്ധരേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| 25 | പ്രീജശ്രീകുമാർ, ശ്രീഭവൻ, കെ.എസ്.ആർ.ടി.സി | 214- | കരംഅടച്ച രേഖകൾ ഉൾപ്പെടെ അനുബന്ധരേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. |
| 26 | അമ്മിണി മണിയൻ, കവുങ്ങുപറമ്പ്, കാഞ്ഞിരക്കാട്, പെരുമ്പാവൂർ | 219- | കരംഅടച്ച രേഖകൾ ഉൾപ്പെടെ അനുബന്ധരേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. |
| 27 | സതി ജയകൃഷ്ണൻ, ജയഭവൻ, താനത്തുപുത്തൻവീട്ടിൽ, റയോൺപുരം, കാഞ്ഞിരക്കാട് | 138- | (ജനപ്രതിനിധി-വാർഡ്-4) രജിസ്റ്റർ ക്രമനം.42-ന്റെ അപേക്ഷയിൽ ഉൾപ്പെടുത്തിയിരിയ്ക്കുന്ന മൊബൈൽ നമ്പർ, വിലാസം എന്നിവ ഒന്നുതന്നെയാണ്. |
| 28 | ബിനുജയകൃഷ്ണൻ, ജയഭവൻ, കാഞ്ഞിരക്കാട്, | 142- | രജിസ്റ്റർ ക്രമനം.41-ന്റെ അപേക്ഷയിൽ ഉൾപ്പെടുത്തിയിരിയ്ക്കുന്ന മൊബൈൽ നമ്പർ,വിലാസം എന്നിവ ഒന്നുതന്നെയാണ്, വാർഡ്-4. |
| 29 | അനുജയകൃഷ്ണൻ, ജയഭവൻ, റയോൺപുരം, കാഞ്ഞിരക്കാട് | 147- | രജിസ്റ്റർ ക്രമനം.41, ക്രമനം.42, വിലാസം ഒന്നുതന്നെയാണ്, വാർഡ്-4. |

മേൽ അപാകതകൾക്ക് മറുപടിയും വിശദീകരണവും ലഭ്യമാക്കേണ്ടതാണെന്ന് വ്യക്തമാക്കി ഓഡിറ്റ് എൻക്വയറി നം. 2/19.09.24 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടുകയും ലഭ്യമാക്കിയ മറുപടിയിൽ ചട്ടി വിതരണം ചെയ്യതത് ടെറസ് കൃഷി ഉദ്ദേശിച്ചാണെന്നും, ഗുണഭോക്താക്കളുടെ സ്ഥലവിസ്തൃതി ശ്രദ്ധിച്ചില്ലായെന്നും, എല്ലാവരും നഗരസഭയിലെ താമസക്കാരാണെന്ന് മാത്രമേ ഉറപ്പാക്കിയുള്ളു എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ അപാകതകൾ തുടരുന്നതിനാൽ ടി- യിനത്തിൽ ചെലവഴിച്ച ₹345000/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## <u>1-46 അർഹതാ മാനദണ്ഡങ്ങൾ,ഗുണഭോക്തൃവിഹിതം എന്നിവ ക്രമപ്രകാരമല്ല</u>

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | സമഗ്രപുരയിടകൃഷി വികസനം-(പൊതു വിഭാഗം)(പുതിയത്) |
| പ്രോജക്റ്റ്.നം | 110/24 |
| അടങ്കൽ തുക | ₹1020525.00 (പ്ലാൻ ഫണ്ട്-₹816420.00, ഗുണ.ഭോ.വി -₹204105.00(750x272) |
| ചെലവ്/ബിൽ നം,തീ | ₹816385.00-143/20.12.23, 156/17.01.23, 271/25.03.24,285/25.03.24,287/25.03.24, ഗുണ.ഭോ.വി -₹295475.00 (ജാതി-₹56375.00, തെങ്ങ്-₹154000.00,വാഴ-₹85100.00) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ ലി: അത്താണി, ആലുവ എന്ന സ്ഥാപനത്തിൽ നിന്ന് Bone Meal, Neem Cake, Bio Organic, Dolomate, Ground Nut Cake, Pseudomonas എന്നീ ഇനങ്ങൾ നേരിട്ട് വാങ്ങിനല്കിയിരിക്കുന്നത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.സമഗ്ര പുരയിടകൃഷിവികസനത്തിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതിയിൽ പ്ലാൻ ഫണ്ട് 75%വും ഗുണഭോക്തൃവിഹിതമായി 25% വും വകയിരുത്തിയാണ് പദ്ധതിക്ക് അംഗീകാരം നല്കിയിരിക്കുന്നത്. എന്നാൽ പദ്ധതി പൂർത്തീകരിച്ചപ്പോൾ ഗുണഭോക്തൃവിഹിതം 36.19% മായി അധികരിച്ചിട്ടുണ്ട്.

2.പദ്ധതിയുടെ ആകെ അടങ്കൽ ₹1020525/- ആണ്. എന്നാൽ കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ ലി: കൈമാറിയിരിയ്ക്കുന്നത് പ്ലാൻഫണ്ട്- ₹816385/- യും ഗുണഭോക്തൃവിഹിതമായ ₹295475/- യും ഉൾപ്പെടെ

ആകെ- ₹1111860/- ആണ്. പദ്ധതി അടങ്കൽ അധികരിക്കുവാനും ഗുണഭോക്തൃവിഹിതം 11% അധികമായി ഈടാക്കിയതിനും കാരണം വ്യക്തമല്ല.

3.കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ ലി: പദ്ധതിയിനത്തിൽ അധികമായി (₹1111860-₹1020525 =₹91335/-) തുക കൈമാറിയതിനു കാരണം വ്യക്തമാക്കേണ്ടതാണ്.

4.ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള അർഹതാ മാനദണ്ഡത്തിൽ കർഷകന് ചുരുങ്ങിയത് 10 സെന്റിൽ കുറയാത്ത കൃഷി ഉള്ളവർ ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായി താഴെ ചേർക്കുന്ന ഗുണഭോക്താക്കളെ പദ്ധതിക്കായി പരിഗണിച്ചിട്ടുണ്ട്.

| ക്രമനം | ഇനം | ഗുണഭോക്താവ്/വിലാസം | കൈവശമുള്ള സ്ഥലം |
|---|---|---|---|
| 1 | ജാതികൃഷി | ശാന്ത ഗോപിനാഥ്,മഴവിൽ,ഇരിങ്ങോൾ, Adno.543883348059 | 3-ആർ,29സ്ക്വ.ഫീറ്റ് |
| | | വേണുഗോപാൽ.പിജി,പാറപ്പുറത്ത് വീട്, ഇരിങ്ങോൾ, Adno.629024343881 | 3-ആർ,92സ്ക്വ.ഫീറ്റ് |
| 2 | വാഴകൃഷി | രമണി ഹരിദാസ്,വേഴവേലിൽ വീട്, ഇരിങ്ങോൾ, Adno.582004522538 | 3-ആർ,86സ്ക്വ.ഫീറ്റ് |
| | | ഷീല വിശ്വനാഥൻ,വീണ, ടി.സി.ജോൺ ലെയിൻ, ടി.ബി.റോഡ്, പെരുമ്പാവൂർ, Adno. 720858301685 | 3-ആർ,74സ്ക്വ.ഫീറ്റ് |
| | | പൗലോസ്.പി.പി,പാറപ്പുറം വീട്, കട്ടവാൾ, പെരുമ്പാവൂർ. | 1-ആർ,21സ്ക്വ.ഫീറ്റ് |
| | | കെ.എം.പരീക്കുട്ടി,കാരോത്തുകുടി, മില്ലുംപടി, പെരുമ്പാവൂർ. | 3-ആർ,64സ്ക്വ.ഫീറ്റ് |
| | | ബാലകൃഷ്ണൻ .കെ.വി, ശ്രീവില്ല, കലാപറമ്പത്ത് വീട്, താലൂക്കാശുപത്രി റോഡ്.Adno.286032108883 | 3-ആർ,29സ്ക്വ.ഫീറ്റ് |
| 3 | തെങ്ങ്കൃഷി | ശാന്ത ഗോപിനാഥ്, മഴവിൽ,ഇരിങ്ങോൾ, Adno.543883348059 | 3-ആർ,29സ്ക്വ.ഫീറ്റ് |
| | | ജയപ്രകാശ് കെ.ആർ, ശ്രീരംഗ് ഹൗസ്, ബി.ഒ.സി, പെരുമ്പാവൂർ, Adno.475340378987 | 3-ആർ,92സ്ക്വ.ഫീറ്റ് |
| | | ഒ.പി.കുഞ്ഞുമുഹമ്മദ്,ഉപ്പൂട്ടിൽ വീട്,പെരുമ്പാവൂർ | അനുബന്ധരേഖകൾ ഇല്ല |
| | | ബാലകൃഷ്ണൻ .കെ.വി, ശ്രീവില്ല, കലാപറമ്പത്ത് വീട്, | 3-ആർ,29സ്ക്വ.ഫീറ്റ് |

| | | | |
|---|---|---|---|
| | | താലൂക്കാശുപത്രി റോഡ്. Adno.286032108883 | |
| | | വേണഗോപാൽ.പിജി,പാറപ്പുറത്ത് വീട്,ഇരിങ്ങോൾ, Adno.629024343881 | 3-ആർ,92സ്ക്വ.ഫീറ്റ് |

5.ടി- പദ്ധതി പ്രകാരം ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം ഈടാക്കിയതിന്റെ യഥാർത്ഥ രസീതി പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് മറുപടിയും വിശദീകരണവും ലഭ്യമാക്കേണ്ടതാണെന്ന് വ്യക്തമാക്കി ഓഡിറ്റ് എൻക്വയറി നം.3/19.09.24 പ്രകാരം വിശദീകരണം ആവശ്യപ്പെടുകയും ലഭ്യമാക്കിയ മറുപടിയിൽ ജൈവവളങ്ങൾക്ക് വില അധികരിച്ചിരുന്ന സാഹചര്യത്തിൽ അധികമായി വന്ന തുക ഗുണഭോക്തൃവിഹിതമായി വാങ്ങുകയാണ് ഉണ്ടായത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അപാകതകൾ തുടരുന്നതിനാൽ പദ്ധതിയിയിനത്തിൽ ചെലവഴിച്ച ₹816385/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. ഗുണഭോക്തൃവിഹിതമിനത്തിൽ അധികം ഈടാക്കിയ തുക ഗുണഭോക്താക്കൾക്ക് തിരികെ നല്കേണ്ടതാണ്.

## 1-47 കമ്പ്യൂട്ടറുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കൃഷിഭവൻ- വൈദ്യുതി ഫോൺ മറ്റ് ഓഫീസ് ചെലവുകൾ(പുതിയത്) |
| പ്രോജക്ട്. നം | 121/24 |
| അടങ്കൽ തുക | ₹500000.00 |
| ചെലവ്/ബിൽ നം,തീ | ₹44476.00- 540/19.10.23,107/27.10.23,167/27.01.23 (മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

നഗരസഭക്ക് കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ ദൈനദിനചെലവുകൾ നടത്തുന്നതിനായിട്ടാണ് പദ്ധതി തുക വിനിയോഗിച്ചിരിക്കുന്നത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.സ.ഉ(എം.എസ്)നം.300/2010/ത.സ്വ.ഭ.വ. തീ.10.12.2010 പ്രകാരം സ്കൂളുകൾ, ഐ.ടി.ഐ/ ഐ.ടി.സികൾ, ടീച്ചർ ട്രെയിനിംഗ് സ്ഥാപനങ്ങൾ എന്നിവയുടെ കമ്പ്യൂട്ടറുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കുള്ള ചെലവ് എന്നിവയ്ക്ക് ഫണ്ട് വിനിയോഗിക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ കൃഷിഭവൻ ഉൾപ്പെടുന്നില്ല.

2.AMC -യിൽ ഉൾപ്പെട്ട കമ്പ്യൂട്ടർ അനുബന്ധ സോഫ്റ്റ് വെയർ അപ്ഡേഷൻ ചെലവുകൾ മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം ഫണ്ടിൽ നിന്നും വിനിയോഗിക്കാൻ വ്യവസ്ഥയില്ല. ചെലവ് ന്യായീകരിക്കാൻ തക്ക സർക്കാർ ഉത്തരവുകൾ പരിശോധനാ വിധേയമാക്കിയിട്ടില്ല.

3.Bitcom Computers, Municipal Veg-Market Shopping Complex, Perumbavoor- എന്ന സ്ഥാപനത്തിന് BC-87/08.01.24 (Tax Invoice) പ്രകാരം ₹5800/- കൈമാറിയിട്ടുണ്ട്.

മേൽ അപാകതകൾ വ്യക്തമാക്കി ഓഡിറ്റ് എൻക്വയറി നം.1/19.09.24 പ്രകാരം വിശദീകരണം ആവശ്യപ്പെടുകയും ലഭ്യമാക്കിയ മറുപടിയിൽ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ AMC -യിൽ ഉൾപ്പെടുത്തേണ്ടവയായിരുന്നെന്നും, ടി- ചെലവുകൾ ആയതിൽ ഉൾപ്പെടുത്തിയില്ലായെന്നും, കമ്പ്യൂട്ടർ റിപ്പയറിംങ്ങിനു ചെലവായ തുക ഓഫീസ് പ്രവർത്തനങ്ങൾക്കുള്ള തുകയിൽ നിന്നും ചെലവഴിക്കുകയാണ് ചെയ്തതെന്ന് മറുപടി നല്കിയിട്ടുണ്ട്. മേൽ അപാകതകൾ തുടരുന്നതിനാൽ ഈയിനത്തിൽ ചെലവഴിച്ച ₹5800/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-48 ഗുണഭോക്തൃവിഹിതമിനത്തിൽ അധിക തുക ഈടാക്കി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കാലിതീറ്റ വിതരണം (ജനറൽ)(പുതിയത്) |
| പ്രോജക്ട്.നം | 283/24 |
| അടങ്കൽ തുക | ₹199500.00(പ്ലാൻ ഫണ്ട്),ഗുണഭോക്തൃ വിഹിതം-₹188400.00 |

| | |
|---|---|
| ചെലവ്/ബിൽ നം,തീ | ₹173850.00(256/24.3.24,257/ 24.3.24,258/24.3.24) ഗുണഭോക്തൃ വിഹിതം-₹202950.00 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

കറവയുള്ള പശുവിന് ഒരു മാസം പരമാവധി 100-Kg എന്ന അളവിൽ കാലിതീറ്റ ക്ഷീര സഹകരണസംഘങ്ങൾ മുഖേന ഗുണഭോക്താവിന് വിതരണം ചെയ്യുകയെന്നതാണ് പദ്ധതി. ഇതിൽ സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ, തീ.28.05.22-6.3(16) പ്രകാരം) ജനറൽ വിഭാഗത്തിന് 50% സബ്സിഡി അനുവദിക്കണം. എന്നാൽ മേൽ പദ്ധതി നടപ്പിലാക്കിയപ്പോൾ ടി-മാനദണ്ഡം പാലിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമം | ആകെ കാലിതീറ്റ ചെലവ് | അനുവദിക്കേണ്ട സബ്സിഡി 50% (ആകെ-30x4= 120x1570)₹ | അനുവദിച്ച സബ്സിഡി 45.38% (ആകെ-30x4= 120x1425)₹ | വ്യത്യാസം (ആകെ-30x4= 120x14 (1570-1425= 145x120)₹ |
|---|---|---|---|---|
| 1 | ₹94200.00 (31.12.23) | 47100.00 | 42750.00 | 4350.00 |
| 2 | ₹94200.00 (31.01.24) | 47100.00 | 42750.00 | 4350.00 |
| 3 | ₹94200.00 (31.01.24) | 47100.00 | 42750.00 | 4350.00 |
| 4 | ₹94200.00 (31.01.24) | 47100.00 | 42750.00 | 4350.00 |
| ആകെ | 376800.00 | 188400.00 | 171000.00 | 17400.00 |

ഗുണഭോക്തൃവിഹിതയിനത്തിൽ അധികമായി ഗുണഭോക്താക്കളിൽ നിന്നും തുക ഈടാക്കിയതിനു മറുപടിയും വിശദീകരണവും ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നം.36/30.10.24 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത തുടരുന്നതിനാൽ ടി- യിനത്തിൽ ചെലവഴിച്ച ₹173850/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. അധികമായി ഈടാക്കിയ ഗുണഭോക്തൃവിഹിതം തുടർ ബില്ലുകളിൽ ക്രമീകരിക്കുകയോ തിരികെ നൽകുകയോ ചെയ്യാവുന്നതാണ്.

## 1-49 യഥാർത്ഥ ബില്ലുകൾ ഫയലിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പദ്ധതി ആസൂത്രണം(പുതിയത്) |
| പ്രോജക്ട്. നം | 25/24 |
| അടങ്കൽ തുക | ₹400000.00(പ്ലാൻ ഫണ്ട്), |
| ചെലവ്/ബിൽ നം,തീ | ₹149100-261/25.03.24, 259/25.03.24, 127/07.12.23,8/09.05.24(24-25) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പദ്ധതി ആസൂത്രണം, മോണിറ്ററിംഗ് എന്ന പദ്ധതിയുടെ ഭാഗമായി 2023-24 സാമ്പത്തിക വർഷം നഗരസഭ, വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് പദ്ധതിരേഖ അച്ചടിച്ച വകയിൽ Graphtek Offset Printers Allapra-ക്ക് കൈയെഴുത്ത് ഇൻവോയ്സ് അംഗീകരിച്ച്, ഡിമാന്റ് ചെയ്യുത തുക സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

1.മേൽ സ്ഥാപനത്തിന് താഴെ ചേർക്കും പ്രകാരം തുക അനുവദിച്ച് നല്കിയെങ്കിലും യഥാർത്ഥ CGST/SGST ബില്ലുകൾ ഫയലിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ജി.എസ്.ടി ഇനത്തിൽ ഈടാക്കിയ ₹9387/- അടവാക്കിയതായി വ്യക്തമല്ല. ജി.എസ്.ടി ബില്ലുകൾ ഇല്ലാതെ കരാറുകാർക്ക് തുക നല്കിയത് ക്രമപ്രകാരമല്ല.

| ക്രമനം | ഇനം | അളവ്/എണ്ണം | തുക-₹ | CGST/SGST -18%₹ | ആകെ കൈമാറിയ തുക-₹ |
|---|---|---|---|---|---|
| 1 | പദ്ധതി രേഖ, കവർ | 57x7.50x40 | 14865.00 | 2675.00 | 17540.00 |
| 2 | വ്യക്തിഗത അപേക്ഷാഫോറം | 1.50x2000x6 | 30508.00 | 6712.00 | 44000.00 |
| 3 | വാർഡ് സഭ നോട്ടീസ് | .80x10000 | 6780.00 | | |
| ആകെ | - | - | 52153.00 | 9387.00 | 61540.00 |

2.വാർഷിക റേറ്റ് കോൺട്രാക്ട് അടിസ്ഥാനത്തിലാണ് ടി- സ്ഥാപനത്തെ പ്രിന്റിംഗ് വേലകൾക്ക് ചുമതലപ്പെടുത്തിയതെന്ന് ഫയലിൽ നിന്നും വ്യക്തമല്ല.

3.പദ്ധതി പ്രകാരം തൻവർഷത്തെ ആകെ ചെലവ് ₹149100/- ആണ്, എന്നാൽ ആകെ ₹130090/- യുടെ ചെലവുകൾ സാധൂകരിക്കുന്ന രേഖകൾ മാത്രമേ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടുള്ളൂ. (₹19010/-യുടെ ചെലവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല). മേൽ അപാകതകൾക്ക് മറുപടിയും വിശദീകരണവും ലഭ്യമാക്കേണ്ടതാണെന്ന് വ്യകതമാക്കി ഓഡിറ്റ് എൻക്വയറി നം.10/30.09.24 -പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകത നിലനിൽക്കുന്നതിനാൽ പദ്ധതിയിനത്തിൽ ചെലവഴിച്ച ₹149100/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. CGST/SGST ബില്ലുകൾ, വാർഷിക റേറ്റ് കോൺട്രാക്ട് കരാർ, ₹19010/- യുടെ ചെലവ് രേഖകൾ എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-50 ഐ.എസ്.ഒ സർട്ടിഫിക്കേഷൻ

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | ഐ.എസ്.ഒ സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങൾ(പഴയത്) |
| പ്രോജക്റ്റ്.നം | 153/24 |
| അടങ്കൽ തുക | ₹400000.00(CFC) |
| ചെലവ്/ബിൽ നം,തീ | ₹399865.00(PFMS Payment) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പൊതുജനങ്ങൾക്ക് നഗരസഭയുടെ സേവനങ്ങളും സൗകര്യങ്ങളും വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിൽ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തുന്നതിനാണ് പ്രോജക്റ്റ് ആവിഷ്കരിച്ചിരിയ്ക്കുന്നത്. പ്രേജക്റ്റ് നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിക്കാതെ നിലവിൽ പ്രവർത്തനരഹിതമായ യു.പി.എസ്, കമ്പ്യൂട്ടറുകൾ, പ്രിന്റുകൾ എന്നിവ മാറ്റി പകരം പുതിയവ വാങ്ങുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഇത്തരം പർച്ചേസുകൾക്ക് നഗരസഭ പുതിയൊരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ് വേണ്ടിയിരുന്നത് (ഈയിനത്തിൽ- 4-ലാപ്പ്ടോപ്പുകൾ, 10-ബാറ്ററികൾ, 1-പ്രിന്റർ എന്നിവയാണ് വാങ്ങിയിരിയ്ക്കുന്നത്).

2.നഗരസഭയുടെ ഐ.കെ.എം ഫാക്കൽറ്റി നല്കിയ കത്തിൽ സെർവർ റൂമിലെ 5.Kv-Ups-ബാറ്ററികൾ തകരാറിലാണെന്നും K-Smart -ന്റെ ഭാഗമായി Ups -വർക്കിംഗ് അല്ലാത്തത് ഇന്റർനെറ്റ് കണക്ഷൻ

വിഘേദിക്കുന്നതിനു കാരണമാകുന്നുവെന്നും Ups-ബാറ്ററികൾ പുനസ്ഥാപിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് നഗരസഭ GEM -മുഖേന പർച്ചേസുകൾ നടത്തിയിരിയ്ക്കുന്നത്. ഈ വാങ്ങൽ അത്യന്തികമായി ISO സർട്ടിഫിക്കേഷൻ നടപടികളെ ഒരു വിധത്തിലും സാധൂകരിയ്ക്കുന്നില്ല. ഇതേ കാലയളവിൽ തന്നെ പ്രോ.നം.160/23-24 -കെ സ്മാർട്ട് പദ്ധതിക്കായി കമ്പ്യൂട്ടർ വാങ്ങൽ, ചെലവ്- ₹296339/- എന്ന് പ്രോജക്ടും നടപ്പിലാക്കിയിട്ടുണ്ട്.

3.സർട്ടിഫിക്കേഷന്റെ ഭാഗമായി നഗരസഭ പൂർത്തീകരിക്കേണ്ട നഗരസഭ റിക്കോർഡ് റൂം അറ്റകുറ്റപ്പണികൾ (ഷീറ്റിംങ്, ഇലക്ട്രിഫിക്കേഷൻ, പ്രോപ്പർ വെന്റിലേഷൻ) ഫീഡിംഗ് റൂം, റാമ്പ് ഫിറ്റിംഗ് ഫ്രണ്ട് ഓഫീസ് എന്നീ പ്രവർത്തനങ്ങളാണ് ഉൾപ്പെട്ടിരുന്നത്.ഈ പ്രവർത്തികൾ നടപ്പിലാക്കിയിട്ടില്ല.

4. ISO സർട്ടിഫിക്കേഷൻ നടപടികൾ നടപ്പിലാക്കുന്നതിന്റെ പ്രാരംഭമായി നഗരസഭ ജീവനക്കാർക്കായി KILA ഫാക്കൽറ്റി ക്ലാസ്സ് നല്കുകയും, അടിയന്തിരമായി നടപ്പിലാക്കേണ്ട പ്രവർത്തനം പൂർത്തീകരിച്ചാൽ മാത്രമേ ആദ്യഘട്ട പ്രവർത്തനം ISO സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട് നടത്താൻ സാധിയ്ക്കുകയുള്ളുവെന്ന് വ്യക്തമാക്കിയിരുന്നു. ഇത് സംബന്ധിച്ച് ഒരു തുടർ നടപടി നഗരസഭയുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല.

5.ISO-സർട്ടിഫിക്കേഷനു മുൻഗണനാക്രമത്തിൽ നടപ്പിലാക്കേണ്ട താഴെ ചേർത്തിരിയ്ക്കുന്ന പ്രവർത്തനങ്ങൾ പദ്ധതി നടത്തിപ്പിൽ നഗരസഭ പരിഗണനവിധേയമാക്കിയിട്ടില്ല.

(1)ഫ്രണ്ട് ഓഫീസ് സംവിധാനത്തിൽ പൊതുജനങ്ങൾക്ക് ഇരിയ്ക്കാനും എഴുതാനുമുള്ള സൗകര്യം, ടോയലറ്റ് സൗകര്യം, അപേക്ഷാഫോറങ്ങളുടേയും സ്റ്റേഷനറികളുടേയും ലഭ്യത, വായിക്കാനുള്ള പത്രമാസികകളുടെ ലഭ്യത.

(2)ഭിന്നശേഷിക്കാർക്കായി നഗരസഭ ഏർപ്പെടുത്തിയിട്ടുള്ള സൗകര്യം.

(3)നഗരസഭയുടെ സേവനങ്ങളുടെ വിലയിരുത്തൽ.

(4)അപേക്ഷകളുടെ നിലവിലുള്ള സ്ഥിതി അറിയാനുള്ള സംവിധാനം.

(5)വാർഡ് സഭ നടത്തിപ്പ്.

(6)പരാതി പരിഹാര സംവിധാനം.

(7)ജീവനക്കാരുടെ പ്രവർത്തനം, പെരുമാറ്റം.

(8)വാർഡ് കൗൺസിലർമാരുടെ പ്രവർത്തനം.

(9)കൈമാറികിട്ടിയ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾ എന്നിവ.

പദ്ധതി നടത്തിപ്പിൽ വന്ന മേൽ അപാകതകൾക്ക് മറുപടിയും വിശദീകരണവും ലഭ്യമാക്കേണ്ടതാണെന്ന് വ്യക്തമാക്കി ഓഡിറ്റ് എൻക്വയറി നം.11/30.09.24 -പ്രകാരം കത്ത് നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത തുടരുന്നതിനാൽ പ്രോജക്ടിനായി ചെലവഴിച്ച ₹399865/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. മേൽ പ്രതിപാദിച്ചിരിക്കുന്ന അപാകതകൾ വിലയിരുത്തി, പ്രോജക്ടിനായി വിഭാവനം ചെയ്തതിരിക്കുന്ന ലക്ഷ്യം കൈവരിച്ച് ചെലവ് തുകയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-51 ഒരേ ആവശ്യത്തിന് വിവിധ പേരുകളിൽ പദ്ധതി നടപ്പിലാക്കി

എ.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഐ.എസ്.ഒ സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങൾ(പഴയത്) |
| പ്രോജക്ട്. നം | 153/24 |
| അടങ്കൽ തുക | ₹400000.00(CFC) |
| ചെലവ്/ബിൽ നം,തീ | ₹399865.00(PFMS Payment) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പൊതുജനങ്ങൾക്ക് നഗരസഭയുടെ സേവനങ്ങളും സൗകര്യങ്ങളും വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിൽ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തുന്നതിനു വേണ്ടിയാണ് മേൽ പദ്ധതി ആവിഷ്കരിച്ചിരിയ്ക്കുന്നത്. ഫലത്തിൽ IT Proffessional Co-Operative Society, Pattom, TVM- Laptop-HP- 4-എണ്ണം, Hycon India Pvt Ltd, Thrissur-Battery-Hycon Tubler-10 -എണ്ണം, SR Associates, Thycaud, TVM-Printer-Canon-1-എണ്ണം എന്നിവ കേടായ ഇനങ്ങൾക്ക് പകരമായി വാങ്ങി ഉപയോഗിക്കുകയാണ് ചെയ്തത്.

ബി.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കെ-സ്മാർട്ട് പദ്ധതിക്കായി പശ്ചാത്തലസൗകര്യം ഒരുക്കൽ (പുതിയത്) |
| പ്രോജക്ട്. നം | 29/24 |
| അടങ്കൽ തുക | ₹1350000.00(CFC) |
| ചെലവ്/ബിൽ നം,തീ | ₹1342306.00(PFMS Payment) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

നഗരസഭയുടെ കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനം മെച്ചപ്പെടുത്തി കെ-സ്മാർട്ട് പദ്ധതിക്കായി പശ്ചാത്തല സൗകര്യം ഒരുക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ആയതിനായി Supply&Instalation Of WIFI-6-Access Point& Load Balance-ന് KELTRON-ന് ₹76869.98/- യും, IT Proffessional Co-Operative Society, Pattom, TVM-Laptop-HP -15-എണ്ണം -₹1267500/- യും, Dudi Enterprises, -Lap Care E9wired Combo -5 -എണ്ണം – ₹2000/- എന്നിങ്ങനെ കൈമാറിയിട്ടുണ്ട്.

സി.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കെ-സ്മാർട്ട് പദ്ധതിക്കായി കമ്പ്യൂട്ടർ വാങ്ങൽ (പഴയത്) |
| പ്രോജക്ട്. നം | 160/23 |
| അടങ്കൽ തുക | ₹297500.00(CFC), |
| ചെലവ്/ബിൽ നം,തീ | ₹296339.00,38/23.06.23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

തദ്ദേശസ്ഥാപനങ്ങൾ പൂർണ്ണമായും ഓൺലൈൻ സംവിധാനം സാധ്യമാകുന്നതിന്റെ ഭാഗമായി IT Proffessional Co-Operative Society, Pattom, TVM -Laptop-HP-1-എണ്ണം, Printer HP Lazer Jet-1-എണ്ണം, Scanner Canon DR-1 -എണ്ണം എന്നിവ വാങ്ങിയിട്ടുണ്ട്.

1.മേൽ പദ്ധതികൾ എല്ലാം തന്നെ നടപ്പിലാക്കിയിരിക്കുന്നത് വിവിധ പേരുകളിലാണെങ്കിലും Laptop, Printer, Scanner എന്നിവ പർച്ചേസ് ചെയ്യുന്നതിനു വേണ്ടി മാത്രമാണ് പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാണ്. പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും വന്ന ഇത്തരം അപാകതകൾ നഗരസഭ വിലയിരുത്തിയിട്ടില്ല.

2.ക്രിയാത്മകമായ പദ്ധതിയായി മാറേണ്ടിയിരുന്ന ക്രമനം. (എ) പ്രകാരമുള്ള പ്രോജക്ട്, കെ-സ്മാർട്ട് പദ്ധതിയുടെ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി വകമാറ്റിയത് ക്രമപ്രകാരമല്ല.

3.ക്രമനം.(സി)പ്രകാരം നടപ്പിലാക്കിയ പദ്ധതി ലക്ഷ്യം വെച്ചത് നഗരസഭയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് അവരുടെ സീറ്റിന്റെ എണ്ണം അനുസരിച്ച് കമ്പ്യൂട്ടർ ലഭ്യമാക്കുക, 500MPS Speed-K-Fone പ്രൈമറി ഇന്റെർനെറ്റ് കണക്ഷൻ ഉറപ്പ് വരുത്തുക എന്നിവയായിരുന്നു. പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. മേൽ അപാകതകൾക്ക് മറുപടിയും വിശദീകരണവും ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നം.12/30.09.24 -നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത വിലയിരുത്തേണ്ടതും, തുടർ നാളുകളിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ മേൽ അപാകതകൾ നിർബന്ധമായും ഒഴിവാക്കേണ്ടതുമാണ്.

## 1-52 വെൽനെസ് സെന്റർ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഹെൽത്ത് ഗ്രാന്റ്-വെൽനെസ് സെന്റെർ-മരുന്ന് വാങ്ങൽ,ഫർണിച്ചർ വാങ്ങൽ,ഉപകരണങ്ങൽ വാങ്ങൽ, മറ്റ് വാങ്ങലുകൾ |
| പ്രോജക്ട്.നം | 230/23(പഴയത്) |

| | |
|---|---|
| അടങ്കൽ തുക | ₹4000000.00(ഹെൽത്ത് ഗ്രാന്റ്) |
| ചെലവ്/ബിൽ നം,തീ | ₹1121515.00(PFMS Payment) |
| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |

നഗരസഭയുടെ കീഴിൽ പ്രവർത്തിയ്ക്കുന്ന അർബൻ ഹെൽത്ത് ആന്റ് വെൽനെസ് സെന്ററിലേക്കാവശ്യമായ മരുന്ന് വാങ്ങൽ, ഫർണിച്ചർ വാങ്ങൽ, ഉപകരണങ്ങൾ വാങ്ങൽ -പദ്ധതി പ്രകാരം ഫർണിച്ചർ വാങ്ങിയ ഇനത്തിൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റെർപ്രൈസസ് ലിമിറ്റഡ്, കളമശ്ശേരി എന്ന സ്ഥാപനത്തിന് തുക കൈമാറുകയും നേരിട്ട് വാങ്ങുകയുമാണ് ചെയ്യതിരിക്കുന്നത് (ബാക്കി വാങ്ങലുകൾ GEMമുഖേനയും, KMSCL -എറണാകുളം എന്നിവയിൽ നിന്നുമാണ് നടത്തിയിരിക്കുന്നത്). പദ്ധതി നടത്തിപ്പിൽ വന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1.ടെൻഡർ/ക്വട്ടേഷൻ കൂടാതെ വാങ്ങാൻ അനുവാദമുള്ള സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങാനുള്ള അനുമതിയാണ് ഈ പ്രോജക്ടിന് ലഭിച്ചിട്ടുള്ളത്. (അതായത് സ്റ്റോർ പർച്ചേസ് മാനുവൽ -2013 -ഖണ്ഡിക -9.23 -ൽ സർക്കാർ ഇളവ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും) എന്നാൽ വാങ്ങലുകൾ നടത്തിയിരിക്കുന്ന KSIE Ltd- പ്രസ്തുത ഇളവ് ലഭിക്കാത്ത സ്ഥാപനമാണ്.

2.ടെണ്ടർ/ക്വട്ടേഷൻ കൂടാതെ വാങ്ങൽ അനുവാദമുള്ള സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങാതെ, അംഗീകാരമില്ലാത്ത സ്ഥാപനത്തിൽ നിന്നും വാങ്ങിയതിനും ഒരോ ഇനത്തിനും ക്വാട്ട് ചെയ്യതെ ഇൻവോയിസ് സ്വീകരിച്ചതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3.പർച്ചേസ് കമ്മിറ്റി ഗുണനിലവാരം ഉറപ്പാക്കിയതായി ഫയലിൽ നിന്നും വ്യക്തമല്ല.

4.പദ്ധതിയുമായി ബന്ധപ്പെട്ട് ഫർണിച്ചർ ലഭ്യമാക്കിയ KSIE Ltd -മായി സെക്രട്ടറി തയ്യാറാക്കിയ കരാർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വാങ്ങലുകൾക്ക് ശേഷമുള്ള ഗ്യാരണ്ടി/മെയിന്റനൻസ് നടപടികൾക്ക് യാതൊരുപാധിയും വെയ്ക്കാത്തതിനാൽ പിന്നാലെ വരുന്ന അറ്റകുറ്റപ്പണികൾക്ക് നഗരസഭ വീണ്ടും തുക കണ്ടെത്തേണ്ടതായി വരുന്നു. കരാറിൽ ഏർപ്പെട്ടാൽ ഈ പരിരക്ഷ വാങ്ങിയ ഇനങ്ങൾക്ക് ഉറപ്പാക്കാവുന്നതാണ്, ടി- മാനദണ്ഡങ്ങൾ പദ്ധതിയിൽ പാലിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് മറുപടിയും വിശദീകരണവും ലഭ്യമാക്കേണ്ടതാണെന്ന് വ്യക്തമാക്കി ഓഡിറ്റ് എൻക്വയറി നം.13/30.09.24 നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത തുടരുന്നതിനാൽ ടി-യിനത്തിൽ ചെലവഴിച്ച ₹1121515/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-53 തെരുവുവിളക്കുകൾക്കായി എൽ.ഇ.ഡി. ലൈറ്റ് വാങ്ങൽ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | തെരുവുവിളക്കുകൾക്കായി എൽ.ഇ.ഡി ലൈറ്റ് വാങ്ങൽ |
| പ്രോജക്ട്.നം | 159/23(പഴയത്) |
| അടങ്കൽ തുക | ₹500000.00(CFC) |
| ചെലവ്/ബിൽ നം,തീ | ₹495879.00/236/24.03.24 |
| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |

നഗരസഭ 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തെരുവുവിളക്കുകൾക്കായി എൽ.ഇ.ഡി - ലൈറ്റ് വാങ്ങൽ എന്ന പദ്ധതി ആവിഷ്ക്കരിക്കുകയും, ഇലക്ട്രിക്ക് വർക്കുകൾ നടത്തുന്നതിനുള്ള ഗവ.അക്രഡിറ്റഡ് ഏജൻസിയായ യുണൈറ്റഡ് ഇല്ട്രിക്കൽ ഇൻഡസ്ട്രീസ്, കൊല്ലം എന്ന സ്ഥാപനവുമായി ധാരണയിലെത്തുകയും ടി-സ്ഥാപനത്തിൽ നിന്നും രണ്ട് തരത്തിലുള്ള എൽ.ഇ.ഡി ബൽബുകളും അനുബന്ധ സാമഗ്രികളും (ഇൻസ്റ്റലേഷൻ ചാർജ്ജുൾപ്പെടെ) വാങ്ങുകയും ആയത് ഫിറ്റ് ചെയ്യാൻ നഗരസഭ തീരുമാനിക്കുകയും, വില താരതമ്യം ചെയ്ത് ഉപയോഗപ്രദമായ രീതിയിൽ 24 വാട്ട്സ്, 34 വാട്ട്സ് ബൽബുകൾ വാങ്ങുന്നതിന് തീരുമാനിച്ചിരുന്നു. (CR.No.3,Dtd.13.12.2022). 30.01.23 -ലെ പ്രൊഫോർമ ഇൻവോയിസ് (യുണൈറ്റഡ് ഇല്ട്രിക്കൽ ഇൻഡസ്ട്രീസ്, കൊല്ലം) പ്രകാരം 24w-LED-₹428/- യും, 36w-LED-₹881/- യും കൂടാതെ ഫിറ്റിംഗ് ചാർജ്ജ് ഉൾപ്പെടെ ആകെ ഇനം ഒന്നിന് ₹2553/- യും, ഇനം രണ്ടിന് ₹2994/- യും കണക്കാക്കി ഇൻവോയിസ് സമർപ്പിച്ചിരുന്നു. (കമ്പനി-ബജാജ്/ക്രോമ്പ്റ്റൻ) 01.02.23-ലെ

KSIE LTD-ന്റെ ഇൻവോയിസ് പ്രകാരം 26w-LED -₹525/- യും, 36w-LED -₹630/- ആണെന്ന നിലയിൽ ക്വാട്ട് ചെയ്യതിരുന്നത്. (ജി.എസ്.ടി.ഉൾപ്പെടെ) മേൽ രണ്ട് സ്ഥാപനങ്ങളിൽ യുണൈറ്റഡ് ഇല്ട്രിക്കൽ ഇൻഡസ്ട്രീസിന്റെ ഇനം ഗുണനിലവാരം ഉള്ളതാണെന്ന് വിലയിരുത്തി പർച്ചേസ് കമ്മിറ്റിയുടെ 18.03.23 -ലെ 5 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച നല്കിയിട്ടുണ്ട്.

1)യുണൈറ്റഡ് ഇല്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് സ്വയം ഒപ്പുവെച്ച തീയതിയോ, നമ്പരോ, നഗരസഭക്ക് വേണ്ടി സെക്രട്ടറിയോ സാക്ഷ്യപ്പെടുത്താത്ത ₹500/- മൂല്യമുള്ള മുദ്രപത്രം ഫയലിനൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്. സർക്കാർ സബ്സിഡി മാർഗ്ഗരേഖ 7.9.2 -പ്രകാരം വില്പനാന്തര സേവനവ്യവസ്ഥകൾ ഉറപ്പാക്കിയും, വാങ്ങൽ നടപടികൾ പാലിച്ച കൊണ്ടും സ്ട്രീറ്റ് ലൈറ്റ് ആവശ്യമായ LED -ലാമ്പുകൾ വാങ്ങേണ്ടതാണെന്ന് വ്യക്തമാക്കുന്നു. ബൾബുകളുടെ വാറണ്ടി പീരിയഡ് പരമാവധി 1-വർഷമാണ്. 10.03.23 തീയതിയിലെ 31-ാം നമ്പർ തീരുമാനപ്രകാരം യുണൈറ്റഡ് ഇല്ട്രിക്കൽ ഇൻഡസ്ട്രീസിന്റെ പ്രൊഫോർമ ഇൻവോയിസ് അംഗീകരിക്കുകയും 30w-100 എണ്ണവും, ബാക്കിതുകയ്ക്ക് 18w ബൾബും (501) വാങ്ങാൻ തീരുമാനിച്ചു.

2)01.07.23-ന് അസി.എഞ്ചിനീയർ ഫയൽ ഓവർസീയർക്ക് കൈമാറിയിട്ടുണ്ട്. ഇതിന് മറുപടിയായി 14.7.23 -ന് ഇൻസ്റ്റലേഷൻ പൂർത്തീയായിട്ടില്ലായെന്ന് ഓവർസീയർ റിപ്പോർട്ടും ചെയ്യതിട്ടുണ്ട്. ആയതിനു ശേഷം 23.01.24 -നു ശേഷം മാത്രമാണ് യുണൈറ്റഡ് ഇല്ട്രിക്കൽ ഇൻഡസ്ട്രീസിന് പ്രവർത്തി പൂർത്തീകരിക്കാത്തതിനാൽ നഗരസഭ കത്ത് നല്കാൻ തീരുമാനിച്ചത്. ഇതേതുടർന്ന് 5.2.24 -നാണ് ടി-സ്ഥാപനത്തിന് കത്ത് അയക്കുന്നത്.

3)LED -ഇൻസ്റ്റലേഷൻ റിപ്പോർട്ടിൽ ഫസ്റ്റ് ലാപ്പിൽ ഏപ്രിൽ 23 -ഉം, സെക്കന്റ് ലാപ്പിൽ ജൂൺ 23 -ഉം എന്ന് കാണിച്ച് 27 -വാർഡിലേയും (AM-റോഡിലേത് ഉൾപ്പെടെ) പ്രവർത്തി പൂർത്തീകരിച്ച എന്ന് കാണിച്ച് കൗൺസിലർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓവർസീയർ നല്കിയ റിപ്പോർട്ടിൽ 14.07.23 -ന് ഇൻസ്റ്റലേഷൻ പൂർത്തിയായിട്ടില്ലെന്നാണ് റിപ്പോർട്ട് ചെയ്യതിട്ടുള്ളത്.

4)PW3-P/FC/212/23, തീ.09.04.24 -ൽ മാത്രമാണ് നഗരസഭ സെക്രട്ടറി, യുണൈറ്റഡ് ഇല്ട്രിക്കൽ ഇൻഡസ്ട്രീസ് എന്ന സ്ഥാപനം 601-LED ബൾബുകൾ സ്ഥാപിച്ചിട്ടുള്ളതാണെന്ന് സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്.

5)പ്രവർത്തനാരംഭത്തിൽ ചെയ്യേണ്ട വാങ്ങലുകൾക്ക് കേരള ഫിനാൻഷ്യൽ കോഡ് വാള്യം രണ്ട്, ഫോറം-13 -ൽ വ്യക്തമാക്കുന്ന ആവശ്യകത (Intent) ഉറപ്പാക്കിയിട്ടില്ല. KSEB -യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തന രഹിതമായവയുടെ എണ്ണം തിട്ടപ്പെടുത്തുകയും ചെയ്യതിട്ടില്ല.

6)വാർഷിക പ്രോക്വയർമെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല, ടെക്നിക്കൽ&ഫിനാൻഷ്യൽ ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

7)സ്ഥാപനവുമായി വിലയിൽ വേണ്ട നെഗോസിയേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല. നിലവിൽ ലഭ്യമായ ബൾബുകളുടെ മാർക്കറ്റ് വിലകൾ (ഹോൾസെയിൽ)

| കമ്പനി/പേര് | വാട്ട്സ് | മാർക്കറ്റ് വില₹ | നല്കിയ തുക₹ |
|---|---|---|---|
| ക്രോമ്പ്റ്റംൺ | 30w | 352.00 | 719.49 |
| ബജാജ് | 30w | 546.00 | |
| ക്രോമ്പ്റ്റംൺ | 20w | 235.00 | 287.29 |
| ബജാജ് | 20w | 245.00 | |

8)ജി.ഒ(ആർ.ടി)നം.3299/2016, ത.സ്വ.ഭ.വ, തീ.02.12.2016 -പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വാങ്ങൾ നടത്തുമ്പോൾ പർച്ചേസ് ഓർഡർ മൂല്യത്തിന്റെ 50% സാധനങ്ങളും സ്ഥാപനം സ്വയം നിർമ്മിച്ചവയാണെന്നും 50% അധികമായി ബ്രാൻഡഡ് ഇനങ്ങളോ/സ്ഥാപനം നിർമ്മിക്കാത്ത ഇനങ്ങളോ ആണെങ്കിൽ പരസ്യടെൻഡർ നടപടികൾ മുഖേന വാങ്ങേണ്ടതാണ്. എന്നാൽ ടി- മാനദണ്ഡം ഈ പദ്ധതിയിൽ പാലിച്ചിട്ടില്ല. ഈ വാങ്ങലിന് വിപരീതമായി ഓപ്പൺ ടെൻഡർ നടപടികളിലൂടെ ഇതേയിനങ്ങൾ വാങ്ങിയിരുന്നെങ്കിൽ നിലവിലെ വിലയേക്കാൾ താഴ്ന്ന വിലയിൽ ബൾബുകൾ വാങ്ങാവുന്നതാണ്. മേൽ അപാകതകൾക്ക് മറുപടിയും വിശദീകരണവും ലഭ്യമാക്കേണ്ടതാണെന്ന് വ്യക്തമാക്കി ഓഡിറ്റ് എൻക്വയറി നം.14/30.09.24 -പ്രകാരം കത്ത് നല്കുകയും, ലഭ്യമാക്കിയ മറുപടിയിൽ എൻക്വയറിയിൽ സൂചിപ്പിച്ചിരിക്കുന്ന അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കി യിട്ടില്ലാത്തതുമാണ്. അപാകത തുടരുന്നതിനാൽ ടി-പദ്ധതിക്കായി ചെലവഴിച്ച ₹495879/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-54 പഠനമുറി നിർമ്മാണം പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം (പഴയത്) |
| പ്രോജക്ട്.നം | 98/23(18/24) |
| അടങ്കൽ തുക | ₹1600000.00(SCP) |
| ചെലവ്/ബിൽ നം,തീ | ₹425000.00(71/17.8.23, 349/27.3.23,317/ 23.3.23,257/3.3.23, 236/23.2.23, 187/31.1.23,157/6.1.23) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ,ദാരിദ്ര്യലഘൂകരണം |

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ഉറപ്പാക്കുന്നതിനുവേണ്ടി വീടിനോടനുബന്ധിച്ച് പഠനമുറി നിർമ്മിക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ആകെ 2 -ലക്ഷം രൂപയിൽ 50000/- രൂപ മുൻകൂറായും, ബാക്കി 1.50 -ലക്ഷം രൂപ രണ്ട് തുല്യ ഗഡുക്കളുമായാണ് കൈമാറുന്നത്. എന്നാൽ താഴെ ഉൾപ്പെടുത്തി യിരിക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ പൂർണ്ണമായും പ്രവർത്തി പൂർത്തീകരിക്കുകയോ, ബാക്കി തുക കൈപ്പറ്റുകയോ ചെയ്യുതിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | ഗുണഭോക്താവിന്റെ പേര്/ വിലാസം | കൈപ്പറ്റിയ ഗഡു/ തുക₹/ബിൽ നം./ തീ. | റിമാർക്സ് |
|---|---|---|---|
| 1 | ഗൗതം.വി.എസ് S/Oരേഖസാമി, വടക്കേക്കരപ്പറമ്പിൽ, കടുവാൾ,വാർഡ്-23 | 1-50000/- 157/6.1.23, 2-75000/- 94/11.10.23 | തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. |
| 2 | ഗർഷ്യ.പി. എസ് D/Oസുബിൻ.പി.എസ്, പാറകണ്ടത്തിൽ, കെ.എസ്.ആർ.ടി,സി, വാർഡ്-19 | 1-50000/- 317/23.3.23 | തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. |

പ്രവർത്തി പൂർത്തീകരിക്കുകയോ, നിർവ്വഹണ ഉദ്യോഗസ്ഥ തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്യുതിട്ടില്ലാത്തതിനു വിശദീകരണവും മറുപടിയും ലഭ്യമാക്കേണ്ടതാണെന്ന് വ്യക്തമാക്കി ഓഡിറ്റ് എൻക്വയറി നം.27/30.10.24 -പ്രകാരം വിശദീകരണം ആവശ്യപ്പെടുകയും 12.11.24 -ന് ലഭ്യമാക്കിയ മറുപടിയിൽ തുടർ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അപാകത തുടരുന്നതിനാൽ ടിയിനത്തിൽ ചെലവഴിച്ച 100000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-55 തുക കൈപ്പറ്റി പ്രവർത്തി പൂർത്തീകരിച്ചില്ല

1.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം (പഴയത്) |
| പ്രോജക്ട്.നം | 98/23 |
| അടങ്കൽ തുക | ₹1600000.00(SCP) |

| | |
|---|---|
| ചെലവ്/ബിൽ നം,തീ | ₹425000.00(71/17.8.23, 349/27.3.23,317/23.3.23, 257/3.3.23,236/23.2.23, 187/31.1.23,157/6.1.23) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, ദാരിദ്രലഘൂകരണം |

2.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ലൈഫ് ഭവനപദ്ധതി (എസ്.സി) (പുതിയത്) |
| പ്രോജക്ട്.നം | 16/23 |
| അടങ്കൽ തുക | ₹1400000.00(SCP) |
| ചെലവ്/ബിൽ നം,തീ | ₹800000.00(12/16.5.23, 54/3.8.23,58/5.8.23, 67/17.8.23, 75/22.8.23,90/6.10.23, 158/19.1.24) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ,ദാരിദ്രലഘൂകരണം |

മേൽ പദ്ധതികളിൽ ഒന്നാമത്തേത് പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ഉറപ്പാക്കുന്നതിനു വേണ്ടി വീടിനോടനുബന്ധിച്ച് പഠനമുറി നിർമ്മിക്കുകയെന്നതാണ്. ആകെ 2 -ലക്ഷം രൂപയിൽ 50000/- രൂപ മുൻകൂറായും, ബാക്കി 1.5 -ലക്ഷം രൂപ രണ്ട് തുല്യ ഗഡുക്കളായാണ് കൈമാറുന്നത്. രണ്ടാമത്തേ പദ്ധതി ഭവനരഹിതർക്ക് വീട് വയ്ക്കുന്നതിന് നിശ്ചിത നിരക്കിൽ ധനസഹായം നല്കുക എന്നതാണ്. എന്നാൽ താഴെ ഉൾപ്പെടുത്തിയിരിക്കുന്ന ഗുണഭോക്താക്കൾ ഈ രണ്ട് പദ്ധതിയിൽ നിന്നും തുക കൈപ്പറ്റുകയും നാളിതുവരെ പൂർണ്ണമായും പ്രവർത്തി പൂർത്തീകരിക്കുകയോ, ബാക്കി തുക കൈപ്പറ്റുകയോ ചെയ്യതിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | പദ്ധതി | ഗുണഭോക്താവിന്റെ പേര്/വിലാസം | കൈപ്പറ്റിയ ഗഡു/ തുക₹/ബിൽ നം./ തീ. |
|---|---|---|---|
| 1 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം | ഗർഷ്യ.പി. എസ് D/Oസുബിൻ.പി.എസ്, പാറകണ്ടത്തിൽ, കെ.എസ്.ആർ.ടി,സി, വാർഡ്-19 | 1- 50000/-317/23.3.23 |
| 2 | ലൈഫ് ഭവനപദ്ധതി (എസ്.സി) | സവിൻ.പി.എസ്, പാറകണ്ടത്തിൽ, കെ.എസ്.ആർ.ടി,സി, വാർഡ്-19 | 1- 40000/-58/05.8.23 |

1.ഗുണഭോക്താവ് ഒന്നാമത്തെ പദ്ധതി പ്രകാരം 23.3.2023 -നാണ് തുക കൈപ്പറ്റിയിരിക്കുന്നത്. 2022-23 സാമ്പത്തിക വർഷത്തിൽ, പഠനസൗകര്യം ഉറപ്പാക്കുന്നതിനു വേണ്ടി വീടിനോട് അനുബന്ധിച്ച് പഠനമുറി നിർമ്മിക്കുന്നതിനാണ് തുക കൈപ്പറ്റിയത്.

2.രണ്ടാമത്തെ പദ്ധതിയിൽ ഭവനരഹിതർക്ക് വീട് വയ്ക്കുന്നതിന് നിശ്ചിത നിരക്കിൽ ധനസഹായം 05.8.23 -നാണ് കൈപ്പറ്റിയത്.

3.മേൽ രണ്ട് പദ്ധതിപ്രകാരവും ഗുണഭോക്താകൾക്ക് തുക അനുവദിച്ചെങ്കിലും നാളിതുവരെ പ്രവർത്തി പൂർത്തീകരിക്കുകയോ, നിർവ്വഹണ ഉദ്യോഗസ്ഥ തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്യതിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണവും മറുപടിയും ലഭ്യമാക്കേണ്ടതാണെന്ന് വ്യക്തമാക്കി ഓഡിറ്റ് എൻക്വയറി നം.28/30.10.24 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടുകയും 12.11.24 -ന് മറുപടി ലഭ്യമാക്കുകയും, മറുപടിയിൽ പ്രവർത്തി പൂർത്തീകരണത്തെപ്പറ്റി വ്യക്തമാക്കാത്തതിനാലും ചൂണ്ടികാണിച്ച അപാകത തുടരുന്നതിനാലും ടി- യിനത്തിൽ ചെലവഴിച്ച ₹90000/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-56 ലൈഫ് ഭവനപദ്ധതി പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല

(എ)

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | ലൈഫ് ഭവനപദ്ധതി (എസ്.സി)(പുതിയത്) |
| പ്രോജക്റ്റ്.നം | 16/24 |
| അടങ്കൽ തുക | ₹1400000.00, വികസനഫണ്ട്(SCP) |
| ചെലവ്/ബിൽ നം,തീ | ₹800000.00(12/16.5.23, 54/3.8.23,58/5.8.23, 67/17.8.23, 75/22.8.23, 90/6.10.23,158/19.1.24) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്റ്റ് ഓഫീസർ, ദാരിദ്രലഘൂകരണം |

പദ്ധതി ഭവനരഹിതർക്ക് വീട് വയ്ക്കുന്നതിന് നിശ്ചിത നിരക്കിൽ ധനസഹായം നല്കുക എന്നതാണ് (ആകെ 4-ലക്ഷം). എന്നാൽ താഴെ ഉൾപ്പെടുത്തിയിരിക്കുന്ന ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും തുക കൈപ്പറ്റുകയും നാളിതുവരെ പൂർണ്ണമായും പ്രവർത്തി പൂർത്തീകരിക്കുകയോ, ബാക്കി തുക കൈപ്പറ്റുകയോ ചെയ്യതിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | ഗുണഭോക്താവിന്റെ പേര്/ വിലാസം | കൈപ്പറ്റിയ ഗഡു/ തുക₹/ബിൽ നം./ തീ. |
|---|---|---|
| 1 | അശ്വതി മോഹൻ, തുരുത്തിപറമ്പിൽ, കാഞ്ഞിരക്കാട് | 1-40000/-58/05.8.23 |
| 2 | സുബിൻ.പി.എസ്, പാറകണ്ടത്തിൽ, കെ.എസ്.ആർ.ടി,സി, വാർഡ്-19 | 1-40000/-58/05.8.23 |

1.പദ്ധതിയിൽ ഭവനരഹിതർക്ക് വീട് വയ്ക്കുന്നതിന് നിശ്ചിത നിരക്കിലുള്ള ധനസഹായം 05.8.23 -നാണ് രണ്ട് ഗുണഭോക്താക്കളും കൈപ്പറ്റിയത്.

2.നഗരസഭയും ഗുണഭോക്താവും തമ്മിലുള്ള കരാർ ചമച്ച് പദ്ധതി പ്രകാരമുള്ള തുക കൈപ്പറ്റി 12 -മാസത്തിനകം ഭവനനിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. പൂർത്തീകരിക്കാത്ത പക്ഷം പദ്ധതിപ്രകാരം ലഭിച്ച മുഴവൻ തുകയും പലിശ സഹിതം തിരികെ നഗരസഭക്ക് ഈടാക്കാവുന്നതാണ്. എന്നാൽ ഇത്തരം ഒരു തുടർ നടപടികളും നഗരസഭയുടെയോ, നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല.

മേൽ പദ്ധതിപ്രകാരം ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചെങ്കിലും നാളിതുവരെ പ്രവർത്തി പൂർത്തീകരിക്കുകയോ, നിർവ്വഹണ ഉദ്യോഗസ്ഥ തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്യതിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണവും മറുപടിയും ലഭ്യമാക്കേണ്ടതാണെന്ന് വ്യകതമാക്കി ഓഡിറ്റ് എൻക്വയറി നം.29/30.10.24 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടുകയും 12.11.24 -ൽ മറുപടി ലഭ്യമാക്കുകയും ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലാത്തതിനാലും, മേൽഅപാകത തുടരുന്നതിനാൽ ടി-യിനത്തിൽ ചെലവഴിച്ച ₹80000/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

(ബി)

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | ലൈഫ് ഭവനപദ്ധതി (ജനറൽ)(പുതിയത്) |
| പ്രോജക്റ്റ്.നം | 16/24 |
| അടങ്കൽ തുക | ₹3710800.00(പ്ലാൻ ഫണ്ട്) |
| ചെലവ്/ബിൽ നം,തീ | ₹3080000.00(9/8.5.23, 11/16.5.23,23/26.5.23, 32/14.6.23,50/21.7.23, 56/5.8.23,74/22.8.23, 82/25.9.23,118/16.11.23, 135/13.12.23, 154/17.1.24,181/16.2.24) |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, ദാരിദ്രലഘൂകരണം |

പദ്ധതി ഭവനരഹിതർക്ക് വീട് വയ്ക്കുന്നതിന് നിശ്ചിത നിരക്കിൽ ധനസഹായം നല്കുക എന്നതാണ്. 4- ലക്ഷം രൂപ, 4 -ഗഡുക്കളായി പ്രവർത്തി പൂർത്തീകരണ തോത് വിലയിരുത്തി അനുവദിക്കുന്നു. എന്നാൽ താഴെ ഉൾപ്പെടുത്തിയിരിക്കുന്ന ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും തുക കൈപ്പറ്റുകയും നാളിതുവരെ പൂർണ്ണമായും പ്രവർത്തി പൂർത്തീകരിക്കുകയോ, ബാക്കി തുക കൈപ്പറ്റുകയോ ചെയ്യതിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | ഘട്ടം | ഗുണഭോക്താവിന്റെ പേര്/വിലാസം | കൈപ്പറ്റിയ ഗഡു/ തുക₹ |
|---|---|---|---|
| 1 | 2 | അല്ലി ചന്ദ്രൻ,പാറകണ്ടത്തിൽ,വാർഡ്-19 | 3-ഗഡു, 360000/- |
| 2 | 2 | ലതാ ശിവൻ,കല്ലുപാലം വീട്, വാർഡ്-16 | 2-ഗഡു,200000/- |
| 3 | 2 | സിംന മുജീബ്,പുന്നയ്ക്കൽ വീട്, കാഞ്ഞിരക്കാട്, വാർഡ്-6 | 3-ഗഡു,360000/- |
| 4 | 4 | ഓമന ബേബി,മാങ്കുടി വീട്, വാർഡ്-24 | 3-ഗഡു, 360000/- |
| 5 | 5 | അമ്പിളി വി.എൻ,വെട്ടിക്കനാപ്പടി-വീട്, വാർഡ്-13 | 3-ഗഡു, 360000/- |
| 6 | 5 | സജീവ്.ടി.കെ,അച്ചിണ്ടക്കുടി, കാഞ്ഞിരക്കാട്, വാർഡ്-6 | 3-ഗഡു, 360000/- |
| 7 | 5 | പി.എ.സുഭാഷ്,പ്ലാങ്കുടി-വീട്,ഹരിജൻ കോളനി,കടുവാൾ,വാർഡ്-23 | 3-ഗഡു, 360000/- |
| 8 | 5 | ഗീതാഞ്ജലി തങ്കു, പൊട്ടയ്ക്കൽ വീട്,വല്ലം | 3-ഗഡു, 360000/- |
| 9 | 5 | പ്രദീപ്.കെ.കെ, കൃഷ്ണവിലാസം, കടുവാൾ, വാർഡ്-23 | 3-ഗഡു,360000/- |
| 10 | 6 | സഫിയ സുധീർ,മുത്തേടത്ത് -വീട്, കാരാട്ടുപള്ളിക്കര,വാർഡ്-11 | 3-ഗഡു, 360000/- |
| 11 | 6 | പുഷ്പ.ഇ.വി,ഇയ്യംക്കുഴി-വീട്, കാരാട്ടുപള്ളിക്കര,വാർഡ്-11 | 1-ഗഡു,40000/- |
| 12 | 6 | പാത്തുമ്മ അലിയാർ,കോട്ടേക്കുടി-വീട്, കാഞ്ഞിരക്കാട്,വാർഡ്-6 | 3-ഗഡു, 360000/- |
| 13 | 7 | സരിത ബാലൻ, പൊട്ടൻപുരം, കാഞ്ഞിരക്കാട്-വാർഡ്-6 | 3-ഗഡു, 280000/- |
| 14 | 7 | അനിൽകുമാർ.വി.എ,വടക്കേപ്പറമ്പ്, കടുവാൾ, വാർഡ്-24 | 2-ഗഡു, 200000/- |
| 15 | 8 | ഷംനാസ് വി.ബി,വരമ്പോത്തി-വീട്, പൂപ്പാനി,വാർഡ്-9 | 3-ഗഡു, 360000/- |
| 16 | 8 | ഷഫീബ്.പി.എ,പുത്തിരി- വീട്, റയോൺപുരം,വാർഡ്-27 | 1-ഗഡു,40000/- |
| 17 | 8 | ജയശ്രീ.വി.ആർ,പുതിയേടത്ത്-വീട്, ഇരിങ്ങോൾ,വാർഡ്-16 | 3-ഗഡു, 360000/- |
| 18 | 8 | അനിത.പി.എ,പുത്തൻപുരയ്ക്കൽ-വീട്, ഇരിങ്ങോൾ,വാർഡ്-15 | 1-ഗഡു,40000/- |
| 19 | 8 | അശ്വതി മോഹൻ,ഉരുത്തിപ്പറമ്പിൽ-വീട്, കാഞ്ഞിരക്കാട്-വാർഡ്-6 | 1-ഗഡു,40000/- |
| 20 | 8 | റഷീദ.ഇ.കെ,ഇടമറ്റത്ത്,വീട്, കാഞ്ഞിരക്കാട്, റയോൺപുരം,വാർഡ്-3 | 2-ഗഡു, 200000/- |
| 21 | 8 | ഷൈമോൾ.കെ.എസ്,കോട്ടേക്കുടി-വീട്, കാഞ്ഞിരക്കാട്,റയോൺപുരം-വാർഡ്-3 | 3-ഗഡു, 360000/- |
| 22 | 9 | ആഷിക്ക് മണ്ഡൽ,കാരക്കുന്നേൽ-വീട്, കാഞ്ഞിരക്കാട്,വാർഡ്-3 | 3-ഗഡു, 360000/- |
| 23 | 9 | നിലാഷ്.ടി.എച്ച്,തോട്ടത്തിൽ-വീട്, ഒന്നാംമൈൽ,വാർഡ്-12 | 3-ഗഡു, 280000/- |
| 24 | 9 | സി.വി.ഉണ്ണി,പുള്ളിപ്പറമ്പിൽ, കടുവാൾ, വാർഡ്-24 | 1-ഗഡു,40000/- |

| | | | |
|---|---|---|---|
| 25 | 9 | ലളിത,മനയത്തുകുടി, കെ.എസ്.ആർ.ടി.സി-വാർഡ്-19 | 2-ഗഡു, 120000/- |
| | - | ആകെ | 6520000.00 |

1.നഗരസഭയും ഗുണഭോക്താവും തമ്മിലുള്ള കരാർ ചമച്ച് പദ്ധതി പ്രകാരമുള്ള തുക കൈപ്പറ്റി 12 മാസത്തിനകം ഭവനനിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. പൂർത്തീകരിക്കാത്ത പക്ഷം പദ്ധതിപ്രകാരം ലഭിച്ച മുഴുവൻ തുകയും പലിശ സഹിതം തിരികെ നഗരസഭക്ക് ഈടാക്കാവുന്നതാണ്. എന്നാൽ ഇത്തരം ഒരു തുടർ നടപടികളും നഗരസഭയുടെയോ, നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല.
2.മേൽ പദ്ധതിപ്രകാരം ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചെങ്കിലും നാളിതുവരെ പ്രവർത്തി പൂർത്തീകരിക്കുകയോ, നിർവ്വഹണ ഉദ്യോഗസ്ഥ തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്യുതിട്ടില്ല. ആയതിന് മറുപടിയും ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നം.20/30.10.24 പ്രകാരം കത്ത് നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകത തുടരുന്നതിനാൽ ടി-യിനത്തിൽ തൻവർഷം ചെലവഴിച്ച ₹30,80,000.00 ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-57 ശുചിത്വ പെരുമ്പാവൂർ മാലിന്യ സംസ്കരണ പദ്ധതി നടപ്പാക്കിയില്ല,സി.എസ്.ആർ ഫണ്ട് ₹15.31 ലക്ഷം പാഴാക്കി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ശുചിത്വ പെരുമ്പാവൂർ മാലിന്യ സംസ്കരണ പദ്ധതി |
| പ്രോജക്ട്. നം | 195/2024(SO) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| അടങ്കൽ തുക | ₹7494000/- |
| ചെലവ് | ഇല്ല |

2023-24 വർഷം ശുചിത്വ പെരുമ്പാവൂർ മാലിന്യ സംസ്കരണ പദ്ധതി എന്ന പ്രോജക്ടിനായി മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ചു എങ്കിലും തൻവർഷം പ്രോജക്ട് നടപ്പാക്കിയില്ല. ഈ പ്രോജക്ടിനായി ലഭിച്ച സി.എസ്.ആർ ഫണ്ട് തിരികെ നല്കുകയും ചെയ്തു. വിശദവിവരം ചുവടെ ചേർക്കുന്നു.

ശുചിത്വം, കുടിവെള്ള വിതരണം, പൊതു ശൗചാലയങ്ങൾ എന്നീ ലക്ഷ്യങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് സി.എസ്.ആർ. പ്രവർത്തനങ്ങൾക്കായി ഹഡ്കോ ബഡ്ജറ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും അതനുസരിച്ച് പദ്ധതികൾ വിഭാവനം ചെയ്ത് അനുയോജ്യമായ പ്രൊപ്പോസൽ തയ്യാറാക്കി അയച്ചാൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഗ്രാന്റ് അനുവദിക്കുന്നതാണെന്നും 7.10.2016 -ലെ കത്തിലൂടെ ഹഡ്കോ നഗരസഭയെ അറിയിച്ച പ്രകാരമാണ് പദ്ധതി ആരംഭിച്ചിട്ടുള്ളത്. ഇതനുസരിച്ച് 'ശുചിത്വ പെരുമ്പാവൂർ എന്ന ഖരമാലിന്യ പരിപാലന പദ്ധതിയുടെ' ഡി.പി.ആർ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ മുഖാന്തിരം തയ്യാറാക്കി നഗരസഭ ഹഡ്കോയ്ക്ക് അയയ്ക്കുകയും ₹1.22 -കോടി അടങ്കലുള്ള ഈ പ്രൊപ്പോസൽ ഹഡ്കോ 6.12.2017 -ൽ അംഗീകരിക്കുകയും ചെയ്തു. പ്രോജക്ടിന് ₹74.95 ലക്ഷം രൂപയാണ് ഹഡ്കോ ധനസഹായമായി അനുവദിക്കുന്നത്. പ്രോജക്ട് കോസ്റ്റിലെ ബാക്കി തുക നഗരസഭാ വിഹിതമായി കണ്ടെത്തേണ്ടതാണ്.

ഹഡ്കോയുമായി കരാർ ഒപ്പിടുകയും ധന സഹായം സ്വീകരിക്കുന്നതിന് വിജയാ ബാങ്കിന്റെ പെരുമ്പാവൂർ ശാഖയിൽ 03.01.2018 -ൽ അക്കൗണ്ട് തുടങ്ങുകയും ചെയ്തു. നഗരസഭാ വിഹിതമായി ₹3135000/- ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും കണ്ടെത്തുകയും ഇതിനായി 2018-19 വർഷം S0158/19 നമ്പർ പ്രോജക്ട് - ശുചിത്വ പെരുമ്പാവൂർ മാലിന്യ സംസ്കരണ പദ്ധതി ആവിഷ്കരിക്കുകയും (ഭരണാനുമതി നമ്പർ 1/23.03.2018) ചെയ്യുതു. നഗരസഭയുടെ വിവിധ ഭാഗങ്ങളിലും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലും ഖരമാലിന്യ സംസ്കരണത്തിനുള്ള വിവിധയിനം ഉപാധികൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത്. ശുചിത്വ പെരുമ്പാവൂർ പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ അക്രഡിറ്റഡ് ഏജൻസിയായ ഐ.ആർ.റ്റി.സി പാലക്കാട് മുഖേന നടപ്പാക്കുവാൻ 25.09.2018 -ൽ നഗരസഭ കരാറിൽ ഏർപ്പെടുകയും 28.09.2018 -ൽ മൊബിലൈസേഷൻ അഡ്വാൻസായി ₹21,25,800/- നഗരസഭാ വിഹിതമായി വകയിരുത്തിയ 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് അനുവദിക്കുകയും ചെയ്തു.

ഇതു കൂടാതെ നഗരസഭ വിഹിതമായി ₹12 -ലക്ഷം (തനതു ഫണ്ട്) 19.11.2018 -ൽ വിജയാ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചതിനെ തുടർന്ന് സി.എസ്.ആർ. വിഹിതത്തിന്റെ ആദ്യ ഗഡുവായ ₹15.31 ലക്ഷം 17.01.2019 -ൽ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു. ഹഡ്കോയുമായി നഗരസഭ ഉണ്ടാക്കിയ വ്യവസ്ഥയനുസരിച്ച് ആറു മാസത്തിനുള്ളിൽ ധനസഹായം വിനിയോഗിക്കേണ്ടതും അല്ലാത്ത പക്ഷം പലിശ സഹിതം തിരിച്ചടയ്ക്കേണ്ടതുമാണ്. ഡി.പി.ആറിൽ ശുചിത്വ പെരുമ്പാവൂർ പദ്ധതിക്കു നിർദ്ദേശിച്ച സ്ഥലം അനുയോജ്യമല്ലാത്ത സ്ഥിതി, സംസ്കരണ പ്ലാന്റിനോടുള്ള പ്രാദേശിക എതിർപ്പ് എന്നിവ മൂലം

നടപ്പാക്കാനുദ്ദേശിച്ച പ്രവൃത്തികളിൽ ഒന്നൊഴികെ ബാക്കിയെല്ലാം ഉപേക്ഷിക്കേണ്ടി വന്നു എന്നും നഗരസഭയുടെ ടൗൺ ഹാൾ പരിസരത്ത് പണി കഴിപ്പിച്ച എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് മാത്രമാണ് പൂർത്തീകരിക്കാൻ കഴിഞ്ഞത് എന്നുമാണ് ഫയൽ പ്രകാരം വ്യക്തമാകുന്നത്. പൂർത്തീകരിക്കാനാവാത്ത സാഹചര്യത്തിൽ ഈ പദ്ധതി ഉപേക്ഷിക്കുവാൻ കൗൺസിൽ തീരുമാനമെടുത്തു. ഈ സാഹചര്യത്തിലാണ് മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നടപ്പാക്കുവാൻ തൻവർഷം അംഗീകാരം നേടി നടപ്പാക്കാതിരുന്നത്. ഈയൊരു നടപടിക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിരിക്കുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറി നമ്പർ 80/15.01.2025 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1)നഗരസഭയ്ക്ക് ലഭിച്ച ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും പ്രസ്തുത പ്രോജക്ടിനായി തുക ചെലവവിച്ചിട്ടും ഭാഗികമായി നടപ്പിലാക്കിയ പദ്ധതിയിൽ ഹഡ്കോയുടെ വിഹിതം കുറയ്ക്കാതെ മുഴുവൻ തുകയും (₹15.31 ലക്ഷം) തിരികെ നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2)ഈ പദ്ധതിയിൽപ്പെടുത്തി നഗരസഭയുടെ ഇ.എം.എസ്. ടൗൺ ഹാളിൽ പണി പൂർത്തീകരിച്ച എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് നിലവിൽ പ്രവർത്തനക്ഷമമാണോ എന്നതിന്റെ വിവരം ലഭ്യമല്ല. ഈ പദ്ധതിക്ക് സാങ്കേതികാനുമതി നൽകിക്കൊണ്ടുള്ള ശുചിത്വ മിഷന്റെ 20.03.2018 -ലെ കത്തിലെ 11 -ാം വ്യവസ്ഥ പ്രകാരം കമ്പോസ്റ്റിങ്ങ് സംവിധാനത്തിൽ ഉണ്ടാകുന്ന കമ്പോസ്റ്റിന്റെ ഉപയോഗം സംബന്ധിച്ചും വ്യവസ്ഥ (16) പ്രകാരമുള്ള കമ്പോസ്റ്റ് യൂണിറ്റിന്റെ ദൈനം ദിന പ്രവൃത്തി പരിപാലനം, തുടർ പ്രവർത്തനം എന്നിവ സംബന്ധിച്ചും നഗരസഭ സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ വിവരവും അറിയിക്കേണ്ടതാണ്.

3)വിനിയോഗിക്കാത്ത സി.എസ്.ആർ. ഫണ്ടും അതോടൊപ്പം ആ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത മുഴുവൻ പലിശയുമടക്കം ₹17,79,043/- 23.05.2023 -ൽ നഗരസഭ ഹഡ്കോയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പലിശ കണക്കാക്കിയപ്പോൾ 19.1.2018 മുതൽ 06.01.2020 വരെ ഈ അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന തനതുഫണ്ട് ₹12 ലക്ഷത്തിന്റെയും 07.01.2020 മുതൽ 08.05.2020 വരെ അക്കൗണ്ടിൽ ഉണ്ടായിരുന്ന തനതു ഫണ്ട് ₹6 ലക്ഷത്തിന്റെയും പലിശ കൂടി പലിശയിനത്തിൽ ഹഡ്കോയ്ക്ക് തിരികെ നൽകിയിട്ടുണ്ട്. സി.എസ്.ആർ. വിഹിതത്തിന്റെ പലിശ മാത്രം കണക്കാക്കാതെ തനതു ഫണ്ടിനു ലഭിച്ച പലിശ കൂടി മടക്കി നൽകിയതിനു കാരണം വിശദീകരിക്കേണ്ടതാണ്.

4)പ്രസ്തുത പ്രോജക്ട് കാലയളവിൽ തന്നെ ₹49.49 ലക്ഷം ചെലവിൽ സമാന്തരമായി സ്വച്ഛ്ഭാരത് മിഷൻ ഗ്രാന്റ് ഉപയോഗിച്ച് ഇതേ പ്രോജക്ട് നടപ്പാക്കുന്നതു സംബന്ധിച്ച ഫയൽ/രേഖകൾ ചെലവഴിച്ച തുകകളുടെ വിവരം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

5)നിലവിൽ പെരുമ്പാവൂർ നഗരസഭയിൽ ഖരമാലിന്യ സംസ്കരണ പദ്ധതികൾക്ക് അവലംബിച്ചിട്ടുള്ള മാർഗ്ഗങ്ങൾ സംബന്ധിച്ച ഫയൽ/വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-58 വളർത്തുനായ്ക്കൾക്കു ബെൽറ്റ് വാങ്ങൽ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വളർത്തുനായ്ക്കൾക്കു ബെൽറ്റ് വാങ്ങൽ (പഴയത്) |
| പ്രോജക്ട്.നം | 178/24 |
| അടങ്കൽ തുക | ₹50000.00(പ്ലാൻ ഫണ്ട്) |
| ചെലവ്/ബിൽ നം,തീ | ₹48250.00 (69/17.08.23) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർവൈസർ,നഗരസഭ |

വളർത്തുനായകൾക്ക് നഗരസഭയിൽ നിന്നും ലൈസൻസ് അനുവദിക്കുമ്പോൾ ടോക്കൺ ബെൽറ്റ് കൂടി നല്കേണ്ടതിനാൽ നഗരസഭ പരിധിയിൽ ഉള്ള വളർത്തുനായ്ക്കൾക്ക് ടോക്കൺബെൽറ്റ് അനുവദിച്ചു നല്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നത്. ക്വട്ടേഷൻ ക്ഷണിച്ചതിൽ സ്കീനോക്രാഫ്റ്റ്സ്, കുനമ്മാവ്, എറണാകുളം എന്ന സ്ഥാപനം കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്തത് അവരുടെ ക്വട്ടേഷൻ നഗരസഭ അംഗീകരിക്കുകയാണ് ചെയ്തത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.താഴെ ചേർക്കും പ്രകാരം കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്.

| ക്രമനം | അളവ് | തുക₹ | എണ്ണം | ആകെ-₹ |
|---|---|---|---|---|
| 1 | 40cm | 100/- | 75 | 7500.00 |
| | | | | |

| | | | | |
|---|---|---|---|---|
| 2 | 60cm | 220/- | 100 | 22000.00 |
| 3 | 75cm | 250/- | 75 | 18750.00 |
| ആകെ | - | - | - | 48250.00 |

കരാറുകാരനിൽ നിന്നും ബെൽറ്റുകൾ ലഭിക്കുകയും ആയത് 03.05.23 -ന് സ്റ്റോക്ക് രജിസ്റ്റർ 2 -ൽ പേജ് 193 -ൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഫയലിൽ നിന്നും വ്യക്തമാണ് (സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല). ടി- ബെൽറ്റുകൾ നിലവിൽ ഒന്നും തന്നെവിതരണം ചെയ്യതിട്ടില്ലായെന്നും, ആയത് സെക്ഷനിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണെന്നും, ടി-ബെൽട്ടുകൾക്ക് വില നിർണ്ണയം നടത്തിയതിനു ശേഷം ഗുണഭോക്താക്കൾക്ക് വില ഈടാക്കി നല്കാവുന്നതുമാണെന്നും (11.08.23 -ൽ) ഫയലിൽ കുറിപ്പ് തയ്യാറാക്കിയിട്ടുണ്ട്. നാളിതുവരെ തുടർ നടപടികൾ സ്വീകരിച്ചതായി ഫയലിൽ നിന്നും വ്യക്തമല്ല.

2.വാർഷിക ധനകാര്യപത്രിക 2023-24 -ൽ RP-4 ഹെഡ്-140110700-Licence Fee For Domestic Dogs -എന്ന ഇനത്തിൽ തൻവർഷം ₹400/- മാത്രമേ വരവ് വന്നിട്ടുള്ളൂ. മേൽ അപാകതകൾക്ക് മറുപടിയും വിശദീകരണവും ലഭ്യമാക്കേണ്ടതാണന്ന് വ്യക്തമാക്കി ഓഡിറ്റ് എൻക്വയറി നം.39/30.10.24 -പ്രകാരം കത്ത് നല്കിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് മേൽ അപാകതകൾ തുടരുന്നതിനാൽ ചെലവഴിച്ച ₹48250/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-59 അധിക ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഭവനപുനരുദ്ധാരണം(പട്ടികജാതി) (പുതിയത്) |
| പ്രോജക്ട്.നം | 17/24 |
| അടങ്കൽ തുക | ₹4300000.00(SCP) |
| ചെലവ്/ബിൽ നം,തീ | ₹1725000.00(191/23.2.24,198/2.3.24, 207/13.3.24,214/16.3.24,215/16.3.24, 225/21.3.24,226/21.3.24,228/21.3.24, 232/23.3.24,234/24.3.24,245/24.3.24, 246/24.3.24, 316/26.3.24) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ,ദാരിദ്രലഘൂകരണം |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് വീട് വാസയോഗ്യമാക്കുക യെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിക്കായി ഗുണഭോക്താവ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി ഓവർസീയർ സാക്ഷ്യപ്പെടുത്തണം. മേൽ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താവായ ഷാജി ജനാർദ്ധനൻ, വട്ടേകാട്-വീട്, മില്ലുംപടി, വാർഡ്-22, സമർപ്പിച്ച അപേക്ഷയോടൊപ്പം ലൈസെൻസ്ഡ് സൂപ്പർവൈസറെ കൊണ്ട് തയ്യാറാക്കിയ എസ്റ്റിമേറ്റ് ഉൾപ്പെടുത്തിയിരുന്നു. ടി- എസ്റ്റിമേറ്റ് പ്രകാരം പ്രാഥമീക പ്രവർത്തികൾക്കൊപ്പം, തേക്കിന്റെ ജനൽ, വാതിൽ ഫ്രെയിം വർക്കും തേക്കിന്റെ വാതിൽ പാളി, തേക്കിന്റെ ജനൽ പാളി, അനുബന്ധ പ്രവർത്തികൾ, ഭിത്തിയുടെ ഇരുവശവും പ്ലാസ്റ്ററിംങ് നടത്തുക, എമൽഷൽ പെയിന്റ് രണ്ട് കോട്ട് എന്നീ ഇനങ്ങൾ മാത്രമേ ഉൾപ്പെടുത്തിയിരുന്നുള്ളൂ. എന്നാൽ നഗരസഭ ഓവർസീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം താഴെ ചേർത്തിരിക്കുന്ന അധിക ഇനങ്ങൾ (ഗുണഭോക്താവിന്റെ ആവശ്യത്തിനുപരിയായി) ഉൾപ്പെടുത്തിയിരിക്കുന്നു, എസ്റ്റിമേറ്റ് യഥാർത്ഥ ആവശ്യം വിലയിരുത്തി തയ്യാറാക്കിയിരുന്നെങ്കിൽ ₹1,58,000/- എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടി വരില്ലായെന്ന് വ്യക്തമാണ്. ടിയിനത്തിൽ ഗുണഭോക്താവിന് പരമാവധി തുയായ ₹1,50,000/- കൈമാറിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | എസ്റ്റിമേറ്റിലെ സീരിയൽ നം. | സ്പെസിഫിക്കേഷൻ/ഇനം |
|---|---|---|
| 1 | 1.013 | OD389230/23-24-Providing&Fixing Factory Made Pvc Door Including Cost Of All Fittings- |

| | | |
|---|---|---|
| 2 | 1.014 | 11.37-Providing &Laying Ceramic Glazed Floor Tiles Of Size 300x300mm |
| 3 | 1.015 | 11.36-Providing& Fixing 1st Quality Ceramic Glazed Wall Tiles |
| 4 | 1.016 | 11.46.1-Providing&Laying Vitrified Tiles Indifferent Sizes |
| 5 | 1.022 | 17.2.2-Providing &Fixing White Vitreous China Pedestel Type Water Closet(European Type) |
| 6 | 1.023 | 50.18.9.9.2-Providing And Fixing Pvc Pipes Including Joints Of Pipes Of All Fittings |

ഗുണഭോക്താവിന്റെ യഥാർത്ഥ ആവശ്യം നിലനില്ക്കേ അധിക ഇനം ഉൾപ്പെടുത്തി തുക കൈമാറിയതിനു മറുപടിയും വിശദീകരണവും ലഭ്യമാക്കേണ്ടതാണെന്ന് വ്യക്തമാക്കി ഓഡിറ്റ് എൻക്വയറി നം.31/30.10.24 പ്രകാരം കത്ത് നല്കുകയും, ലഭ്യമാക്കിയ മറുപടിയിൽ ഓവർസീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ Steel Or Wood Doors, Windows എന്ന ഇനമാണ് ഉൾപ്പെടുത്തി യിരിക്കുന്നത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഭാവിയിൽ പദ്ധതി നടത്തിപ്പിൽ ഗുണഭോക്താവിന്റ ആവശ്യകത ഉറപ്പാക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥ ജാഗ്രത പാലിക്കേണ്ടതാണ്.

## 1-60 ഗുണഭോക്താവിന്റെ ആവശ്യകത ഉറപ്പാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഭവനപുനരുദ്ധാരണം (പട്ടികജാതി)(പുതിയത്) |
| പ്രോജക്ട്.നം | 17/24 |
| അടങ്കൽ തുക | ₹4300000.00(SCP) |
| ചെലവ്/ബിൽ നം,തീ | ₹1725000.00(191/23.2.24,198/2.3.24, 207/13.3.24,214/16.3.24,215/16.3.24, 225/21.3.24, 226/21.3.24, 228/21.3.24,232/23.3.24, 234/24.3.24,245/24.3.24, 246/24.3.24, 316/26.3.24) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ,ദാരിദ്രലഘൂകരണം |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് വീട് വാസയോഗ്യമാക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിക്കായി ഗുണഭോക്താവ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി ഓവർസീയർ സാക്ഷ്യപ്പെടുത്തണം. മേൽ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താവായ കുഞ്ഞുമോൾ, കൊടിമറ്റത്തിൽ, റയോൺപുരം, കാഞ്ഞിരക്കാട്, വാർഡ്നം.6, 143/A(സർവ്വേ നം.16857/204-2r-2sqft സ്ഥലം), ഗുണഭോക്താവ് ടിയാരിയുടെ ആവശ്യകത ഉറപ്പാക്കി, സ്വന്തം നിലയിൽ സർക്കാർ അംഗീകൃത സൂപ്പർവൈസറെ കൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കി ഫയലിനൊപ്പം സമർപ്പിച്ചിട്ടുണ്ട്. ഈ എസ്റ്റിമേറ്റിൽ ഇനം 5 -ആയി Flooring With Best Quality Vitrified Tiles In 12mm Cement Mortar 1:3 And Pointing With Coloured Cement Including Cost And Conveyence Of All Meterials And Labour Charges Etc- Complete (Say53.27m2@Rs 849.82m3=₹45269/-) ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നഗരസഭ തയ്യാറാക്കിയ ഡീറ്റെയിൽഡ് എസ്റ്റിമേറ്റിൽ ടി-ഇനം ഉൾപ്പെടുത്താതെ ഒഴിവാക്കി. ടി ഇനം ഉൾപ്പെടുത്തേണ്ടതില്ലെന്നും ആയതിനാലാണ് ഒഴിവാക്കിയത് എന്ന രേഖപ്പെടുത്തലുകൾ ഫയലിനൊപ്പം ചേർത്തിട്ടില്ല. ആയതിനാൽ ഗുണഭോക്താവിന്റെ ആവശ്യകത ഉറപ്പാക്കിയാണ് പ്രവർത്തി പൂർത്തീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമല്ല. നിലവിൽ കെട്ടിടം വാസയോഗ്യമാക്കാൻ തക്ക പ്രവർത്തി നടത്തിയെന്ന് ഫയൽ പരിശോധനയിൽ ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. പ്രവർത്തി പൂർത്തീകരിച്ചതിന്റെ

ഫോട്ടോഗ്രാഫ്സ് തുടങ്ങിയ തെളിവുകൾ ഫയലിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. ടി-അപാകതകൾക്ക് മറുപടിയും വിശദീകരണവും ലഭ്യമാക്കേണ്ടതാണെന്ന് വ്യക്തമാക്കി ഓഡിറ്റ് എൻക്വയറി നം.32/30.10.24 പ്രകാരം കത്ത് നല്കുകയും, ലഭ്യമാക്കിയ മറുപടിയിൽ ടി-ഇനം രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കും എന്നാണ് അറിയിച്ചിരിക്കുന്നത്.

## 1-61 ഒഴിവുകുറി തയ്യാറാക്കിയെങ്കിലും സ്ഥലം പോക്ക് -വരവ് നടത്തിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഭവനപുനരുദ്ധാരണം(പട്ടികജാതി) (പുതിയത്) |
| പ്രോജക്ട്.നം | 17/24 |
| അടങ്കൽ തുക | ₹4300000.00 (Special Component Plan) |
| ചെലവ്/ബിൽ നം,തീ | ₹1725000.00(191/23.2.24,198/2.3.24, 207/13.3.24,214/16.3.24,215/16.3.24, 225/21.3.24,226/21.3.24,228/21.3.24, 232/23.3.24,234/24.3.24,245/24.3.24, 246/24.3.24, 316/26.3.24) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ,ദാരിദ്ര്യലഘൂകരണം |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് വീട് വാസയോഗ്യമാക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഷൈല ശിവൻ, വടക്കേപറമ്പ്, കുട്ടവാൾ, വാർഡ്-24, എന്ന വ്യക്തി മേൽ പദ്ധതിയുടെ ഗുണഭോക്താവാണ്. അപേക്ഷയോടൊപ്പം സമർപ്പിച്ചിരിക്കുന്ന എസ്റ്റിമേറ്റ്, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ കുഞ്ഞോൾ, S/O അയ്യപ്പൻ, പാറേക്കുടി, പെരുമ്പാവൂർ എന്ന വ്യക്തിയുടെയും ഭാര്യയുടേയും, മക്കളുടേയും കൂട്ട ഉത്തരവാദിത്വത്തിൽ ഉള്ള സ്ഥലത്താണ് വീട് സ്ഥിതിചെയ്യുന്നത്. അപേക്ഷകയായ ഷൈല ശിവൻ സ്ഥല ഉടമയായ കുഞ്ഞോളിന്റെ മരുമകളാണ്. കുഞ്ഞോൾ മരണപ്പെട്ടെങ്കിലും മകനായ ശിവനെ കൂടാതെ അമ്മയും രണ്ട് സഹോദരിമാരും തുല്യ അവകാശികളാണ്. മറ്റ് അവകാശികളെ ബാധ്യത ഒഴിവാക്കി ഒഴിവുകുറി തയ്യാറാക്കിയെങ്കിലും, സ്ഥലം പോക്ക്-വരവ് നടത്തിയിട്ടില്ലാത്തതിനാൽ നിലവിൽ (ബ്ലോക്ക് നം.37/1466, സർവ്വേ നം.64/1.ആർ,21 സ്ക്വ.മീ) സ്ഥലം കുഞ്ഞോൾ, S/O അയ്യപ്പൻ, പാറേക്കുടി, പെരുമ്പാവൂർ എന്ന പേരിൽ തന്നെ തുടരുന്നു. ഈ അപാകത പരിഹരിക്കേണ്ടതാണ്. ഈ അപാകത തുടരുന്നതിനാൽ ഗുണഭോക്താവുമായി നഗരസഭ കരാറിൽ ഏർപ്പെട്ടെങ്കിലും നിയമസാധുത ഉറപ്പാക്കുന്നില്ല. ഫയൽ പരിശോധനവിധേയമാക്കാതെ തുക കൈമാറിയതിന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച കത്ത് നല്കുകയും (ഓഡിറ്റ് എൻക്വയറി നം.33/30.10.24) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല.പരാമർശിച്ച അപാകത പരിഹരിക്കേണ്ടതും നഗരസഭ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-62 മാലിന്യസംസ്കരണ ബോധവൽക്കരണ പ്രവർത്തനങ്ങൾ-ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മാലിന്യസംസ്കരണ ബോധവൽക്കരണ പ്രവർത്തനങ്ങൾ (പഴയത്) |
| പ്രോജക്ട്.നം | 179/23 |
| അടങ്കൽ തുക | ₹200000.00 (CentralFinance Commission) |
| ചെലവ്/ബിൽ നം,തീ | ₹140850.00(47/13.07.23,PFMS) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർവൈസർ,നഗരസഭ |

നഗരസഭയെ മാലിന്യമുക്തമാക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ പദ്ധതിയിൽ നഗരസഭയിലെ 11 -ഇടങ്ങളിൽ ബോധവൽക്കരണ ബോർഡുകൾ സ്ഥാപിക്കുക, ബോധവൽക്കരണത്തിനായി നഗരസഭ പരിധിയിൽ ലഘുലേഖ വിതരണം, മൈക്ക് അനൗൺസ്മെന്റ് എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്. ഇതിൽ മൈക്ക് അനൗൺസ്മെന്റ് എന്ന പ്രവർത്തി നടത്തിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | പ്രവർത്തി | സ്ഥാപനം | തുക-₹/ബിൽനം/ തീയതി |
|---|---|---|---|
| 1 | ബോർഡുകൾ സ്ഥാപിക്കുക | KPM Store,Palakkad | 132000.00/PFMS |
| 2 | നോട്ടീസ് പ്രിന്റിംഗ് | M/S Media Graphics, Perumbavoor | 8850.00/47/ 13.7.23 |
| ആകെ | - | - | 140850.00 |

മാലിന്യസംസ്കരണം സംബന്ധിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ ജനങ്ങൾക്കിടയിൽ ഒരു ചലനവും സൃഷ്ടിച്ചില്ലായെന്നും, പദ്ധതി നടപ്പിലാക്കുന്നതിനു മുൻപുള്ള സ്ഥിതി നിലവിൽ തുടരുന്നു എന്നാണ് കണ്ടെത്തിയത്.വിശദവിവരം ചുവടെ ചേർക്കുന്നു.

1.പാത്തിപ്പാലം ആരംഭിക്കുന്ന ഭാഗത്ത് (വടക്കേയറ്റം) നഗരസഭ സ്ഥാപിച്ചിരിക്കുന്ന ബോർഡ് കാട്ടും പുല്ലും വളർന്ന് ശ്രദ്ധിക്കപ്പെടാത്തരീതിയിലും, പദ്ധതിയിൽ പറഞ്ഞിരിക്കുന്ന 4,5,6 അടി ഉയരത്തിൽ ബോർഡ് സ്ഥാപിക്കണം എന്ന നിബന്ധനക്ക് വിരുദ്ധമായി 2 -അടിപോലും ഉയരമില്ലാതെയുമാണ് ബോർഡ് സ്ഥാപിച്ചിരിക്കുന്നത്. കൂടാതെ ഈ ബോർഡിന്റെ തൊട്ട് മുൻപിൽ തന്നെ വളരെയധികം മാലിന്യം പ്ലാസ്റ്റിക്ക് കൂടിൽ കെട്ടിയനിലയിൽ നിക്ഷേപിച്ചിട്ടുണ്ട്. ചിത്രം-1,2 എന്നിവ കാണുക.

ചിത്രം-1



ചിത്രം-2




2.നഗരമധ്യത്തിൽ തന്നെയുള്ള പി.പി റോഡിൽ നിന്നും പ്രൈവറ്റ് ബസ്സ് സ്റ്റാന്റിലേക്ക് പ്രവേശിക്കുന്ന ഭാഗത്ത് (ഇ.വി.എം. തീയേറ്ററിനു മുൻപിലൂടെയുള്ള വഴി) പ്ലാസ്റ്റിക്ക്, കടലാസ് മാലിന്യങ്ങൾ കൂട്ടിയിട്ട് കത്തിച്ച് ആയത് റോഡിലേക്ക് നിറഞ്ഞ് വഴിയാത്രക്കാർക്ക് തടസ്സമാകുന്ന രീതിയിൽ മാറിയിട്ടുണ്ട്. ചിത്രം -3,4 കാണുക.

ചിത്രം-3



ചിത്രം-4




3.ഫിഷ്മാർക്കറ്റ് ഷോപ്പിങ് കോംപ്ലക്സിൽ അക്ഷയ കേന്ദ്രം പ്രവർത്തിക്കുന്ന ഭാഗത്തേക്ക് കയറി പോകുന്ന സ്റ്റെപ്പുകൾക്ക് ഇരുവശവും മുറുക്കിതുപ്പി അറപ്പുളവാക്കുന്നരീതിയിൽ ശോചനീയാവസ്ഥയിലാണ്. കൂടാതെ മാർക്കറ്റിന്റെ കിഴക്കേഭാഗത്ത് പ്രാസ്റ്റിക്ക്, കടലാസ് മാലിന്യങ്ങൾ കൂട്ടിയിട്ടിട്ടുണ്ട്. പ്രൈവറ്റ് ബസ്സ് സ്റ്റാന്റ് പരിസരവും മുറുക്കി തുപ്പി ഇതിലും മോശമായ അവസ്ഥയിലാണ്. ചിത്രം -5,6,7 കാണുക.

ചിത്രം-5



ചിത്രം-6



ചിത്രം-7



4.നഗരസഭയുടെ പാഴ്വസ്തു ശേഖരണകേന്ദ്രത്തിൽ, നഗരസഭയിലെ വിവിധ മിനി എം.സി.എഫുകളിൽ നിന്നും ശേഖരിക്കുന്നവയും, ഹരിത കർമ്മസേന വോളിയന്റർമാർ ശേഖരിക്കുന്നവയുമായ പാഴ്വസ്തുക്കൾ കൂട്ടിയിട്ട് യഥാസമയം വേർതിരിക്കാത്തതും, നീക്കം ചെയ്യാത്തതുമൂലം സ്ഥലം നിറഞ്ഞ് റോഡിലേക്ക് വ്യാപിക്കുന്ന നിലയിലാണ്. റോഡിൽ നിന്നുള്ള കാഴ്ചയിൽ തന്നെ മാലിന്യത്തിന്റെ അളവ് സ്ഥലപരിധിക്കും അപ്പുറമാണെന്ന് വ്യക്തമാണ്. ചിത്രം 8 കാണുക.

ചിത്രം-8



5.ആയിത്തറ കമ്മ്യൂണിറ്റി ഹാളിന്റെ മുൻവശത്തായി റോഡിനും പാടത്തിനും ഇടയിലായിട്ടുള്ള സ്ഥലത്ത് മാലിന്യം നിക്ഷേപിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് അസഹനീയമായ ദുർഗന്ധം ഉണ്ട്. ചിത്രം 9 കാണുക.

ചിത്രം-9



നഗരസഭ നടപ്പിലാക്കിയ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ലെയെന്നും, നഗരസഭയുടെ മാലിന്യസംസ്കരണ പ്രവർത്തികൾക്ക് മേൽ പദ്ധതി ഒരുവിധത്തിലും സഹായമായിട്ടില്ലായെന്നും വ്യക്തമാണ്. പദ്ധതി ആസൂത്രണം ചെയ്തത് നടപ്പിലാക്കുമ്പോൾ ആയത് ഫലപ്രാപ്തിയിൽ എത്തിയെന്ന് തുടർ പരിശോധനയിലൂടെ ഉറപ്പാക്കാനുള്ള ബാധ്യത നഗരസഭയിൽ നിക്ഷിപ്തമാണ്.

## 1-63 ഹെൽത്ത് സ്ക്വാഡിനു വാഹനം വാങ്ങൽ -നടപടി ക്രമത്തിൽ അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | നഗരസഭ ഹെൽത്ത് സ്ക്വാഡിനു വാഹനം വാങ്ങൽ(പഴയത്) |
| പ്രോജക്ട്.നം | 163/23 |
| അടങ്കൽ തുക | ₹1500000.00 (Central Finance Commission) |
| ചെലവ്/ബിൽ നം,തീ | ₹1143913.00(41/03.07.23,PFMS), ₹25588.00/712447-8.2.23-Insurence, ₹18265.00(Tax)+ ₹3985.00(Fine)/757797-19.7.23, ആകെ-₹1191751.00 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർവൈസർ,നഗരസഭ |

14.02.2022 -ലെ 22 -ാം നമ്പർ ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനം, 10.01.23 -ലെ 51-ാം നമ്പർ നഗരസഭ കൗൺസിൽ തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ ഹെൽത്ത് സ്ക്വാഡിനു വാഹനം വാങ്ങൽ എന്ന പദ്ധതി നിർവ്വഹണം നടത്തുന്നതിനു തീരുമാനിച്ചു. Urban Agglomeration (നഗരസഞ്ചയ) പദ്ധതിയിൽ ഉൾപ്പെട്ടതും ₹15 -ലക്ഷം ചെലവ് പ്രതീക്ഷിക്കുന്ന ഈ പ്രോജക്ടിന് DPC -യുടെ അംഗീകാരവും 2022-23 -ൽ ലഭ്യമായതാണ്. വാഹനം വാങ്ങിയത് GEM -മുഖേനയാണ്. ആയത് പ്രകാരം വാഹനം 16.02.23 -ൽ നഗരസഭക്ക് ലഭ്യമായിട്ടുള്ളതാണ് (ISUZU&CAB2WDHR). 29.06.22 -ലെ കൊച്ചി നഗരസഭ സെക്രട്ടറി നഗരസഞ്ചയ പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ തദ്ദേശ സ്ഥാപനങ്ങളിലേയും സെക്രട്ടറിമാർക്ക് തുക അനുവദിക്കുന്നതിനായി കത്ത് നല്കിയിട്ടുണ്ട് (സ.ഉ.06.06.22(ആർ.ടി)4221/2022/ ധന.നമ്പർ ഉത്തരവ് പ്രകാരം) കൊച്ചി നഗരസഞ്ചയപദ്ധതി പതിനഞ്ചാം കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് അനുവദിച്ച് ഉത്തരവായിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ നഗരസഞ്ചയത്തിൽ ഉൾപ്പെട്ടിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ട് പി.എഫ്.എം.എസുമായി മാപ്പ് ചെയ്യുന്നതിനു നഗരസഞ്ചയപദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര്, അക്കൗണ്ട് നം, ഐ.എഫ്.എസ്.സി -കോഡ് എന്നിവ അടിയന്തിരമായി ലഭ്യമാക്കണമെന്ന് അറിയിച്ചിരുന്നു. കൂടാതെ നഗരസഞ്ചയ പദ്ധതിയിൽ

ഏറ്റെടുത്തിരിക്കുന്ന പദ്ധതികളുടെ നിർവ്വഹണം 2022 സെപ്റ്റംബർ 30 -ന് മുൻപായി പൂർത്തിയാക്കേണ്ടതാണെന്നും ഓരോ പദ്ധതികളുടേയും നിർവ്വഹണം പൂർത്തിയാകുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതിന് റിക്വസിഷൻ തയ്യാറാക്കി സമർപ്പിക്കേണ്ടതും, തുക വിനിയോഗിച്ചതിനു ശേഷം ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കണമെന്നും അറിയിച്ചിരുന്നു. ടി-കത്ത് ലഭിച്ചതിനു ശേഷം കൊച്ചി കോർപറേഷനുമായി രേഖാമൂലം 10.02.23 -ൽ നഗരസഞ്ചയ പദ്ധതിയിൽ ഉൾപ്പെടുത്തി തുക ₹1143913/- ലഭ്യമാക്കുന്നതിനു ഇൻവോയിസ് സഹിതം Ph1/206/23 -പ്രകാരം കത്ത് നല്കിയിട്ടുണ്ട്. തുടർന്ന് പദ്ധതി 2023-24 വർഷത്തേക്ക് സ്പിൽഓവറായി മാറ്റുകയും പിന്നീട് 06.06.23 -ന് ഡി.പി.സിയുടെ അംഗീകാരത്തോടെ CFC-Tied Fund ഉപയോഗിക്കാൻ പ്രോജക്ട് ഭേദഗതി വരുത്തുകയുമാണ് ചെയ്തത്. ISUZU-കമ്പനിക്ക് 04.07.2023 -നു മാത്രമാണ് തുക കൈമാറി യിരിക്കുന്നത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.കൊച്ചിനഗരസഞ്ചയപദ്ധതിയിൽ ഉൾപ്പെട്ട നഗരസഭ, 29.06.22-ലെ കൊച്ചി നഗരസഭ സെക്രട്ടറിയുടെ കത്തിന് മറുപടി കൊടുക്കുകയോ, പദ്ധതി നടത്തിപ്പിന്റെ കാലപരിധിയായ 2022 സെപ്റ്റംബർ 30 – നകം തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്യാത്തതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

2.നിർവ്വഹണഉദ്യോഗസ്ഥന്റെയും, നഗരസഭയുടെയും അനാസ്ഥമൂലം നഗരസഞ്ചയ പദ്ധതിയിൽ ഉൾപ്പെട്ടതും ആയിനത്തിൽ നഗരസഭക്ക് ലഭിക്കേണ്ടിയിരുന്ന ഗ്രാന്റിനത്തിലുള്ള തുക നഷ്ടമായതിനും കാരണം വ്യക്തമാക്കേണ്ടതാണ്.

3.16.02.23-ൽ നഗരസഭക്ക് ലഭ്യമായിട്ടുള്ള വാഹനം, 14.07.23 -ലെ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, പെരുമ്പാവൂരിന്റെ കത്തിൽ ₹18265.00 ടാക്സിനത്തിലും, രജിസ്ട്രേഷൻ വൈകിയതിനാൽ പിഴ തുക ഉൾപ്പെടെ 3985+18265 =₹22250/- ചെലവഴിച്ചിട്ടുണ്ട്.

4.അധിക തുക അടവാക്കിയതിന്റെയോ, വാഹനരജിസ്ട്രേഷൻ തുടങ്ങിയവയുടെ അനുബന്ധ രേഖകളോ ഫയലിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണെന്ന് വ്യക്തമാക്കി ഓഡിറ്റ് എൻക്വയറി നം.37/30.10.24 -പ്രകാരം കത്ത് നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത തുടരുന്നതിനാൽ ടി-യിനത്തിൽ ചെലവഴിച്ച ₹1191751/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-64 ഇരുചക്രവാഹനത്തിലും മാലിന്യം നീക്കംചെയ്തത് - ചെലവ് തുക അംഗീകരിക്കുന്നില്ല

നഗരസഭയുടെ MCF -ൽ നിറഞ്ഞുകിടക്കുന്ന അജൈവമാലിന്യം (ഹരിതകർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന മാലിന്യം) തരംതിരിച്ച് ക്ലീൻ കേരള കമ്പനി പറഞ്ഞിട്ടുള്ള തരത്തിൽ തരംതിരിച്ച് കൊണ്ടുപോകുന്നതിന് KSPCB -ന്റെ അംഗീകാരമുള്ള കമ്പനികളിൽ ടെൻഡർ മുഖേന തിരുവോണം ഇക്കോ ഇൻഡസ്ട്രീസ് ഇന്ത്യ പ്രൈ.ലി. കണ്ണൂർ എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ടി- സ്ഥാപനം 4.40/Kg -എന്ന നിരക്കിൽ ടെൻഡർ നേടുകയും MCF -ൽ ശേഖരിച്ചുവച്ചിരിക്കുന്ന മാലിന്യം (റിജെക്റ്റ്സ്) നീക്കംചെയ്ത വകയിൽ മേൽ സ്ഥാപനത്തിന് ഇരുചക്രവാഹനത്തിൽ മാലിന്യം നീക്കം ചെയ്തതായി ബില്ല് തയ്യാറാക്കി തുക കൈമാറിയിട്ടുണ്ട്. വിശദവിവരം ഭാഗം-3, ഖണ്ഡിക 3-8 -ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-65 യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തതിന് ഫൈൻ ഈടാക്കിയില്ല

പി.ഡബ്ല്യൂ.ഡി. മാന്വവൽ (2112-1-Fines For Extension Of Time Of Completion) വ്യക്തമാക്കുന്ന പ്രകാരം ഏറ്റെടുത്ത പ്രവൃത്തി കരാർ കാലയളവിൽ പൂർത്തീകരിക്കാൻ കരാറുകാരനു സാധ്യമാകാതെ വന്നാൽ ആദ്യത്തെ എക്സ്റ്റൻഷൻ കാലയളവിന് 1% (PAC) പിഴ പലിശയും തുടർന്നുള്ള കാലയളവിന് 2% (PAC) പിഴ പലിശയും ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/08/2018 -ലെ Ac.2/223/15 -ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരവും ഇതേ വിഷയം സൂചിപ്പിച്ചിട്ടുണ്ട്. കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കാത്ത പ്രോജക്ടുകൾക്ക് കരാർ കാലാവധി നീട്ടി നൽകണമെന്നുള്ള കരാറുകാരുടെ അപേക്ഷ പരിഗണിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് പ്രകാരം കാലാവധി നീട്ടി നൽകിയിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പ്രവൃത്തികളിൽ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തതിന് പിഴപലിശ ഈടാക്കാത്തതും, ഈടാക്കിയതിൽ കുറവും വന്നിട്ടുണ്ട്. വിശദ വിവരം ഭാഗം-3, ഖണ്ഡിക 3.10 -ൽ വിശദമാക്കുന്നുണ്ട്.

## 1-66 മരാമത്ത് പ്രവൃത്തികൾക്ക് കുറഞ്ഞ നിരക്കിൽ ജി.എസ്.ടി ഈടാക്കി

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പൊതു മരാമത്ത് പ്രവൃത്തികളിൽ മൂല്യ നിർണ്ണയ തുകയിൽ നിന്നും കുറഞ്ഞ നിരക്കിലാണ് ജി.എസ്.ടി ഈടാക്കിയിട്ടുള്ളത്. ഫിനാൻസ് വകുപ്പിന്റെ (ഇൻഡസ്ട്രീസ് & പബ്ലിക്ക് വർക്സ്–ബി) നം.79/2022/ഫിൻ തീ. 15.09.2022 സർക്കുലർ പ്രകാരം 18/07/2022 -ന് ശേഷം പൂർത്തീകരിച്ച പ്രവൃത്തികളിന്മേൽ ജി.എസ്.ടി നിരക്ക് 12% ൽ നിന്നും 18% ഉയർത്തി ഉത്തരവായിട്ടുണ്ട്. നഗരസഭ നടപ്പിലാക്കിയ പദ്ധതികളിൽ ഇത്തരത്തിൽ ഉയർന്ന നിരക്ക് ഉൾപ്പെടുത്താത്തതു മൂലം ജി.എസ്.ടി ഇനത്തിൽ സർക്കാരിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം ഭാഗം -3,ഖണ്ഡിക 3-9 -ൽ വിശദമാക്കുന്നുണ്ട്.

**1-67 ചെയ്ത പ്രവൃത്തിയിലും അധികരിച്ച് തുക കൈമാറി**

Bill No. LSGD/CELSGD/EB/45030/2022-5-1-1(Final) ഉൾപ്പെടുത്തിയിട്ടുള്ള ക്രമ നം.8, ഇനം - 1.008 -ൽ OD103811/2022-23 – Providing And Laying Paver Block Of M40 Grade As Per Bureau Of Indian Standards (IS15658-2006) Made By Block Making Machine With Strong Vibratory Compaction, Of Approved Size Design & Amp, Amp, Shape, Laid In Required Color And Pattern Over And Including 50 Mm Thick Compacted Bed Of Approved Cushion Material Compacting And Proper Embedding/Laying Of Interlocking Paver Block In To The Bedding Layer Through Vibratory Compaction Using Plate Vibrator, And Cutting Of Paver Blocks As Per Required Size And Pattern, Finishing Etc. എന്ന പ്രവൃത്തിയുടെ ആകെ അളവ് 128.696sqm പ്രകാരം ₹1,42,595/- കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ 11.11.2024 -ന് ബന്ധപ്പെട്ട ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സൈറ്റ് പരിശോധനയിൽ മന്നാംകണ്ടം ബൈ ലൈൻ ഭാഗത്ത് 104.79sqm അളവിൽ മാത്രമാണ് പ്രസ്തുത ഐറ്റം പ്രവൃത്തി ചെയ്തിട്ടുള്ളത് എന്ന് വ്യക്തമായതാണ്. ആകെ തുക കൈമാറിയ പ്രവൃത്തിയുടെ അളവ് 128.696sqm, ചെയ്ത പ്രവൃത്തി-104.79sqm, ചെയ്യാത്ത പ്രവൃത്തി -23.906sqm എന്നതാണ്. വിശദവിവരം ഭാഗം.3, ഖണ്ഡിക 3-11 -ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**1-68 നഗരസഭ ഓഫീസ് കോമ്പൗണ്ടിൽ കുഴൽ കിണർ നിർമ്മാണം -പ്രവൃത്തി പൂർത്തീകരിച്ചില്ല**

2022-23 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ (പ്രോജക്ട് നമ്പർ 211/2023) - നഗരസഭ ഓഫീസ് കോമ്പൗണ്ടിൽ കുഴൽ കിണർ നിർമ്മാണം എന്ന പ്രോജക്ട് 2023-24 വർഷത്തിൽ (പ്രോജക്ട് നമ്പർ 214/2024) സ്പിൽ ഓവറായിട്ടുള്ളതും ബാലൻസ് തുക ₹90,000/- അവശേഷിച്ചിരിന്നിട്ടും മോട്ടർ പമ്പ് ഉൾപ്പെടെയുള്ള അനുബന്ധ സാധനങ്ങൾ വാങ്ങി പ്രേജക്ട് പൂർത്തീകരിക്കുവാൻ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. നിർവ്വഹണത്തിലെ അപാകതകൾ കാരണം പ്രോജക്ട് പ്രകാരമുള്ള ഉദ്ദേശ്യ ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. ഫയൽ (PW3/P/211/22-23) പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(1)കുഴൽ കിണർ നിർമ്മിക്കുന്നതിനായിട്ടുള്ള ബാലൻസ് തുകയായ ₹8,805/- 19.06.2023 -ൽ അടവാക്കിയിട്ടുള്ളതാണെന്നും കുഴൽ കിണർ നിർമ്മിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്നും സൂചിപ്പിച്ചുകൊണ്ട് പെരുമ്പാവൂർ നഗരസഭ സെക്രട്ടറി 01.09.2023 -ലെ PW3/P/211/23 കത്ത് മുഖേന കാക്കനാട്, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്. അസി. എക്സി. എഞ്ചിനീയറെ അറിയിച്ചിട്ടുള്ളത് സംബന്ധിച്ച വിവരം നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നഗരസഭ ഓഫീസ് കോമ്പൗണ്ടിൽ കുഴൽ കിണർ നിർമ്മിച്ചിട്ടുള്ളത് സംബന്ധിച്ച വിവരങ്ങൾ വിവരം രേഖപ്പെടുത്തിയിട്ടില്ല.

(2)കുഴൽ കിണർ നിർമ്മാണത്തിൽ പാലിക്കേണ്ട നിബന്ധനകളെപ്പറ്റി എറണാകുളം ജില്ലാ ഭൂജല വകുപ്പ് ഓഫീസിലെ 03.02.2023 -ലെ ജി.ഡബ്ല്യൂ.ഇ/1394/2022 കത്ത് മുഖേന നഗരസഭയെ അറിയിച്ചിട്ടുണ്ട്. കുഴൽ കിണർ നിർമ്മാണ ശേഷം ആയതിന്റെ വിശദാംശങ്ങൾ ജലലഭ്യതയുടെ അളവ് ഉൾപ്പെടെ 5 -ദിവസത്തിനകം ഈ ഓഫീസിൽ അറിയിക്കേണ്ടതാണെന്നും ജലലഭ്യതയുടെ അളവ് അറിയിച്ചതിന് ശേഷം ഈ ഓഫീസിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ കുഴൽ കിണർ പമ്പ് സ്ഥാപിക്കുവാൻ പാടുള്ളൂ എന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ കുഴൽ നിർമ്മാണ ശേഷം നഗരസഭ പ്രസ്തുത വിവരങ്ങൾ എറണാകുളം ജില്ലാ ഭൂജല വകുപ്പ് ഓഫീസിൽ അറിയിക്കുകയോ തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

(3)2023-24 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പ്രോജക്ടിന്റെ അടങ്കൽ തുകയായ ₹98,805/- നിന്നും ₹8,805/- മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ബാലൻസ് തുകയായി ₹90,000/- അവശേഷിച്ചിരിന്നിട്ടും മോട്ടർ പമ്പ് ഉൾപ്പെടെയുള്ള അനുബന്ധ സാധനങ്ങൾ വാങ്ങി പ്രോജക്ട് സമയബന്ധിതമായി പൂർത്തീകരിക്കാതെ വീണ്ടും 2024-25 -ൽ സ്പിൽ ഓവറായി (പ്രോജക്ട് നം. 346/25- നഗരസഭ ഓഫീസ് കുഴൽ കിണർ അനുബന്ധ സൗകര്യം) പ്രോജക്ട് ആരംഭിക്കുകയാണ് ചെയ്തിട്ടുള്ളത്. പ്രസ്തുത പ്രോജക്ട് 2024-25 -ൽ സ്പിൽ ഓവർ ആക്കിയിട്ടുള്ളത് സംബന്ധിച്ച വിവരങ്ങൾ നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

(4)നിലവിൽ കേരള വാട്ടർ അതോറിറ്റിയുടെ വാട്ടർ കണക്ഷനിലൂടെയാണ് നഗരസഭ ഓഫീസിൽ കുടിവെള്ളം ലഭ്യമായിട്ടുള്ളത്. നഗരസഭ ഓഫീസിന്റെ വാട്ടർ ചാർജ്ജിനത്തിൽ ഓരോ സാമ്പത്തിക വർഷവും ഒരു ലക്ഷം രൂപയിൽ കൂടുതൽ തുക നഗരസഭ തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുകയാണെങ്കിൽ തനത് ഫണ്ടിൽ നിന്നും വാട്ടർ ചാർജ്ജിനത്തിൽ ചെലവാക്കുന്ന തുക കുറയ്ക്കുവാൻ സാധിക്കുമായിരുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പ്രസ്തുത പദ്ധതി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണന്ന് വ്യക്തമാക്കി ഓഡിറ്റ് എൻക്വയറി നം.62/16.11.24 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു എന്ന മറുപടി

ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി പ്രകാരമുള്ള ഉദ്ദേശ ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-69 റോഡ് മദ്ധ്യത്തിലെ കാന നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ചു

| | |
|---|---|
| പ്രോജക്ടിന്റെ പേര് /നം. | തെറ്റിക്കോട്ട് റോഡ് കാന നിർമ്മാണം-219/24 (SO) |
| അടങ്കൽ തുക | 7,00,000 (Maintenance Fund-Road) |
| ചെലവ് /തുക, ബിൽ നം. | 1,27,800/- (ഫസ്റ്റ് പാർട്ട് ബിൽ നം. 231207470928001320001, 26.05.2023) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അളവ് പുസ്തകം | MB – 25/22-23 |
| എഗ്രിമെന്റ് നം | Agr. No. 05/2022-23, 29.07.2022 |
| കരാറുകാരൻ | ശ്രീ. ബൈജു സി. നായർ, തോലേത്ത്, മാറംപിള്ളി പി.ഒ, പള്ളിപ്രം |

അസിസ്റ്റന്റ് എഞ്ചിനീയർ 2021-22 വർഷത്തിൽ നടപ്പിലാക്കിയ (പ്രോജക്ട് നമ്പർ 253/2022) തെറ്റിക്കോട്ട് റോഡ് കാന നിർമ്മാണം വാർഡ് -25 എന്ന പ്രോജക്ട് 2023-24 വർഷത്തിൽ (പ്രോജക്ട് നമ്പർ 219/2024) സ്പിൽ ഓവറായിട്ടുള്ളതും പരാതിയുടെ അടിസ്ഥാനത്തിൽ നിലവിൽ പ്രവൃത്തി നിർത്തിവച്ചിരിക്കുന്നതുമാണ്. ടെണ്ടർ അംഗീകരിക്കപ്പെട്ട കരാറുകാരനായ ശ്രീ. ബൈജു സി. നായർ, തോലേത്ത്, മാറംപിള്ളി പി.ഒ, പള്ളിപ്രം എന്ന വ്യക്തിക്ക് അസിസ്റ്റന്റ് എഞ്ചിനീയറുടെ PW1/MGR/253/21-22 വർക്ക് ഓർഡർ പ്രകാരം 29.07.2022 -ൽ കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും പ്രവൃത്തി സ്ഥലം ഏറ്റെടുക്കുകയും. 28.10.2022 -ന് മുൻപായി പ്രവൃത്തി പൂർത്തീകരിക്കണമെന്ന നിബന്ധന പ്രകാരം (എഗ്രിമെന്റ് നം.05/2022-23, 29.07.2022) പ്രകാരം കരാർ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്.

ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

(1) ഓവർസിയർ (PWO-III) തയ്യാറാക്കിയിട്ടുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ "ടി സ്ഥലത്ത് കാന നിർമ്മിക്കാത്തത് മൂലം സമീപവാസികൾക്ക് ബുദ്ധിമുട്ട് നേരിടുന്നതിനാൽ കാന നിർമ്മിച്ച് പ്രശ്നം പരിഹരിക്കേണ്ടത് ആവശ്യമാണ്" എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കാന നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം നഗരസഭ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതാണോ എന്ന് പരിശോധിച്ച് ആയതിന്റെ വിവരം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

(2)എഗ്രിമെന്റ് വച്ചിട്ട് 2 മാസത്തോളം ആയെന്നും കാന പണിയേണ്ട സ്ഥലത്തെ സംബന്ധിച്ച് ചില തർക്കങ്ങൾ നിലനിൽക്കുന്നതിനാൽ മേൽ വർക്ക് ഇതുവരെ തുടങ്ങുവാൻ സാധിച്ചിട്ടില്ല ആയതിനാൽ ഓഫീസിൽ നിന്നും മേൽ പണി തുടങ്ങുന്നതിനുള്ള സാഹചര്യം ഒരുക്കിത്തരണമെന്നും അല്ലാത്തപക്ഷം വർക്കിൽ നിന്നും ഒഴിവാക്കി തരണമെന്നും കരാറുകാരൻ 07.10.2022, 02.11.2022 തീയതികളിൽ അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകിയിരുന്നു. കരാറുകാരന്റെ 07.10.2022, 02.11.2022 എന്നീ തീയതികളില ലെ അപേക്ഷക്ക് 10.10.2022 ലും 24.12.2022 ലും അസിസ്റ്റന്റ് എഞ്ചിനീയർ ഓവർസിയർ ഗ്രേഡ്-III -യോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു എന്നാൽ ഓവർസിയർ ഇതു സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ചിട്ടുള്ളതാണ് ബിൽ തയ്യാറാക്കാവുന്നതാണ് എന്ന് 28.03.2023 -ൽ ഓവർസിയർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കരാറുകാരന്റെ അപേക്ഷ പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുവാൻ കാലതാമസം വന്നിട്ടുള്ളതിന്റെ കാരണം നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

(3)ശ്രീ. അബ്ദുൾ ഖാദർ, പത്താഴപുര വീട്, XXV/252, തെറ്റിക്കോട്ട് ലെയിൻ. പാറപ്പുറം, പെരുമ്പാവൂർ എന്ന വ്യക്തി 14.09.2022-ൽ പെരുമ്പാവൂർ മുനിസിപ്പൽ സെക്രട്ടറിക്ക് നൽകിയിരുന്ന പരാതി പരിശോധിച്ച് (ഫയൽ നം. PW1/11822/22) റിപ്പോർട്ട് നൽകുവാനായി ഓവർസിയർ ഗ്രേഡ്-III -യോട് 19.09.2022 -ൽ അസിസ്റ്റന്റ് എഞ്ചിനീയർ ആവശ്യപ്പെട്ടിരുന്നു. "പരാതി പ്രശ്നങ്ങൾ പരിഹരിച്ച് കാന നിർമ്മിച്ചിട്ടുള്ളതാണ് ആയതിനാൽ ഫയൽ ക്ലോസ് ചെയ്യുന്നതിന് പരിഗണിക്കാവുന്നതാണ്" എന്ന് 6 മാസത്തിന് ശേഷം 04.04.2023 -ൽ ഓവർസിയർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇതുപ്രകാരം 04.05.2023 -ലെ സെക്രട്ടറിയുടെ

PW1/11822/22 കത്ത് പ്രകാരം 'പദ്ധതിയിലെ പ്രശ്നങ്ങൾ പരിഹരിച്ചാണ് കാന നിർമ്മിച്ചിരിക്കുന്നത് ' എന്നാണ് പരാതികാരന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. റിപ്പോർട്ട് ലഭ്യമാക്കുവാൻ കാലതാമസം വന്നിട്ടുള്ളതിന്റെ കാരണം നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

(4)ശ്രീ. അബ്ദുൾ ഖാദർ 14.09.2022 -ൽ പെരുമ്പാവൂർ മുനിസിപ്പൽ സെക്രട്ടറിക്ക് നൽകിയിരുന്ന പരാതി (ഫയൽ നം. PW1/11822/22) സംബന്ധിച്ച വിവരം പ്രസ്തുത പ്രോജക്ട് ഫയലിന്റെ (PW1/MGR/253/21-22) നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. നിലവിൽ ചെയ്തിട്ടുള്ള നിർമ്മാണ പ്രവൃത്തികൾക്കായി 1,27,800/- രൂപ (പാർട്ട് ബിൽ നം. 231207470928001320001, തീയതി 26.05.2023) കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. നാട്ടുകാരുടെ തർക്കത്തിന്റെ അടിസ്ഥാനത്തിൽ ബാലൻസ് ഭാഗം പണിയുവാൻ സാധിക്കാത്ത സാഹചര്യത്തിൽ മേൽ വർക്കിൽ നിന്നും ഒഴിവാക്കി തരണമെന്ന് കരാറുകാരൻ 06.06.2023 -ൽ പെരുമ്പാവൂർ നഗരസഭ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്.
ശ്രീ. അബ്ദുൾ ഖാദർ എന്ന വ്യക്തിയുടെ പരാതി, കരാറുകാരന്റെ അപേക്ഷകൾ എന്നിവ പരിശോധിച്ച് നിയമപരമായ രീതിയിൽ കാര്യങ്ങൾ പരിഗണിച്ച് നിലവിലെ പ്രശ്നം പരിഹരിച്ചതിന് ശേഷം മാത്രം നിർമ്മാണ ജോലികൾ ആരംഭിച്ചിരുന്നെങ്കിൽ പ്രസ്തുത നിർമ്മാണം ഇടക്ക് വച്ച് നിർത്തി വയ്ക്കേണ്ട അവസ്ഥ ഉണ്ടാകുമായിരുന്നില്ല.

(5)ഓവർസിയർ ഗ്രേഡ് -III -യുടെ റിപ്പോർട്ട് പ്രകാരം സ്ഥല ലഭ്യത കുറവ് ഉള്ളതിനാലാണ് പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാതെ വന്നതെന്ന് 15.01.2024 -ൽ നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട് കൂടാതെ ടി റോഡിലെ കാന പോയികൊണ്ടിരിക്കുന്ന സ്ഥലം കിട്ടുന്ന മുറയ്ക്കും, പുറമ്പോക്ക് സ്ഥലം ഉള്ള ആളുകളുടെ സ്ഥലം വിട്ടുതരുന്ന മുറയ്ക്കും മാത്രമേ ടി പ്രവൃത്തി തൃപ്തികരമായി പൂർത്തികരിക്കാൻ സാധിക്കുകയുള്ളൂ എന്നും 18.03.2024 -ൽ നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നിന്നും കാന നിർമ്മിക്കുന്നതിനായി ഉദ്ദേശിച്ചിരുന്ന സ്ഥലം നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതാണോ, ഇതിൽ പുറമ്പോക്ക്, മറ്റ് വ്യക്തികളുടെ ഉടമസ്ഥതയിലുള്ള സ്ഥലം എന്നിവ ഉൾപ്പെട്ടിട്ടുള്ളതാണോ എന്നിവ സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമല്ല.
കാന കടന്നു പോകുന്ന സ്ഥലത്തിൽ തർക്കം നിലനിൽക്കുന്നതിനാൽ പ്രസ്തുത സ്ഥലം അളന്ന് തിട്ടപ്പെടുത്തി ഉടമസ്ഥാവകാശം സംബന്ധിച്ച് വിവരം ലഭിക്കുന്നതിനായി താലൂക്ക് സർവ്വേയർക്ക് അപേക്ഷ നൽകി തുടർ നടപടികൾ സ്വീകരിക്കേണ്ടതായിരുന്നു. എന്നാൽ ഇത്തരത്തിലുള്ള തുടർ നടപടികൾ സീകരിച്ചിട്ടില്ല. പ്രവൃത്തി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ്.

(6)11.11.2024 -ന് ബന്ധപ്പെട്ട ജീവനക്കാരുടെ സാനിദ്ധ്യത്തിൽ നടത്തിയ സൈറ്റ് പരിശോധനയിൽ തെറ്റിക്കോട് റോഡിന്റെ മദ്ധ്യഭാഗത്ത് കൂടി ഏകദേശം 23.40 മീറ്റർ നീളത്തിൽ മാത്രം പുതിയതായി കാന നിർമ്മിച്ച് കോൺക്രീറ്റ് സ്ലാബിട്ട് മൂടിയ നിലയിലും, നിർമ്മാണം തടസ്സപ്പെട്ട അവസ്ഥയിലുമാണ്. റോഡിന്റെ മദ്ധ്യഭാഗത്ത് സ്ഥിതി ചെയ്യുന്ന കാന വെള്ളം ഒഴുകി പോകാൻ കഴിയാത്ത വിധം അടച്ചുവച്ചിട്ടുള്ളതും നിലവിലുള്ള കാനകളിലൂടെ മുകളിൽ നിന്നും ഒഴുകിവരുന്ന വെള്ളം പുതിയതായി നിർമ്മിച്ചിട്ടുള്ള കാനയുടെ മദ്ധ്യഭാഗത്ത് വന്ന് നിറഞ്ഞുനിന്ന് മലിനജലം കെട്ടികിടന്ന് ജനജീവിതം ദുസ്സഹമാക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്.
നിയമപരമായ രീതിയിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കാത്തതിനും ഓഡിറ്റ് എൻക്വയറി നം.60/18.11.24 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത തുടരുന്നതിനാൽ ടി-പദ്ധതിക്കായി ചെലവഴിച്ച ₹1,27,800/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## <u>1-70 മരാമത്ത് പ്രവൃത്തി അഴിമതി സംബന്ധിച്ച പരാതിക്ക് മറുപടി ലഭ്യമാക്കിയില്ല</u>

ശ്രീ.എ.എ.നാസർ, അമ്പാടൻ വീട്, വല്ലം, റയോൺപുരം പി.ഒ, പെരുമ്പാവൂർ എന്ന വ്യക്തി നഗരസഭയിലെ 27 -ാം വാർഡിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതും അടുത്ത് കഴിഞ്ഞു പോയതുമായ ടാറിംഗ് പ്രവൃത്തിയിൽ അഴിമതി കാണപ്പെടുന്നു എന്നും പ്രസ്തുത പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കണമെന്നും 28.03.2023 -ൽ നഗരസഭ സെക്രട്ടറിക്ക് പരാതി (Inward No.4162, 28.03.2023-PW1) നൽകിയിരുന്നു. എന്നാൽ പ്രസ്തുത പരാതി ബന്ധപ്പെട്ട പ്രോജക്ട് ഫയലിൽ ഉൾപ്പെടുത്തുകയോ അഴിമതി സംബന്ധിച്ച പരിശോധന നടത്തി പരാതിക്കാരന് മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പ്രസ്തുത പ്രോജക്ടുകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം/പേര് / ചെലവഴിച്ച തുക, ബിൽ നം/തീയതി | ഫയൽ നം/ നിർവ്വഹണ ഉദ്യോഗസ്ഥൻ | കരാറുകാരൻ | പ്രവൃത്തി |
|---|---|---|---|---|
| 1 | 223/24–വാർഡ് 27-ലെ മോസ്ക് റോഡ് | PW1-MGR/252/ 22- | അൻസാർ മുണ്ടാട്ട്,മുണ്ടാട്ട്, | Interlocking Paver Block, |

| | | | | |
|---|---|---|---|---|
| | നവീകരണം. ചെലവഴിച്ച തുക – 44,227/- ബിൽ നം.-23120747092 800778555, 10.11.2023 | 23 അസിസ്റ്റന്റ് എഞ്ചിനീയർ | മാർക്കറ്റ്പി.ഒ, മൂവാറ്റുപുഴ | Side Concreting |
| 2 | 225/24-വാർഡ്27-ലെ കുത്തുകല്ല് മുതൽ റയോൺപുരം, ടി.പി.ജംഗ്ഷൻ വരെയുള്ള കൊട്ടേലക്കടി റോഡ്, മുസ്ലിയാർറോഡ് അറ്റകുറ്റപണികൾ. ചെലവഴിച്ച തുക– 1,08,066/- ബിൽ നം.-231207470 92801519154, 25.03.2024 | PW1-MGR/140/22-23 അസിസ്റ്റന്റ് എഞ്ചിനീയർ | അൻസാർ മുണ്ടാട്ട്,മുണ്ടാട്ട്, മാർക്കറ്റ്പി.ഒ, മൂവാറ്റുപുഴ | Retarring, Irish Drain |
| 3 | 226/24–വാർഡ് 27 മുനവ്വറൽ ഇസ്ലാം മദ്രസ റോഡ് - കനാൽ ബണ്ട് റോഡ് കോടേലക്കടി റോഡ് മോസ്ക് റോഡ് അറ്റകുറ്റപ്പണികൾ | PW1-MGR/252/ 22-23 അസിസ്റ്റന്റ് എഞ്ചിനീയർ | ബിജീഷ് സി.ജി, ചുള്ളിപ്പറമ്പിൽ, കാഞ്ഞിരക്കാട്, പെരുമ്പാവൂർ | Retarring, Side Protection Wall |

പ്രസ്തുത ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(1) 29.03.2023 -ൽ PW1 -സെക്ഷന് ലഭിച്ചിട്ടുള്ള പ്രസ്തുത പരാതി തെറ്റായി പ്രോജക്റ്റ് നം. 223/24 -വാർഡ് 27 -ലെ മോസ്ക് റോഡ് നവീകരണം എന്ന ഫയലിലാണ് ചേർത്തിട്ടുള്ളത്. ടാറിംഗ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് രണ്ട് പ്രോജക്ടുകൾ 2022-23, 2023-24 വർഷങ്ങളിൽ ഉണ്ടായിരുന്നിട്ടും (പ്രോജക്റ്റ് നം.225/24-വാർഡ് 27 -ലെ കുത്തുകല്ല് മുതൽ റയോൺപുരം, ടി.പി. ജംഗ്ഷൻ വരെയുള്ള കൊട്ടേലക്കടി റോഡ്, മുസ്ലിയാർ റോഡ് അറ്റകുറ്റപണികൾ & പ്രോജക്റ്റ് നം.226/24 -വാർഡ് 27 മുനവ്വറൽ ഇസ്ലാം മദ്രസ റോഡ് - കനാൽ ബണ്ട് റോഡ് കോടേലക്കടി റോഡ് മോസ്ക് റോഡ് അറ്റകുറ്റപ്പണികൾ) പരാതിയുമായി ബന്ധമില്ലാത്ത ഇന്റർ ലോക്ക് ബ്ലോക്ക് വിരിക്കൽ എന്ന പ്രവൃത്തിയുടെ പ്രോജക്റ്റ് ഫയലിനോടൊപ്പമാണ് പരാതി ചേർത്തിട്ടുള്ളത്. തപാൽ തെറ്റായ രീതിയിൽ കൈകാര്യം ചെയ്തതാണ് ഇത്തരത്തിലുള്ള അപാകതക്ക് കാരണമായിട്ടുള്ളത്.

(2) പ്രോജക്ട് നം. 223/24 ഫയലിൽ അസിസ്റ്റന്റ് എഞ്ചിനീയർ 31.03.2023 -ൽ പ്രസ്തുത പരാതിയുമായി ബന്ധപ്പെട്ട് ഓവർസിയറോട് റിപ്പോർട്ട് ആവശ്യപ്പെട്ടെങ്കിലും 08.06.2023 -ലാണ് "ടി വേലയിൽ ടാറിംഗ് വേലകൾ ഇല്ലാത്തതാണ് ടി വേല ടൈൽ വിരിക്കുന്ന വേലയാണ് ആയതിനാൽ പരാതിക്ക് വിലയില്ലാത്തതാണ് പരാതി തള്ളികളയാവുന്നതാണ്" എന്ന് ഓവർസിയർ റിപ്പോർട്ട് നൽകിയിട്ടുള്ളത് കൂടാതെ 20.08.2023 -ൽ ടി വർക്കിൽ ടാറിംഗ് ഇല്ലാത്തതിനാൽ പരാതി ഒഴിവാക്കി തുക നൽകുന്നതിന് പരിഗണിക്കാവുന്നതാണ് എന്നും റിപ്പോർട്ട് നൽകിയിട്ടുണ്ട്. "പ്രസ്തുത വർക്കിൽ ടാറിംഗ് പ്രവൃത്തി നടപ്പിലാക്കിയിട്ടില്ലാത്തതാണ് പരാതി ഒഴിവാക്കി തുക അനുവദിക്കാവുന്നതാണ്" എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ 16.10.2023 -ൽ നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മൂന്ന്പ്രവൃത്തികളുടെയും മേൽനോട്ടം വഹിച്ചിട്ടുള്ളത് ഒരേ ഓവർസിയർ തന്നെയാണ്. അധികാരപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ പ്രസ്തുത പരാതി പ്രകാരമുള്ള പ്രവൃത്തികളിൽ അന്വേഷണം നടത്താതെ അഴിമതി ആരോപിച്ചിട്ടുള്ള പ്രവൃത്തിയുടെ മേൽനോട്ടം വഹിച്ചിട്ടുള്ള ഓവർസിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത പ്രോജക്ടുകൾക്ക് ബിൽ തുക മാറി നൽകിയിട്ടുള്ളത്.

(3) 11.11.2024 -ന് ബന്ധപ്പെട്ട ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സൈറ്റ് പരിശോധനയിൽ പ്രോജക്ട് നം. 225/24 -വാർഡ് 27 -ലെ കുഞ്ഞുകല്ല് മുതൽ റയോൺപുരം, മുസ്ലിയാർ റോഡ് അറ്റകുറ്റപണികൾ എന്ന പ്രവൃത്തിയുടെ ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ള സൈറ്റ് പ്ലാനിൽ റീടാറിംഗ് അടയാളപ്പെടുത്തിയിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായി പ്രസ്തുത റോഡുകളിൽ റീടാറിംഗ് ചെയ്തിട്ടുള്ളതിനാൽ മേൽ പ്രവൃത്തിയുടെ പൂർത്തീകരണ കൃത്യത ഓഡിറ്റിന് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.
മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾക്കും, അധികാരപ്പെട്ട ഉദ്യോഗസ്ഥർ പരാതി പ്രകാരമുള്ള പ്രവൃത്തികളിൽ അന്വേഷണം നടത്തി പരാതിക്കാരന് മറുപടി നല്കാത്തതിനും ഓഡിറ്റ് എൻക്വയറി നം.61/16.11.24 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ പദ്ധതിയുടെ പൂർത്തീകരണവും നടത്തിപ്പും സംബന്ധിച്ച് നിജസ്ഥിതി വ്യക്തമാക്കുവാൻ വകുപ്പ് തല അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. അപാകത സംബന്ധിച്ച് തുടർ നടപടികളുടെ വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-71 കെ.എസ്.ആർ.ടി.സി ഔട്ട് വേ റോഡ് നവീകരണം

| പ്രോജക്ട് നം./പേര്/ ചെലവഴിച്ച തുക, ബിൽ നം., തീയതി | കരാറുകാരൻ | ഇനം നമ്പർ | ഇന്റർ ലോക്ക് ബ്ലോക്ക് അളവ് |
|---|---|---|---|
| 215/24 -കെ.എസ്.ആർ.ടി.സി ഔട്ട് വേ റോഡ് നവീകരണം. ചെലവഴിച്ച തുക- ₹68,401/- ബിൽ നം.-23120747092 800131990, 26.05.2023 | കെ.കെ. ഷെല്ലി, കീഴ്ഉറമ്പിൽ, ഇരിങ്ങോൾ പി.ഒ, പെരുമ്പാവൂർ | 1.003 - OD397455/ 2022-23 | 40.890 (Sqm) |

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ കെ.എസ്.ആർ.ടി.സി ഔട്ട് വേ റോഡ് നവീകരണം എന്ന പ്രവൃത്തിയുടെ പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(1)ഇനം-1.003-OD397455/2022-23 -ഇന്റർ ലോക്ക് ബ്ലോക്ക് വിരിക്കൽ പ്രവൃത്തിയിൽ ഉപയോഗിച്ചിട്ടുള്ള ഇന്റർ ലോക്ക് ബ്ലോക്കിന്റെ ഗുണനിലവാരം പരിശോധിച്ച് കംപ്രസീവ് സ്ട്രെങ്ങ്ത്ത് ടെസ്റ്റ് റിസൽട്ട് കരാറുകാരൻ ലഭ്യമാക്കിയിട്ടില്ല.

(2)സൈറ്റ് പ്ലാൻ പ്രോജക്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.
മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നം.63/16.11.24 -പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-72 വിവിധ അങ്കണവാടികളുടെ അറ്റകുറ്റപണികൾ

| | |
|---|---|
| പ്രോജക്ട്/നം. | 217/24-വിവിധ അങ്കണവാടികളുടെ അറ്റകുറ്റപണികൾ (SO) |

| | |
|---|---|
| അടങ്കൽ തുക | 2,00,000.00(Maintenance Fund-Road) |
| ചെലവ്/ബിൽ നം. | 1,84,440.00 (Bill No.23120747092800695409, 26.10.2023) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അളവ് പുസ്തകം/ഇ-ബിൽ ബുക്ക് | LSGD/CELSGD/EB/29316/2022-5-1-1-(Final) |
| എഗ്രിമെന്റ് നം | Agr.No.59/22-23, Dtd.21.03.2023 |
| കരാറുകാരൻ | അബ്ദുൾ മജീദ് കെ.പി, കാട്ടേത്ത്, കാഞ്ഞിരക്കാട്, പെരുമ്പാവൂർ |

മേൽ പ്രവൃത്തികൾ ടെൻഡർ നടപടികളിലൂടെ, ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരൻ മുഖേനയാണ് നടപ്പിലാക്കിയത്. പദ്ധതി നടത്തിപ്പിൽ വന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

(1) Running Account Bill No. LSGD/CELSGD/EB/45030/2022-5-1-1-Final ബില്ലിൽ വാർഡ്-10 -ൽ ക്രമ നം. 5 -ലും വാർഡ് 18 ൽ ക്രമ നം.4 ൽ ഉൾപ്പെടുത്തിയിട്ടുള്ള ഇനം - 1.005-12.7.1 – Providing And Fixing 15cm, 45 Cm Overall Semi Circular Plain G.S Sheet Gutter With Iron Brackets 40x3 Mm Size, Bolts, Nuts And Washers Etc, Including Making Necessary Connections With Rain Water Pipes Complete 0.80 Mm Thick With Zinc Coating Not Less Than 275 Gm/M2 എന്ന പ്രവൃത്തിക്ക് ആകെ അളവ് 41.3 Metre പ്രകാരം ₹37,191/- (Rate-900.51/Metere) കരാറുകാരന് നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട ജീവനക്കാരുടെ സാനിദ്ധ്യത്തിൽ 11.11.2024 -ന് നടത്തിയ സൈറ്റ് പരിശോധനയിൽ വാർഡ് 10, വാർഡ് 18 എന്നീ അങ്കണവാടികളിൽ പ്രസ്തുത ഐറ്റം പ്രകാരം ചെയ്തിട്ടുള്ള പ്രവൃത്തിയിൽ സിങ്ക് കോട്ടിംഗ് ചെയ്ത ഗാൽവനൈസഡ് സ്റ്റീൽ ഷീറ്റിലുള്ള റെയിൻ വാട്ടർ ഗട്ടർ (G.S Sheet Gutter With Zinc Coating Not Less Than 275 Gm/M2) തന്നെയാണോ ഉപയോഗിച്ചിട്ടുള്ളത് എന്ന് കൃത്യത ഉറപ്പുവരുത്താൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ബിൽ പ്രകാരം അനുവദിച്ച തുക | | | | |
|---|---|---|---|---|
| ചെയ്ത പ്രവൃത്തി | ഇനം | തുക കൈമാറിയ പ്രവൃത്തിയുടെ അളവ് | നിരക്ക്/ Metere | അനുവദിച്ച തുക ₹ |
| വാർഡ് 10 അങ്കണവാടി | 1.005-12.7.1 | 21.900 Metre | 900.51 | 19,721.17/- |
| വാർഡ് 18 അങ്കണവാടി | 1.005-12.7.1 | 19.400 Metre | 900.51 | 17,469.89/- |

മുകളിൽ സൂചിപ്പിച്ചിട്ടുള്ള പ്രവൃത്തികളിൽ പ്രസ്തുത ഐറ്റം പ്രകാരമുള്ള മെറ്റീരിയൽസ് തന്നെയാണോ (സിങ്ക് കോട്ടിംഗ് ചെയ്ത ഗാൽവനൈസഡ് സ്റ്റീൽ ഷീറ്റിലുള്ള റെയിൻ വാട്ടർ ഗട്ടർ) ഉപയോഗിച്ചിട്ടുള്ളത് എന്ന് അധികാരപ്പെട്ട മേലുദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ പരിശോധിച്ച് റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(2) വാർഡ്-10 അങ്കണവാടിയിൽ ഇനം -1.005-12.7.1 പ്രകാരം റെയിൻ വാട്ടർ ഗട്ടർ സ്ഥാപിച്ചി ട്ടുള്ളതിന്റെ വെൽഡിംഗ് ജോയിന്റുകൾ പെയിന്റ് ചെയ്ത് സംരക്ഷിച്ചിട്ടില്ല.

(3) വാർഡ് 18 -അങ്കണവാടിയിൽ ഐറ്റം നം. 3.001-OD381354/2022-23 -Roofing With G.I Hard Colour Powder Coated Traffod Sheets 0.35mm Thick Or Nearest Available Thickness With Overlaps Of 150mm At Ends And GI Hook Or Cranck CI Bolts And Nuts Including Plain Washers And Bitumen Washers Etc Complete എന്ന പ്രവൃത്തിയിൽ റൂഫ് ഷീറ്റ് ചെയ്യുന്നതിനായി ഉപയോഗിച്ചിട്ടുള്ള ജി.ഐ. റൗണ്ട് പൈപ്പുകൾ പെയിന്റ് ചെയ്ത് സംരക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം.64/18.11.24 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത പ്രവൃത്തികളിലെ അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-73 അളവുകൾ ചെക്ക് മെഷർ ചെയ്യാതെ കരാറുകാരന് തുക അനുവദിച്ചു

| | |
|---|---|
| പ്രോജക്റ്റ്/നം. | 207/24-പൊതു കിണറുകൾ, വിവിധ സ്കൂളുകളിലെ കിണറുകൾ എന്നിവയുടെ പുനരുദ്ധാരണം. (SO) |
| അടങ്കൽ തുക | 1,67,000.00<br>(Development Fund-CFC-Tied) |
| ചെലവ്/തുക, ബിൽ നം. | 1,10,220.00<br>PFMS No.C092331863980,27.09.2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അളവ് പുസ്തകം | MB-27/22-23, MB-28/22-23 |
| എഗ്രിമെന്റ് നം | No.45/22-23, 17.02.2023 |
| കരാറുകാരൻ | പോൾ വർഗ്ഗീസ്,തടത്തിൽ,പെരുമ്പാവൂർ |

കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2005 പ്രകാരം പ്രവൃത്തിയുടെ ഇനങ്ങൾ പൂർത്തിയാക്കി കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിക്കുന്ന മുറക്ക് പ്രവൃത്തി സ്ഥലം നേരിൽ പരിശോധിച്ച് ചെയ്ത അളവ് നിർവ്വഹണ ഉദ്യോഗസ്ഥൻ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി മേലുദ്യോഗസ്ഥൻ അളവുകൾ പുനപരിശോധിച്ച് (Check Measure) ആകെ മൂല്യനിർണ്ണയം സാക്ഷ്യപ്പെടുത്തിയതിന് ശേഷമാണ് ബിൽ തയ്യാറാക്കി കരാറുകാരന് അർഹമായ തുക അനുവദിക്കേണ്ടത്. എന്നാൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും അളവുകൾ ചെക്ക് മെഷർ ചെയ്ത് മൂല്യനിർണ്ണയം സാക്ഷ്യപ്പെടുത്തി ലഭിക്കാതെയാണ് പ്രൊജക്റ്റ് നം. 207/24 -പൊതു കിണറുകൾ, വിവിധ സ്കൂളുകളിലെ കിണറുകൾ എന്നിവയുടെ പുനരുദ്ധാരണം എന്ന പ്രവൃത്തിയുടെ നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ ബിൽ തയ്യാറാക്കി കരാറുകാരന് 1,06,582/- രൂപ (ബിൽ നം. PFMS No.C032396742011/31.03.2023) അനുവദിച്ചു നൽകിയത്. കരാറുകാരന് അറിയിപ്പ് നൽകിയതിനെ തുടർന്ന് കരാറുകാരൻ പ്രസ്തുത തുക 22.04.2023 -ൽ തിരികെ അടവാക്കുകയും ചെയ്തിട്ടുണ്ട്.

പിന്നീട് തിരുവനന്തപുരം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 21.07.2023 തീയതിലെ E1/1269/22/VIGI/EKM/SE/LID & EW കത്ത് പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ വാല്യുവേഷൻ തയ്യാറാക്കി ബിൽ തുക കരാറുകാരന് നൽകേണ്ടതാണെന്ന് പെരുമ്പാവൂർ നഗരസഭ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുപ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 09.08.2023 -ൽ തയ്യാറാക്കിയ വാല്യുവേഷൻ റിപ്പോർട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വാല്യുവേഷൻ റിപ്പോർട്ട് പ്രകാരം കരാറുകാരന് 1,10,220/- രൂപ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത വാല്യുവേഷൻ പ്രകാരമുള്ള തുക അളവ് പുസ്തകങ്ങളിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം.65/19.11.24 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-74 തൊഴിൽ ലഭ്യത ഉറപ്പാക്കിയില്ല

സ.ഉ.(കൈ)നം.216/2017/തീ.03.11.2017 -ലെ ഖണ്ഡിക (1-1) പ്രകാരം അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ കാർഡ് ലഭിച്ച ഓരോ കുടുംബത്തിലേയും പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് നൂറ് ദിവസം തൊഴിൽ ഉറപ്പാക്കേണ്ടതും അതിലൂടെ കുടുംബങ്ങളുടെ ജീവിതസുരക്ഷ ഉറപ്പാക്കുക എന്നതാണ്. കൂടാതെ ഖണ്ഡിക (1.4.2) -ൽ തൊഴിൽ കാർഡുള്ള ഒരു കുടുംബത്തിന് (തൊഴിലിനായി അപേക്ഷിക്കുന്ന അംഗങ്ങൾക്കാകെ) സംസ്ഥാന പദ്ധതിയുടെ സഹായത്തോടെ പരമാവധി നൂറ് ദിവസം തൊഴിൽ ലഭിക്കുന്നതിനുള്ള അവകാശവും ഉറപ്പാക്കുന്നുണ്ട്. 2023-24 വർഷം നഗരസഭയിൽ ആകെ തൊഴിൽ നല്കപ്പെട്ട 224 -പേരിൽ 127 -പേർക്ക് മാത്രമേ നൂറ്

ദിവസം തൊഴിൽ നല്കുവാൻ സാധിച്ചിട്ടുള്ളൂ. അതായത് 56.69% മാത്രമേ 100% തൊഴിൽ ലഭ്യത ഉറപ്പാക്കിയിട്ടുള്ളൂ. ഓഡിറ്റ് എൻക്വയറി നം.50/16.11.24 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടുകയും മറുപടിയിൽ സർക്കാർ/തനത്ഫണ്ട് ലഭ്യത കുറവ് മൂലമാണ് തൊഴിലാളികൾക്ക് 100% തൊഴിൽ ലഭ്യത ഉറപ്പാക്കാൻ സാധിക്കാതെ വന്നതെന്നാണ് മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. മേൽ പരാമർശം നഗരസഭ വിലയിരുത്തേണ്ടതും തുടർ നാളുകളിൽ പദ്ധതി നടത്തിപ്പിൽ ഫണ്ട് ലഭ്യത ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-75 സ്ഥായിയായതും ഉൽപാദനക്ഷമവുമായ ആസ്തികളുടെ നിർമ്മാണം ഉറപ്പാക്കിയില്ല

നഗരമേഖലകളിൽ ജീവിക്കുന്ന ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് കേരളസർക്കാർ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. 2023-24 സാമ്പത്തീക വർഷത്തിൽ നഗരസഭക്ക് മുൻബാക്കിയായി ഉണ്ടായിരുന്ന ₹1749.51/- യും അലോട്ട്മെന്റ് വഴി ലഭിച്ച ₹9152548/-യും ഉൾപ്പെടെ പദ്ധതിക്കായി ചിലവഴിക്കാൻ ആകെ- ₹9154297.51/- ഉണ്ടായിരുന്നു. ആയതിൽ നിന്നും വിവിധ പ്രവർത്തികൾക്കായി ചിലവാക്കിയ തുക ₹6632524/-മാത്രമാണ്. അടങ്കൽ തുകയുടെ 72.45% തുകയാണ് പദ്ധതി ചെലവ്. ഭരണചിലവായ ₹600285/- കൂടി കിഴിച്ചാൽ മിച്ചം ₹1921488.51 യാണുള്ളത് (ട്രഷറിയിൽ ബിൽ സമർപ്പിച്ചിരുന്നെങ്കിലും ക്യൻസിലായി). സാമ്പത്തീക വർഷത്തിൽ പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവർക്ക് 5038.5 -തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ മാത്രമാണ് നഗരസഭക്ക് സാധിച്ചത്. ആകെ 18817.5 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ വന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1.മഴക്കുഴിനിർമ്മാണം, മൈക്രോ ഇറിഗേഷൻ പ്രൊജക്ടുകൾ, പരമ്പരാഗത ജലസ്രോതസുകളായ തോടുകൾ, കുളങ്ങൾ മുതലായവ ചെളിനീക്കം ചെയ്യുക, പൊതുസ്ഥലങ്ങളിലെ മാലിന്യം നീക്കി വൃത്തിയാക്കൽ, കോളനി പുനരുദ്ധാരണ പ്രവർത്തനം തുടങ്ങിയ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ വേണ്ടിയാണ് നഗരസഭ കൂടുതലായി ശ്രമിക്കേണ്ടത്. ഇതിലേക്കായി പ്രാദേശിക കൃഷി ഓഫീസുമായി സഹകരിച്ചുകൊണ്ട് പദ്ധതികൾ ആവിഷ്കരിച്ചുനടപ്പിലാക്കേണ്ടതാണ്. നിലവിൽ PMAY ഭവനനിർമ്മാണം, നിലം കൃഷിക്ക് അനുയോജ്യമാക്കൽ, കാനവൃത്തിയാക്കൽ എന്നീ പ്രവർത്തികൾ മാത്രമാണ് നഗരസഭ നടപ്പിലാക്കിയിട്ടുള്ളൂ. സ്ഥായിയായതും ഉൽപാദനക്ഷമവുമായ സാമൂഹ്യ ആസ്തികളുടെ നിർമ്മാണം ഉറപ്പാക്കിയിട്ടില്ല.

2.പണിക്കൂലിയും തൊഴിലുപകരണങ്ങളുടെ വാടകയും ഉൾപ്പെടെ ഒരു സെന്റ് ഭൂമി കൃഷിക്ക് ഉപയുക്തമാക്കുന്നതിന് ശരാശരി ₹4029/-യോളം (ഏകദേശം 12 -മനുഷ്യദിനം) ചിലവ് വരുന്നതായി കാണുന്നു. കേരളത്തിലെ കാർഷിക മേഖലയിൽ നിലവിലുള്ള കൂലിനിരക്കുമായി തട്ടിച്ചുനോക്കുമ്പോൾ ഈ തുക വളരെക്കൂടുതലാണെന്നും യുക്തിക്ക് നിരക്കാത്തതുമാണെന്ന് വ്യക്തമാണ്. മനുഷ്യദിനം ക്രമപ്രകാരമല്ലാതെ അനുവദിക്കുന്ന ഇത്തരം പ്രവർത്തന രീതി പരിശോധനാ വിധേയമാക്കിയിട്ടില്ല.

3.സ.ഉ(കൈ)284/2012/ത.സ്വ.ഭ.വ, തീ. 03.11.2012 -ന് വിധേയമായിട്ടല്ല മനുഷ്യപ്രയത്നദിനം, വിദഗ്ദ, അർദ്ധവിദഗ്ദ തൊഴിലാളികളുടെ കൂലി നിർണ്ണയം എന്നിവ തയ്യാറാക്കി നടപ്പിലാക്കിയിരിക്കുന്നത്.

4.തൊഴിലുറപ്പ് പദ്ധതി ചട്ടപ്രകാരം പ്രൊജക്റ്റ് പൂർത്തിയായി 15 -ദിവസത്തിനകം തൊഴിലാളികൾക്ക് വേതനം ലഭ്യമാക്കേണ്ടതാണ്. നഗരസഭയെ സംബന്ധിച്ചിടത്തോളം ഫണ്ട് ലഭ്യമായിട്ടുപോലും പല പ്രൊജക്ടുകളിലും മേൽ പറഞ്ഞ സമയപരിധിക്കുള്ളിൽ വേതനം കൈമാറുവാൻ സാധിച്ചിട്ടില്ല. മേൽ അപാകതകൾക്ക് മറുപടിയും വിശദീകരണവും ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നം.51/16.11.24 -പ്രകാരം വിശദീകരണം ആവശ്യപ്പെടുകയും ലഭ്യമാക്കിയ മറുപടിയിൽ Secure Software Data പ്രകാരമുള്ള എസ്റ്റിമേറ്റും, ട്രഷറി നിയന്ത്രണവും, ഫണ്ട് ലഭ്യത കുറവുമാണ് പദ്ധതി നടത്തിപ്പിൽ മേൽ അപാകതകൾ വരാൻ കാരണമെന്നാണ് വ്യക്തമാക്കിയിരിക്കുന്നത്. തുടർ നാളുകളിൽ മേൽ അപാകതകൾ വിലയിരുത്തേണ്ടതും സ്ഥായിയായതും ഉല്പാദനക്ഷമവുമായ ആസ്തികളുടെ നിർമ്മാണം നടപ്പാക്കുക വഴി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് പുതുക്കിയ മാനദണ്ഡങ്ങൾ സ്വീകരിക്കാൻ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-76 തൊഴിൽ കൂലിയിനത്തിൽ വർദ്ധിപ്പിച്ച തുക മുൻകാലപ്രാബല്യത്തോടെ അനുവദിച്ചില്ല

സ.ഉ.(സാ.ധാ)നം.1568/23. ത.സ്വ.ഭ.വ, തീ.03.08.2023 പ്രകാരം, തൊഴിൽ ഉറപ്പ് തൊഴിലാളികളുടെ ഒരു ദിവസത്തെ വേതനം ₹311/- നിന്നും ₹ 333/- ആയി വർദ്ധിപ്പിച്ച് നല്കിയിട്ടുണ്ട്. കൂടാതെ 01.04.2023 മുതൽ മുൻകാല പ്രാബല്യവും ടി- ഉത്തരവിന് ബാധകമാക്കിയിട്ടുണ്ട്. എന്നാൽ താഴെ ചേർക്കുന്ന 01.04.2023 -നു ശേഷം നടപ്പിലാക്കിയ തൊഴിലുറപ്പ് പ്രവർത്തികളിൽ മുൻകാല പ്രാബല്യം നല്കാതെ പഴയ നിരക്കിൽ തന്നെ ഗുണഭോക്താവിനു തുക കൈമാറിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | പദ്ധതിയുടെ പേര് | ആകെ തൊഴിൽ ദിനങ്ങൾ | നല്കിയ വേതനം (₹311) | പുതിക്കിയ വേതനം (₹333) | വ്യത്യാസം ₹ |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| 1 | 23-വാർഡ് ഗേൾസ് എൽ.പി.എസ്.തരിശുഭൂമി കൃഷിക്കനുയോജ്യമാക്കൽ | 53 | 16483.00 | 17649.00 | 1166.00 |
| 2 | 4-വാർഡ് കാഞ്ഞിരക്കാട് യു.പി സ്കൂൾ കൃഷിഭൂമി കൃഷിക്കനുയോജ്യമാക്കൽ | 61 | 18970.00 | 20313.00 | 1342.00 |
| 3 | 19-വാർഡ് Ksrtc റോഡ്, കാന ക്ലീനിംഗ് | 51 | 15861.00 | 16983.00 | 1122.00 |
| 4 | 25-വാർഡ് ഗ്രീൻലാന്റ് വില്ലയിലൂടെയുള്ള തോട് വൃത്തിയാക്കൽ | 101 | 31411.00 | 33633.00 | 2222.00 |
| 5 | 23-വാർഡ് ഗേൾസ് എൽ.പി.എസ്.തരിശുഭൂമി കൃഷിക്കനുയോജ്യമാക്കൽ (2nd-റീച്ച്) | 53 | 16483.00 | 17649.00 | 1166.00 |
| 6 | 4-വാർഡ് ജയൻ പൊട്ടയ്ക്കൽവക സ്ഥലം കൃഷിക്കനുയോജ്യമാക്കൽ | 164 | 51004.00 | 54612.00 | 3608.00 |
| 7 | 12-വാർഡ് കാരാട്ടുപള്ളിക്കര കൈത്തോട് വൃത്തിയാക്കൽ (2nd-റീച്ച്) | 171 | 53181.00 | 56943.00 | 3762.00 |
| 8 | 11-വാർഡ് ഗ്യാസ് ഗോഡൗൺ കാന വൃത്തിയാക്കൽ | 39 | 12129.00 | 12987.00 | 858.00 |
| 9 | 6-വാർഡ് ഹരിദാസ് വക സ്ഥലംകൃഷിക്കനു യോജ്യമാക്കൽ | 195 | 60645.00 | 64935.00 | 4290.00 |
| 10 | 2-വാർഡ് കാനകൾ വൃത്തിയാക്കൽ (1st-റീച്ച്) | 70 | 21770.00 | 23310.00 | 1540.00 |
| 11 | 13-വാർഡ് കാന വൃത്തിയാക്കൽ (1st-റീച്ച്) | 323 | 100453.00 | 107559.00 | 7106.00 |
| 12 | 2-വാർഡ് കാനകൾ വൃത്തിയാക്കൽ (2nd-റീച്ച്) | 51 | 15861.00 | 16983.00 | 1122.00 |
| 13 | വാർഡ്-3 ഇടത്താലി കൈത്തോട് വൃത്തിയാക്കൽ (1st-റീച്ച്) | 91 | 28301.00 | 30303.00 | 2002.00 |
| 14 | 11-വാർഡ് കാനകൾ വൃത്തിയാക്കൽ | 229 | 71219.00 | 76257.00 | 5038.00 |
| 15 | 19-വാർഡിലെ Ksrtc-റോഡ് കാനവൃത്തിയാക്കൽ | 51 | 15861.00 | 16983.00 | 1122.00 |
| 16 | 15-വാർഡ് ഇരിങ്ങോൾ എച്ച്.എസ് ഭൂമി കൃഷിക്കനുയോജ്യമാക്കൽ | 277 | 86147.00 | 92241.00 | 6094.00 |
| 17 | വാർഡ്-13 കാനകൾ വൃത്തിയാക്കൽ (2nd-റീച്ച്) | 137 | 42607.00 | 45621.00 | 3014.00 |
| 18 | വാർഡ്-17 കാനകൾ വൃത്തിയാക്കൽ | 81 | 25191.00 | 26973.00 | 1782.00 |
| 19 | വാർഡ്-5 പെരിയാർവാലി കനാൽ വൃത്തിയാക്കൽ | 219 | 68109.00 | 72927.00 | 4818.00 |
| 20 | വാർഡ്-1കാനകൾ വൃത്തിയാക്കൽ | 293 | 91123.00 | 97569.00 | 6446.00 |
| 21 | വാർഡ്-21 ഗേൾസ് ഹയർസെക്കന്ററി സ്കൂൾ | 250 | 77750.00 | 83250.00 | 5500.00 |

| | | | | | |
|---|---|---|---|---|---|
| | ഭൂമി കൃഷിക്കനയോജ്യമാക്കൽ | | | | |
| 22 | 4-വാർഡ് കാനകൾ വൃത്തിയാക്കൽ | 66 | 20526.00 | 21978.00 | 1452.00 |
| 23 | 4-വാർഡ് കാനകൾ വൃത്തിയാക്കൽ (2nd-റീച്ച്) | 31 | 9641.00 | 10323.00 | 682.00 |
| 24 | 11-വാർഡ് കനാൽ വൃത്തിയാക്കൽ (2nd-റീച്ച്) | 114 | 35454.00 | 37962.00 | 2508.00 |
| 25 | 10-വാർഡ് കാനകൾ വൃത്തിയാക്കൽ | 245 | 76195.00 | 81585.00 | 5390.00 |
| 26 | 3-വാർഡ് ഇടത്താലി കൈത്തോട് വൃത്തിയാക്കൽ (2nd-റീച്ച്) | 91 | 28301.00 | 30303.00 | 2002.00 |
| 27 | വാർഡ്-16 പദ്മനാഭൻ നായർ വക സ്ഥലം കൃഷിക്കനയോജ്യമാക്കൽ | 222 | 69042.00 | 73926.00 | 4884.00 |
| 28 | വാർഡ് -5 കാനകൾ വൃത്തിയാക്കൽ | 71 | 22081.00 | 23643.00 | 1562.00 |
| 29 | വാർഡ്-1 കാനകൾ വൃത്തിയാക്കൽ | 164 | 51004.00 | 54612.00 | 3608.00 |
| 30 | വാർഡ്-12 ഇടമലക്കാട്ടുകടി തോട് വൃത്തിയാക്കൽ | 295 | 91745.00 | 98235.00 | 6490.00 |
| 31 | വാർഡ്-4 കൗസല്യ രാഘവൻ വക ഭൂമ കൃഷിക്കനയോജ്യമാക്കൽ | 164 | 51004.00 | 54612.00 | 3608.00 |
| 32 | വാർഡ്-8 ബോയിസ് എൽ.പി.എസ് തരിശ്ശു ഭൂമി കൃഷിക്കനയോജ്യമാക്കൽ | 61 | 18971.00 | 20313.00 | 1342.00 |
| 33 | വാർഡ്-3 ഇടത്തമാലി വലിയതോട് വൃത്തിയാക്കൽ | 150 | 46650.00 | 49950.00 | 3300.00 |
| 34 | വാർഡ്-24 കനാൽ വൃത്തിയാക്കൽ | 256 | 79616.00 | 85248.00 | 5632.00 |
| 35 | വാർഡ്-1 റെസ്റ്റ് ഹൗസ് റോഡ് കാനവൃത്തിയാക്കൽ | 117 | 36387.00 | 38961.00 | 2574.00 |
| 36 | വാർഡ്-25 കാനകൾ വൃത്തിയാക്കൽ | 94 | 28923.00 | 31302.00 | 2379.00 |
| 37 | വാർഡ്-16 ശ്രീകുമാർ വക ഭൂമി കൃഷിക്കനയോജ്യമാക്കൽ | 102 | 31722.00 | 33966.00 | 2244.00 |
| 38 | വാർഡ്- 12 റിബേക്ക പീറ്റർ വക സ്ഥലം കൃഷിക്കനയോജ്യമാക്കൽ | 101 | 31411.00 | 33633.00 | 2222.00 |
| 39 | വാർഡ്-10 ഞരമ്പക്കോട്ട് തോട് വൃത്തിയാക്കൽ | 218 | 67798.00 | 72594.00 | 4796.00 |
| 40 | വാർഡ്-13-ലെ കാനകൾ വൃത്തിയാക്കൽ | 158 | 49138.00 | 52614.00 | 3476.00 |
| 41 | വാർഡ്-17 പെരിയാർവാലി കനാൽ റോഡ് കാനവൃത്തിയാക്കൽ | 127 | 39497.00 | 42291.00 | 2794.00 |

| | | | | | |
|---|---|---|---|---|---|
| 42 | വാർഡ്-14 ഇരിങ്ങോൾ കനാൽ വൃത്തിയാക്കൽ | 391 | 121601.00 | 130203.00 | 8602.00 |
| 43 | വാർഡ്-20 കാനകൾ വൃത്തിയാക്കൽ | 205 | 63755.00 | 68265.00 | 4510.00 |
| 44 | വാർഡ്-6 തോടുകൾ വൃത്തിയാക്കൽ | 344 | 106984.00 | 114552.00 | 7568.00 |
| 45 | വാർഡ്-8 ബോയിസ് ഹയർസെക്കന്ററി സ്കൂൾ തരിശ്ശു ഭൂമി കൃഷിക്കനയോജ്യമാക്കൽ | 554 | 172294.00 | 184482.00 | 12188.00 |
| 46 | വാർഡ്-13 കാനകൾ വൃത്തിയാക്കൽ | 150 | 46650.00 | 49950.00 | 3300.00 |
| ആകെ | - | 7451 | 2317261.00 | 2481183.00 | 163922.00 |

മേൽ പ്രവർത്തികളിൽ ഉൾപ്പെട്ട തൊഴിൽ ഉറപ്പ് തൊഴിലാളിക്കൾക്ക് ബന്ധപ്പെട്ട പ്രവർത്തിയുടെ മസ്റ്ററോൾ പ്രകാരം നിലവിൽ അനുവദിച്ച കുറഞ്ഞ നിരക്കിൽ നിന്നും, പുതുക്കിയ ഉയർന്ന നിരക്ക് അനുവദിച്ച നല്കിയിട്ടുണ്ടെങ്കിൽ ആയത് വിവരം രേഖാമൂലം ലഭ്യമാക്കേണ്ടതാണെന്ന് വിശദമാക്കി ഓഡിറ്റ് എൻക്വയറി നം.53/16.11.24 -പ്രകാരം വിശദീകരണം ആവശ്യപ്പെടുകയും ലഭ്യമാക്കിയ മറുപടിയിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടാണ് പുതിയ നിരക്ക് അനുവദിക്കാൻ സാധിക്കാതെ വന്നതെന്ന് അറിയിച്ചിട്ടുണ്ട്. കൂലിയിനത്തിൽ കുറവ് വന്ന ₹163922/- ബന്ധപ്പെട്ട തൊഴിലാളികൾക്ക് പ്രവർത്തിയുടെ മസ്റ്ററോൾ പ്രകാരം അനുവദിച്ച നൽകേണ്ടതും, വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-77 തൊഴിൽ കൂലിയിനത്തിൽ വർദ്ധിപ്പിച്ച തുക ഉത്തരവിനു ശേഷവും അനുവദിച്ചില്ല

സ.ഉ.(സാ.ധാ)നം.1568/23.ത.സ്വ.ഭ.വ, തീ.03.08.2023 പ്രകാരം, തൊഴിൽ ഉറപ്പ് തൊഴിലാളികളുടെ ഒരു ദിവസത്തെ വേതനം ₹311/- നിന്നും ₹333/- വർദ്ധിപ്പിച്ച നല്കിയിട്ടുണ്ട്. ഉത്തരവ് വന്നതിനു ശേഷം ആരംഭിക്കുകയും പൂർത്തീകരിക്കുകയും ചെയ്ത പ്രവർത്തിക്കും പഴയ നിരക്കിൽ തന്നെ കൂലി അനുവദിച്ചുനല്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | പദ്ധതിയുടെ പേര് | ആകെ തൊഴിൽ ദിനങ്ങൾ | നല്കിയ വേതനം (₹311) | പുതിക്കിയ വേതനം (₹333) | വ്യത്യാസം ₹ |
|---|---|---|---|---|---|
| 1 | 19-വാർഡ് പൗലോസ് എം.വർക്കി വക സ്ഥലം കൃഷിക്കനയോജ്യമാക്കൽ | 74 | 23014.00 | 24642.00 | 1628.00 |
| 2 | 11-വാർഡ് ശാസ്ത്രിലൈൻറോഡ് കാന വൃത്തിയാക്കൽ | 39 | 12129.00 | 12987.00 | 858.00 |
| 3 | 18-വാർഡ് തെക്കേത്തോട് വൃത്തിയാക്കൽ | 371 | 115381.00 | 123543.00 | 8162.00 |
| 4 | 15-വാർഡ് നാഗഞ്ചേരി റോഡ്,യൂണിയൻ ഓഫീസ് റോഡ് സൈഡ് കാട് വെട്ടൽ, വൃത്തിയാക്കൽ | 53 | 16483.00 | 17649.00 | 1166.00 |
| 5 | 3-വാർഡ് മസ്ജിത്ത് റോഡ് കാന വൃത്തിയാക്കൽ | 62 | 19282.00 | 20646.00 | 1364.00 |
| 6 | 5-വാർഡ് കെ.എസ്.പദ്മകുമാരി വക | 157 | 48827.00 | 52281.00 | 3454.00 |

| | | | | | |
|---|---|---|---|---|---|
| | സ്ഥലം കൃഷിക്ക് അനുയോജ്യമാക്കൽ | | | | |
| ആകെ | - | 756 | 235116.00 | 251748.00 | 16632.00 |

മേൽ പ്രവർത്തികളിൽ ഉൾപ്പെട്ട തൊഴിൽ ഉറപ്പ് തൊഴിലാളിക്കൾക്ക് ബന്ധപ്പെട്ട പ്രവർത്തിയുടെ മസ്റ്ററോൾ പ്രകാരം നിലവിൽ അനുവദിച്ച കുറഞ്ഞ നിരക്കിൽ നിന്നും, പുതുക്കിയ ഉയർന്ന നിരക്ക് അനുവദിച്ച നല്കിയിട്ടുണ്ടെങ്കിൽ ആയത് വിവരം രേഖാമൂലം ലഭ്യമാക്കേണ്ടതാണെന്ന് വ്യക്തമാക്കി ഓഡിറ്റ് എൻക്വയറി നം.54/16.11.24 -പ്രകാരം വിശദീകരണം ആവശ്യപ്പെടുകയും ലഭ്യമാക്കിയ മറുപടിയിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടാണ് പുതിയ നിരക്ക് അനുവദിക്കാൻ സാധിക്കാതെ വന്നതെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിനു ശേഷവും വേതനം വർദ്ധിപ്പിച്ച നൽകാത്തത് ക്രമവിരുദ്ധമാണ്. തൊഴിലാളിക്കൾക്ക് കൂലിയിനത്തിൽ നഷ്ടമായ ₹16632/- പ്രവർത്തിയുടെ മസ്റ്ററോൾ പ്രകാരം അനുവദിച്ച നൽകേണ്ടതും വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-78 നഗരസഭയുടെ ആസ്തിയല്ലാത്ത സ്ഥലത്ത് പദ്ധതി നടപ്പിലാക്കി

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ പൂർത്തീകരിച്ചിരിക്കുന്ന താഴെ ചേർക്കുന്ന വേലകൾ നടപ്പിലാക്കിയിരിക്കുന്നത് നഗരസഭയുടെ ആസ്തിയല്ലാത്തതും, ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതുമായ സ്ഥലത്താണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | പദ്ധതിയുടെ പേര് | ആകെ തൊഴിൽ ദിനങ്ങൾ | പദ്ധതി ചെലവ് ₹ (കൂലി,വാടക,ഫോട്ടോ) |
|---|---|---|---|
| 1 | വാർഡ്-5 പെരിയാർവാലി കനാൽ വൃത്തിയാക്കൽ (16.05.23 മുതൽ19.06.23 വരെ) | 219 | 69354.00(68109+1095+150) |
| 2 | വാർഡ്-14- ഇരിങ്ങോൾ കനാൽ വൃത്തിയാക്കൽ-(22.05.23 മുതൽ19.08.23 വരെ) | 391 | 123706.00(121601+1955+150) |
| ആകെ | - | 610 | 193060.00 |

പദ്ധതി നടത്തിപ്പിലെ അപാകതകൾ-

1.ഈ വേല നടപ്പിലാക്കിയിരിക്കുന്നത് ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്താണ്. ആയതിനാൽ തന്നെ നഗരസഭയുടെ ആസ്തിയോ, ഉടമസ്ഥതയിലുള്ളതോ അല്ലാത്ത സ്ഥലമാണെന്ന് വ്യക്തമാണ്.

2.സർക്കാർ വകുപ്പിന്റെയോ/മറ്റൊരു സ്ഥാപനത്തിന്റെയോ ആസ്തിയിൽ ഉൾപ്പെട്ട പ്രദേശത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുമ്പോൾ ബന്ധപ്പെട്ട വകുപ്പിന്റെയോ/ സ്ഥാപനത്തിന്റെയോ നിരാക്ഷേപ പത്രം (NOC) ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്, ആയത് മേൽ പ്രവർത്തികളിൽ പലിക്കപ്പെട്ടിട്ടില്ല.

3.പദ്ധതി നടത്തിപ്പിലോ, നിർവ്വഹണത്തിന്റെ മറ്റ് ഘട്ടത്തിലോ നഗരസഭക്ക് ഈ അപാകത വിലയിരുത്തുവാനോ, നടപടി സ്വീകരിക്കാനോ സാധിച്ചിട്ടില്ല. മേൽ അപാകതകൾക്ക് മറുപടിയും വിശദീകരണവും ലഭ്യമാക്കേണ്ടതാണെന്ന് വ്യക്തമാക്കി ഓഡിറ്റ് എൻക്വയറി നം.55/16.11.24 -പ്രകാരം വിശദീകരണം ആവശ്യപ്പെടുകയും ലഭ്യമാക്കിയ മറുപടിയിൽ NOC -മേൽ പദ്ധതികൾക്ക് ലഭിച്ചിട്ടില്ലായെന്നും തുടർ വർഷങ്ങളിൽ മേൽ അപാകതകൾ പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-79 തൊഴിലുറപ്പ് പദ്ധതിയുടെ നിജസ്ഥിതി

2023-24 സാമ്പത്തിക വർഷത്തെ നഗരസഭയുടെ തൊഴിലുറപ്പ് പദ്ധതിയുടെ നിജസ്ഥിതി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത ആകെ കുടുബങ്ങളുടെ എണ്ണം(31.03.24വരെ) | 1098 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുബങ്ങളിൽ 23-24 സമ്പത്തീക വർഷം തൊഴിൽ ലഭിച്ച കുടുബങ്ങളുടെ എണ്ണം/ശതമാനം | 224 ,(20%) |
| 3 | 23-24 വർഷം ഒരു കുടുബത്തിന് ലഭ്യമാക്കിയ ശരാശരി തൊഴിൽദിനങ്ങളുടെ എണ്ണം | 84 |
| 4 | 23-24 സാമ്പത്തീക വർഷത്തെ ലേബർബഡ്ജറ്റിനും ആക്ഷൻ പ്ലാനിനും ഡി.പി.സിയുടെ അംഗീകാരം ലഭിച്ചതിന്റ വിവരം | 20-03-2023 |
| 5 | 23-24 സാമ്പത്തീക വർഷത്തെ ലേബർബഡ്ജറ്റിന്റെ അടിസ്ഥാനത്തിൽ സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം/ ശതമാനം | 14031.5 |
| 6 | 23-24-ൽ മാലിന്യസംസ്കരണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക, ശതമാനം | ₹1328678.00 ,(20%) |
| 7 | പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കിയ എം.സി.എഫ്/എം.ആർ.എഫ് കളുടെ എണ്ണം | പദ്ധതിയില്ല |
| 8 | പി.എം.എ.വൈ ഗുണഭോക്താക്കളിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിൽ കാർഡ് വിതരണം ചെയ്തവരുടെ എണ്ണം, ശതമാനം | 10, (100%) |
| 9 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം നല്കിയ ക്ഷീരകർഷകരുടെ എണ്ണം | 3 |
| 10 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച കംപോസ്റ്റ്, സോക്ക്പിറ്റ് എന്നിവയുടെ എണ്ണം | പദ്ധതിയില്ല |
| 11 | നഗരസഭയുടെ വാർഷിക പദ്ധതിയും തൊഴിൽ ഉറപ്പ് പദ്ധതിയും സംയോജിപ്പിച്ച് ഏറ്റെടുത്ത പ്രവർത്തികളിൽ വകയിരുത്തിയ തുകയുടെ 50% കൂടുതൽ ചെലവഴിച്ച പ്രവർത്തികളുടെ എണ്ണം | പദ്ധതിയില്ല |

ഓഡിറ്റ് എൻക്വയറി നം.52/16.11.24 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിൽ ക്രമനം.7,10,11 എന്നിവയുടെ മറുപടിയിൽ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കിയ എം.സി.എഫ്/ എം.ആർ.എഫ്, പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച കംപോസ്റ്റ്, സോക്ക്പിറ്റ്, വാർഷിക പദ്ധതിയും തൊഴിൽ ഉറപ്പ് പദ്ധതിയും സംയോജിപ്പിച്ച് ഏറ്റെടുത്ത പ്രവർത്തികൾ എന്നിവ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ നിന്നും വ്യക്തമാകുന്നത് ഉൽപാദനക്ഷമവും സാമൂഹ്യ ആസ്തികളുടെ നിർമ്മാണം ഉറപ്പാക്കുന്നതുമായ പ്രവർത്തികൾ നഗരസഭ തൻവർഷം, തൊഴിൽ ഉറപ്പ്

പദ്ധതി മുഖേന ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ലായെന്നാണ്. ടി-അപാകത നഗരസഭ വിലയിരുത്തേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-80 അമൃത് 2.0 കുടിവെള്ള പദ്ധതി - നഗരസഭ പ്രവൃത്തി മേൽനോട്ടം വഹിക്കുന്നില്ല

| | |
|---|---|
| പ്രോജക്റ്റ്/നം. | അമൃത് കുടിവെള്ള പദ്ധതി നഗരസഭ വിഹിതം-236/24 |
| അടങ്കൽ | ₹22,89,950.00 (CFC) |
| ചെലവ് തുക, ബിൽ നം. | ₹22,89,950.00<br>(₹.21,18,950.00, Bill No. 173, 15.02.2024 (Tied) & ₹.1,71,000.00, Bill No. 174, 15.02.2024 (Untied) |
| | ₹ 2,01,34,818/-<br>(₹ 19,50,632/- (15.03.2024) + ₹ 1,81,84,186/- (28.03.2024)- Indian Bank A/C No. 7280188682)<br>(CC-1st And Part Bill - Bill No.-WRD/KWA-CE(CR)EB/1542/2022-26-1-1-Part-1) & (CC -2nd And Part Bill) -Bill No.-WRD/KWA-CE(CR)EB/1542/2022-26-1-1-Part-2) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

അമൃത് 2.0 -യുടെ നടത്തിപ്പുമായി ബന്ധപ്പെട്ട നഗരസഭ വിഹിതം മിഷൻ ഡയറക്ടർ അമൃതിന്റെ പേരിലുള്ള അക്കൗണ്ടിൽ നിക്ഷപിക്കുന്നതിനായി അമൃത് സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ് മിഷൻ ഡയറക്ടറുടെ 28.03.23 -ലെ SMMU/18/2023/MFE നം.കത്ത് പ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ നഗരസഭ ആകെ ₹22,89,950.00 അടവാക്കിയിട്ടുണ്ട്. ഫയലിൽ കുടിവെള്ള കണക്ഷൻ നൽകിയതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ടെങ്കിൽ സോഴ്സ് ഓഫ് വാട്ടർ, വാർഡ് തിരിച്ചുള്ള ഗുണഭോക്തൃ ലിസ്റ്റ്, കണക്ഷൻ നൽകിയ വിവരം എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

AMRUT 2.0- Urban Water Supply Scheme To Perumbavoor Municipality – Augmentation Of Water Supply Scheme And Providing FHTC– (₹9.645 കോടി) എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് പ്രോജക്റ്റ് ഫയൽ PW3/CFC/236/23-24, നോട്ട് ഫയൽ PW3-12877/21 എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(1) പ്രസ്തുത പദ്ധതിയുടെ ട്രൈപാർട്ടി എഗ്രിമെന്റ് പ്രകാരം 1-ാം കക്ഷി അമൃത് മിഷൻ ഡയറക്ടറും 2-ാം കക്ഷി പെരുമ്പാവൂർ കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയറും, 3-ാം കക്ഷി പെരുമ്പാവൂർ നഗരസഭ സെക്രട്ടറിയുമാണ്. ട്രൈപാർട്ടി എഗ്രിമെന്റ് പ്രകാരം 2-ാം കക്ഷിയും ഇംപ്ലിമെന്റിംഗ് ഏജൻസിയുമായ കേരള വാട്ടർ അതോറിറ്റി താഴെപ്പറയുന്ന പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അനുബന്ധ രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

(A) Detailed Estimate

(B) Administrative Sanction

(C) Technical Sanction

(D) Detailed Project Report(DPR)

(E) M-Book

(2)അമൃത് പദ്ധതിയുമായി ബന്ധപ്പെട്ട് ഇന്ത്യൻ ബാങ്ക്, പെരുമ്പാവൂർ ശാഖയിൽ നിലവിൽ മൂന്ന് അക്കൗണ്ടുകൾ നിലവിലുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി ഇന്ത്യൻ ബാങ്ക്

അക്കൗണ്ട് നം. 7280188682 -ൽ നിന്നും 15.03.2024 -ൽ ₹19,50,632/- യും 28.03.2024 -ൽ ₹1,81,84,186/- യും പ്രകാരം ആകെ ₹2,01,34,818/- കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അക്കൗണ്ട് നമ്പർ | അക്കൗണ്ട് ആരംഭിച്ച തീയതി |
|---|---|---|
| 1 | 7120135599 -Secretary Perumbavoor Municipality Amrut 2.0 | 23.11.2021 |
| 2 | 7280188682- Secretary Perumbavoor Municipality Amrut 2.0-50% | 29.08.2022 |
| 3 | 7285388847- Secretary Perumbavoor Municipality Amrut 2.0-50% Holdin | 05.09.2023 |

(A)പ്രസ്തുത മൂന്ന് ബാങ്ക് അക്കൗണ്ടുകളും 2023-24 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ റെസീപ്റ്റ് ആന്റ് പെയ്മെന്റിൽ RP-40(B)-Bank ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

(B)സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണോ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് മൂന്ന് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുള്ളത് എന്നത് സംബന്ധിച്ച വിവരം നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

(3)പ്രസ്തുത പദ്ധതിയുടെ ട്രൈപാർട്ടി എഗ്രിമെന്റ് പ്രകാരം 3-ാം കക്ഷിയായ നഗരസഭയുടെ ഉത്തരവാദിത്തങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത് "Perumbavoor Municipality Will Ensure Timely Release Of Funds, Monitor Progress, Construction Quality And Service Levels & Monitor Service Delivery During The Post Implementation Phase"എന്നാണ്. കേരള വാട്ടർ അതോറിറ്റി പ്രസ്തുത പദ്ധതി പ്രകാരം പൂർത്തീകരിച്ച പ്രവൃത്തിയുടെ ₹3,61,10,131/- പ്രൈസ് സോഫ്റ്റ് വെയറിൽ നിന്നുമുള്ള റണ്ണിംഗ് അക്കൗണ്ട് ബില്ലുകൾ (CC-1st And Part Bill - Bill No.-WRD/KWA-CE(CR)EB/1542/2022-26-1-1-Part-1) & (CC -2nd And Part Bill) -Bill No.-WRD/KWA-CE(CR)EB/1542/2022-26-1-1-Part-2) ലഭ്യമാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ ആകെ ₹2,01,34,818/- കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. ഹാജരാക്കിയിട്ടുള്ള ബില്ലിൽ മെറ്റീരിയൽ പർച്ചേസ് കൂടുതൽ തുകക്ക് നടത്തിയിട്ടുണ്ട്. എന്നാൽ എഗ്രിമെന്റിൽ രേഖപ്പെടുത്തിയിട്ടുള്ളത് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി ചെയ്തിട്ടുള്ള പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി, നിർമ്മാണത്തിലുള്ള ഗുണനിലവാരം, സ്റ്റോക്കുകളുടെ സൂക്ഷിപ്പ് എന്നിവ പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടില്ല.

(4)അമൃത് സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ് മിഷൻ ഡയറക്ടറുടെ 19.09.2023 -ലെ SMMU/7/2022/MFE നം.കത്ത് പ്രകാരം ബില്ലുകളുടെ പേയ്മെന്റ് സമയബന്ധിതമായി നടപ്പിലാക്കുന്നതിനുവേണ്ടി ബിൽ രജിസ്റ്ററും, കൂടാതെ പ്രോജക്ട് രജിസ്റ്ററും സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത രജിസ്റ്ററുകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

(5)പ്രസ്തുത പദ്ധതിയുടെ സ്റ്റാറ്റസ് റിപ്പോർട്ട്, ടോട്ടൽ ഫണ്ട് അലോട്ട്മെന്റ് ഓർഡർ എന്നിവ ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം.68/25.11.2024 -ന് പ്രസ്തുത പദ്ധതി പ്രകാരം ₹9.645 കോടി രൂപയുടെ പദ്ധതിയിൽ പൈപ്പ് ലൈൻ വലിക്കുന്നതിനും 1500 സൗജന്യ വ്യക്തിഗത കുടിവെള്ള കണക്ഷൻ നൽകുന്നതിനുമാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളതെന്നും ആവശ്യപ്പെട്ട വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും അനുബന്ധ രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതുമാണ്.

## 1-81 ദുരിതാശ്വാസനിധി

1994 -ലെ കേരള മുനിസിപ്പൽ നിയമം (1994 -ലെ 20) 565 -ാം വകുപ്പിലെ ഒന്നാം ഉപവകുപ്പ് പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ രൂപീകരിച്ച 2003 -ലെ കേരള മുനിസിപ്പാലിറ്റി ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾക്കനുസൃതമായി പെരുമ്പാവൂർ നഗരസഭ രൂപീകരിച്ച ദുരിതാശ്വാസ നിധിയുടെ (അക്കൗണ്ട് നം.8876 പെരുമ്പാവൂർ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക്) 2023-24 വർഷത്തെ വരവു ചെലവു വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരുപ്പ് | ₹6190.00 |
| | |

| | |
|---|---|
| വരവ് | ₹166.00 (ബാങ്ക് പലിശ) |
| ആകെ | ₹6356.00 |
| ചെലവ് | ഇല്ല |
| നീക്കിയിരുപ്പ് | ₹6356.00 |

ദുരിതാശ്വാസനിധി വിനിയോഗം സംബന്ധിച്ച പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)കേരളസർക്കാർ തദ്ദേശസ്വയംഭരണ (എഫ്.എം.) വകുപ്പിന്റെ 09.06.2023 -ലെ എഫ് എം.01/19/2023/ എൽ എസ്.ജി.ഡി സർക്കുലർ പ്രകാരം അടിയന്തിര സന്ദർഭങ്ങളിൽ മതിയായ ധനസഹായം നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയാതെ വരുന്ന സാഹചര്യം ഒഴിവാക്കുന്നതിലേക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ദുരിതാശ്വാസനിധിയിൽ എല്ലായ്പ്പോഴും ഒരു നിശ്ചിത തുക നിക്ഷേപമായി ഉണ്ടെന്ന് ഉറപ്പാക്കണമെന്നും, പ്രസ്തുത നിധിയിൽ നിന്നും വിനിയോഗിക്കുന്ന തുകക്ക് പകരം തുക ദുരിതാശ്വാസ നിധിയിൽ കാലതാമസം കൂടാതെ നിക്ഷേപിക്കണമെന്നും, ദുരിതാശ്വാസനിധിയിൽ കാലാനുസൃതമായ വർദ്ധനവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കണമെന്നും ഉത്തരവായിരുന്നു. ഇതിലേക്കായി ദുരിതാശ്വാസ നിധിയിൽ വേണ്ട ഏറ്റവും കുറവ് തുക (Corpus) ഭരണസമിതി കൂടി തീരുമാനിക്കാനും, വിനിയോഗിക്കുന്ന തുകക്ക് പകരം തുക എല്ലാ വർഷവും മാർച്ച് മാസത്തിൽ 2003 -ലെ കേരള മുനിസിപ്പാലിറ്റി ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3,4 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശേഖരിച്ച് ദുരിതാശ്വാസ നിധിയിൽ നിക്ഷേപിക്കാനും ഉത്തരവുള്ളതാണ്.ആയതുപ്രകാരം നഗരസഭയുടെ 13.07.2023 -ലെ 24-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം ദുരിതാശ്വാസനിധിയിൽ ഏറ്റവും കുറഞ്ഞത് ₹50000/- യായി നിശ്ചയിച്ചു. എന്നാൽ ഈ തുക ഉറപ്പുവരുത്തുന്നതിലേക്കാവശ്യമായ തുടർനടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല.

2)മേൽ ചട്ടങ്ങളിലെ 5-ാം ചട്ടം ഒന്നാം ഉപചട്ടത്തിൽ നിധിയെ സംബന്ധിക്കുന്ന വരവ്-ചെലവ് കണക്കുകൾ സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ ഒരു ബുക്കിൽ സൂക്ഷിച്ച് പോരേണ്ടതാണ് എന്ന് വ്യവസ്ഥയുണ്ട്. എന്നാൽ 31.03.2022 വരെയുള്ള വരവ് ചിലവ് വിവരങ്ങളെ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തികാണുന്നുള്ളു. 2022-23 & 2023-24 സാമ്പത്തികവർഷത്തെ വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തിയിട്ടില്ല.

3)രണ്ടാം ഉപചട്ടത്തിൽ നിധിയിൽ നിന്നുള്ള ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകളെ സംബന്ധിച്ച വിവരം, അനുവദിക്കപ്പെട്ട ധനസഹായം എന്നിവ രേഖപ്പെടുത്താൻ ഒരു രജിസ്റ്റർ സൂക്ഷിച്ച് പോരേണ്ടതാണ് എന്ന് വ്യവസ്ഥയുണ്ട്. എന്നാൽ ഫയൽ പരിശോധനയിൽ (ഫയൽ നമ്പർ-ജി 5-1278/11) കണ്ട മുഴുവൻ അപേക്ഷവിവരങ്ങളും രജിസ്റ്ററിൽ ചേർത്തിട്ടില്ല.

4)ബാലൻസ് ഷീറ്റിലെ B2- ഷെഡ്യൂൾ പ്രകാരം ₹74996/- (311110100 ഹെഡ്) അവശേഷിക്കുന്നുണ്ട്. എന്നാൽ ബാങ്ക് പാസ്സ് ബുക്ക് പ്രകാരം നിലവിൽ ബാലൻസ് സംഖ്യ ₹6356 ആണ്. ഈ വ്യത്യാസത്തിന് കാരണം വിശദമാക്കേണ്ടതാണ്.

മേൽ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.23, തീയതി. 10.10.2024 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ 2022-23, 2023-24 വർഷത്തെ വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തിയതും, അപേക്ഷ വിവരം അടങ്ങിയതുമായ രജിസ്റ്ററുകൾ പരിശോധനയ്ക്കായി ഹാജരാക്കുന്നതായി അറിയിച്ചെങ്കിലും, പ്രസ്തുത രേഖപ്പെടുത്തലുകൾ വരുത്തിയ രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. കൂടാതെ ബാലൻസ് ഷീറ്റിലെ B2 -ഷെഡ്യൂൾ പ്രകാരം ₹74996/- ഹെഡ് തെറ്റായി രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് അവശേഷിക്കുന്നതെന്ന മറുപടിയും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ആയത് സംബന്ധിച്ച വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

**1-82 ₹421662.00 യുടെ മരുന്നുകൾ വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയില്ല**

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നം. | S0035/24 |
| നിർവ്വഹണോദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ,ഹോമിയോ |
| | |

| | |
|---|---|
| അടങ്കൽ തുക | ₹ 700000.00<br>(മെയിന്റനൻസ് ഫണ്ട് -റോഡിതരം) |
| ചെലവ് | ₹ 700000.00<br>(മെയിന്റനൻസ് ഫണ്ട് -റോഡിതരം) |

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങലുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പ്രസ്തുത പ്രോജക്ടിൽ ആവശ്യമായ മരുന്ന് ലഭ്യമാക്കുന്നതിനായി ₹700000/- യാണ് കേരള സ്റ്റേറ്റ് ഹോമിയോപതിക് കോപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് (HOMCO) -ന് 13.10.2023 തീയതിയായി ബിൽ നം 23120747092000658050 പ്രകാരം നൽകിയിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ 06.03.2024, 30.03.2024 തീയതികളിലായി ആകെ ₹278338/- യുടെ മരുന്നുകൾ മാത്രമാണ് HOMCO ലഭ്യമാക്കിയിട്ടുള്ളതെന്നും ലഭ്യമാക്കാൻ ബാക്കിയുള്ള ₹421662/- യുടെ മരുന്നുകൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണെന്ന് ആവശ്യപ്പെട്ട് കൊണ്ട് 28.10.2024 തീയതിയായി എൻക്വയറി നമ്പർ 26 നൽകിയിരുന്നു. പ്രസ്തുത എൻക്വറിക്ക് 04.11.2024, 10.02.2025 തീയതികളിലായി നൽകിയ മറുപടികൾ പ്രകാരം 04.11.2024 -ന് ₹205612/- യുടെ മരുന്നുകളും 31.12.2024 -ൽ ₹216500/- യുടെ മരുന്നുകളും എത്തിച്ചേർന്നതായും പദ്ധതി പൂർത്തീകരിച്ചതായും അറിയിച്ചു. എന്നാൽ ഇതു സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതുവരെ ₹421662/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-83 നഗരസഞ്ചയ പദ്ധതി വിഹിതം ₹1.2 കോടി പാഴാക്കി

2023-24 സാമ്പത്തീക വർഷത്തിൽ നഗരസഭക്ക് കൊച്ചി നഗരസഞ്ചയപദ്ധതി പതിനഞ്ചാം കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് പ്രകാരം ₹12075000.00 അനുവദിച്ച് നല്കിയിരുന്നു. മരാമത്ത്, ആരോഗ്യ വകുപ്പുകളിൽ വിവിധ പ്രോജക്ടുകൾക്കായി ലഭ്യമായ തുകയിൽ സാമ്പത്തീക വർഷം നഗരസഭ പ്രോജക്ട് നടപ്പാക്കി ചെലവ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. അനുവദിച്ച തുക പൂർണ്ണമായും ലാപ്സാക്കുകയാണ് ചെയ്തത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | പ്രോജക്ട് നം/ തരം | നിർവ്വഹണ ഉദ്യോഗസ്ഥൻ | അനുവദിച്ച തുക ₹ | ചെലവ് തുക ₹ |
|---|---|---|---|---|
| 1 | 132/23(New) | AE(LSGD) | 2300000.00 | 0 |
| 2 | 141/23(New) | AE(LSGD) | 800000.00 | 0 |
| 3 | 147/23(New) | ME | 1000000.00 | 0 |
| 4 | 148/23(New) | ME | 2000000.00 | 0 |
| 5 | 136/23(New) | HO(MU) | 2500000.00 | 0 |
| 6 | 137/23(New) | HO(MU) | 1000000.00 | 0 |
| 7 | 163/23(SO) | HO(MU) | 1500000.00 | 0 |
| 8 | 166/23(SO) | HO(MU) | 175000.00 | 0 |
| 9 | 167/23(SO) | HO(MU) | 250000.00 | 0 |
| 10 | 170/23(SO) | HO(MU) | 100000.00 | 0 |
| 11 | 174/23(SO) | HO(MU) | 300000.00 | 0 |
| 12 | 176/23(SO) | HO(MU) | 150000.00 | 0 |
| ആകെ | - | - | 12075000.00 | - |

തൻവർഷം നഗരസഭയുടെ തനത്ഫണ്ട് ലഭ്യത കുറവുമൂലം സർക്കാരിന്റ ഗ്രാന്റുകൾ, മറ്റുധന സഹായങ്ങൾ എന്നിവ വിനിയോഗിച്ച മാത്രമാണ് പ്രോജക്ടുകൾ രൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്തിരിക്കുന്നത്. മേൽ പ്രോജക്ടുകൾ നഗരസഭയുടെ മരാമത്ത്, ആരോഗ്യ മേഖലകളിൽ പുരോഗതി ഉറപ്പാക്കാൻ വേണ്ടിയാണ് ആവിഷ്കരിച്ചിരുന്നത്. എന്നാൽ ഈയിനത്തിൽ ഒരു തുകപോലും ചെലവഴിക്കാൻ നഗരസഭക്ക് സാധിച്ചിട്ടില്ല. മേൽ പ്രോജക്ടിലെ '163/23-നഗരസഭ ഹെൽത്ത് സ്ക്വാഡിനു വാഹനം വാങ്ങൽ' എന്ന പ്രോജക്ട് നടപ്പിലാക്കിയെങ്കിലും യഥാസമയം വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ഫണ്ട് ലഭ്യമായിട്ടില്ലാത്തതും തുടർന്ന് CFC -ഗ്രാന്റ് ഉപയോഗിച്ചുമാണ് പ്രോജക്ട് നടപ്പിലാക്കിയിരിക്കുന്നത്. നഗരസഭയുടേയും മേൽ പ്രദിപാദിച്ചിരിക്കുന്ന നിർവ്വഹണ ഉദ്യോഗസ്ഥരുടേയും അനാസ്ഥമൂലമാണ് നഗരസഭക്ക് ലഭിച്ച ഗ്രാന്റിനത്തിലെ ഇത്രയും വലിയ തുക പാഴാക്കിയിട്ടുള്ളത്. പ്രോജക്ട് ആവിഷ്കരിച്ചത് നടപ്പിലാക്കുകയും, ആയത് പൂർത്തീകരിക്കുകയും ചെയ്തു എന്ന് ഉറപ്പാക്കാനുള്ള ബാധ്യത ഭരണസമിതിയിൽ നിക്ഷിപ്തമാണ്. പ്രോജക്ട് നടത്തിപ്പിൽ ഇത്രയും വലിയ തുക പാഴാക്കിയതിനു മറുപടിയും വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

## 1-84 കെ-സ്മാർട്ട് ആപ്ലിക്കേഷൻ അപാകതകൾ

കെ-സ്മാർട്ട് ആപ്ലിക്കേഷൻ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.
(1) 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരമുള്ള ഫോം-2 (കെട്ടിട ഉടമ സമർപ്പിക്കുന്ന വസ്തുനികുതി നിർണ്ണയ റിട്ടേൺ) -ൽ ചട്ടം 11 (2) പ്രകാരം എന്നും, ഫോം-6 (വസ്തുനികുതി നിർണ്ണയ വിവര ശേഖരണം)-ൽ ചട്ടം 12, ഉപ ചട്ടങ്ങൾ (4), (6) പ്രകാരം എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കെ-സ്മാർട്ടിൽ നിന്നും ലഭിക്കുന്ന ഫോമുകളിൽ പ്രസ്തുത ചട്ടങ്ങൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല, കൂടാതെ വിവരങ്ങൾ രേഖപ്പെടുത്തുന്ന ക്രമ നമ്പറുകളിൽ വ്യത്യാസം വന്നിട്ടുണ്ട്.
(2) ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് റിപ്പോർട്ടുകൾ ലഭ്യമല്ല.
(3)ഒരു സാമ്പത്തിക വർഷത്തിൽ പുതിയതായി വസ്തുനികുതി നിർണ്ണയം നടത്തി നമ്പർ അനുവദിച്ചിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിക്കുന്നതിനായി സപ്ലിമെന്ററി അസെസ്സ്മെന്റ് രജിസ്റ്റർ കെ-സ്മാർട്ടിലെ Property Tax മൊഡ്യൂളിൽ ലഭ്യമാക്കിയിട്ടില്ല. കൂടാതെ വാർഡ് തിരിച്ചുള്ള ഡി.സി.ബി വിവരങ്ങൾ, ഫോം-2, ഫോം-6 എന്നീ വിവരവും ലഭ്യമാക്കിയിട്ടില്ല. ഓരോ ആവശ്യത്തിനായിട്ടുള്ള റിപ്പോർട്ടുകൾ എടുക്കുമ്പോൾ ഒരു നിശ്ചിത കാലയളവിലെ വിവരങ്ങൾ ലഭിക്കണമെങ്കിൽ ആ കാലയളവ് (From –To) തെരഞ്ഞെടുക്കുന്നതിനായി സൗകര്യം ഉണ്ടാകേണ്ടതാണ്. എന്നാൽ പ്രസ്തുത കാലയളവ് രേഖപ്പെടുത്താനുള്ള സൗകര്യം പ്രസ്തുത റിപ്പോർട്ട് മൊഡ്യൂളിൽ ലഭ്യമാക്കിയിട്ടില്ല. അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ ലഭ്യമല്ല.
(4)2023-24 രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി കെ-സ്മാർട്ട് മുഖേനയാണ് നഗരസഭ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഡീറ്റെയിൽഡ് ഹെഡ് വൈസ് റിപ്പോർട്ടിൽ സ്ഥാപനത്തിന്റെ പേര്, കെട്ടിട നമ്പർ എന്നിവ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈ റിപ്പോർട്ട് മുഖേന തൊഴിൽ നികുതി സംബന്ധിച്ച കൃത്യമായ പരിശോധന നടത്താൻ സാധിക്കുന്നില്ല.
(5)പേയ്മെന്റ് സെർച്ച് മൊഡ്യൂളിൽ ഒരു നിശ്ചിത കാലയളവിലെ ഫയലുകൾ പരിശോധിക്കുന്നതിനായി സെർച്ച് ഓപ്ഷൻ കൊടുത്ത് ഒരു ഫയൽ തെരഞ്ഞെടുത്ത് പരിശോധന കഴിഞ്ഞ് അടുത്ത ഫയലിൽ പ്രവേശിക്കുന്നതിനായി ബാക്ക് ഓപ്ഷൻ കൊടുക്കുമ്പോൾ മെയിൻ പേയ്മെന്റ് സെർച്ച് മൊഡ്യൂളിലേക്കാണ് പോകുന്നത്. ഇത്തരത്തിൽ മെയിൻ മൊഡ്യൂളിലേക്ക് പോകുന്നത് തുടർച്ചയായിട്ടുള്ള പരിശോധന ആവശ്യമാകുന്ന സന്ദർഭങ്ങളിൽ ബുദ്ധിമുട്ട് ഉണ്ടാക്കുന്നതാണ്.
(6)പല ഇനങ്ങളുടെയും സാംഖ്യ ഹെഡ് ഓഫ് അക്കൗണ്ടും കെ-സ്മാർട്ട് ഹെഡ് ഓഫ് അക്കൗണ്ടും പൊരുത്തപ്പെടുന്നില്ല.
(7)Cheque Issue Register -ലും Cheque Received Register -ലും Date Of Clearance കോളത്തിൽ ചെക്ക് എൻക്യാഷ് ചെയ്യപ്പെടുന്ന തീയതി സംബന്ധിച്ച വിവരം ലഭ്യമല്ല.
(8) കെ-സ്മാർട്ട് നിലവിൽ വന്നതിന് ശേഷം പല ഇനങ്ങളുടെയും ബുക്ക്-ഓഫ്-അക്കൗണ്ട്സ് മാനുവലായും സോഫ്റ്റ് വെയർ മുഖേനയും ലഭിക്കുന്നില്ല.

# ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 പ്രൈവറ്റ് ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ലേലഇനത്തിൽ ₹39908.00നഷ്ടം

നഗരസഭയുടെ 25.04.2023 -ലെ ഭരണസമിതി യോഗത്തിലെ തീരുമാനം 20 -പ്രകാരം 29.03.2023 -ൽ പെരുമ്പാവൂർ നഗരസഭയുടെ 2023-24 -ലേക്കുള്ള കിസ്തിനങ്ങളുടെ ഓഫർ നടന്നതിൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷന് ശ്രീ.സെയ്തുമുഹമ്മദ്. റ്റി.എം, തുരുത്തുമ്മേൽ, പെരുമ്പാവൂർ നൽകിയ ഓഫർ തുകയായ ₹626000/- + 2%IT (ജി.എസ്.റ്റി. ബാധകമല്ല) അംഗീകരിച്ച് നഗരസഭ ചെയർമാൻ മുൻകൂർ അനുമതി നല്കിയിട്ടുണ്ട്. എന്നാൽ 2023-24 വാർഷിക ധനകാര്യ പത്രികയിലെ 140500900 -പബ്ളിക് സാനിട്ടേഷൻ ചാർജ് ലെഡ്ജറിൽ പ്രസ്തുത ഇനത്തിൽ ₹586875/- (IT ഒഴികെ) മാത്രമാണ് വരവ് വന്നിട്ടുള്ളത്. ഈയിനത്തിൽ ₹39908.00 (₹39125+ 2%IT(783.00) രൂപയുടെ കുറവ് വന്നത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.70/16.12.2024 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ടമായ ₹39908.00 ബന്ധപ്പെട്ട കുത്തകക്കാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-2 മത്സ്യചന്ത വാഹന ഫീസ് ഇനത്തിൽ ₹20827.00നഷ്ടം

നഗരസഭയുടെ കിസ്തിനമായ മത്സ്യചന്ത വാഹനഫീസ് ശ്രീ.മുഹമ്മദ് ഷമീർ. എം.എസിന് നെഗോസിയേഷൻ നടത്തി കുത്തക അനുവദിച്ച് നൽകുന്നതിന് 10.05.2023 -ലെ കൗൺസിൽ യോഗം തീരുമാനിക്കുകയും ഇതേ തുടർന്ന് നികുതി അടക്കം (GST+ Income Tax) ₹250000/- യ്ക്ക് കുത്തക കൊടുക്കാൻ ചെയർമാൻ അനുവാദം നൽകുകയും ചെയ്തു. അതായത് 208333+18% GST+2% Income Tax എന്ന നിലയ്ക്കാണ് തുക അടക്കേണ്ടത്. എന്നാൽ ₹190977.00 (18% GST-34376.00;2% IT-3820.00

എന്നിവ ഉൾപ്പടെ ആകെ ₹229173) മാത്രമാണ് 140501300 – Lorry, Taxi, Auto And Other Vehicle Stand Fees എന്ന ഹെഡിൽ അടവാക്കിയിരിക്കുന്നത്. കുറവ് വന്ന ₹20827.00 (250000-229173) സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.70/16.12.2024 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ടമായ ₹20827.00( 17356+ 18%GST-3124;2% IT-347) ബന്ധപ്പെട്ട കുത്തകക്കാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഉത്സവബത്തക്ക് പകരം ബോണസ്സ് അനുവദിച്ചു

വൗച്ചർ നം-145-08/2023-തീയ്യതി 24.08.2023, സംഖ്യ ₹158250 /-

കേരള സർക്കാർ ധനകാര്യ (ലോൺസ്) വകുപ്പിന്റെ 16.08.2023 -ലെ സ.ഉ.(അച്ചടി)നം. 85/2023/ധന ഉത്തരവ് ഖണ്ഡിക (2) പ്രകാരം, 31.03.2023 -ൽ ₹36166/- യോ അതിൽ കുറവോ (പതിനൊന്നാം ശമ്പളപരിഷ്കരണത്തിനു ശേഷം), ₹32640/- യോ അതിൽ കുറവോ (പതിനൊന്നാം ശമ്പള പരിഷ്കരണത്തിനു മുൻപ്) ആകെ വേതനം കൈപ്പറ്റുന്നവർക്ക് 2022-23 -ലെ ബോണസ്സ് ₹4000/- നിരക്കിൽ അനുവദിച്ച് ഉത്തരവായിരുന്നു. ഈ ഉത്തരവിലെ ഖണ്ഡിക (3) പ്രകാരം 31.03.2023 -ൽ സർവ്വീസിലുള്ളതും, 2022-23 വർഷത്തിൽ കുറഞ്ഞത് 6 മാസമെങ്കിലും തുടർച്ചയായ സർവ്വീസുള്ളതുമായ ജീവനക്കാർക്കാണ് ബോണസിന് അർഹതയുണ്ടായിരിക്കുക എന്നും ഉത്തരവുള്ളതാണ് . ആയതു പ്രകാരം 31.03.2023 -ന് ശേഷം സേവനത്തിൽ പ്രവേശിച്ച ജീവനക്കാർക്ക് ഖണ്ഡിക (6)1(1)ൽ നിഷ്കർഷിക്കുന്ന തരത്തിൽ ₹2750/- പ്രത്യേക ഉത്സവബത്തക്ക് മാത്രമേ അർഹതയുള്ളൂ. എന്നാൽ സേവനപുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം 01.04.2023 -ന് ജോലിയിൽ പ്രവേശിച്ച ശ്രീ. വിഷ്ണു. എസ് സാനിട്ടേഷൻ വർക്കർക്ക് ₹4000/- ബോണസ്സ് അനുവദിച്ചു നൽകിയിട്ടുണ്ട്. ബോണസ്സ് ഇനത്തിൽ അധികം നൽകിയ സംഖ്യ ₹1250/- ടിയാനിൽ നിന്ന് തിരിച്ചുപിടിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് 14.11.2024 -ൽ നൽകിയ ഓഡിറ്റ് എൻക്വയറി 45 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

### 3-2 ശമ്പളരഹിത അവധികാലയളവിലേക്കും ശമ്പളം അനുവദിച്ചു

ഫയൽ നമ്പർ PH 1 829/22 (Vol-II)

താഴെ പറയുന്ന ജീവനക്കാർക്ക് ശമ്പളരഹിത അവധി ദിനങ്ങളിലേക്കും ശമ്പളം അനുവദിച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

1)ശ്രീ.അർജ്ജുൻ.വി.കെ(സാനിട്ടേഷൻ വർക്കർ)

| മാസം | ശമ്പളരഹിത അവധി സംബന്ധിച്ച വിവരം | വൗച്ചർ നം.& തീയ്യതി | വൗച്ചർ സംഖ്യ ₹ | ശമ്പളം സംബന്ധിച്ച വിവരം അടിസ്ഥാനശമ്പളം-23700/-, ക്ഷാമബത്ത-@7%, വീട്ടുവാടക ബത്ത @ 6%, റിസ്ക് ലവൻസ്-@220/, വാഷിങ്ങ് അലവൻസ്-@220, സ്പെഷ്യൽ അലവൻസ്-@140/-ആകെ 27439/- | അനുവദിച്ച ശമ്പളം ₹ | അനുവദനീയമായ ശമ്പളം ₹ | അധികം നൽകിയ ശമ്പളം ₹ |
|---|---|---|---|---|---|---|---|
| 03/2023 | 01.03.2023 മുതൽ 18.03.2023 കൂടി, 30.03.2023 മുതൽ 19.05.2023 കൂടി | 20/04-2023/ 01.04. 2023 | 1484864 | അനുവദിച്ചത്-13 ദിവസത്തേക്ക് അനുവദനീയമായത്-11ദിവസം | 11507.00 | 9737.00 | 1770.00 |

| | | | | | | | |
|---|---|---|---|---|---|---|---|
| 05/2023 | | 05/06-2023/ 01.06. 2023 | 1444058 | അനുവദിച്ചത്-ഒരു മാസത്തേക്ക് അനുവദനീയമായത്-12 ദിവസം | 27439.00 | 10622.00 | 16817.00 |
| ആകെ | | | | | | | 18587/- |

2)ചന്ദ്രമോഹൻ.കെ.എസ് ( സാനിട്ടേഷൻ വർക്കർ)

| മാസം | ശമ്പളരഹിത അവധി സംബന്ധിച്ച വിവരം | വൗച്ചർ നം.& തീയ്യതി | വൗച്ചർ സംഖ്യ | ശമ്പളം സംബന്ധിച്ച വിവരം അടിസ്ഥാനശമ്പളം-@46700/-, ക്ഷാമബത്ത-7%, വീട്ടുവാടകബത്ത @6%, റിസ്ക് അലവൻസ്-@220/, വാഷിങ്ങ് അലവൻസ് @220, സ്പെഷ്യൽ അലവൻസ്-140/- ആകെ 53351/- | അനുവദിച്ച ശമ്പളം ₹ | അനുവദനീയമായ ശമ്പളം ₹ | അധികം നൽകിയ ശമ്പളം ₹ |
|---|---|---|---|---|---|---|---|
| 09/2023 | 27.09.2023 | 11/10-2023/ 04.10. 2023 | 1461205 | അനുവദിച്ചത്-ഒരു മാസം അനുവദനീയമായത്-29ദിവസം (ടിയാൻ 4ദിവസം കമ്മ്യൂട്ടഡ് അവധി യിലായതിനാൽ അലവൻസ് കുറച്ചാണ് കണക്കാക്കിയിട്ടുള്ളത് ) | 53274.00 | 51495.00 | 1777.00 |
| ആകെ | | | | | | | 1777/- |

3)നടരാജൻ.കെ (സാനിട്ടേഷൻ വർക്കർ)

സേവനപുസ്തകം പേജ് 132 ലെ രേഖപ്പെടുത്തൽ പ്രകാരം 11/23 ൽ ഒരു ദിവസത്തെയും 12/23 ൽ 11 ദിവസത്തെയും ശമ്പളരഹിത അവധിയിലാണ്. എന്നാൽ 11/23 ൽ പൂർണ്ണനിരക്കിലും 12/2023 ൽ 21 ദിവസത്തെയും ശമ്പളം അനുവദിച്ച് നൽകിട്ടുണ്ട്.

| മാസം | ശമ്പളരഹിത അവധി സംബന്ധിച്ച വിവരം | വൗച്ചർ നം.& തീയ്യതി | വൗച്ചർ സംഖ്യ | ശമ്പളം സംബന്ധിച്ച വിവരം അടിസ്ഥാന ശമ്പളം-@ 26500/-, ക്ഷാമബത്ത-@7%, വീട്ടുവാടക ബത്ത @6%, റിസ്ക് അലവൻസ്-@220/, വാഷിങ്ങ് അലവൻസ് -@220, സ്പെഷ്യൽ അലവൻസ്-140/- ആകെ-30525/- | അനുവദിച്ച ശമ്പളം ₹ | അനുവദനീയമായ ശമ്പളം ₹ | അധികം നൽകിയ ശമ്പളം ₹ |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 11/2023 | 28.11.2023 | 9/12-2023/ 02.12. 2023 | 1481044 | അനുവദിച്ചത്-ഒരു മാസം അനുവദനീയമായത്-29 ദിവസം (ടിയാൻ 8ദിവസം കമ്മ്യൂട്ടഡ് അവധിയിലായതിനാൽ അലവൻസ് ആയത് പ്രകാരം കുറച്ചാണ് കണക്കാക്കിയിട്ടുള്ളത്) | 30370/- | 29353/- | 1017.00 |
| 12/2023 | 01.12.2023, 05.12.2023 മുതൽ07.12.2023, 12.12.23 മുതൽ 14.12.23, 18.12.23, 20.12.2023 മുതൽ 22.12.2023 (11 ദിവസം) | 12/01-2024/ 05.01. 2024 | 1458333 | അനുവദിച്ചത്-21 ദിവസം അനുവദനീയമായത്-20ദിവസം | 20678/- | 19694/- | 984.00 |
| ആകെ | | | | | | | 2001/- |

ശമ്പള ഇനത്തിൽ അധികം നൽകിയ തുക 22365/- (18587+1777+2001) രൂപ മേൽ ജീവനക്കാരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് 14.11.2024 -ൽ നൽകിയ ഓഡിറ്റ് എൻക്വയറി 45 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

**3-3 കണ്ടിജന്റ് വിഭാഗം ജീവനക്കാരന് അധികം ശമ്പളം അനുവദിച്ചു**

ശ്രീ.മോഹൻകുമാർ. എൻ.പി, ലൈബ്രറി അറ്റൻഡർക്ക് 03.11.2023 പ്രാബല്യത്തിൽ 27900-60700 ശമ്പളസ്കെയിലിൽ 22 -വർഷ ഹയർഗ്രേഡ് ശമ്പളമായി ₹51400/- അനുവദിച്ചു. എന്നാൽ ഈ നിരക്കിൽ 01.11.2023 മുതൽ ശമ്പളം കൈപ്പറ്റിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| അർഹമായ ശമ്പളം | | | | അനുവദിച്ച ശമ്പളം | | | | അധികം നൽകിയ ശമ്പളം₹ |
|---|---|---|---|---|---|---|---|---|
| അടിസ്ഥാന ശമ്പളം | ക്ഷാമബത്ത | വീട്ടുവാടക ബത്ത | ആകെ | അടിസ്ഥാന ശമ്പളം | ക്ഷാമബത്ത | വീട്ടുവാടക ബത്ത | ആകെ | |
| 51236 | 3587 | 2940 | 57763 | 51400 | 3598 | 3084 | 58052 | 289/- |

അധികം നൽകിയ ശമ്പളം ₹289/- രൂപ ടിയാനിൽ നിന്ന് തിരിച്ചുപിടിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് 14.11.2024 -ൽ നൽകിയ ഓഡിറ്റ് എൻക്വയറി 45 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

**3-4 ക്വാർട്ടേഴ്സ് ഉപയോഗിച്ച ജീവനക്കാർക്ക് വീട്ടുവാടകബത്ത അനുവദിച്ചു- നഷ്ടം ₹100711/-**

കൗൺസിലിന്റെ 29.03.2023 -ലെ 28 -ാം നമ്പർ തീരുമാനപ്രകാരം അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ക്വാർട്ടേഴ്സ് നിയമാനുസൃത വാടക ഈടാക്കി താഴെ പറയുന്ന ജീവനക്കാർക്ക് അനുവദിച്ച് നൽകിയിരുന്നു. ക്വാർട്ടേഴ്സ് ഉപയോഗിക്കുന്ന ജീവനക്കാർക്ക് നിലവിലെ വ്യവസ്ഥയനുസരിച്ച് വീട്ടുവാടക ബത്തക്ക് അർഹതയില്ല. എന്നാൽ 2023-24 വർഷം താഴെ പറയും പ്രകാരം വീട്ടുവാടക ബത്ത അനുവദിച്ച് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് /തസ്തിക | അടിസ്ഥാന | വീട്ടുവാടക ബത്ത | 2023-24 വർഷം | റിമാർക്സ് |
|---|---|---|---|---|---|

| | | ശമ്പളം₹ | ₹ | അനുവദിച്ച ആകെ വീട്ടുവാടക ബത്ത ₹ | |
|---|---|---|---|---|---|
| 1 | സലീം.പി.വി/ ഡെപ്യൂട്ടി സെക്രട്ടറി | 79000.00 | 4740/- (04/2023 മുതൽ 10/2023 വരെ-7 മാസം + 30 ദിവസം സറണ്ടർ ) | 37920 | 17.09.2024 ന് ഈ കാര്യാലയത്തിൽ നിന്ന് വിടുതൽ ചെയ്തു. കൊച്ചി കോർപ്പറേഷൻ കാര്യാലയത്തിലേക്ക് 01-09.2024 മുതൽ 17.09.2024 വരെയുള്ള കാലയളവിൽ വീട്ടുവാടകബത്ത നൽകിയിട്ടില്ല. |
| | | 81000.00 | 4860 (11/2023 മുതൽ 02/2024 വരെ-4 മാസം) | 19440<br>ആകെ 57360 | |
| 2 | മുഹമ്മദ് ഫൈസൽ. വൈ / ഹെൽത്ത് സൂപ്പർവൈസർ | 70000.00 | 4200 (04/2023 മുതൽ 03.07.2023 വരെ - 3 മാസം 3 ദിവസം+30 ദിവസം സറണ്ടർ) | 17206 | 03.07.2023ന് ഈ കാര്യാലയത്തിൽ നിന്ന് വിടുതൽ ചെയ്തു. കരുനാഗപ്പിള്ളി നഗരസഭ കാര്യാലയത്തിലേക്ക് |
| 3 | സജിമോൻ.ബി./ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -2 | 53900.00 | 3234/- (04/2023 മുതൽ 03.07.2023 വരെ -3 മാസം 3 ദിവസം+30 ദിവസം സറണ്ടർ) | 13257 | 03.07.2023ന് ഈ കാര്യാലയത്തിൽ നിന്ന് വിടുതൽ ചെയ്തു. തിരുവനന്തപുരം കോർപ്പറേഷൻ കാര്യാലയത്തിലേക്ക് |
| 4 | ശ്രീ. അനന്തു.എം/ ബിൽ കളക്ടർ | 26500.00 | 1590 (04/2023 മുതൽ 10/2023 വരെ) | 11130 | 10/2024 മുതൽ HRA നൽകിയിട്ടില്ല. 04/2023 മുതൽ 06/2023 വരെയുള്ള കുടിശ്ശിക 4770/-(3 X1590) ഈടാക്കിയിട്ടുണ്ട്. |
| | | 27200.00 | 1632 (11/2023 മുതൽ 02/2024 വരെ-4മാസം) | 6528<br>ആകെ-17658<br>(-)4770<br>ആകെ-12888 | |
| - | ആകെ | | | 100711 | - |

തദ്ദേശ സ്വയം ഭരണ (ഇ.യു) വകുപ്പിന്റെ 22.06.2024 -ലെ ഇ.യു 4/205/2022 ത.സ്വ.ഭ.വ നമ്പർ സർക്കലർ പ്രകാരം ജീവനക്കാർക്ക് അനുവദിച്ച ക്വാർട്ടേഴ്സുകളിൽ താമസിച്ച് വരുമ്പോഴും ശമ്പളത്തോടൊപ്പം അനധികൃതമായി വീട്ടുവാടക ബത്ത കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയത് പലിശ സഹിതം തിരിച്ച് പിടിക്കാൻ നടപടി സ്വീകരിക്കേണ്ടതാണെന്നും കൂടാതെ ഇത്തരത്തിൽ പ്രവർത്തി തുടരുന്ന പക്ഷം വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണെന്നും ഉത്തരവുള്ളതാണ്. എന്നാൽ മേൽ ജീവനക്കാരിൽ നിന്നും വീട്ടുവാടക

ബത്ത ഇനത്തിൽ അനുവദിച്ച് നൽകിയ സംഖ്യ തിരിച്ചു പിടിക്കാൻ നഗരസഭ ഭരണസമിതി തീരുമാനമെടുത്തത് 13.07.2024 -ലെ 1-ാംനമ്പർ അഡീഷണൽ തീരുമാന പ്രകാരമാണ്. ഇതുമായി ബന്ധപ്പെട്ട് 19.12.2024 -ൽ 74/2024 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, 25.01.2025 -ൽ 131619 നമ്പറായി ലഭ്യമാക്കിയ മറുപടിയിൽ ക്രമനമ്പർ 1 മുതൽ 3 വരെയുള്ള ജീവനക്കാരിൽ നിന്ന് പ്രസ്തുത തുക ഈടാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രസ്തുത ജീവനക്കാർ നിലവിൽ ജോലി ചെയ്യുന്ന കാര്യാലയങ്ങളിലേക്ക് കത്ത് നൽകിയതായും, ക്രമ നമ്പർ 4 പ്രകാരമുള്ള ജീവനക്കാരനിൽ നിന്ന് 10/2024 മുതൽ 12/2024 കൂടിയുള്ള മാസങ്ങളിലായി 04/2023 മുതൽ 06/2023 കൂടിയുള്ള 3 മാസത്തെ കുടിശ്ശിക ഈടാക്കിയതായും അറിയിച്ചിട്ടുണ്ട്. നഗരസഭക്ക് ഈ ഇനത്തിൽ തൻവർഷം ഉണ്ടായ നഷ്ടം ₹100711/- ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും തിരികെ ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ 2024-25 സാമ്പത്തികവർഷം (03/2024 മുതൽ 09/2024 വരെയുള്ള കാലയളവ്)ഈ ഇനത്തിൽ ഉണ്ടായ നഷ്ടം കൂടി കണക്കാക്കി ആയത് നഷ്ടമായ തുക കൂടി ഈടാക്കേണ്ടതാണ്.

## 3-5 ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക അനുവദിച്ചു

നഗരസഭയുടെ ഡെത്ത് രജിസ്റ്റർ പ്രകാരം 2023-24 വർഷം മരണം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ആളുകൾ നഗരസഭയുടെ ആക്ടീവ് പെൻഷനേഴ്സ് ലിസ്റ്റിൽ (23.09.2024 -ന് ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയ ആക്ടീവ് പെൻഷനേഴ്സ് ലിസ്റ്റ് പ്രകാരം) തുടരുന്നതായും പലർക്കും മരണശേഷവും പെൻഷൻ തുക കൈമാറിയിട്ടുള്ളതായും കാണുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നം. | പേര് | അഡ്രസ്സ് | ആധാർ നം | മരണ പ്പെട്ട തീയതി | നില വിലെ പെൻ ഷൻ സ്റ്റാറ്റസ് | അവ സാന മായി പെൻ ഷൻ വിത രണം ചെയ്യ പ്പെട്ട മാസം | അധി കം നൽ കിയ തുക ₹ | ഓഡിറ്റ് വർഷ ത്തെ നഷ്ടം ₹ | പെൻ ഷൻ തരം |
|---|---|---|---|---|---|---|---|---|---|
| 1. | ലീല | വടക്കെക്കരപ്പറമ്പ് വീട്,പെരുമ്പാവൂർ | 946264 743000 | 13.08. 2023 | ആക്ടീവ് | 05/ 2024 | 14400 | 11200 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ |
| 2 | അന്നമ്മ വർഗീസ് | എടത്തി,പട്ടാൽ, കല്ലുപാലം റോഡ് ഇരിങ്ങോൾ | 433253 054559 | 10.08. 2023 | ആക്ടീവ് | 05/ 2024 | 14400 | 11200 | ഇന്ദിരാ ഗാന്ധി വിധവ പെൻ ഷൻ |
| 3 | സാറാമ്മ വർഗ്ഗീസ് | പാർവേലിക്കുടി- വീട്, കാരാട്ടുപള്ളിക്കര, പെരുമ്പാവൂർ | 429790 735429 | 12.10. 2023 | ആക്ടീവ് | 05/ 2024 | 11200 | 8000 | " |
| 4 | മോഹനൻ വി | ചാലിൽ-വീട്, പെരുമ്പാവൂർ | 805173 970667 | 28.10. 2023 | ആക്ടീവ് | 05/ 2024 | 11200 | 8000 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻ ഷൻ |
| 5 | റുഖിയ ബീവി | ചിറപ്പുള്ളി-വീട്, കാഞ്ഞിരക്കാട്, പെരുമ്പാവൂർ | 796218 129458 | 29.10. 2023 | ആക്ടീവ് | 01/ 2024 | 4800 | 4800 | ഇന്ദിരാ ഗാന്ധി വിധവ |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | പെൻ ഷൻ |
| - | - | - | ആകെ | - | - | - | 56000/- | 43200/- | - |

23.09.2020 -തീയതിയിലെ സ.ഉ.(എം.എസ്)97/2020/ ധന.നമ്പർ ഉത്തരവ് പ്രകാരം പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷവും അനന്തരാവകാശികൾ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ തുക കൈപ്പറ്റുന്നത് ശ്രദ്ധയിൽപ്പെടുന്ന പക്ഷം മരണപ്പെട്ട ഗുണഭോക്താവിനെ പെൻഷൻ ഡേറ്റാബേസിൽനിന്നും ഒഴിവാക്കേണ്ടതാണ്. പ്രസ്തുത തുക തിരിച്ചു പിടിച്ച് സർക്കാരിൽ മുതൽക്കൂട്ടുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാദ്ധ്യസ്ഥരാണ്. കൂടാതെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട സർക്കുലർ നം.63/2021/ധന 02.08.2021 -ലെ നടപടി ക്രമങ്ങൾ പാലിക്കാൻ നഗരസഭ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഓഡിറ്റ് എൻക്വയറി നം.22, തീ. 10.10.2024 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് വർഷത്തെ നഷ്ടമായ ₹43,200/- അനർഹമായി കൈപ്പറ്റിയവരിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ തിരിച്ചടക്കേണ്ടതാണ്.

## 3-6 എ.സി.ഓഡിറ്റോറിയത്തിന്റെ വൈദ്യുതി ബിൽ രണ്ടു തവണ അടവാക്കി

